5698

# ഗാന്ധിയും മാർക്സും

കേരള ഗാന്ധി സ്മാരക നിധി

Antony

5698

5698

# ഗാന്ധിയും മാർക്സും

കെ. ജി. മശ്രൂവാല

5698

അവതാരിക

**വിനോബാ ഭാവെ**

വിവർത്തകൻ

**കെ. എസ്. നാരായണപ്പിള്ള, എം. എ.**

**കേരള ഗാന്ധി സ്മാരക നിധി**

തിരുവനന്തപുരം

(Malayalam)

# Gandhiyum Marxum

Author:

**K. G. Mashruwala**

Translated by:

**K. S. Narayana Pillai, M. A.**

Published by:

**Kerala Gandhi Smarak Nidhi**
**Trivandrum-14.**

SECOND EDITION :AUGUST 1967
COPIES 2000

PRINTED AT THE
MITRANIKETAN PRESS
VELLANAD, TRIVANDRUM

**Price Rs 2 00**

**With the Kind Permission of The Navajivan Trust, Ahmedabad 9.**

# വിഷയവിവരം


| | | |
|---|---|---|
| അവതാരിക | വിനോബാ | 9 |
| 1. | ഉദ്ദേശ്യം | 45 |
| 2. | യാഥാർത്ഥ്യം ജീവൻമാത്രം | 49 |
| 3. | മാർക്സിസം | 58 |
| 4. | ധാർമ്മികതത്വങ്ങളുടെ അടിസ്ഥാനം | 64 |
| 5. | മനുഷ്യപുരോഗതിയും അധഃപതനവും | 73 |
| 6. | വർഗ്ഗങ്ങളുടെ ഉയർച്ചയും ക്ഷയവും | 80 |
| 7. | വർണ്ണധർമ്മതത്വം | 88 |
| 8. | ട്രസ്റ്റിഷിപ്പ് തത്വം | 94 |
| 9. | ലഘുജീവിതവും വികേന്ദ്രീകരണവും | 102 |
| 10. | ഉപസംഹാരം | 108 |


## അനുബന്ധങ്ങൾ


| | | |
|---|---|---|
| 1. | ഗാന്ധിസത്തിൽനിന്നു സോഷ്യലിസത്തിലേയ്ക്കു് (കെ. ജി. മശ്രൂവാല) | 118 |
| 2. | ഗാന്ധിജിയുടെ കമ്യൂണിസം (പ്യാരിലാൽ) | 133 |
| 3. | വ്യത്യസ്തതയുള്ള സോഷ്യലിസ്റ്റ്— (പ്യാരിലാൽ) | 141 |
| 4. | ഭൗതികവാദത്തേയും അദ്ധ്യാത്മവാദത്തേയും പറ്റി ഒരുകുറിപ്പ്— (കെ. ജി. മശ്രൂവാല) | 145 |

5698

# മുഖവുര

1930_ൽ 'ഹരിജനി'ൽ പ്രസിദ്ധപ്പെടുത്തിയ ഒരു ലേഖന
പരമ്പരയിലൂടെ ഈ പ്രബന്ധം പുറത്തു വന്നിരുന്നു. പുസ്തകരൂപ
ത്തിൽ ഇതു പുറത്തിറക്കുമ്പോൾ, ലേഖനങ്ങൾ ഞാൻ പരിഷ്കരി
ച്ചിട്ടുണ്ട്. ഭാഷ പരിഷ്കരിച്ചതിനു പുറമേ, നിരൂപണങ്ങളുടേയും
നിർദ്ദേശങ്ങളുടേയും വെളിച്ചത്തിൽ പലതും കൂട്ടിച്ചേർക്കുകയും
മാററുകയും ചെയ്തിട്ടുണ്ട്. മാർക്സിയൻ തത്വത്തെ ദുർവ്യാഖ്യാനം
ചെയ്യുകയാണെന്നു കുററാരോപണം ഉണ്ടാകാതിരിക്കാൻ വേണ്ടി,
അതിൻെറ വിവരണം പുനഃപരിശോധന ചെയ്തു. ഇതു കമ്യൂണി
സത്തിൻെറ വിദഗ്ദ്ധമായ വിശദീകരണമോ ഗാന്ധിസത്തിൻെറ
പ്രാമാണികമായ പ്രകാശനമോ അല്ല. രണ്ടിനെക്കുറിച്ചും വളരെ
നല്ല ഒരു വ്യാഖ്യാനം വായനക്കാരൻ പ്രതീക്ഷിക്കുമെന്നും കരുതു
ന്നില്ല. രണ്ടു പ്രതിഭാശാലികളും അവരുടെ അനുയായികളും സ്വീ
കരിക്കുന്ന മൗലിക സമീപനരീതി വായനക്കാരൻ മനസ്സിലാക്കി
യാൽ മതി. കമ്യൂണിസ്ററ് തത്വത്തിൻെറ വിശദീകരണത്തിൽ
ശ്രീ. ആർ. എം. വക്കീലും സുഹൃത്തുക്കളും (പ്രോഗ്രസ്സീവ് സ്റ്റഡി
ഗ്രൂപ്പ്, അഹമ്മദബാദ്) എൻെറ ലേഖനങ്ങളെ സവിസ്തരം നിരൂ
പണം ചെയ്യുകയും കമ്യൂണിസത്തെക്കുറിച്ചു പല പുസ്തകങ്ങളും
രേഖകളും നല്കുകയും ചെയ്തതു് കൃതജ്ഞതാപൂർവ്വം പ്രത്യേകം അനുസ്മരി
ക്കേണ്ടിയിരിക്കുന്നു. എന്നാലും കമ്യൂണിസ്റ്റു തത്വം എന്റെ സ്വന്തം
ഉത്തരവാദത്തിന്മേലാണ് അവതരിപ്പിക്കുന്നതെന്നും അവരുടെ
അംഗീകാരം അതിനു് ഉണ്ടെന്നു് ധരിക്കരുതെന്നും പറയേണ്ടതി
ല്ലല്ലോ. ഗാന്ധിയൻ തത്വത്തിൻെറ കഥയും അതുതന്നെ.

എന്റെ മാന്യസഹപ്രവർത്തകനായ വിനോബായുടെ അവതാ
രിക പുസ്തകത്തിനു വളരെ പ്രയോജനം ചെയ്യുന്നുണ്ടെന്നു് എന്നോ
ടൊപ്പം വായനക്കാരനും സമ്മതിക്കുമല്ലോ. ഓരോ ദിവസവും
വളരെ നേരം അദ്ദേഹം അനുഷ്ഠിക്കുന്ന ശാരീരിക പ്രയത്നപരി

പാടിയും അത്ര നന്നല്ലാത്ത ആരോഗ്യനിലയും കൂട്ടാക്കാതെ, തന്റെ അനുകരണീയവും പ്രകാശമാനവുമായ രീതിയിൽ ഈ അവതാരിക അദ്ദേഹം സദയം എഴുതി. അസ്ഥിമാത്രമായ എന്റെ വിവരണത്തിനു് അദ്ദേഹം രക്തവും മാംസവും നൽകി; അങ്ങനെ ഗാന്ധിജിയുടേയും മാർക്സിന്റേയും ചിത്രം ചൈതന്യപൂർണ്ണമാക്കി. അവതാരിക ആദ്യം എഴുതിയതു മറാത്തിയിൽ ആയിരുന്നു. പരിഭാഷകളിൽ അതിന്റെ മനോഹരത പൂർണ്ണമായി പ്രകാശിപ്പിക്കാൻ സാധ്യമായിട്ടില്ലല്ലോ എന്നു ഞാൻ വ്യസനിക്കുന്നു.

പുസ്തകത്തിന്റെ ഭാഷയെക്കുറിച്ചു് ഒരു വാക്കു്: ഇംഗ്ലീഷിലും ഹിന്ദിയിലും ഗുജറാത്തിയിലുമുള്ള ഹരിജൻ പതിപ്പുകളിൽ ഏകസമയത്തു് ഇതു പ്രസിദ്ധപ്പെടുത്തിയിരുന്നു. ആദ്യംതന്നെ എഴുതിത്തീർത്തിട്ടു് പിന്നെ ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തുകയായിരുന്നില്ല, ആഴ്ചതോറും എഴുതിക്കൊടുക്കുകയായിരുന്നു. എഴുതുമ്പോഠം എന്റെ ചിന്താസരണിയ്ക്കു് ഏററവും എളുപ്പം എന്നു തോന്നിയിരുന്ന ഭാഷ സ്വീകരിക്കുകയാണു ഞാൻ ചെയ്തതു്. അതിന്റെ ഫലമോ? ചില അദ്ധ്യായങ്ങഠം ആദ്യം തയ്യാറാക്കിയതു ഇംഗ്ലീഷിൽ; ചിലതു് ഹിന്ദിയിൽ; ചിലതു ഗുജറാത്തിയിലും. വേറെ ചിലതു ഒന്നിലധികം ഭാഷകളിൽ സ്വതന്ത്രമായി എഴുതി. ഹിന്ദിയിലും ഗുജറാത്തിയിലുമുള്ള വിവരണങ്ങളെ അപേക്ഷിച്ചു് ഇംഗ്ലീഷിലുള്ളതു് ഹ്രസ്വമാണു്. ഭാഷയിലും ദൈർഘ്യത്തിലുമുള്ള വ്യത്യാസം പ്രകടമായിരുന്നിടത്തെല്ലാം വിവർത്തനം ഞാൻ തന്നെ ചെയ്തു. മററുള്ളവ വിവർത്തനം ചെയ്തതു് ഹരിജന്റെ പ്രസിദ്ധീകരണത്തിൽ എന്നെ സഹായിച്ചിരുന്ന സുഹൃത്തുക്കഠം ആയിരുന്നു; പക്ഷേ അവ ഞാൻ പരിശോധിച്ചിരുന്നു. വിവിധാദ്ധ്യായങ്ങളിൽ ഏതാണ്ടു് വൈവിധ്യമുള്ള ഭാഷാശൈലി കാണാമെങ്കിലും, ഈ മൂന്നു പതിപ്പുകളും മൂലരൂപത്തിൽ ഉള്ളതാണെന്നുതന്നെ കണക്കാക്കാം. മററുള്ള ഇന്ത്യൻ ഭാഷകളിലേയ്ക്കു് ഇതു പരിഭാഷപ്പെടുത്തുന്നവക്കു് ഹിന്ദിയിലോ ഗുജറാത്തിയിലോ ഉള്ള പാഠം ഞാൻ നിർദ്ദേശിക്കുന്നു; വിനോബായുടെ അവതാരികയെ സംബന്ധിച്ചിടത്തോളം മറാത്തിയും പ്രയാസം

നേരിട്ടാൽ മാത്രം പരിശോധനയ്ക്കായി ഇംഗ്ലീഷ് പുസ്തകവും ഉപയോഗിക്കാം.

അവസാനമായി, ഈ പുസ്തകം അച്ചടിക്കുന്ന ഭാരം വഹിച്ച നവജീവൻപ്രസ്സിലെയും ഹരിജൻ ആഫീസിലെയും ജോലിക്കാരോടും എനിക്കു കടപ്പാടുണ്ട്.

വാർദ്ധാ, കെ. ജി. എം.
27 ഏപ്രിൽ, 1951.

# അവതാരിക

## 1. വർത്തമാനകാലത്തിൻെറ നിത്യ പ്രാധാന്യം

സൃഷ്ടി അനാദിയാണെന്നുള്ള വസ്തുത സാർവത്രികമായി അംഗീകരിക്കപ്പെട്ടിട്ടുണ്ടു്. നാം അധിവസിക്കുന്ന ഈ ഭൂമിക്കുതന്നെ ഇരുനൂറുകോടി വത്സരങ്ങളിൽ കുറയാത്ത പഴക്കം ഉണ്ടെന്നു് പ്രാചീനരും ആധുനികരും ഒരുപോലെ സമ്മതിക്കുന്നു. ആദിയിൽ ഈ ഭൂമുഖത്തു് ജീവനേ ഇല്ലായിരുന്നു എന്നാണു വിശ്വസിക്കപ്പെടുന്നതു്. സൂര്യനെപ്പോലെ എരിയുന്ന ഒരു ഗോളമായിരുന്നുവത്രേ ഭൂമി. പിന്നെ അതു തണുക്കാൻ തുടങ്ങി. ആ പ്രക്രിയ ലക്ഷോപലക്ഷം കൊല്ലങ്ങളിലേയ്ക്കു തുടർന്നുകൊണ്ടിരുന്നു. ഒടുവിൽ ജീവികൾക്കു പുലരാവുന്ന നിലവരെ അതു തണുത്തു. അങ്ങനെ ജീവൻ ആവിർഭവിച്ചു. ക്രമേണ മനുഷ്യനും പ്രത്യക്ഷപ്പെട്ടു. മനുഷ്യ ജീവിതത്തിനുതന്നെ ഒരു പത്തുലക്ഷം സംവത്സരത്തിൻെറ പഴക്കം ഉണ്ടെന്നു് ശാസ്ത്രജ്ഞർ പറയുന്നു. മനുഷ്യ വാഴ്‌വിൻെറ ദീർഘദീർഘമായ കാലയളവിനോടു താരതമ്യപ്പെടുത്തുമ്പോൾ വെറും നൂറോ ഇരുനൂറോ കൊല്ലം എത്ര തുച്ഛം! പക്ഷേ ഇക്കഴിഞ്ഞ നൂറോ ഇരുനൂറോ കൊല്ലം നമ്മെ സംബന്ധിച്ചിടത്തോളം അതിപ്രധാനമായി പരിണമിച്ചിരിക്കയാൽ ഈ ഹ്രസ്വകാലം മനുഷ്യചരിത്രത്തിൻെറ പകുതിയിലധികം നീണ്ടതാണെന്നു നാം കരുതിപ്പോകുന്നു.

വർത്തമാനകാലത്തിനു തീർച്ചയായും ഒരു സവിശേഷ പ്രാധാന്യം ഉണ്ടു്. എന്തുകൊണ്ടെന്നാൽ വർത്തമാനം ഭൂതകാലത്തിൻെറ ഫലവും ഭാവിയുടെ വിത്തുമാകുന്നു. ഏതു കോണിലൂടെ നോക്കിയാലും വർത്തമാനത്തിനു് അതിൻേറതായൊരു മേന്മയുണ്ടു്. ഭൂതത്തിൻേറയും ഭാവിയുടേയും സംഗമമായതുകൊണ്ടു് സ്വാഭാവികമായിത്തന്നെ അതു് ഒരു വഴിത്തിരിവാണു്; നന്മയ്ക്കോ തിന്മയ്ക്കോ, ജീവിതത്തിൻെറ

ജനനവികാസങ്ങൾക്കോ, വിനാശമരണങ്ങൾക്കോ വഴിതെളിക്കാവുന്ന വിപ്ലവത്തിൻെറ യുഗമാണ്. എന്നു മാത്രമല്ല, മുമ്പ് ഉണ്ടായിട്ടില്ലാത്തതും ഇനി സംഭവിക്കാത്തതും അതുകൊണ്ടു നിസ്തുലവുമത്രെ. ഉദാഹരണമായി കോൺഗ്രസ്സിനെ പരിശോധിക്കുക. കഴിഞ്ഞ അറുപതിൽപ്പരം കൊല്ലങ്ങളായി മിക്കവാറും ആണ്ടുതോറും അതു സമ്മേളിച്ചുകൊണ്ടിരിക്കയാണ്. എന്നിട്ടും ഓരോ വാർഷികസമ്മേളനവും അഭൂതപൂർവ്വമെന്നും സുപ്രധാനമെന്നും കൊണ്ടാടപ്പെടാറില്ലേ? അല്ലെങ്കിൽ കുറേക്കൂടി പരിചിതമായ ഒരു ഉദാഹരണം എടുക്കാം. പ്രസവം കഴിഞ്ഞു് ആദ്യമായി കുഞ്ഞിനെക്കാണുന്ന മാതാവു്, അമ്മാതിരി ഒരു മുഖദർശനം മററൊരു മാതാവിനും ലഭിച്ചിരിക്കയില്ലെന്നു സ്വയം വിചാരിക്കാറില്ലേ? മററൊരുകുട്ടിക്കും ഇതുവരെ നൽകിയിട്ടില്ലാത്ത ഒരു പേരു് തൻെറ കുട്ടിക്കായി നിർദ്ദേശിച്ചു തരണമെന്നു് പറഞ്ഞുകൊണ്ടു് പല അമ്മമാരും അടുത്തകാലത്തു് എന്നെ സമീപിച്ചിട്ടുണ്ടു്.

ചുരുക്കത്തിൽ വർത്തമാനം വിപ്ലവത്തിൻെറ കാലഘട്ടമെന്നു ഒഴുക്കൻ മട്ടിൽ പറഞ്ഞാൽ പോരാ; സർവ്വാതിശായിയായ വിപ്ലവത്തിൻെറ കാലമാണ്‌ അതു്. ഈയിടെ ഒരു യുവസ്നേഹിതൻ എന്നോടു പറഞ്ഞു. "ശാന്തി, ശാന്തി, ശാന്തി എന്ന പഴയ മന്ത്രം കൊണ്ടു് നമുക്കിപ്പോൾ ഒരു പ്രയോജനവും ഇല്ല. പൗരാണികരുടെ മാതൃകയിൽത്തന്നെ ഞങ്ങൾ 'ക്രാന്തി, ക്രാന്തി, ക്രാന്തി' (വിപ്ലവം, വിപ്ലവം, വിപ്ലവം) എന്നു മൂന്നുരു അട്ടഹസിക്കാൻ പോകയാണ്‌." ഞാൻ പറഞ്ഞു: "ക്രാന്തി എന്നു് ഒരിക്കൽ പറയുന്നതാണ്‌ കൂടുതൽ നല്ലതു്. മൂന്നു തവണ പറഞ്ഞാൽ ഒരു പക്ഷേ നിന്നേടത്തുനിന്നും പുറകോട്ടു സ്വയം തള്ളിനീക്കുകയാവാം ഫലം. ആ അപകടം ശാന്തിമന്ത്രത്തിനില്ല. അതു് എന്നും പഴക്കമുള്ളതത്രെ. ക്രാന്തി കാലം ചെല്ലുമ്പോൾ പഴകി ദ്രവിച്ചുപോകും. അതു കൊണ്ടു ക്രാന്തി എന്നു മൂന്നുരു പറയുന്നതു നിഷ്പ്രയോജനമാണ്‌, ഒരു തവണ പറഞ്ഞിട്ടു്, അതോടെ വിട്ടുകളയുക."

ഭൂതകാലത്തിനു് എന്നെങ്കിലും വർത്തമാനകാലത്തിൻെറ പ്രാധാന്യം നേടാൻ കഴിയുമോ? ഭൂതം അതിൻെറ കാലത്തു് അതുല്യ പ്രാധാ

ന്യം വഹിച്ചിരുന്നിരിക്കാം—അതു വത്തമാനകാലം ആയിരുന്നപ്പോഠം അതു കാര്യംവേറെ. വത്തമാനകാലം യാതനാപൂണ്ണം കൂടിയാണെന്നു വന്നാൽ അതിൻെറ സ്വതഃസിദ്ധമായ ശ്രേഷ്ഠതയ്ക്കും പ്രാധാന്യവും മൂല്യവും അമേയമായി വദ്ധിക്കുന്നു. യാതനയുടെ കാലഘട്ടം എപ്പോഴും ദീർഘമാണു്. ദുഃഖസംഭവം അനവധി സന്തോഷസംഭവങ്ങളെ അനായാസേന ഗ്രസിച്ചുകൊണ്ടു് സ്വപ്രാധാന്യം പ്രദർശിപ്പിക്കുന്നു. മറിച്ചു്, ജീവിതത്തിലെ ഭാഗ്യനിമിഷങ്ങഠം വിസ്മൃതിയുടെ അഗാധതലങ്ങളിൽ വിലയം പ്രാപിച്ചുപോകുന്നു. എന്നാൽ വേദന തങ്ങിനില്ക്കുന്നു; തീവ്രതരമായ ഒരു വേദന വന്നു മൂടുന്നതുവരെ വിസ്മൃതമാകുന്നില്ല. വേദനയുടെ ഓമ്മയെ തുടച്ചു നീക്കാനുള്ള ശക്തി ആനന്ദത്തിനില്ല. നേരേമറിച്ചു് കഴിഞ്ഞ കാലത്തെ ദുഃഖങ്ങളെ സന്തോഷം പലപ്പോഴും വ്യക്തമായി ഓമ്മപ്പെടുത്തുന്നു. തീവ്രതരമായദുഃഖത്തിനു മാത്രമേ അല്പദുഃഖങ്ങളെ നീക്കാൻ കഴിയൂ. ഇക്കഴിഞ്ഞ നൂററാണ്ടിന്റെ — നൂററി അമ്പതുകൊല്ലമാണു് നമുക്കു വത്തമാനകാലം. ആ വത്തമാനമാകട്ടെ, വേദനാപൂണ്ണമായിരുന്നുതാനും നമ്മെ സംബന്ധിച്ചിടത്തോളം അതു് മനുഷ്യചരിത്രത്തെയാകമാനം ഗ്രസിച്ചുകളയുന്ന ഒരു കാലഘട്ടമായിരുന്നതു് സ്വാഭാവികം മാത്രമാണു്.

## 2. ജയിലിലെ പഠനങ്ങഠം.

ഈ വത്തമാനത്തെ വേദനയുടേയും ദുരിതത്തിൻെറയും കാലഘട്ടമാക്കി മാററി നിത്തുന്നതെന്താണു്? ഉപരിപ്ലവമായി നോക്കുമ്പോഠം ഈ അവസ്ഥയ്ക്കു കാരണമൊന്നും കാണ്മാനില്ല. ജീവിതത്തിന്റെ സുഖോപകരണങ്ങഠം എന്നു പറയപ്പെടുന്നവയ്ക്കു് വമ്പിച്ച വദ്ധനവു് ഉണ്ടായിട്ടുണ്ടു്. സുഖത്തിനും സൗകര്യത്തിനും വേണ്ടി കുന്നുകുന്നായി സാധനങ്ങഠം നിമ്മിച്ചു കൂട്ടുന്നുണ്ടു്. പക്ഷേ കുറേക്കൂടി സൂക്ഷ്മമായി പരിശോധിക്കുമ്പോഠം മനസ്സിലാകും, സംഭ്രമജനകമായ കഷ്ടപ്പാടിൻെറയൊക്കെ ഉത്ഭവകാരണം സുഖസൗകര്യങ്ങളുടെ ആധിക്യം തന്നെയാണെന്നു്. സന്തോഷവും, വേദനയും വിരുദ്ധധമ്മങ്ങളായിട്ടാണു് കരുതപ്പെടുന്നതു്; പക്ഷേ അവ പരസ്പര ഹേതു

കങ്ങളത്രെ. സന്തോഷത്തിൽനിന്നു വേദനയും, വേദനയിൽനിന്നു സന്തോഷവും ജനിക്കുന്നു. സന്തോഷം എപ്പോഴെങ്കിലും ജനിക്കട്ടെ. ഇപ്പോൾ നാം ആലോചിക്കുന്നതു വേദനയുടെ പിറവിയാണ്. സന്തോഷം എന്നുവിളിക്കുന്നതിനെ ആവരണംചെയ്തുകൊണ്ട് എന്തെല്ലാം കഷ്ടങ്ങളും തടസ്സങ്ങളും നിലകൊള്ളുന്നു! അതിൻെറ നാമം ഉച്ചരിക്കുന്ന മാത്രയിൽ തന്നെ, പങ്കിട്ടെടുക്കുന്ന പ്രശ്നവും ഉത്ഭവിക്കുന്നു. വേദനയ്ക്കു് ആ ശല്യമില്ല. ആക്കും അതു സമ്പൂൎണ്ണമായി കൈയടക്കാം. മററാരും അസൂയപ്പെടുകയില്ല. ഒരു അപൂൎവ്വമഹാത്മാവിനോ, ഒരു ഒന്നാംതരം മായനോ, അന്യൻെറ വേദനയുടെ പങ്കുപററുന്നതിൽ രസം തോന്നിയേയ്ക്കാം. പക്ഷെ ഗീതയുടെ ഭാഷയിൽ പറയുകയാണെങ്കിൽ, “അത്തരം ഒരു മഹാത്മാവു് അത്യന്തം അപൂൎവ്വം.” അതുകൊണ്ടു് നമുക്കു് അക്കാൎയ്യം തള്ളിക്കളയാം.

നമ്മുടെ ഈ യുഗം അളവററ സന്തോഷം സൃഷ്ടിച്ചിട്ടുണ്ടു്. പക്ഷേ ലോകമൊട്ടാകെയും മനുഷ്യവൎഗ്ഗം അതിൻെറ ഭാരത്തിൽ അമൎന്നൊരിഞ്ഞു പോയിട്ടുണ്ടു്. ഏതോ സുഖശാലിയുടെ ജാരത്തിൽ പ്രവേശിക്കാനുള്ള പഞ്ചസാരച്ചാക്കുകൾ കാളപ്പുറത്തു നീങ്ങുന്നു. ഇതിൻെറ വിസ്മയകരമായ ഫലമോ?—സുഖശാലിക്കു ദീനം പിടിച്ച കരളും, കാളയ്ക്കു് ഒടിഞ്ഞ നട്ടെല്ലും! ഇതാണ് പഞ്ചസാരയുടെ അത്ഭുത സംഭാവന; പഞ്ചസാര മധുരപദാൎത്ഥമെന്നുള്ളതു് തൎക്കമററ കാൎയ്യവുമത്രെ.

സന്തോഷം പങ്കുവയ്ക്കാൻ ഒരുമ്പെടുമ്പോൾ, ഒരുവനു് സിംഹഭാഗവും വേണം, മറെറാരുവനു് കുറുക്കൻെറ ഓഹരി വേണം, ആട്ടിൻകുട്ടിക്കു് ഒന്നും ബാക്കികാണുകയില്ലെന്നു തീൎച്ച. അതിനേയും സിംഹവും കുറുക്കനും ചേൎന്നു പങ്കുവയ്ക്കുകയാവും പരിണാമം. എണ്ണമററ മനുഷ്യരെക്കൊണ്ടു് വേദനയുടെ കണ്ണീർപൊഴിപ്പിക്കുന്ന ഈ യുഗത്തിൻെറ നികൃഷ്ടമായ വശത്തെ ഉദാഹരിക്കുന്ന ഒരു കഥയാണിതു്. ഇതിൻെറ കുരുക്കിൽനിന്നു് എങ്ങനെ രക്ഷപ്പെടാം എന്നതാണ് നാം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽവച്ചു പ്രശ്നം. ഈ ലോ

കത്തിലെ ചിന്തകളുടേയും വിക്ഷോഭങ്ങളുടേയും വിഭ്രമങ്ങളുടേയും ലക്ഷ്യം ഇതാണു്.

*    *    *    *    *

1930_32_ഈ കാലഘട്ടങ്ങളിൽ ഇന്ത്യൻജയിലുകഠം സത്യാഗ്രഹികളായ തടവുകാരെക്കൊണ്ടു നിറഞ്ഞിരുന്നു. തസ്കരനായ ബാറബാസിനെ വിട്ടുകിട്ടാനും യേശുവിനെ ക്രൂശിക്കാനും ജനങ്ങഠം മുറവിളികൂട്ടിയതായി നാം ബൈബിളിൽ വായിച്ചിട്ടുണ്ടല്ലോ. അതുപോലെ, അക്കാലത്തു് സത്യാഗ്രഹികഠംക്കു് ഇടമുണ്ടാക്കാൻ വേണ്ടി ഗവണ്മെൻറു് ക്രിമിനിൽ കുററവാളികളെ മോചിപ്പിച്ചിരുന്നു. ആളുകഠം തിങ്ങിനിറഞ്ഞിരുന്ന 'പരിഹാരപാഠശാലക'ളിൽ അന്നു് എന്തൊക്കെ നടന്നു എന്നു് ഈശ്വരനേ സ്മരിക്കാനാവൂ. അനേകം പേർ ജ്യോതിഷപഠനത്തിൽ മുഴുകി. എല്ലാവക്കും പൊതുവേ മാപ്പു നൽകപ്പെടുന്ന ദിനം വീണ്ടും വീണ്ടും പ്രവചിക്കപ്പെട്ടു. പ്രവചനങ്ങഠം തുടരെത്തുടരെ പരാജയപ്പെട്ടെങ്കിലും അവർ നിരാശയ്ക്കു വഴങ്ങിക്കൊടുത്തില്ല. നേരമറിച്ചു് പൂവ്വാധികം വ്യഗ്രതയോടുകൂടി പഠനം നടത്തി. പക്ഷേ അവർ നൈരാശ്യം വെളിയിൽ കാണിച്ചില്ലെങ്കിലും അധികംനാഠം അതു മറച്ചുവയ്ക്കാനും സാധ്യമായിരുന്നില്ല. നൂററാണ്ടു യുദ്ധത്തെക്കുറിച്ചു് ഞങ്ങഠം ചരിത്രത്തിൽ വായിച്ചിട്ടുണ്ടായിരുന്നു. എങ്കിലും ഞങ്ങളുടെ ക്ഷമയററിരുന്നു. ഓരോ മാസവും ഞങ്ങളുടെ ഞരമ്പുകളെ പീഡിപ്പിച്ചുകൊണ്ടിരുന്നു. ഒടുവിൽ ഞങ്ങളിൽ ചിലർ മതപരമായ കമ്മങ്ങളും ആരാധനയും തുടങ്ങി. ചിലർ പാചകവിദ്യയിൽ പരീക്ഷണങ്ങഠം ആരംഭിച്ചു. ചിലർ ഇവ രണ്ടും സമന്വയിപ്പിച്ചെടുത്തു. മററോരോരുത്തരും ഇതുപോലെ തങ്ങഠംക്കു് അഭിമതങ്ങളായ തൊഴിലുകളിൽ വ്യാപരിച്ചു. എന്നിട്ടും എല്ലാവക്കും തൊഴിലായില്ല. അലസരായി ചിലർ അവശേഷിച്ചു. അവർ ചിന്തയിൽ മുഴുകി; ശ്രീബുദ്ധനെപ്പോലെ ആത്മാത്ഥമായി ആലോചിച്ചു. ഭാരതത്തേയും ലോകത്തേയും പീഡിപ്പിച്ചിരുന്ന വേദനകഠംക്കു് എന്താണൊരു പരിഹാരം?

ഗാന്ധിമാൎഗ്ഗം മാത്രമേ പോംവഴിയായുള്ള എന്ന വിശ്വാസത്തിൽതന്നെ ഉറച്ചുനിന്നവർ ആത്മപരിശോധനയിലും ആത്മശുദ്ധീകരണത്തിലും വ്യാപരിച്ചു. അവർ സ്വയം പറഞ്ഞു: "ഇതു തന്നെ മാൎഗ്ഗം, തീൎച്ചയായും. ഈ മാൎഗ്ഗത്തിൽ ഉറച്ചുനിൽക്കാതെ, വ്യതിചലിക്കുന്നതുകൊണ്ടാണ് നാം വിജയിക്കാത്തതു്. സത്യാഗ്രഹികളായി ജയിലിൽനിന്നു ഗൂഢസന്ദേശങ്ങരം അയയ്ക്കുന്നില്ലേ? അതുപോലെ തന്നെ അകത്തു കടത്താൻ അധികൃതർ അനുവദിക്കാത്ത സാധനങ്ങരം, നമുക്കാവശ്യമുണ്ടെന്നു തോന്നിയാൽ നാം സമ്പാദിക്കുന്നില്ലേ? ഇങ്ങനെയാണു നാം സത്യം പാലിക്കുന്നതു്! ആഗ്രഹത്തെ (ഉറച്ചു നിൽക്കൽ) സംബന്ധിച്ചാണെങ്കിൽ, ഏതാനും മാസത്തെ ഈ ഹ്രസ്വകാലത്തടങ്കൽപോലും നമുക്കു ദുസ്സഹം. ഇതാണ് സത്യാഗ്രഹികളെന്നു വിളിക്കപ്പെടുന്ന നമ്മുടെ അവസ്ഥ! ഇത്തരം ദുൎബ്ബലസ്വഭാവത്തോടുകൂടി നാം എങ്ങനെ വിജയം നേടാനാണ്? അതുകൊണ്ടു്, ഈശ്വരകല്പിതമെന്ന നിലയിൽ, നമുക്കു കിട്ടിയ ഈ ഏകാന്തതയും തടവും സ്വഭാവസംസ്കരണത്തിനുംവേണ്ടി, പരമാവധി പ്രയോജനപ്പെടുത്താം.'' ഈ ദൃഢനിശ്ചയത്തോടുകൂടി, അച്ചടക്കവും അപരിഗ്രഹവും ശീലിക്കാനും, ജയിലിലെ ജോലികരം ചെയ്തുതീൎക്കാനും, അതിനുശേഷം നൂൽനൂൽക്കാനും നെയ്യാനും ശുചീകരണം നടത്താനും അവർ ആരംഭിച്ചു. പക്ഷേ ഈ ആത്മപരിശോധനാമനോഭാവം ഇഷ്ടപ്പെടാത്ത ചിലരും ഉണ്ടായിരുന്നു. അവർ ഇങ്ങനെവാദിച്ചു: "ഒരു രാഷ്ട്രീയ സമരത്തിൽ സത്യവും അഹിംസയും നീക്കുപോക്കില്ലാതെ പാലിക്കണം എന്നു നിങ്ങരം ആവശ്യപ്പെടുന്നു. പക്ഷേ, ചരിത്രത്തിൽ എല്ലായിടത്തേയും ജനങ്ങരം നടത്തിയ രാഷ്ട്രീയ സമരങ്ങരം പരിശോധിച്ചാൽ, ഇതിലധികമോ ഇത്രത്തോളമെങ്കിലുമോ അച്ചടക്കവും അപരിഗ്രഹവും ഭടന്മാർപാലിച്ച ഒരൊറ്റ ഉദാഹരണം കാണിച്ചുതരാനൊക്കുമോ? സാമാന്യ മനുഷ്യ പ്രകൃതിയുടെ പരിവൎത്തനം കൊണ്ടു മാത്രമേ സത്യാഗ്രഹ സമരം വിജയപ്രദമാവൂ എന്നുവന്നാൽ, അതിൻെറ വിജയം, കാനൽ ജലംപോലെ, സാക്ഷാൽക്കാരത്തിനപ്പുറത്തു വൎത്തിക്കയേ ഉള്ളൂ. അച്ചടക്കവും അപരിഗ്രഹവും പാലിക്കുന്ന കാൎയ്യത്തിൽ, ജനങ്ങരംക്കുവേണമെന്നു നിങ്ങരം

നിർദ്ദേശിക്കുന്ന സ്വഭാവശ്രേഷ്ഠതയുടെ തോതെന്തു്? കാലാവധി എന്തു്? ദുഷ്ടന്മാരുടെ (ഭരണാധിപന്മാരുടെ) 'മനംമാററം' എന്നു സംഭവിക്കും? അങ്ങനെ ജനങ്ങളുടെ ദുരിതത്തിനു് എന്നു് അവുതി വരും? ഇതൊക്കെ സമീപഭാവിയിൽ സാദ്ധ്യമാണോ? ഞങ്ങൾ ഗാന്ധിമാർഗ്ഗം സ്വീകരിച്ചതു്, മറെറാരുവഴിയും കാണാത്തതുകൊണ്ടാണു്. അതു് ഉത്തമവും ദോഷരഹിതവും ആണെന്നുതന്നെയിരിക്കട്ടെ. എന്നാലും ഞങ്ങളുടെ ലക്ഷ്യത്തിൽ അതു് എത്തിച്ചേരാത്തപക്ഷം ഇങ്ങനെ അനിശ്ചിതമായി മുന്നോട്ടുപോകാൻ അതിൻെറ ശ്രേഷ്ഠത മതിയായ കാരണമാകുമോ? നേരേമറിച്ചു് റഷ്യയിലേയ്ക്കു നോക്കുക! കണ്ണിമവെട്ടുന്ന സമയംകൊണ്ടു് അവർ എത്ര വമ്പിച്ച വിപ്ലവം സാധിച്ചിരിക്കുന്നു! രാജ്യത്തിൻെറ രൂപം തന്നെ തിരിച്ചറിയാൻ വയ്യാത്തവണ്ണം അവർ മാററിക്കഴിഞ്ഞു; ലോകം മുഴുവൻ മാററാൻ കോപ്പിടുകയാണു്. എന്നിട്ടും നാമിവിടെ ജയിൽ നിയമങ്ങളുടേയും സത്യത്തിൻേറയും അഹിംസയുടേയും അച്ചടക്കത്തിൽ സ്വയം പഞ്ജരബദ്ധരായിക്കഴിയുന്നു. ഇതുകൊണ്ടു നമുക്കു് എന്താണൊരു പ്രയോജനം? ഏതാനും മാസക്കാലം ജയിൽവാസംസഹിക്കാൻ കഴിയാരതതിനു ഞങ്ങളെ കുററപ്പെടുത്തുകയാണുനിങ്ങൾ. പക്ഷേ രാജ്യത്തൊട്ടാകെയുള്ള എല്ലാപ്രവത്തകരേയും ജയിലഴിക്കുള്ളിൽ വച്ചുകൊണ്ടിരിക്കുന്നതു് നിസ്സാരസംഗതിയല്ല. വെളിയിൽ സമരം ഊർജ്ജിതമായി നടന്നിരുന്നെങ്കിൽ തരക്കേടില്ല. എന്നാൽ എല്ലാം ശാന്തമാണുവെളിയിൽ. നാം ഇവിടെ കഠിനമായ ആത്മസംയമത്തിൻെറ നിയമം പാലിച്ചു കഷ്ടണിക്കയും! ഇപ്രകാരം, പുറത്തു് കർമ്മരാഹിത്യവും, അകത്തു് നമ്മുടെ ആത്മസംസ്കരണപരിപാടിയും നടന്നാൽ, സ്വരാജ് ലഭിക്കുമെന്നു് ഉറപ്പു പറയാൻ നിങ്ങൾക്കു കഴിയുമോ? അതുകൊണ്ടു് നാം തുടർന്നുകൊണ്ടിരുന്നമാർഗ്ഗം അബദ്ധമാണെന്നു്, ആദ്യം മനസ്സിലാക്കുക. ആത്മാന്വേഷണത്തിനുവേണ്ടി പരിശ്രമിച്ചു് വഴിതെററി അലയാതെ, ശരിയായ മാർഗ്ഗം അന്വേഷിച്ചു കണ്ടുപിടിക്കാം. നമ്മുടെ ആത്മാവിനു വൈകല്യം ഒന്നുമില്ല. അതു മുമ്പു് എന്തായിരുന്നോ, അതു തന്നെയാണിപ്പോഴും.'' ഇത്തരം പ്രതിഷേധങ്ങളോടുകൂടി അവർ കമ്യൂണിസ്റ്റ് സോഷ്യലിസ്റ്റ് സാഹിത്യ

ങ്ങൾ പഠിക്കാൻ തുടങ്ങി. പ്രളയകാലത്തു്, ഭൂമിയാകെ വെള്ളത്തിൽ മുങ്ങിക്കിടക്കുമ്പോൾ, സമുദ്രം അനന്തമായി വ്യാപിച്ചുകിടക്കുമ്പോൾ, മാർക്കണ്ഡേയ മഹർഷിമാത്രം ഏകനായി അതിലങ്ങനെ നീന്തിക്കൊണ്ടിരിക്കുന്നതായി കാണാമെന്നു് പറയപ്പെടുന്നു. ജയിലിന്റെ ഏകാന്തതയിൽ കമ്യൂണിസ്റ്റ് സാഹിത്യമാകുന്ന സമുദ്രത്തിൽ നീന്തുന്ന നമ്മുടെ ചെറുപ്പക്കാർ ഏതാണ്ടു് ആ ഋഷിയെപ്പോലെ കാണപ്പെട്ടു.

ചിലേടങ്ങളിൽ അഗാധവും ചിലേടങ്ങളിൽ ഗാധവുമായ ഈ സാഹിത്യം വാസ്തവത്തിൽ സമുദ്രംപോലെതന്നെ വിശാലവും അന്തമററതും ആയിരുന്നു. ഏതാനുംപേർ മാർക്സിന്റെ 'ക്യാപ്പിററ' ലിന്റെ ആഴം അളന്നു തുടങ്ങി. പക്ഷേ അധികം പേരും റഷ്യയിൽ നിന്നു വന്നെത്തുന്ന ആഴമില്ലാത്ത പ്രചരണ സാഹിത്യത്തിൽ ഒന്നു മുങ്ങുന്നതുകൊണ്ടു തൃപ്തരായി. പൗരാണിക കാലത്തിനുശേഷം, ആവത്തനത്തിന്റെ ആധിക്യം ലവലേശം കൂട്ടാക്കാതെ, താൽപര്യം പ്രദശിപ്പിക്കുന്നതു കമ്യൂണിസ്റ്റുകാർ മാത്രമാണു്. ശ്രോതാവു്, അഥവാ വായനക്കാരൻ, എത്രമാത്രം വിസ്മൃതിമൂഢനായിരുന്നാലും, ഒരു പ്രസ്താവന നിരന്തരമായി ആവത്തിച്ചാൽ, അത്യല്പമായിട്ടെങ്കിലും അയാളുടെ മനസ്സിൽ അതു പതിയുമെന്നു് പൗരാണിക ഋഷികളും ആധുനിക റഷ്യരും ഒപ്പം വിശ്വസിക്കുന്നു. ഇഹലോകം വിട്ടുപോയാൽ, അപ്പുറത്തു ഒരു സ്വർഗ്ഗമുണ്ടെന്നും അതു തങ്ങൾക്കു ലഭിക്കുമെന്നും വിശ്വസിച്ചുകൊണ്ടു് പുരാണ പാരായണക്കാർ പ്രയത്നിച്ചു. നമ്മുടെ യുവസ്നേഹിതന്മാരാകട്ടെ, സ്വർഗ്ഗം റഷ്യയിൽ അവതരിച്ചിരിക്കുന്നു എന്ന ഉത്തമ വിശ്വാസത്തോടുകൂടിയാണു്, സോഷ്യലിസ്റ്റു സാഹിത്യപ്പരപ്പിലൂടെ ക്ലേശിച്ചു തുഴഞ്ഞുകൊണ്ടിരുന്നതു്.

1940-ലെ വ്യക്തിസത്യാഗ്രഹക്കാലത്തെത്തുടന്നു് ഞാൻ തടവിൽ കിടക്കുമ്പോൾ, കുറച്ചു കമ്യൂണിസ്റ്റ് സാഹിത്യം വായിക്കാൻ ഒരു കമ്യൂണിസ്റ്റ് സുഹൃത്തു് എന്നെ ഉപദേശിച്ചു. ഞാൻ നൂൽനൂൽക്കുമ്പോൾ വായിച്ചു കേൾപ്പിക്കാൻ ഞാൻ അപേക്ഷിച്ചു. അപ്രകാരം അദ്ദേഹം ദിവസംതോറും ഒരു മണിക്കൂർ വീതം പ്രധാന

പ്പെട്ട മാർക്സിയൻ പ്രസിദ്ധീകരണങ്ങൾ എന്നെ വായിച്ചുകേൾപ്പിക്കാൻ ആരംഭിച്ചു. ഏതാനും വർഷങ്ങൾക്കുമുമ്പ് ഞാൻ മാർക്സിന്റെ 'ക്യാപ്പിററൽ' (മൂലധനം) വായിച്ചിട്ടുണ്ടായിരുന്നതുകൊണ്ട് അദ്ദേഹം വായിച്ചതു മനസ്സിലാക്കാൻ വളരെ ബുദ്ധിമുട്ടുണ്ടായില്ല. ഏതാനും മാസം അങ്ങനെ കഴിഞ്ഞു. പ്രധാന കൃതികൾ മാത്രമാണ് വായിച്ചതെങ്കിലും ആവർത്തനങ്ങളും പുനരുക്തിയും എന്റെ മനസ്സിൽ ബലമായി പതിയാതിരുന്നില്ല. നമ്മുടെ യുവാക്കന്മാരുടെ മനസ്സ് ഇതുവായിച്ചു ചെടിച്ചുപോകുന്നതിനു പകരം, കമ്യൂണിസ്റ്റ് ആശയങ്ങൾകൊണ്ടു വല്ലാതെ നിറഞ്ഞുപോകയാണു ചെയ്തതു്. അതിൽ അത്ഭുതപ്പെടാനില്ല.

## 3. രണ്ടു മൌലികതത്വങ്ങൾ.

ഉദ്ദേശ്യവും ലക്ഷ്യവും സംബന്ധിച്ച് അനാദികാലം തൊട്ടുതന്നെ മനുഷ്യമനസ്സിനെ ക്ലേശിപ്പിക്കുന്ന മൌലികങ്ങളും ആത്യന്തികങ്ങളുമായ രണ്ടു ചിന്താഗതികൾ ഉണ്ട്—നന്മയുടെ വികസനവും സാമൂഹ്യവ്യവസ്ഥിതിയുടെ സ്ഥാപനവും. ആദ്യത്തെ സിദ്ധാന്തത്തിന്റെ വക്താക്കൾ വിശ്വസിക്കുന്നതു് സാമൂഹ്യക്ഷേമം മനുഷ്യന്റെ സ്വഭാവം, സന്മാർഗ്ഗനിഷ്ഠ, ആത്മോന്നതിക്കുള്ള യത്നം എന്നിവയെ ആശ്രയിച്ചിരിക്കുന്നു എന്നാണ്. ഒരു വ്യക്തിയുടെ ജീവിതം അവന്റെ സന്മാർഗ്ഗപ്രവൃത്തിയുടെ ശക്തിയാൽ നയിക്കപ്പെടുന്നു. സാമൂഹ്യ ഘടന മനുഷ്യസ്വഭാവത്തിന്റെ വികാസത്തിനു് അനുരൂപമായി മാറുന്നു. അതുകൊണ്ട് നന്മയെ സ്നേഹിക്കുന്നവർ സന്മാർഗ്ഗനിഷ്ഠ വളർത്താൻ ശ്രദ്ധിക്കണം. സാമൂഹ്യഘടനയെ ബാഹ്യമായി രൂപപ്പെടുത്താനുള്ള കഠിന യത്നങ്ങളൊക്കെ വ്യർത്ഥമാണ്. അതു് അഹന്തയിലേക്കുമാത്രമേ വഴിതെളിക്കുകയുള്ളു. "ജഗത് വ്യാപാര വർജ്ജം" എന്നതു വേദാന്തത്തിലെ ഒരു പ്രസിദ്ധസൂത്രമാണ്; ഒരു ഉപാസകനു് അഭിലഷിക്കാവുന്ന ഉയർച്ചയുടെ പരിധിയും അതു കുറിക്കുന്നു. ആകെക്കൂടി നാം ചെയ്യേണ്ടതു് ഇത്രയുമാണ്; അഹിംസ, സത്യം, ആത്മനിയന്ത്രണം, സംതൃപ്തി, സഹകരണം എന്നിങ്ങനെ

ആത്മീയവും സദാചാരപരവുമായ ശിക്ഷണത്തെ സംബന്ധിച്ചുള്ള നിയമങ്ങളിൽ നമുക്കുള്ള വിശ്വാസം സർവ്വദാ ശക്തിപ്പെടുത്തുക; നിരന്തരമായി നമ്മുടെ ദൈനന്ദിന ജീവിതത്തിലേയ്ക്കു് അവയെ വ്യാപിപ്പിക്കാൻ പരിശ്രമിക്കുക. ഇത്രയും നമുക്കു ചെയ്യാം; ശേഷമെല്ലാം അതോടുകൂടി വന്നുചേർന്നുകൊള്ളും. സ്വന്തം കുഞ്ഞിന്നു് ആഹാരം കൊടുക്കണമെന്നു് ഒരമ്മയോടു പറഞ്ഞറിയിക്കേണ്ടതില്ല. മാതൃസ്നേഹം വേണ്ടുവോളം ലഭിക്കുന്ന കുഞ്ഞിന്നു് ആഹാരവും കിട്ടിക്കൊള്ളും; നൊമ്പരമുണ്ടായാൽ പിന്നാലെ കരച്ചിലും വരും.

ഈശ്വരവിശ്വാസമുള്ളവരുടെ മനസ്സിൽ നൈസർഗ്ഗികമായിത്തന്നെ ഈ മാർഗ്ഗം തെളിഞ്ഞുകൊള്ളും. ജ്ഞാനം പ്രകടമാക്കുന്ന പ്രത്യേകതകളുടേയും സന്മാർഗ്ഗികഗുണങ്ങളുടേയും ഒരു നീണ്ട പട്ടിക ഗീത നൽകുന്നുണ്ടു്. ജ്ഞാനദേവന്റെ വിദഗ്ദ്ധമായ വ്യാഖ്യാനത്തിൽ അദ്ദേഹം മനോഹരമായ ഒരു വിശദീകരണവും നടത്തിയിട്ടുണ്ടു്.

കമ്മ്യൂണിസ്റ്റുകളുടെ മാർഗ്ഗവും ആശയങ്ങളും ഇതിന്നു കടകവിരുദ്ധമാണു്. അവർ പറയുന്നു: "സന്മാർഗ്ഗിക ഗുണങ്ങൾ എന്നു പറയുന്നവ മനസ്സിൽ പ്രകടമാകുന്നുണ്ടെങ്കിലും, മനസ്സിന്റെ സൃഷ്ടികളല്ല; പരിസരങ്ങളുടെ ഫലമായി ഉണ്ടാകുന്ന ഒരു വക സ്വഭാവങ്ങളാണു്. മനസ്സുതന്നെയും അതിന്റെ ഭൗതികപരിസരങ്ങളുടെ സൃഷ്ടിയത്രെ. ഭൗതികം ചിത്തം. അമ്മയ്ക്കു ശ്മശ്രുക്കൾ ഇല്ലാത്തതുകൊണ്ടു് ഒരു താടിക്കാരനെ കാണുമ്പോൾ കുട്ടി ഭയപ്പെടുന്നു. അമ്മയ്ക്കു താടിയും മീശയും ഉണ്ടായിരുന്നെങ്കിൽ അവ ഇല്ലാത്തവരെ കാണുമ്പോൾ അതു ഭയപ്പെടുമായിരുന്നു. നോവിക്കപ്പെടുമ്പോൾ കുട്ടി സ്വാഭാവികമായി കരയും എന്നു നിങ്ങൾ പറയുന്നു. ഒരു മൊട്ടുസൂചികൊണ്ടു കുത്തിനോക്കു; സ്വാഭാവികമായി വേദനയും ഉണ്ടാകുന്നു. മനസ്സു് ഭൗതികപദാർത്ഥത്തിൽനിന്നു സ്വതന്ത്രമായ ഒരു വസ്തുവല്ല. അതു ബാഹ്യലോകത്തിന്റെ ഒരു പ്രതിഫലനമത്രെ–ഒരു ഛായ. ഛായയ്ക്കു വസ്തുവിനെ ഭരിക്കാൻ സാദ്ധ്യമല്ല; മനസ്സിന്റെ സ്വഭാവം മാറിയെന്നു തോന്നും. രാത്രിയിൽ നല്ലവണ്ണം ഉറങ്ങിയാൽ പ്രസന്നത

5698

യോട്ടുകൂടി രാവിലെ ഉണൎന്നെഴുന്നേൽക്കാൻ കഴിയുന്നു. അതു് സത്വഗുണത്തിൻെറ (തെളിവും അറിവും പ്രകാശിപ്പിക്കുന്ന അവസ്ഥയുടെ) ആവിൎഭാവത്തിനു് ഇടയാക്കുന്നു. കുറേനേരം കഴിഞ്ഞു് ആ വ്യക്തിക്കു വിശപ്പു തോന്നുമ്പോൾ, രജസ്സ് (ചലനാത്മകപ്രകൃതി) ഉപരിതലത്തിൽ എത്തുകയും മനസ്സിനെ ദ്രുതപ്രവൎത്തനത്തിലേയ്ക്കു നയിക്കയും ചെയ്യുന്നു. ഭക്ഷണം കഴിയുമ്പോൾ തമോഗുണം (അലസത) പ്രാധാന്യം നേടുന്നു. അതിനാൽ ഈ മൂന്നു ഗുണങ്ങൾക്കും അത്ര വളരെ പ്രാധാന്യം കല്പിക്കുന്നതു് അസ്ഥാനത്താണു്. വേണ്ട പരിതഃസ്ഥിതികൾ സൃഷ്ടിച്ചാൽ വേണ്ടതരം ഗുണങ്ങൾ ജനിക്കയും ചെയ്യും. അതുകൊണ്ടു് ഭൗതികസാഹചര്യങ്ങളെ കഴിവോളം വേഗത്തിൽ, സാധ്യമായ എല്ലാവിധത്തിലും മാററുക; സങ്കല്പങ്ങൾ സൃഷ്ടിച്ചു സമയം പാഴാക്കരുതു്. മനുഷ്യമനസ്സ് ഇന്നത്തെപ്പോലെ നിലനില്ക്കും. നാം എന്തൊക്കെച്ചെയ്താലും, അതു് ഒരു താണതരം മൃഗത്തിൻെറ മനസ്സിനു തുല്യമാകയില്ല. നമ്മുടെ സങ്കല്പദൈവത്തിനു തുല്യവുമാകയില്ല. നിയതമായ ഒരു ചട്ടക്കൂടിനുള്ളിലാണു് അതിന്റെ സ്ഥിതി. സാഹചര്യങ്ങൾ നന്നാകുന്നതോടൊപ്പം, മനസ്സിനു് അല്പം വികാസം സിദ്ധിക്കുന്നു; സാഹചര്യങ്ങൾ ദുഷിക്കുമ്പോൾ അല്പം അധഃപതനവും. അതോൎത്തു വിഷമിക്കേണ്ട. സാമൂഹ്യപരിഷ്കരണത്തിനു ഹിംസ ആവശ്യമായിത്തീൎന്നാൽ, "അയ്യോ! നന്മ നശിച്ചു!" എന്നു ഭയപ്പെട്ടു മുറവിളികൂട്ടരുതു്....

"അതു നിസ്സാരമാണു് എന്നു കരുതണം. ദുഷിച്ച സാമൂഹ്യസ്ഥിതിക്കു് അതു വിരാമം ഇടുന്നു. ആ ലക്ഷ്യം നേടുന്നതിനുവേണ്ടി ഉപയോഗിക്കപ്പെടുന്ന ഹിംസ സാധാരണ ഹിംസയ്ക്കു തുല്യമാണു് എന്നു കണക്കാക്കരുതു്. ഒരു ഉന്നതനിലവാരമുള്ള ഹിംസയാണു് അതു്. അല്ല, അതൊരു ഗുണംതന്നെയാണു്. ഇതു നാം മനസ്സിലാക്കിക്കഴിഞ്ഞാൽ, എന്തിനെപ്പററി നാം ചിന്തിച്ചുവിഷമിക്കുന്നോ ആ സ്വഭാവസംസ്കാരവും സിദ്ധിക്കും."

അപ്പോൾ, ആത്യന്തികങ്ങളായ രണ്ടു വാദങ്ങൾ ഇവയാണു്. മററുള്ളവയോരോന്നും, അവയുടെ സ്വഭാവമനുസരിച്ചു്, നടുവിൽ

നിലകൊള്ളുന്നു. ചിലർ പറയുന്നു. "സാമൂഹ്യഘടനാപരിവർത്തനത്തിന്റെ പ്രാധാന്യം ഞങ്ങൾ നിഷേധിക്കുന്നില്ല. പക്ഷേ ധാർമ്മിക പ്രവണതകളുടെ വികാസത്തിലൂടെ വേണം അക്കാര്യം സാധിക്കാൻ. അനശ്വരങ്ങളായ ചില ധാർമ്മികമൂല്യങ്ങളും മാനദണ്ഡങ്ങളുമുണ്ട്. ധൃതഗതിയിൽ വല്ലവിധേനയും ഒരു സാമൂഹ്യഘടന നിർമ്മിച്ചുവയ്ക്കുകയാണെങ്കിൽ, മേല്പറഞ്ഞ മൂല്യങ്ങളും മാനദണ്ഡങ്ങളും നഷ്ടപ്പെടും. ലാഭത്തിനുവേണ്ടിയുള്ള അത്യാഗ്രഹംകൊണ്ട് മൂലധനം നഷ്ടപ്പെടുത്തുന്നതിനു തുല്യമായിരിക്കും അത്. ശാശ്വതവും സാർവ്വത്രികവും എന്നെന്നേയ്ക്കുമായി മനുഷ്യരുടെ വിഷമതകൾ നീക്കാൻ പര്യാപ്തവുമായ ഒരു സാമൂഹ്യഘടനയും ഇല്ല. സമയത്തിന്റെയും സ്ഥലത്തിന്റേയും മറ്റുപാധികളുടേയും അവസ്ഥയനുസരിച്ച് അതു മാറിക്കൊണ്ടിരിക്കും. മാറുകയും വേണം. സാമൂഹ്യപുനസ്സംവിധാനഭ്രാന്തുകൊണ്ട് ഒരു പ്രയോജനവുമില്ല. എന്തായാലും ഒരു സമുദായം നിർമ്മിക്കുന്നതു ജനങ്ങളാണ്. അതിനാൽ സമുദായപരിവർത്തനത്തിനുള്ള ഏതൊരു പദ്ധതിയും സ്വഭാവമാനദണ്ഡങ്ങളുടേയും ധാർമ്മികമൂല്യങ്ങളുടേയും സംരക്ഷണത്തിനും ഉദ്ധാരണത്തിനും ഉതകുന്നതായിരിക്കണം; എന്നുമാത്രമല്ല, സ്വഭാവത്തിന്റെയും ധാർമ്മികമൂല്യങ്ങളുടേയും ശക്തികൊണ്ടു സൃഷ്ടിക്കപ്പെടുന്നതായിരിക്കണം പരിവർത്തനം. അതു മന്ദഗതിയിലെന്നു തോന്നുമാറ് ക്രമേണ സംഭവിച്ചാലും, നാം വിഷമിക്കരുത്. നല്ലവണ്ണം ചവച്ചിറക്കുന്ന ആഹാരം നല്ലവണ്ണം ദഹിക്കും. മന്ദഗതി ഏററവും ദ്രുതമായിരുന്നു എന്നു ഒടുവിൽ വ്യക്തമാകും.

" സ്വഭാവത്തെക്കുറിച്ചും ധാർമ്മികമാനദണ്ഡങ്ങളെക്കുറിച്ചും നാം സംസാരിക്കുമ്പോൾ, മനുഷ്യനെ മൗലികമായി മാറ്റ നാണ് ഉദ്യമിക്കുന്നതെന്നു സങ്കല്പിക്കരുത്. ആ വ്യാമോഹം നമുക്ക് ആവശ്യമില്ല. മനുഷ്യരായ നാം എത്ര നല്ലവരായാലും ശരി, മാലാഖകളായി മാറുമെന്നു ശങ്കിക്കേണ്ട കാര്യമില്ല. അതുകൊണ്ട് അപകടഭയം കൂടാതെ, നമുക്ക് കഴിയുന്നിടത്തോളം ധാർമ്മികവികാസം നേടാം. നല്ലസാമൂഹ്യഘടന ധാർമ്മികവികാസത്തെ സഹായിക്കും എന്നതു

പരമാർത്ഥംതന്നെ; വേണ്ടിടത്തോളം ധാർമ്മികവളർച്ച ഉള്ളപ്പോൾ മാത്രമേ നല്ല സാമൂഹ്യഘടന സൃഷ്ടിക്കാൻ സാധ്യമാവൂ എന്നവസ്തുതയും പരമാർത്ഥമത്രെ. ധാർമ്മികമൂല്യങ്ങളിലുള്ള അചഞ്ചല വിശ്വാസമാകുന്ന അസ്ഥിവാരത്തിന്മേലാണ് സാമൂഹ്യഘടന കെട്ടിയുയർത്തിയിട്ടുള്ളത്. അസ്ഥിവാരത്തെത്തന്നെ ചീന്തിയെടുത്തശേഷം കെട്ടിടത്തെ ബലപ്പെടുത്താം എന്ന് എങ്ങനെ പ്രതീക്ഷിക്കാം?"

ചിലരുടെ മറുപടി ഇതാണ്. "ശാശ്വത മൂല്യങ്ങളുടെ സംരക്ഷണത്തിന് അനുഗുണം ആയിരിക്കണം സാമൂഹ്യഘടനയിൽ വരുത്തുന്ന പരിവർത്തനം എന്നു ഞങ്ങൾ സമ്മതിക്കുന്നു. നന്മയിലുള്ള വിശ്വാസം ദുർബ്ബലപ്പെടാൻ അനുവദിക്കരുത്. എന്നാൽ എല്ലാ നിത്യധർമ്മങ്ങളിലും നൈമിത്തികസന്ദർഭങ്ങളെ അഭിമുഖീകരിക്കാൻ വേണ്ട ഒഴികഴിവുകൾ ഉണ്ടെന്നു നാം വിസ്മരിക്കരുത്. ഉദാഹരണമായി, നിത്യപ്രാർത്ഥന നിങ്ങളുടെ ഒരു നിയമമാണ് എന്നിരിക്കട്ടെ. മുടക്കം കൂടാതെ ഒരു നിശ്ചിതസമയത്ത് നിങ്ങൾ അതു് അനുഷ്ഠിക്കുന്നു. എന്നാൽ പ്രാർത്ഥനാസമയത്തുതന്നെ അയൽപക്കത്ത് ഒരു തീപിടിത്തം ഉണ്ടായെന്നു കരുതുക. അതു കെടുത്താൻ നിങ്ങൾ ഓടിഎത്തുകയില്ലേ? തീ അണച്ചശേഷം 'സാവകാശ'മായും ശാന്തമായും നിങ്ങൾ പ്രാർത്ഥന നടത്തും. ഇതാണു നിത്യനൈമിത്തിക വിവേകം. ഈ വിവേകം ജീവിതത്തിന്റെ എല്ലാതുറകളിലും ആവശ്യമുണ്ട്. ഹിംസകൂടാതെ വിപ്ലവം സാധ്യമല്ല എന്നുള്ള കമ്യൂണിസ്റ്റു വിശ്വാസത്തോടു ഞങ്ങൾ അനുകൂലിക്കുന്നില്ല. ഇന്ത്യയെപ്പോലുള്ള ഒരു രാജ്യത്തിൽ ജനായത്തഭരണകൂടത്തിൻകീഴിൽ, ഹിംസയെ അവലംബിക്കാതെ, ബാലറപെട്ടിയിൽകൂടി വിപ്ലവം സൃഷ്ടിക്കാൻ സാധ്യമാകും എന്നു ഞങ്ങൾ വിശ്വസിക്കുന്നു. ആ ലക്ഷ്യത്തിനൊത്ത പൊതുജനാഭിപ്രായം രൂപീകരിക്കാൻ എത്രാനും കൊല്ലം വേണ്ടിവന്നേയ്ക്കാം—അതു ഞങ്ങൾ സാരമാക്കുന്നില്ല. ആ ഉദ്ദേശ്യത്തിനുവേണ്ടി ക്ഷമയോടുകൂടി നാം പരിശ്രമിച്ചുകൊണ്ടിരിക്കണം. എന്നാൽ അധികാരത്തിൽ ഇരിക്കുന്ന കക്ഷി തെരഞ്ഞെടുപ്പിന്റെ പരിശുദ്ധി പാലിക്കാതെ, അധികാരപദവി ദുരുപയോഗപ്പെടുത്തുകയാണെ

ങ്കിൽ, മാർഗ്ഗശുദ്ധിയിൽ (അഹിംസയിൽ) ഉള്ള നിർബന്ധം അടിക്കടി പരാജയത്തിന്ന് ഇട വരുത്തിയേയ്ക്കാം. അതുകൊണ്ടു ചില പരിതഃസ്ഥിതികളിൽ ഒഴിച്ചുകൂടാത്തതും ഖേദകരവുമായ ഒരു കർത്തവ്യമായി (നൈമിത്തികധർമ്മം) അഹിംസാപരമല്ലാത്ത മാർഗ്ഗം അവലംബിക്കുന്നതു് അനുചിതം ആണെന്നു ഞങ്ങൾ കരുതുന്നില്ല: അത്യാവശ്യവേളയിലുള്ള ക്ഷന്തവ്യമായ പ്രവൃത്തി*യെന്നു് അതിനെപ്പറയാം. എന്നാൽ പാപമെന്നോ അധർമ്മമെന്നോ അതിനെ വിളിക്കരുതു്. അത്യാവശ്യവേളയിലുള്ള അത്തരം പ്രവൃത്തികൾ ശാശ്വതമൂല്യങ്ങളെ നശിപ്പിക്കയില്ല. ശരിയായ മാർഗ്ഗത്തിൽനിന്നു് ഒരു ചെറിയ വ്യതിയാനം സംഭവിക്കും എന്നു സമ്മതിക്കാം. പക്ഷേ അതു വീണ്ടും ശരിപ്പെടുത്താവുന്നതാണു്. അററകുററപ്പണിചെയ്യാൻ ഒരു ആണി ഇളക്കേണ്ടിവന്നാലും അതു വീണ്ടും ഉറപ്പിക്കാമല്ലോ. അധികാരകൈമാററം നടന്നു കഴിഞ്ഞാൽ ശാശ്വതമൂല്യങ്ങൾ പൂർവ്വാധികം ശക്തിപ്പെടുന്നു. ആണി താഴ്ത്താനും ഉറപ്പിക്കാനും വേണ്ടി അതിനെ ചലിപ്പിക്കുന്നതുപോലെയാണു് ഇതു്. താൽക്കാലികമായി ഇപ്രകാരം ഹിംസയെ അവലംബിക്കുന്നതു്, അഹിംസയ്ക്കുതന്നെ ഗുണകരമാണു്. അതു നാം ചെയ്യാതിരുന്നാൽ, അഹിംസ ഇതിലധികം നമ്മിൽ നിന്നു് അകന്നുപോകും. ചെടിയുടെ വളർച്ചയ്ക്കു വേഗം കൂട്ടാൻ അതിനെ നാം വെട്ടി വിടാറില്ലേ? മരത്തിന്റെ വേരിൽ വെട്ടുന്നതും ശാഖകൾ വെട്ടിവിടുന്നതും നാം വേർതിരിച്ചറിയണം. മുതലാളിത്തവും സാമ്രാജ്യത്വവും വർഗ്ഗീയതയുമൊക്കെ അഹിംസയുടെ കടയ്ക്കൽ വെട്ടാൻ ഒരുങ്ങിയിരിക്കയാണു്. കമ്യൂണിസം ഹിംസയിൽ വിശ്വസിക്കയും വിവേചനം കൂടാതെ ഹിംസ പ്രയോഗിക്കയും ചെയ്യുന്നതുകൊണ്ടു്, അതും അഹിംസയുടെ വേരിൽ തന്നെ കോടാലിവയ്ക്കുന്നു. കമ്യൂണിസത്തിന്റെ ഉദ്ദേശ്യം അതല്ലായിരിക്കാം; എങ്കിലും അങ്ങനെ ഉദ്ദേശിക്കുന്നതിനു തുല്യമാണു ഫലം. അതുകൊണ്ടു കമ്യൂണിസത്തെ ഞങ്ങൾ പിന്താങ്ങുന്നില്ല. എന്നാൽ ധാർമ്മികമൂല്യങ്ങളുടെ പേരിൽ പുരോഗതിയാകെ തടഞ്ഞുവയ്ക്കുന്നതും ദരിദ്രർ അനുഭവിക്കുന്ന അവശതകളും മർദ്ദനങ്ങളും

---

* ആപദ്ധർമ്മം

നീട്ടിക്കൊണ്ടു പോകുന്നതും ശരിയല്ല. ഏതായാലും ചില ഗുണങ്ങൾക്ക് അമിതപ്രാധാന്യം കൽപ്പിക്കലാവും അതു് എന്നു ഞങ്ങൾക്കു തോന്നുന്നു. എന്നുമാത്രമല്ല, വിദേശീയാക്രമണത്തെ നേരിടാനും ആഭ്യന്തരകലാപങ്ങൾ അമർത്താനും ആയുധങ്ങൾ ഉപയോഗിക്കുന്നതു്, ഭരണകൂടത്തിൻെറ കർത്തവ്യമാണെന്നു ഞങ്ങൾ കരുതുന്നു. അതിനെയാണു് ദണ്ഡധർമ്മം എന്നു പറയുന്നതു്. ഇത്തരം വ്യത്യസ്തതകൾ ഒഴിച്ചാൽ മററെല്ലാ കാര്യങ്ങളിലും അഹിംസയിൽ നിങ്ങൾക്കുള്ള അചഞ്ചല നിഷ്ഠയോടു ഞങ്ങൾ യോജിക്കുന്നു."

ആർഷ സിദ്ധാന്തവും കമ്യൂണിസ്റ്റ് സിദ്ധാന്തവും രണ്ടു് അടിസ്ഥാന സിദ്ധാന്തങ്ങളാണു്. മുകളിൽ വിവരിച്ച മററ രണ്ടു തത്വങ്ങളും ധാർമ്മിക സമീപനരീതികൾ ആണെന്നു പറയാം. ഇവയിൽ ആദ്യത്തെ ധാർമ്മിക തത്വത്തെ ബുദ്ധനും ഗാന്ധിജിയും വളരെ ഫലപ്രദമായി ഇന്നാട്ടിൽ പ്രചരിപ്പിച്ചു. മറേറതാനും മതാചാര്യന്മാരും അതു സ്വീകരിച്ചിട്ടുണ്ടു്. സ്മൃതിഗ്രന്ഥങ്ങളിൽ ചുരുക്കം ചിലതുമാത്രം ഈ തത്വത്തോടു അനുകൂലിക്കുന്നു. സ്മൃതികർത്താക്കളിൽ അധികം പേരും രണ്ടാമതു പറഞ്ഞ ധാർമ്മികസമീപനരീതിയാണു ഇഷ്ടപ്പെടുന്നതും ഉപദേശിക്കുന്നതും. ഭാരതദേശീയതയുടെ പേരിൽ പ്രതിജ്ഞചെയ്യുന്ന കോൺഗ്രസ്സുകാരിൽ ഭൂരിഭാഗവും, കോൺഗ്രസ്സ് ഗ്രൂപ്പുകളും, ഏതാണ്ടു് എല്ലാ സോഷ്യലിസ്റ്റുകളും രണ്ടാമത്തെ വകുപ്പിൽപ്പെടുന്നവരാണു് എന്നുതോന്നുന്നു. ഗാന്ധിമാർഗ്ഗക്കാരെന്നു പറയപ്പെടുന്ന പലരും പരമാർത്ഥത്തിൽ ഈ നിലപാടിനെ ചുററിപ്പററി നിൽക്കുന്നവരത്രെ.

സത്യാഗ്രഹധർമ്മത്തിൽ അധിഷ്ഠിതമായ ഗാന്ധിയൻ തത്വങ്ങൾക്കും വിപ്ലവത്തിലൂടെ സാമൂഹ്യപുനസ്സംവിധാനം വിഭാവനചെയ്യുന്ന കമ്യൂണിസ്ററ തത്വങ്ങൾക്കും ഉള്ള ആപേക്ഷികഗുണങ്ങളെക്കുറിച്ചാണു് ശ്രീ. കിശോർലാൽ ഇവിടെ ചർച്ചചെയ്തിട്ടുള്ളതു്.

## 4. മാർക്സും ഗാന്ധിയും

മഹാത്മാവായ ഗാന്ധിയുടേയും മഹാമുനിയായ മാർക്സിൻെറയും തത്വങ്ങളെ താരതമ്യപ്പെടുത്തുക– അതിൽപരം ഹൃദയാവർജ്ജക

മായ പാനം ഇന്നു് എന്തുണ്ടു്? കഴിഞ്ഞ ഒരു നൂററാണ്ടുകാലത്തെ മനുഷ്യസമുദായജീവിതം തിളപ്പിച്ചു വററിച്ചാൽ ലഭിക്കുന്ന അവശിഷ്ടം ഈ രണ്ടു വിശിഷ്ട നാമധേയങ്ങൾ ആയിരിക്കാനാണു് ഇടയുള്ളതു്. ലെനിനെ മാർക്സു് ഉൾക്കൊള്ളുന്നുണ്ടു്. ടോൾസ്റ്റോയിയുടെ നിഴൽ ഗാന്ധിജിയിൽ പതിക്കുന്നു. രണ്ടു തത്വങ്ങളും അഭിമുഖമായി നിലകൊള്ളുന്നു. ഓരോന്നും അപരത്തെ ഗ്രസിക്കാൻ ഒരുങ്ങിനില്ക്കുകയാണു് എന്നുതോന്നും. റഷ്യയെ നയിക്കുന്ന കമ്യൂണിസ്ററുകളും, ജനായത്ത സിദ്ധാന്തത്തിൻെറ മറപിടിച്ചുകൊണ്ടു് യു. എസ്സിനെ നയിക്കുന്ന മുതലാളികളും ആണു് മത്സരവേദിയിൽ നില്ക്കുന്ന പ്രതിദ്വന്ദികൾ എന്നുപുറമേ തോന്നാം. പക്ഷേ രണ്ടാമത്തേതിനു് താത്വികമായി ഓജസ്സു വററിപ്പോയി. സൈനികബലം കൊണ്ടു് ശക്തിമത്താണു് അതു് എന്നുതോന്നിയാലും കമ്യൂണിസത്തിൻെറ എതിരാളിയായി അതു് നിലനില്ക്കുന്നുണ്ടെന്നു ഞാൻകരുതുന്നില്ല. നേരേ മറിച്ചു്, ഗാന്ധിതത്വം ഒരിടത്തും സംഘടിതരൂപത്തിൽ നിലകൊള്ളുന്നില്ലെങ്കിലും, സമ്യക്ചിന്തയുടെ ചൈതന്യം അതിൽ തുളുമ്പിനിൽക്കുന്നു. കമ്യൂണിസം അവസാനം ശക്തി പരീക്ഷിക്കേണ്ടി വരുന്നതു ഗാന്ധിസത്തോടു് ആയിരിക്കും എന്നു ഞാൻ വിശ്വസിക്കുന്നു. ഈ രണ്ടു പ്രബലതത്വങ്ങളേയുമാണു് കിശോർലാൽഭായ് ഈ കൊച്ചു പുസ്തകത്തിൽ അളന്നു നോക്കുന്നതു്. വിഷയത്തിനു ഇന്നു വളരെ പ്രാധാന്യം ഉള്ളതുകൊണ്ടു്, കിശോർലാലിൻെറ ശൈലി 'നിർഗ്ഗുണസ്വച്ഛം' ആണെങ്കിലും, ആദ്യന്തം വായിക്കാതെ പുസ്തകം താഴത്തു വയ്ക്കാൻ വായനക്കാരനു കഴിയുകയില്ല. ഗാന്ധിയൻ ചിന്തയ്ക്കു കിശോർലാൽ നൽകുന്ന വിശദീകരണം പ്രാമാണികമായി അംഗീകരിക്കപ്പെട്ടും. ഏതാനും കൊല്ലം മുമ്പു പ്രസിദ്ധീകരിച്ച 'ഗാന്ധിവിചാരദോഹന'ത്തിൻെറ കർത്താവാണു് അദ്ദേഹം. മാർക്സിയൻ തത്വത്തിനു് അദ്ദേഹം നൽകുന്ന വിശദീകരണം അത്രത്തോളം പ്രാമാണികമായി കണക്കാക്കപ്പെടുകയില്ലെങ്കിലും, യാതൊരു പിഴയും കൂടാതെ അതു് അവതരിപ്പിക്കാൻ അദ്ദേഹം മനസ്സിരുത്തിയിട്ടുണ്ടു് എന്നാണു് എൻെറ വിശ്വാസം.

5698

ഗാന്ധിയേയും മാർക്സിനേയും കുറിച്ചുള്ള താരതമ്യപഠനം ലോകത്തിന്ന് എത്ര താൽപര്യമുള്ളതായിരുന്നാലും അല്ലെങ്കിലും, നമ്മുടെ രാജ്യത്തിൽ അഭ്യസ്തവിദ്യരുടെ ഇടയിൽ അതു് ഒരു ദൈനന്ദിന ചർച്ചാവിഷയമത്രെ. ഓരോ വ്യാഖ്യാതാവും സ്വന്തം കഴിവനുസരിച്ച് അളന്നു തിട്ടപ്പെടുത്താൻ ശ്രമിക്കുന്നു. ഗാന്ധിയുടെ ചിന്ത ആധ്യാത്മിക പരിവേഷം ധരിക്കുന്നുണ്ടെങ്കിൽ, കമ്മ്യൂണിസത്തിന്ന് ശാസ്ത്രീയപ്രയോഗങ്ങളുടെ പിന്തുണയുണ്ട്. ഗാന്ധിസം നമുക്കു് സ്വരാജ് സമ്പാദിച്ചുതന്നു് സ്വന്തം അർഹത തെളിയിച്ചു കഴിഞ്ഞു. അതു കൊണ്ട് ഇനിയെങ്കിലും കാല്പനികം എന്നും അപ്രായോഗികം എന്നും ഗാന്ധിസത്തെ പഴിക്കുക സാധ്യമല്ല. കമ്യൂണിസമാകട്ടെ, ശ്രേഷ്ഠവും പുരാതനവുമായ ചൈനയ്ക്കു നവയൗവനം നൽകി സചൈതന്യം വെളിപ്പെടുത്തി. തന്നിമിത്തം ഈ മാർഗ്ഗങ്ങളെ പൊരുത്തപ്പെടുത്താൻ പലരും പ്രലോഭിപ്പിക്കപ്പെടുന്നു. "ഹിംസാരഹിതമായ കമ്യൂണിസമാണ് ഗാന്ധിസം" എന്നു തുടങ്ങി പല നിർവ്വചനങ്ങൾ നൽകാനും നാം പ്രേരിതരാകുന്നു. ഈ തത്വങ്ങളെ പൊരുത്തപ്പെടുത്തുക സാധ്യമല്ല എന്നതാണു പരമാർത്ഥം. അവ തമ്മിലുള്ള അന്തരം മൗലികമാണ്. അവ അത്യന്തം പരസ്പര വൈരുദ്ധ്യം ഉള്ളവയാണെന്നു് ഈ പുസ്തകം വെളിപ്പെടുത്തുന്നു.

അഹിംസയിൽ ഗാന്ധിസത്തിനുള്ള ദൃഢനിഷ്ഠ മാത്രമാണു് അതിനും കമ്യൂണിസത്തിനും തമ്മിലുള്ള വ്യത്യാസം എന്നു പറഞ്ഞു കേട്ടപ്പോൾ ഞാൻ ഇപ്രകാരം പറയുകയുണ്ടായി: "ഒരു രാഷ്ട്രീയ വഞ്ചനയിൽ ആൾമാറാട്ടം നടത്തത്തക്കവണ്ണം രണ്ടാളുകൾക്കു് ആകൃതിസാമ്യം ഉണ്ടായിരുന്നു. പക്ഷേ ഒരു ചെറിയ വ്യത്യാസം മാത്രം: ഒരാൾ ശ്വസിച്ചിരുന്നു; അപരനു ശ്വാസം ഇല്ലായിരുന്നു. ഫലമോ? ഒരാൾക്കു് ആഹാരം തയ്യാറാക്കുകയായിരുന്നു; അപരനു ശവപ്പെട്ടിയും." അഹിംസയുടെ നിസ്സാര വ്യത്യാസം നീക്കിയാൽ ഗാന്ധിസത്തിനും മാർക്സിസത്തിനും തമ്മിലുള്ള സാമ്യം മേല്പറഞ്ഞ വ്യക്തികളുടെ സാമ്യംപോലെയാണ്. അവയുടെ അവയവങ്ങൾക്കു

പോലും വ്യത്യാസം ഉണ്ടെന്നു കിശോർലാൽ വ്യക്തമാക്കിയിട്ടുണ്ട്. അതു് അത്യാവശ്യം തന്നെ. ജീവനുള്ളതിൻേറയും മരിച്ചതിൻേറയും കണ്ണുനാസികങ്ങൾക്കു് ബാഹ്യസാമ്യം എത്രയുണ്ടായിരുന്നാലും, അവ തുല്യമായിരിക്കുന്നതെങ്ങനെ?

കമ്യൂണിസം ആസക്തിയുടെ സിദ്ധാന്തമായതുകൊണ്ടു് തത്വശാസ്ത്രപരമായ പരിശോധന അർഹിക്കുന്നുണ്ടെന്നു് എനിക്കു തോന്നുന്നില്ല. ഉപാസകന്മാർ ഗാംഭീര്യപ്രതീതിയുള്ള ഒരു തത്വശാസ്ത്രസൗധം അതിനെച്ചുററി പണിതിട്ടുണ്ടു്. എങ്കിലും സാരാംശത്തിൽ തത്വശാസ്ത്രം തീരെക്കലരാത്തതാണു് കമ്യൂണിസം. അതു് ഒരു സൗധമേ അല്ല; കൃത്രിമത്വത്തിൻേറ കുമ്പാരമത്രെ. മാനസികക്കുഴപ്പം കൊണ്ടു മഞ്ഞളിച്ചതാണു് കമ്യൂണിസ്ററുകളുടെ വീക്ഷണം. ഉദാഹരണമായി, 'സംഘട്ടനം' എന്നു പറയുന്ന ഒരു ശാശ്വതധർമ്മത്തിൽ അവർ വിശ്വസിക്കുന്നു. 'സംഘട്ടന'മല്ലാതെ മറെറാന്നും ലോകത്തിലില്ല. ആത്യന്തികമായി വിശകലനം ചെയ്യുമ്പോൾ 'അന്യം നാസ്തി', "പരമാണുക്കൾ! പരമാണുക്കൾ!" എന്നു വിളിച്ചുപറഞ്ഞുകൊണ്ടു് മരണമടഞ്ഞ പരമാണുശാസ്ത്രകാരനായ 'കണാദ'നെയാണു് ഇവർ ഓർമ്മപ്പെടുത്തുന്നതു്. പെററുവീണ പൈതലിനു വേണ്ടി അമ്മയുടെ മുലപ്പാൽ വഴിഞ്ഞൊഴുകുന്നു. ഈ അത്ഭുതം എങ്ങനെ സംഭവിക്കുന്നു? അവരുടെ വീക്ഷണഗതിയനുസരിച്ചു്, അമ്മയുടെ മുലയും കുഞ്ഞിൻേറ വായും തമ്മിലുള്ള സംഘട്ടനത്തിൻെറ ഫലമാണു് അതു്. ഫലിതരസത്തിനു വേണ്ടിയാണു് ഈ ഉദാഹരണം ഞാൻ എടുത്തുപറഞ്ഞതു്; ഇക്കൂട്ടരാകട്ടെ, തികഞ്ഞ ഗൗരവത്തോടുകൂടി അതിനെ അംഗീകരിക്കും. ചുരുക്കിപ്പറഞ്ഞാൽ നാം സഹകരണം എന്നു കണക്കാക്കുന്നതിനെപ്പോലും അവർ സംഘട്ടനമായി വെട്ടിച്ചുരുക്കുകയാണെങ്കിൽ, യഥാർത്ഥത്തിലുള്ള ഒരു എതിർപ്പു് അവരുടെ ദൃഷ്ടിയിൽ എത്ര വമ്പിച്ച സംഘട്ടനം ആയിരിക്കും! രഘുവീരൻേറ സാങ്കേതിക പദനിർമ്മാണരീതി സ്വീകരിച്ചാൽ 'അതി–സംഘട്ടനം' എന്നു് അതിനു നാമകരണം ചെയ്യേണ്ടിവരും.

അത്തരം ഭ്രാന്തന്മാരോട് എങ്ങനെ വാദിക്കാനാണ്! അവരെ ക്കുറിച്ച് വിസ്മയിക്കാനേ സാധ്യമാവൂ. ഒരു യഥാർത്ഥ തത്വശാസ്ത്ര ത്തിന് അനുഗുണമായ മാർഗ്ഗം കണ്ടുപിടിക്കാൻ അവർ കൂട്ടാക്കുന്നില്ല. അവരുടെ മാർഗ്ഗത്തോടു യോജിക്കുന്ന ഒരു ഫിലോസഫി വാർത്തെടു ക്കാനും മുറിച്ചെടുക്കാനുമാണ് അവരുടെ പുറപ്പാട്.

മനസ്സ് പദാർത്ഥത്തിൽനിന്ന് ഉണ്ടായതാണോ, അതോ മറി ച്ചോ എന്ന് അവർ പലപ്പോഴും ചർച്ചചെയ്യാറുണ്ട്. വസ്തുവിൽ നിന്ന് മനസ്സ് ഉണ്ടായി എന്ന വസ്തുതയെ ഭ്രാന്തന്മാരല്ലാതെ ആരും സംശയിക്കയില്ല. പ്രപഞ്ചം സൃഷ്ടിച്ചതു മനസ്സ് ആയിരുന്നെങ്കിൽ ഈശ്വരനെക്കൊണ്ട് ആക്കാണ് ഒരു പ്രയോജനം? പക്ഷേ മനസ്സു പദാർത്ഥത്തിൻെറ സൃഷ്ടിയാണെങ്കിലും, ആത്മാവ് അഥവാ ചേതന മനസ്സിനും പദാർത്ഥത്തിനും അപ്പുറത്ത് ഒരു വ്യത്യസ്തവസ്തുവായി അവശേഷിക്കുന്നു. എന്നാൽ കമ്യൂണിസ്ററുകളുടെ പരീക്ഷണ ശാലയിൽ എങ്ങും ആത്മാവ് എന്നൊന്നില്ല. ആരെങ്കിലും അടയാള ങ്ങൾ കാണിച്ചുകൊടുത്താലും, അല്പവും മടികൂടാതെ കമ്യൂണിസ്ററു കൾ ആത്മാവിനെ നിഷേധിക്കും. അത്തരം വൈരുദ്ധ്യവാദികളോട് ശങ്കരാചാര്യർ പറയുകയുണ്ടായി: "സുഹൃത്തേ, എനിക്കു നിങ്ങ ളോട് ഒരു വഴക്കുമില്ല. ആത്മാവിനെ നിഷേധിക്കുന്ന നിങ്ങൾ തന്നെ ആത്മാവാണ്. നിങ്ങൾ അനുകൂലിച്ചാൽ, നിങ്ങളുടെ സ്വീ കാരംകൊണ്ട് അതു് തെളിയുന്നു. നിങ്ങൾ നിഷേധിച്ചാൽ നിങ്ങ ളുടെ നിഷേധംകൊണ്ട് അതു് തെളിയുന്നു. നിദ്രയിലാണ് താൻ എന്നു പറയുന്ന ആൾ ഉണർന്നിരിക്കയാണെന്നു് സ്ഥാപിക്കാൻ ശ്രമിക്കുന്നവനോളം തന്നെ സ്വന്തം ജാഗ്രദവസ്ഥ തെളിയിക്കു ന്നുണ്ട്". അങ്ങനെ സാമൂഹ്യപുനസ്സംവിധാനത്തിൻെറ ചുഴലിക്കു ത്തിൽപ്പെട്ട കമ്യൂണിസം, മനസ്സിനും വസ്തുവിനും രൂപവും സത്തയും നൽകുന്ന തൃതീയഘടകമായ ആത്മാവിനെ നിഷേധിക്കുന്നതു കൊണ്ട്, നന്മയ്ക്കു സ്വതന്ത്രവും സുപ്രധാനവുമായ സ്ഥാനമൊന്നും കല്പിക്കുന്നില്ല. നാം ആധ്യാത്മികഗുണങ്ങൾ എന്നു കരുതുന്നവ യെല്ലാം അവരുടെ ദൃഷ്ടിയിൽ കേവലം സാമ്പത്തികാവസ്ഥകളുടെ

സൃഷ്ടികൾമാത്രം. ആത്മരഹിതമായ സിദ്ധാന്തത്തിൽ വ്യക്തിസ്വാതന്ത്ര്യത്തിനു് യാതൊരു സ്ഥാനവുമില്ല. ക്ഷുരകൻ തലയിൽനിന്നും വെട്ടിക്കളയുന്ന രോമങ്ങളുടെ എണ്ണം കണക്കാക്കാൻ ആരു കൂട്ടാക്കുന്നു? വ്യക്തികൾ വരികയും പോകയും ചെയ്യുന്നു. സമുദായം നിലനിൽക്കുന്നു. അതുകൊണ്ടു് അതുമാത്രമാണ് യഥാർത്ഥം. വ്യക്തിക്കു് യാതൊരു പ്രാധാന്യവുമില്ല.

സഗരൻെറ പുത്രന്മാർ ഗംഗയുടെ പ്രഭവസ്ഥാനം കണ്ടുപിടിച്ചതുപോലെ, ഈ ചിന്തകന്മാർ മനുഷ്യചരിത്രത്തിൻെറ ഗതി മനസ്സിലാക്കി. എയ്തുകഴിഞ്ഞ അമ്പു് അതിൻെറ ഗതിയിൽനിന്നു് വ്യതിചലിക്കാതെ വ്യക്തവും നിയതവുമായ ഗതി തുടരുന്നതുപോലെതന്നെയാണു് മനുഷ്യരുടേയും കഥയെന്നു് തീരുമാനിച്ചു. മാനുഷ്യകത്തിൻെറ പൂൎവ്വചരിത്രം അതിൻെറ ഭാവിഗതി എന്തായിരിക്കണമെന്നു് എന്നെന്നേയ്ക്കുമായി നിശ്ചയിച്ചുകഴിഞ്ഞു. നമുക്കിനി യാതൊരു പ്രവൎത്തനസ്വാതന്ത്ര്യവും അവശേഷിച്ചിട്ടില്ല. എല്ലാം നിശ്ചിതം. ആദ്യം രക്തനദികളുണ്ടായിരിക്കും; പിന്നെ ക്ഷീരനദികളും തേനരുവികളും; അതിനെത്തുടൎന്നു് ശുദ്ധശീതളജലം ഓരോ സന്തുഷ്ട കുടുംബത്തിൻെറയും അരികിലൂടെ, മാനുഷ്യകത്തിൻെറ ദാഹമാകെ ശമിപ്പിച്ചുകൊണ്ടു് ഒഴുകുകയായി. യൂക്ലിഡിന്റെ ക്ഷേത്രഗണിതം പോലെ അത്ര ക്ലിപ്തവും ദൃഢബദ്ധവുമായ ഒരു വിപ്ലവശാസ്ത്രം അവരുടെ ചരിത്ര പഠനത്തിൻെറയും ഗവേഷണത്തിന്റേയും ഫലമായി അവൎക്കു് ലഭിച്ചിട്ടുണ്ടു്. ലോകത്തിൻെറ വിവിധഭാഗങ്ങളിൽ വിപ്ലവം നടക്കാൻ പോകുന്ന രീതിയേയും ക്രമത്തേയും കുറിച്ചുപോലും മാർക്സു് പ്രവചിച്ചു. ഈ പ്രവചനം അതേ വിധത്തിൽ നടന്നില്ലെങ്കിലും, ആ പൊരുത്തക്കേടു് ഗണനയിലുള്ള ഒരു സ്ഖലിതമാണെന്നു് വേണം കരുതാൻ—ജ്യോതിഷത്തിലുണ്ടാകുന്ന സ്ഖലിതങ്ങൾപോലെ; അവ ജ്യോതിഷശാസ്ത്രം അബദ്ധമാണെന്നു് തീരുമാനിക്കാൻ മതിയായ കാരണങ്ങളാണെന്നു് കണക്കാക്കിക്കൂടല്ലോ. മരണത്തിൻെറ വിളി പൂൎണ്ണമായും ഒഴിച്ചു നിൎത്താനാവാത്തതുപോലെതന്നെ വിപ്ലവത്തിൻെറ നിശ്ചിതഗതിയും. അതുകൊണ്ടു്,

ഒരാൾക്കു പരമാവധി ചെയ്യാവുന്നതു്, ഈ പരിതഃസ്ഥിതിയിൽ, അതിനോടു സഹകരിക്കുക, കഴിവോളം അതിനെ സഹായിക്കുക.

ഈ ആത്യന്തികസിദ്ധാന്തത്തിൻെറ ചട്ടക്കൂടിലൊതുങ്ങി നിൽക്കാൻ ഗാന്ധിയൻ തത്വത്തിനു് സാധ്യമല്ലെന്നു കാണിക്കാനാണു് കിശോർലാൽഭായ് ഈ ചെറിയ പുസ്തകം രചിച്ചിട്ടുള്ളതു്.

## 5. അയവില്ലാത്ത ശിക്ഷണവും സ്വതന്ത്രചിന്തനവും

രാമൻെറ ജനനത്തിനു് വളരെ മുമ്പുതന്നെ വാല്മീകി രാമായണം രചിച്ചെന്നും രാമൻ തൻ്റെ ഭൗമജീവിതകാലത്തു് രാമായണത്തിലെ ഓരോ വാക്കും അനുസരിച്ചുവെന്നും അതുകൊണ്ടു് ഒരു തീരുമാനം ചെയ്യാൻ അദ്ദേഹത്തിനു സ്വന്തം വിവേകം ഉപയോഗിച്ചു് വിഷമിക്കേണ്ടിവന്നില്ലെന്നും പറയപ്പെടുന്നു. ഗ്രന്ഥം ഒന്നു നോക്കി അതനുസരിച്ചു പ്രവർത്തിച്ചാൽ മതിയായിരുന്നു അദ്ദേഹത്തിനു്. പ്രത്യാഘാതങ്ങളും പ്രവചിക്കപ്പെട്ടു കഴിഞ്ഞിരുന്നതുകൊണ്ടു് അദ്ദേഹത്തിനു ഫലങ്ങളെക്കുറിച്ചും വിഷമിക്കേണ്ടിവന്നില്ല. കമ്യൂണിസ്റ്റുകളെ സംബന്ധിച്ചും കഥ ഇതുതന്നെ. മാർക്സ് നിർദ്ദേശിച്ചിരുന്നപോലെ ലെനിൻ പ്രവർത്തിച്ചു; (അവരുടെ മതമനുസരിച്ചു്) അദ്ദേഹത്തെ പിന്തുടന്നാൽമാത്രം മതി, നമ്മുടെ ലക്ഷ്യത്തിൽ നേരെ ചെന്നെത്താം. ഇടയ്ക്കിടയ്ക്കു് മാർക്സിൻെറ വാക്കുകളും ലെനിൻെറ പ്രവൃത്തികളും പൊരുത്തപ്പെടാതിരിക്കുന്നെങ്കിൽ, കമ്യൂണിസ്റ്റു് പണ്ഡിതന്മാർക്കു് തീർച്ചയായും അല്പമൊന്നു പ്രയത്നിക്കണം, യഥാർത്ഥത്തിൽ പൊരുത്തക്കേടൊന്നുമില്ലെന്നു തെളിയിക്കാൻ. അതിനു വളരെ പ്രയാസമില്ല. ഒരു സ്മൃതിപാഠം ശ്രുതിപാഠത്തിനു് അനുഗുണമായിരിക്കണമെന്നതു് സുപ്രസിദ്ധമായൊരു വ്യാഖ്യാനതത്വമാണു്. അതുകൊണ്ടു് ഒരു നിർദ്ദേശം വ്യക്തമാണെങ്കിൽ നിയമത്തെ നാം വേണ്ടവണ്ണം ഒന്നു വ്യാഖ്യാനിക്കുകയേ വേണ്ടൂ! നിർദ്ദേശം സാധുവായി! അപ്രകാരം ചെയ്യൂ; നിങ്ങൾക്കു വഴിതെളിഞ്ഞുകിട്ടും.

ഗാന്ധിയൻ തത്വത്തിൻെറ കഥ മറിച്ചാണു്. മൂർത്തവും ഗംഭീരവുമായൊരു ശിലാസനമാണു് കമ്യൂണിസമെങ്കിൽ സദാപി പരിണ

മിച്ചുകൊണ്ടിരിക്കുന്നൊരു അണുപ്രാണി (അമീബ) യാണ് ഗാന്ധിസം. ഗാന്ധിജിയുടെ ആശയങ്ങൾ നാം പരിശോധിച്ചാൽ അവ എപ്പോഴും വികസിച്ചുകൊണ്ടിരിക്കുകയാണെന്നു കാണാം. അദ്ദേഹത്തിൻെറ അനന്തരകാലപ്രസ്താവങ്ങൾ ആദ്യകാലത്തേതിനു വിരുദ്ധമാണെങ്കിൽ, രണ്ടിനേയും പൊരുത്തപ്പെടുത്താൻ ക്ലേശിക്കേണ്ടെന്നും ആദ്യത്തേതു തള്ളിക്കളഞ്ഞു പിന്നത്തേതു സ്വീകരിച്ചു മുന്നോട്ടുപോകണമെന്നും അദ്ദേഹം പറയുമായിരുന്നു: പ്രധാന സമരങ്ങളിൽപോലും ആലോചിച്ചുറച്ചൊരു പദ്ധതിയോ, രീതിയോ, ക്രമീകൃതമായൊരു സജ്ജീകരണമോ അദ്ദേഹത്തിനില്ലായിരുന്നു. 'ഒരു കാൽവയ്പുമതി തനിക്ക്'' എന്നദ്ദേഹം പറയുമായിരുന്നു; പിന്നെന്തിന് ഭഗവാൻ അദ്ദേഹത്തിന് രണ്ടെണ്ണം കാണിച്ചുകൊടുക്കണം? അദ്ദേഹത്തിൻെറ ഏററവും ഒടുവിലത്തെ പ്രസ്താവങ്ങൾക്ക് കല്പിക്കേണ്ട പ്രാമാണ്യം എന്തുമാത്രമാണ്? അദ്ദേഹത്തിൻെറ മറുപടി ഇതായിരുന്നു:— "പ്രമാണബദ്ധചിത്തരാകരുത്. നിങ്ങളുടെ സ്വന്തം വാസന ഉപയോഗിക്കൂ. ഞാനടുത്തുള്ളപ്പോൾ എന്നോടു ചോദിച്ചുകൊള്ളൂ. അതുകഴിഞ്ഞു് ഓരോരുത്തർക്കും സ്വയം ചിന്തിച്ചുതീരുമാനിക്കാൻ സ്വാതന്ത്ര്യമുണ്ട്''. അദ്ദേഹത്തോടു് ഏററവും അടുപ്പമുള്ള അനുയായികളുടെയിടയിൽ പോലും ആശയൈക്യമില്ലാത്തതിന് ഇതാണ് കാരണം. കളിയാക്കുന്നമട്ടിൽ ഒരു നിരൂപകൻ എന്നോടു പറഞ്ഞു:— "ഗാന്ധിജി ഗീതയുടെ ആരാധകനായിരുന്നു. അദ്ദേഹത്തിൻെറ സഹപ്രവർത്തകരും അങ്ങനെതന്നെ. അവരെല്ലാവരും ഗീതയെപ്പററി എന്തെങ്കിലും എഴുതിയിട്ടുണ്ട്. പക്ഷേ ഓരോരുത്തരുടെ വ്യാഖ്യാനത്തിനും അന്യരുടേതിൽനിന്നു് വ്യത്യാസമുണ്ട്.'' ഈ പരിഹാസം നാം വിഗണിച്ചെന്നു വരാം. അതു ഗീതയുടെ അപരിമേയതയെ തെളിയിക്കുക മാത്രം ചെയ്യുന്നുണ്ട്. എന്നാലും ഗാന്ധിജിയുടെ അടുത്ത സഹപ്രവർത്തകരെല്ലാവരും എല്ലാവിധത്തിലും തുല്യചിത്തതയോടെ സമീപിക്കുന്ന ഒരൊററ ജീവിതപ്രശ്നംപോലുമില്ലെന്ന വസ്തുത അനിഷേധ്യമാണ്—സർവ്വോദയത്തിൻെറ അടിസ്ഥാനമായ ഖാദിപോലും! ഗാന്ധിജി സ്വമതങ്ങളെല്ലാം ക്രമീ

കൃതവും സിദ്ധാന്തപരവുമായ ഒരു പ്രബന്ധത്തിൽ ക്രോഡീകരിക്കണമെന്നു് അദ്ദേഹത്തോടു് ആരോ സൂചിപ്പിച്ചതിനു കാരണമതാണു്. പക്ഷേ ഗാന്ധിജി മറുപടിപറഞ്ഞു:— "ഒന്നാമതായി എനിക്കു് സമയമില്ല; രണ്ടാമതായി ഞാനിപ്പോളും പരീക്ഷണംനടത്തുകയാണു്. അതുകൊണ്ടു് പ്രബന്ധം സാധ്യമാണെങ്കിൽ, സ്വയം സാവധാനം വളൎന്നുവരട്ടെ." തീൎച്ചയായും അദ്ദേഹം പറഞ്ഞതു ശരിയായിരുന്നു. പക്ഷേ മററാരുകാരണവശാലും കൂടി ആ മറുപടി എനിക്കു് ശ്രദ്ധേയമായിതോന്നി. വിപരീതതത്വങ്ങൾക്കു മറുപടി നൽകുക മാത്രമാണു് ഭാഗിയായി രചിച്ച ഒരു പ്രബന്ധത്തിനു് ചെയ്യാൻ കഴിയുക. ഒരു രാജ്യത്തിൻെറ ആയുധീകരണപരിപാടി മററു രാജ്യങ്ങളെ അവയുടെ ആയുധീകരണ വൎദ്ധനവിൽനിന്നു് പിന്തിരിപ്പിക്കുന്നില്ല; അതിനുപകരം അവരെ പ്രോത്സാഹിപ്പിക്കുകയാണു് ചെയ്യുന്നതു്; അങ്ങനെ അതു തന്നെ അധികം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. അതുപോലെ—വിദഗ്ദ്ധസിദ്ധാന്തങ്ങൾ സൃഷ്ടിക്കുന്ന വാക്സമരം ആശയം സ്പഷ്ടമാക്കാനോ വ്യത്യാസം കുറയ്ക്കാനോ സഹായകമാകുന്നതിനു പകരം കുഴപ്പം കൂടുതൽ സൃഷ്ടിക്കുകയാണു് ചെയ്യുന്നതു്. അതുകൊണ്ടു് ചിന്തയെ തല്ലിയോടിച്ചു് സിദ്ധാന്തത്തിൻെറ ബന്ധനത്തിൽ അടയ്ക്കുന്നതിനേക്കാൾ എത്രയോ നന്നു് സ്വതന്ത്രമായി പ്രവൎത്തിക്കാൻ അതിനെ അനുവദിക്കയാണു്. നിയന്ത്രണത്തിൻെറ ഫലം മത്സരവും ചേരിതിരിയലും ആയിത്തീരാൻ ഇടയുണ്ടു്. നാലുവ്യത്യസ്ത പ്രസ്ഥാനക്കാരായിത്തിരിഞ്ഞ ബുദ്ധാനുയായികളുടെയിടയിൽ സംഭവിച്ചതുപോലെ, ഓരോ പ്രത്യേക മാൎഗ്ഗത്തിലേയ്ക്കു പോകുന്ന പത്തുപ്രസ്ഥാനക്കാരായി ഗാന്ധിയുടെ അനുയായികളും തിരിഞ്ഞെന്നുവരാം. ഗാന്ധിജി പറഞ്ഞിട്ടുള്ളതുപോലെ സകലരും അവനവൻെറ കഴിവു് ഉപയോഗിക്കയും തനിക്കുവേണ്ടി സംസാരിക്കാനുള്ള ചുമതല ഏറെറടുക്കുകയും ചെയ്താൽമാത്രം ഇതു തടയാം.

## 6. മൂന്നു ഗാന്ധിയൻ തത്വങ്ങൾ

ആയാമൃതയോടും സ്വാതന്ത്ര്യത്തോടും കൂടിത്തന്നെ ഗാന്ധിജിയുടെ ചിന്തയ്ക്കു രൂപം നൽകാൻ കിശോർലാൽഭായ് ശ്രമിക്കുന്നുണ്ട്. മൂന്നുതത്വങ്ങളെ അടിസ്ഥാനപ്പെടുത്തി അദ്ദേഹം അതിൻെറ ചട്ടക്കൂട് പണിതുയർത്തുന്നു.

1. വർണ്ണവ്യവസ്ഥ (ജീവിതവൃത്തിയെ സംബന്ധിക്കുന്ന തത്വം)

2. രക്ഷാകർതൃത്വം (ട്രസ്റ്റിഷിപ്പ്)

3. വികേന്ദ്രീകരണം.

ഓരോന്നും നമുക്ക് ചുരുക്കമായി പരിശോധിക്കാം.

1. പ്രാചീന പാരമ്പര്യമനുസരിച്ചുള്ള വർണ്ണവ്യവസ്ഥ എന്ന ആശയം ഗാന്ധിജി സ്വീകരിക്കുന്നു. എന്നാൽ തികച്ചും പുതിയൊരർത്ഥവും ചൈതന്യവും അതിനു നൽകുകയും ചെയ്യുന്നു. പഴയതിൻെറ ചൈതന്യവും ഉദ്ദേശവും ആസ്പദമാക്കിക്കൊണ്ട് തന്നെയാണ് നൂതനാർത്ഥം ആരോപിച്ചിട്ടുള്ളത്. പ്രായോഗികാഹിംസയിലുള്ള ഒരു പരീക്ഷണമാണ് ഇതെന്ന് എനിക്കു തോന്നുന്നു. ഒരു പ്രാചീന സമുദായം അംഗീകരിക്കുകയും ആദരിക്കുകയും ചെയ്ത പ്രയോഗങ്ങളും ആശയങ്ങളും സങ്കല്പങ്ങളും തള്ളിക്കളയുന്നതിനുപകരം വിശാലതരമായ അർത്ഥം അവയ്ക്കു നൽകി, രൂപപരിണാമം വരുത്തി, നവജീവൻ കലർത്തി അവയെ സ്വീകരിക്കുന്നതാണ് അഹിംസാമാർഗ്ഗം. ഭാരതീയ ചിത്തത്തിൻെറ മൗലിക സ്വഭാവമായ സംയോജനം (സിന്തസിസ്) മേല്പറഞ്ഞ അഹിംസാമാർഗ്ഗത്തിൽ നിന്നു തന്നെയാണ് ജനിച്ചത്. ഒരു പുതിയ അർത്ഥം ആ വാക്കിന് നൽകിയെന്നു് അറിയാനിടയാകാത്തവണ്ണം അത്ര പ്രശാന്തമാണ് ഈ മാർഗ്ഗം. പ്രാചീനാർത്ഥത്തെ അല്പമൊന്നു തുടച്ചു മിനുക്കിയിരി

ക്കയാണെന്നേ തോന്നൂ. യജ്ഞാദിപദങ്ങൾ വിശാലാർത്ഥത്തിൽ പ്രയോഗിക്കുന്ന ഗീത ഈ മാർഗ്ഗം കാണിച്ചുതരുന്നുണ്ട്. വാക്കുകളുടെ അർത്ഥം തെററായി വ്യാഖ്യാനിക്കപ്പെടുക എന്ന അപകടം ഈ മാർഗ്ഗത്തിൽ വളരെയുണ്ട്. സംശയമില്ല. അങ്ങനെ സംഭവിക്കുമ്പോൾ അതു് അസത്യപരിശീലനമാണു്, അഹിംസാപരിശീലനമല്ല. പദം ദുർവ്യാഖ്യാനം ചെയ്യാതെ പശുവിൻെറ പാൽ കറന്നെടുക്കുന്നപോലെ ശാന്തമായി സാദരം അതിൽ നിന്നൊരു നൂതനാർത്ഥം സ്വരൂപിച്ചെടുക്കുകയാണെങ്കിൽ മാത്രമേ അതു് അഹിംസയാവൂ. ഭാരതീയ സംസ്കാരത്തിലാണു് ഗാന്ധിജി പിറന്നുവളർന്നതു്. അതേ സംസ്കാരത്തിൽ മുഴുകി നിൽക്കുന്നവരോടാണു് അദ്ദേഹം അധികം സംസാരിച്ചതും. വർണ്ണാശയം (പരമ്പരാഗതമായ ജീവിതവൃത്തി) അദ്ദേഹം സ്വീകരിക്കാനുള്ള കാരണം ഇതാണെന്നു് എനിക്കു് തോന്നുന്നു. ഗാന്ധിജി വേറൊരിടത്തു് ജനിച്ചു വളരാനും വേറൊരു സമുദായത്തെ അഭിസംബോധനചെയ്യാനും ഇടയായിരുന്നെങ്കിൽ വർണ്ണസങ്കല്പവും വർണ്ണം എന്നപദവും അഹിംസാത്മക സാമൂഹ്യവ്യവസ്ഥിതിയുടെ അപരിത്യാജ്യ ഘടകങ്ങളായി അദ്ദേഹത്തിൻെറ മനസ്സിൽ സ്വയം ഉദിക്കുമായിരുന്നോ എന്നു നമുക്കു് ഉറപ്പിച്ചു പറയാനാവില്ല. എന്നാൽ ഉറപ്പോടുകൂടി ഒന്നു പറയാം: ഭാഷ വ്യത്യസ്തമായിരുന്നാലും അതിന്റെ അന്തർലീനതത്വം സ്വീകരിക്കാൻ അദ്ദേഹം നിർബന്ധിതനായിരിക്കാമെന്നു്. വർണ്ണമെന്നും വർണ്ണവ്യവസ്ഥയെന്നുമുള്ള വാക്കുകളെ എതിർക്കുന്നവർ ഗാന്ധിജി അവ ഉപയോഗിക്കുന്നതിൽ പരിഭ്രമിക്കേണ്ടതില്ല എന്നാണു് എൻെറ വിവക്ഷ. വാക്കുകളല്ല നമ്മുടെ ചിന്താവിഷയം; അവയുടെ ഉള്ളടക്കമാണു്.

a. എല്ലാ ജോലിക്കും തുല്യവേതനം.

b. മത്സരമില്ലായ്മ.

c. ജനതയുടെ പരമ്പരാഗതമായ കഴിവുകളെ പരിപൂർണ്ണമായി പ്രയോജനപ്പെടുത്തുന്ന വിദ്യാഭ്യാസസമ്പ്രദായം. ഇവ മൂന്നുമാണു് വർണ്ണവ്യവസ്ഥയുടെ സാരാംശത്തിലടങ്ങിയിരിക്കുന്നതു്.

നമ്മുടെ അഭിപ്രായത്തിൽ, അഹിംസാത്മകമായ സാമൂഹ്യവ്യവസ്ഥിതിയിൽ ആവശ്യമുള്ളതും ഇത്രമാത്രമാണ്.

2. മേല്പറഞ്ഞ വർണ്ണവ്യവസ്ഥപോലെ രക്ഷാകർതൃത്വം എന്ന വാക്കും പലരും ഇഷ്ടപ്പെടുന്നില്ല. വർണ്ണവ്യവസ്ഥ എന്നപദം ഉൽപത്തിപ്രകാരം സമൃക്കായൊരാശയവും ഉചിതതരമായൊരു വ്യവസ്ഥിതിയുമാണ് സൂചിപ്പിക്കുന്നത് എന്ന് നിസ്സംശയം പറയാം. ഒരു പക്ഷെ, രക്ഷാകർതൃത്വവാദത്തെക്കുറിച്ച് ഉത്തമവിശ്വാസത്തോടെ അങ്ങനെ പറഞ്ഞുകൂടാ. ആ പദവും അതിന്റെ ദുരുപയോഗവും ഒന്നിച്ചാണ് ഉത്ഭവിച്ചതെന്നു തോന്നുന്നു. പക്ഷെ നിയമത്തിൽ അതിന് ഒരു നല്ല വിവക്ഷയുണ്ട്; ഗാന്ധിജി ഒരു നിയമവിദ്യാർത്ഥി ആയിരുന്നതുകൊണ്ട്, ആ വാക്ക് അദ്ദേഹത്തിന്റെ മനസ്സിൽ തങ്ങിനിന്നെന്നു തോന്നുന്നു. ഒരു സത്യോപാസകനും കൂടിയായതുകൊണ്ട് അതിന്റെ ഉൽകൃഷ്ടാർത്ഥം മാത്രം അദ്ദേഹം അതിനു കല്പിച്ചു. ഞാനൊരു നിയമവിദ്യാർത്ഥിയല്ലായിരുന്നതുകൊണ്ട് ഗാന്ധിജി ആ പദം ഉപയോഗിച്ചിരുന്നെങ്കിലും എന്റെ മനസ്സിൽ തങ്ങിനില്ക്കാനോ എന്നെ ആകർഷിക്കാനോ അതിന് കഴിഞ്ഞിട്ടില്ല. എങ്കിലും അതിലൂടെ ഗാന്ധിജി പ്രകാശിപ്പിക്കാൻ ശ്രമിച്ച ആശയം മനസ്സിലാക്കാനും ആദരിക്കാനും അതൊരു തടസ്സമാകുന്നില്ല. അപരിഗ്രഹം, സമഭാവം തുടങ്ങി ഗീതയിലുള്ള മർമ്മപ്രധാനങ്ങളായ ചില പദങ്ങൾ ഗാന്ധിജിയുടെ മനസ്സിനെ ശക്തിയായി സ്വാധീനപ്പെടുത്തി; അപരിഗ്രഹമനോഭാവം പ്രായോഗിക ജീവിതത്തിൽ പ്രയോജനപ്പെടുത്താമെന്ന് അദ്ദേഹം ചിന്തിക്കാനാരംഭിച്ചപ്പോൾ, ട്രസ്റ്റി എന്ന നിയമപരമായ പ്രയോഗം അദ്ദേഹത്തിന് തുണയായി നിന്നുവെന്നും തോന്നുന്നു. ഗീതാപഠനം ട്രസ്റ്റി എന്ന പദത്തിന്റെ അർത്ഥം അദ്ദേഹത്തിന് വ്യക്തമാക്കികൊടുത്തു. ആ വാക്കാകട്ടെ അപരിഗ്രഹം എന്ന പ്രശ്നം പരിഹരിക്കാൻ അദ്ദേഹത്തെ സഹായിച്ചു. ചുരുക്കിപറഞ്ഞാൽ ഇന്നത്തെ സാമൂഹ്യസ്ഥിതിയിൽ മാത്രമല്ല എല്ലാ പരിതസ്ഥിതികളിലും അപരിഗ്രഹം പരിശീലിക്കാനുള്ള ഏകപ്രായോഗികമാർഗ്ഗം

സ്വന്തം കഴിവുകളെ (വ്യക്തമായാലും അവ്യക്തമായാലും) ഒരു ട്രസ്റ്റിയായി ഉപയോഗിക്കുന്നതാണ്. സാധാരണമായ കഴിവുകൾ മാത്രമുള്ള ഒരു വ്യക്തിക്കുപോലും മനസ്സിലാകത്തക്കവണ്ണം വ്യക്തമായി ഈ സങ്കല്പത്തെ കിശോർലാൽഭായ് വിശദീകരിച്ചിട്ടുണ്ട്. ഈ ആശയത്തെ ഏതെങ്കിലും തരത്തിൽ തെറ്റിദ്ധരിക്കാൻ ഒരു പഴുതും അദ്ദേഹം വിട്ടിട്ടില്ലെന്ന് എനിക്കു തോന്നുന്നു.

അനീതി നിറഞ്ഞ ഒരു സാമൂഹ്യഘടനയുടെ ഫലമായ സാമ്പത്തികാസമത്വം ദൂരീകരിച്ചാലും ബുദ്ധിപരവും ശാരീരികവുമായ കഴിവുകളിലുള്ള അസമത്വം പൂർണ്ണമായി വിപാടനം ചെയ്യുക സാദ്ധ്യമല്ല. വിദ്യാഭ്യാസവും നിയന്ത്രണവും കൊണ്ട് ഈ അസമത്വങ്ങൾപോലും വളരെ കുറയ്ക്കാമെന്നും നാം സങ്കല്പിക്കുക. എങ്കിലും ഒരാദർശരാഷ്ട്രത്തിൽ പോലും അവയുടെ സമ്പൂർണ്ണ ദൂരീകരണം നമുക്കു സങ്കല്പിക്കാനാവില്ല. ഒരു വ്യക്തിക്കു ശരീര ശക്തിയോ, സമ്പത്തോ, മററുകഴിവുകളോ ഉള്ള പക്ഷം, ലോകത്തിൻെറ നന്മയ്ക്കു വേണ്ടി ഒരു ട്രസ്റ്റി എന്നനിലയിൽ തനിക്കു നൽകപ്പെട്ടവയാണ് അവയെന്നു കരുതണം. അതാണു ട്രസ്റ്റിഷിപ്പിൻെറ ശ്രേഷ്ഠാശയം. പക്ഷേ ആ പദത്തിന്റെ അചുംബിതവിശുദ്ധി വീണ്ടെടുക്കാൻ മിക്കവാറും സാധ്യമല്ലെന്നു തോന്നുമാറ് സ്വാർത്ഥപരന്മാർ അതിനെ അധ:പതിപ്പിച്ചു കളഞ്ഞു. അതുകൊണ്ടു ഞാൻ അതിനുപകരം മറെറാരു വാക്കു കണ്ടുപിടിച്ചു—വിശ്വസ്തവൃത്തി; വിശ്വാസപൂർണ്ണമായ മനോഭാവം. അനാശാസ്യമായ അർത്ഥവ്യാപ്തിയൊന്നുമില്ലാത്ത ഒരുപദം. ആരും മറെറാരാളെ ആശ്രയിക്കരുതെന്ന തത്വം സ്വാശ്രയശീലം എന്ന നിലയിൽ സ്വീകാര്യമാണ്. പക്ഷേ സാമൂഹ്യജീവിതം പരസ്പരവിശ്വാസത്തെ ആശ്രയിച്ചിരിക്കുന്നു. ആരും അന്യരിൽ വിശ്വാസം അർപ്പിക്കരുതെന്ന് ഒരു തത്വമുണ്ടാക്കുക തീർച്ചയായും സാധ്യമല്ല. അത്തരമൊരു നിശ്ചയത്തെ അടിസ്ഥാനമാക്കിയുള്ള പ്രവൃത്തിപദ്ധതി ഭൂമിയിൽ നരകം പടുത്തുയർത്തുകയാവും. മാതാപിതാക്കൾ കുട്ടികളിൽ വിശ്വാസം അർപ്പിക്കുന്നു. കുട്ടികൾ മാതാപിതാക്കളിലും. അയൽക്കാർ പരസ്പരം വിശ്വസിക്കുന്നു. അതാണു വേണ്ടതും. ഇതുപോലെ ലോകത്തിലെ വിവിധ

രാഷ്ട്രങ്ങൾക്കും പരസ്പരവിശ്വാസം ഉണ്ടായിരിക്കണം. പരസ്പര വിശ്വാസതത്വം അപകടകരം എന്നു കരുതി അതനുസരിച്ച് പ്രവ ർത്തിക്കാതിരുന്നാൽ നാം മനുഷ്യരെക്കാൾ താണ നിലയിൽ നിന്നു കൊണ്ടു് ചിന്തിക്കയും പ്രവർത്തിക്കയും ആയിരിക്കും. വിദ്യാ ഭ്യാസം കൊണ്ടു് പരസ്പരവിശ്വാസം വളർത്താം. അതു ചെയ്യുന്നതിനു പകരം വിശ്വാസം അർപ്പിക്കുക എന്ന ശല്യം ദൂരീകരിക്കുന്നതിനു വേണ്ടി സമുദായമാകമാനം യാന്ത്രികമാക്കാനാണു് നാം പരിശ്രമി ക്കുന്നതെങ്കിൽ, അതു് ബുദ്ധിപരമായ അലസതയെങ്കിലുമാവും. വിശ്വാസാധിഷ്ഠിതമായൊരു സമുദായം എന്നു പറഞ്ഞാൽ ഓരോ സമുദായാംഗത്തിൻേറയും കഴിവുകളെ ഐകരൂപ്യത്തോടുകൂടി ആസൂത്രണം ചെയ്യുക എന്നർത്ഥം. ഈ ആശയത്തെ ലോകസംഗ്രഹം (ഓരോരുത്തരുടേയും അനുരഞ്ജനം അഥവാ എല്ലാവരുടേയും സമ്പൂ ർണ്ണക്ഷേമം) എന്ന സംസ്കൃതവാക്കു് ശരിയായി പ്രകാശിപ്പിക്കുന്നു. വ്യക്തിഗതമായ അപരിഗ്രഹത്തിൽ, ഒരാളുടെ കഴിവുകൾ വിശ്വാസ പൂർവ്വം എല്ലാവരുടേയും ഗുണത്തിനുവേണ്ടി വിനിയോഗിക്കയെന്ന ആശയം അടങ്ങിയിട്ടുണ്ടു്. ഇതു് ലോകസംഗ്രഹത്തിൻേറ ഒരു മൗലികതത്വമാണു്. നമുക്കിഷ്ടമുണ്ടെങ്കിൽ ട്രസ്റ്റിഷിപ്പെന്നപദം തള്ളിക്കളയാം. പക്ഷേ പരസ്പര വിശ്വാസതത്വം തള്ളിക്കളഞ്ഞു കൂടാ.

3. എന്നാൽ വികേന്ദ്രീകരണത്തിൻേറ കാര്യം വ്യത്യസ്ത മാണു്. ആ വാക്കു് പുതുതായതുകൊണ്ടു് ഇതുവരെ അതു് നല്ലതോ ചീത്തയോ ആയ അർത്ഥവ്യാപ്തി നേടിയിട്ടില്ല. ആ പദവും അതിൻേറ അർത്ഥവും അതിന്റെ പിന്നിലുള്ള ആശയവും പുതുതാണു്. പക്ഷേ യാന്ത്രിക യുഗത്തിനുമുമ്പു് എല്ലാം വികേന്ദ്രീകൃതം ആയിരു ന്നില്ലേ ? അപ്പോൾ പിന്നെ അതിലെന്തുണ്ടു് പുതുമ ? യാന്ത്രികയുഗ ത്തിനു മുമ്പു് വികേന്ദ്രീകൃതവ്യവസ്ഥിതിയല്ല ഉണ്ടായിരുന്നതു് എന്ന താണു് വാസ്തവം. വ്യവസായങ്ങൾ ഗ്രാമങ്ങളിൽ കൊച്ചു കൊച്ചു ഘടകങ്ങളിലോ സ്ഥാപനങ്ങളിലോ നടത്തപ്പെട്ടിരുന്നു; അതു് വികേന്ദ്രീകരണമല്ല. വിവിധഗ്രാമീണവ്യവസായങ്ങളുടെ പിന്നിൽ

സമ്പൂർണ്ണവും സർവ്വവ്യാപിയുമായൊരു ആശയമുണ്ടായിരിക്കണമെന്നു് വികേന്ദ്രീകരണം മുൻകൂട്ടി സങ്കല്പിക്കുന്നു. അത്തരമൊരാശയത്തിൻെറ അഭാവത്തിൽ കേന്ദ്രീകൃതമല്ലാത്ത ചെറുകിടവ്യവസായഘടകങ്ങൾ ചിന്നിച്ചിതറിയ വ്യവസായങ്ങൾ മാത്രമാണു്. യാന്ത്രികയുഗത്തിനുമുമ്പ് അവ ധാരാളം ഉണ്ടായിരുന്നു. പക്ഷേ യാന്ത്രികയുഗത്തിൻെറ പ്രഥമാഘാതം തന്നെ അവയെ നിഷ്പ്രയാസം തുടച്ചു മാററി. വികേന്ദ്രീകരണം ഉറച്ച അടിസ്ഥാനത്തിൽ നിലകൊള്ളും. അതു് തകർത്തെറിയപ്പെടുകയില്ല. മാത്രമല്ല, യാന്ത്രികയുഗത്തെത്തന്നെ അതു് ശിഥിലമാക്കും. ഇന്നത്തെ യാന്ത്രികയുഗം, പേരിനു വിപരീതമായി, തികച്ചും അനിയന്ത്രിതമായതുകൊണ്ടു്, യന്ത്രത്തിൽ നിന്നു് വ്യത്യസ്തമാണു്. അതിൻെറ സ്ഥാനത്തു് സുനിയന്ത്രിതമായൊരു യാന്ത്രികയുഗം പ്രതിഷ്ഠാപിക്കാനാണു് കമ്യൂണിസ്ററുകൾ ആഗ്രഹിക്കുന്നതു്. എന്നാൽ മററെല്ലാ ആയുധങ്ങളേയും പോലെ തന്നെ യന്ത്രവും മനുഷ്യ നിർമ്മിതമാണെങ്കിലും, സ്വതേ അമാനുഷികമാണു്. അതുകൊണ്ടു് ഒരു പരിധിക്കപ്പുറം അതിനെ മാനുഷീകരിക്കാൻ സാദ്ധ്യമല്ല. പ്രത്യുത, മനുഷ്യൻെറ മേൽ അതു് സ്വാധികാരം ഉറപ്പിക്കുന്നു; അവനെ അടിമയുമാക്കുന്നു. ഇവിടെ ആയുധമെന്ന പദത്തിനു് സമരായുധം എന്നാണു് വിവക്ഷ. ഭിഷക്കുകൾ ഉപയോഗിക്കുന്ന ആയുധങ്ങളെപ്പോലെ ഉപകാരപ്രദമായവയല്ല. അതുപോലെതന്നെ തൊഴിലില്ലായ്മയും അലസതയും ബുദ്ധിമാന്ദ്യവും സൃഷ്ടിച്ച ചൂഷണം നടത്തുന്ന യന്ത്രങ്ങളെയാണു് യന്ത്രം എന്നു പറയുമ്പോൾ പരാമർശിക്കുന്നതു്; ഏതാണ്ടൊരു മാനുഷിക സ്പർശം ലഭിച്ചിട്ടുള്ളതുകൊണ്ടു് ഒരു കൃത്രിമ പാദംപോലെ മനുഷ്യന്റെ കരങ്ങൾക്കിണങ്ങുകയും ജോലികളിൽ അവനെ തുണയ്ക്കുകയും ചെയ്യുന്ന സഹായകങ്ങളായ യന്ത്രങ്ങളല്ല. ഇവിടെ നമുക്കു് ഒരു ഉന്തുവണ്ടി ഉദാഹരണമായെടുക്കാം. ഞങ്ങളിപ്പോൾ ഒരു കിണറു കുഴിക്കുന്നതിലേപ്പെട്ടിരിക്കുകയാണു്. കുഴിച്ചെടുത്ത മണ്ണു മാററാൻ അതു് ഞങ്ങളെ എത്ര മാത്രം സഹായിക്കുന്നുണ്ടെന്നു ദിവസേന ഞാൻ കാണുന്നു. ഞാൻ തന്നെത്താൻ സേനാപതി ബോപതിൻെറ വാക്കുകൾ മൂളിപ്പോകുന്നു.

ഉന്തുവണ്ടിയും യാന്ത്രിക യുഗത്തിൻെറ ഒരു സംഭാവനയാണ്. വികേന്ദ്രീകരണം യാന്ത്രികയുഗത്തെ ശിഥിലമാക്കുമെന്ന് ഉറപ്പിച്ചു പറയുമ്പോഗം, അതിൽനിന്ന് നല്ലതെല്ലാം സ്വീകരിച്ചശേഷം അതിനെ ശിഥിലമാക്കുമെന്നാണ് ഞാൻ വ്യക്തമാക്കാനുദ്ദേശിക്കുന്നതു്. അതുവരെ അതു് ശിഥിലമാകയില്ല. പണ്ടത്തെ കേന്ദ്രീകൃതമല്ലാത്ത ഗ്രാമീണ വ്യവസായങ്ങൾക്ക് യാന്ത്രികയുഗത്തിൻെറ സൗകര്യങ്ങളെ ഈ വിധം കൈക്കൊള്ളാൻ കഴിവില്ലായിരുന്നു. സുശക്തമായ കേന്ദ്രീകൃതവ്യവസായങ്ങൾക്കും കേന്ദ്രീകൃതമല്ലാത്ത പ്രാചീനവ്യവസായങ്ങൾക്കും തമ്മിലുള്ള മൗലികവ്യത്യാസം ഇതാണ്. അതുകൊണ്ടു് വികേന്ദ്രീകരണം എന്നവാക്കും അതു് പ്രകാശിപ്പിക്കുന്ന ആശയവും പുതുതാണ്. ഈ വ്യത്യാസം മനസാ ധരിക്കയാണെങ്കിൽ വികേന്ദ്രീകരണത്തിനെതിരായി ഉന്നയിക്കുന്ന വാദങ്ങളെല്ലാം പാറയിൽ വെട്ടിയ വാൾപോലെ മൂർച്ചയററതായിത്തീരും.

എന്നാൽ വികേന്ദ്രീകരണം വ്യവസായങ്ങളിൽ മാത്രം ഒതുക്കി നിറുത്താൻ പാടില്ല. ഭരണകൂടത്തിൻെറ അധികാരത്തിലും ഫലപ്രദമായി വികേന്ദ്രീകരണപ്രക്രിയ ആവശ്യമുണ്ട്. അഹിംസാത്മക സാമൂഹ്യവ്യവസ്ഥിതി കെട്ടിയുയർത്താൻ ആത്മാർത്ഥമായി താല്പര്യപ്പെടുന്ന ചിന്തകന്മാർ പോലും ചിലപ്പോൾ ഈ വാസ്തവം മറന്നുപോകുന്നു. വ്യാവസായിക വികേന്ദ്രീകരണവാദത്തെ അവർ പിന്താങ്ങുന്നു. പക്ഷേ അതേ സമയത്തുതന്നെ സുശക്തമായൊരു കേന്ദ്രാധികാരത്തിനുവേണ്ടി (കുറേക്കാലത്തേയ്ക്കെങ്കിലും) പലപ്പോഴും അവർ വാദിക്കും—ആദ്യത്തേതിൻെറ പരിരക്ഷണത്തിന്നു് !! ഭരണകൂടം ശാശ്വതമായി നിലനില്ക്കണമെന്ന് കമ്യൂണിസ്റ്റുകൾപോലും ആഗ്രഹിക്കുന്നില്ല. അതു് സ്വാഭാവികമായിത്തന്നെ കൊഴിഞ്ഞുപോകുമെന്ന് അവർ പറയുന്നു. നെയ്യ് (തെളിച്ചെടുത്ത വെണ്ണ) വേനലിന്റെ ചൂടിൽ ഉരുകിപ്പോകുന്നപോലെ. പക്ഷെ ആ അവസ്ഥ വന്നുചേരുന്നതുവരെ അതു് ഉറപ്പായിരിക്കണമെന്ന് അവർ ആശിക്കുന്നു. മഞ്ഞുകാലത്തെ ഉറഞ്ഞ നെയ്യുപോലെ ഉറപ്പായിരിക്കണമെന്നല്ല—ട്രോട്സ്കിയുടെ ശിരസ്സു തകർത്ത ഇരുമ്പു ചുററികപോലെ

ഉറപ്പും ശക്തിയും ഉള്ളതായിരിക്കണം. അനാദികാലം തൊട്ട് ഇങ്ങോട്ടിന്നോളം വിവിധ രാഷ്ട്രീയവിശ്വാസങ്ങൾ പുലർത്തുന്ന "ചുമതലപ്പെട്ട" മുതിന്നവരെല്ലാം സുശക്തമായൊരു കേന്ദ്രഗവണ്മെൻറ് അന്തരാളകാലത്തിൽ വേണ്ടതാണെന്നു വാദിക്കുന്നു. ഇതു് വൈരുദ്ധ്യം നിറഞ്ഞ ഒരഭ്യാസമത്രേ. ഗാന്ധിജിയാകട്ടെ രാഷ്ട്രീയാധികാരത്തിന്റെ വികേന്ദ്രീകരണം എല്ലാക്കാലത്തും എല്ലാഘട്ടങ്ങളിലും അവസരങ്ങളിലും ആവശ്യമുണ്ടെന്നു കരുതുന്നു. ആരംഭത്തിലും നടുവിലും അവസാനംവരേയും അത്യാവശ്യമുണ്ട്. പക്ഷേ നമ്മുടെ സുഹൃത്തുക്കൾ പറയുന്നു. വിദൂരഭൂതകാലത്തിലെ ഒരൈതിഹ്യം—ത്രേതായുഗത്തിലെ രാമരാജ്യം — എന്ന നിലയിലോ ഭാവിസർവ്വോദയത്തിൻെറ കേവലസങ്കല്പം എന്ന നിലയിലോ അതിനെ നീക്കിവയ്ക്കാം. ഈ സന്ദർഭത്തിൽ നമുക്ക് അതുകൊണ്ടൊരു പ്രയോജനവുമില്ല.

## 8. ഇരുതലവാൾ.

അതെങ്ങനേയും ആയിക്കൊള്ളട്ടെ. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷവും നിരക്ഷരരായ ഭാരതീയ ജനസാമാന്യത്തിൻെറ ദയനീയസ്ഥിതി പണ്ടത്തെപ്പോലെതന്നെ തുടരുന്നു. ഏതെങ്കിലുമൊരു വഴിയിലൂടെ ഈ അവസ്ഥയിൽ നിന്നു മോചനം നേടാൻ അവർ ആഗ്രഹിക്കുന്നു. വിവിധ തത്വസംഹിതകളും 'ഇസ'ങ്ങളും മനസ്സിലാക്കാൻ അവക്ക് കഴിവോ നേരമോ ഇല്ല. അവരുടെ പരിദേവനം ചെവിക്കൊള്ളുന്ന ഏതു ദേവനേയും അവർ സ്വീകരിക്കും. അതുകൊണ്ട് ഗ്രന്ഥാവസാനത്തിൽ കിശോർലാൽഭായ് ധ്വനിപ്പിക്കുന്ന മുന്നറിയിപ്പ് വിഗണിക്കുന്നതു് നന്നല്ല. കമ്യൂണിസത്തെ പഴിച്ചതുകൊണ്ടോ വിശ്വാസ്യമായും ഖണ്ഡനപരമായും അതിനു മറുപടി പറഞ്ഞതുകൊണ്ടോ ബലംകൊണ്ടതിനെ അടിച്ചമത്തിയതുകൊണ്ടോ ഇന്നു നമുക്കു പ്രയോജനമില്ല. കാലവർഷക്കാലത്തു് എല്ലാ നദികളിലേയും പുഴകളിലേയും വെള്ളം സമുദ്രങ്ങളിലേയ്ക്കു് പ്രവഹിക്കുന്നതുപോലെ സ്വരാജ്യത്തിൽ എല്ലാ പ്രവർത്തകരുടേയും സേവനം ഗ്രാമീണരുടേയും പരവശരുടേയും നേക്ക് പ്രവഹിക്കണം.

ഭാഗ്യവശാൽ യാതനയിൽപോലും ജനസാമാന്യത്തിൻെറ ഹൃദയം അദൃഷ്ടമത്രേ. എന്നെങ്കിലും തങ്ങാം രക്ഷിക്കപ്പെട്ടുമെങ്കിൽ അതു് ഗാന്ധിമാർഗ്ഗത്തിലൂടെ ആയിരിക്കുമെന്നു് ഗ്രാമജനത ഇപ്പോഴും വിശ്വസിക്കുന്നു. ഗാന്ധിജിയുടെ സഹപ്രവത്തകരാണു് ഇന്നത്തെ ഗവണ്മെൻറു് നടത്തുന്നതു്. ഗാന്ധിജി വളത്തിയ സ്ഥാപനമാണു് ഇന്നാട്ടിലെ ഏററവും വലിയ സംഘടനയായ കോൺഗ്രസ്സുതന്നെയും. സർവ്വോദയസൃഷ്ടിപര പ്രവർത്തകരാണെങ്കിൽ ഗാന്ധിയുടെ തത്വശാസ്ത്രത്തെ ആത്മാർത്ഥമായി പിന്തുടരുന്നവരാണു്. ഇന്ത്യയിലെ സോഷ്യലിസ്ററുകളും ഗാന്ധിയുടെ മക്കളാണു്. ഭാരതത്തിൽ സത്യാഗ്രഹി സോഷ്യലിസം സ്ഥാപിക്കുകയാണു് തങ്ങളുടെ ലക്ഷ്യമെന്നു് അവർ പ്രഖ്യാപിച്ചിട്ടുണ്ടു്. ഈ വിവിധ സ്ഥാപനങ്ങളും കക്ഷികളും തങ്ങളുടെ കഴിവു് പൂണ്ണമായി സമർപ്പിച്ചുകൊണ്ടു്, അവയുടെ സ്വന്താശയങ്ങാംക്കു് അനുഗുണമായിത്തന്നെ സഹകരണമനോഭാവത്തോടുകൂടി ജനസേവനത്തിൽ മുഴുകുകയാണെങ്കിൽ ദാരിദ്ര്യത്തിനും അറിവില്ലായ്മയ്ക്കും ദുരിതത്തിനും തങ്ങിനിൽക്കാൻ സ്ഥാനമെവിടെ?—പക്ഷേ നാലും നാലുപ്രത്യേക മാർഗ്ഗങ്ങളിലേയ്ക്കുതിരിഞ്ഞു; ഓരോന്നും മററുള്ളവയുടെ പ്രവത്തനത്തെ ഒഴുക്കികളയുകയാണു്. അതിൻെറ ഫലമോ? അഞ്ചാമതൊന്നു് ദ്രുതഗതിയിൽ ഇന്നാട്ടിലേയ്ക്കു് മാർച്ചു ചെയ്തുകൊണ്ടിരിക്കുകയാണു്. ആരാണീ അഞ്ചാമൻ? ഉപനിഷത്തിലെ ഭാഷയിൽ അതാണു മൃത്യു.

(മൃത്യുർ ധാവതി പഞ്ചമ:)

ഒരാഠം പറയുന്നു: "ജനങ്ങാം പട്ടിണികൊണ്ടു് യഥാർത്ഥത്തിൽ മരിച്ചുകൊണ്ടിരിക്കുന്നു." മററൊരാഠം മറുപടിപറയുന്നു: "അല്ല, അവർ പട്ടിണികൊണ്ടു് മരിക്കുകയല്ല; ഏതോ രോഗംകൊണ്ടാണു്." പട്ടിണി കിടക്കുന്നയാഠം മരണത്തിനുമുമ്പു് ഏതെങ്കിലും രോഗത്തിനു് അധീനനാകും എന്നു തീർച്ച!! സ്വാമി രാമദാസ് വർണ്ണിച്ച ഒരവസ്ഥയ്ക്കു തുല്യമാണിതു്:

"തിന്നാനൊന്നുമില്ല ;
പോകാനൊരിടവുമില്ല ;

പാടാൻ എനിക്കെങ്ങനെ തോന്നും ?

എവിടെച്ചെന്നു ഞാൻ ഭിക്ഷയാചിക്കും ?''

ഈ അവസ്ഥയ്ക്കു് ഞാൻ ആരേയും കുററപ്പെടുത്തുന്നില്ല; നിരാശപ്പെടുന്നുമില്ല. ആരേയും ഞാൻ കുററപ്പെടുത്തുന്നില്ല; എന്തെന്നാൽ നമ്മുടെ രാജ്യം വളരെ വലുതാണു്; അതുകൊണ്ടു് അതിൻെറ പ്രശ്നങ്ങളും അതുപോലെ വലുതാണു്. അഭിപ്രായ വത്യാസങ്ങളും വലുതാണെങ്കിൽ അത്ഭുതപ്പെടാനില്ല. ഞാൻ നിരാശപ്പെടുന്നില്ല ; എന്തെന്നാൽ എൻെറ കയ്യിലൊരു 'പിക്കാക്സ്'' ഉള്ളപ്പോൾ ഞാനെന്തിനു മനസ്സു തളർന്നിരിക്കണം?

ആശ്രമത്തിലെ ഒരു ചച്ചാമദ്ധ്യേ ആരോ ഒരാൾ രാജ്യത്തിന്റെ നാനാഭാഗങ്ങളിൽ കിണറുകൾ കുഴിച്ചാൽ; ഉല്പാദനം വദ്ധിക്കുമെന്നും പട്ടിണി തീരുമെന്നും അതുകൊണ്ടു് ഗവണ്മെൻറു് ആ വഴിക്കു് ഉദ്യമങ്ങൾ നടത്തണമെന്നും നിർദ്ദേശിച്ചു. ഞാൻ പറഞ്ഞു: "നമ്മളാണു് ഗവണ്മെൻറു്, ജനങ്ങളല്ലെങ്കിൽ, ഗവണ്മെൻറു് മററാരാണു്?— ആട്ടെ, നമുക്കു് ആ ഉദ്യമം നടത്താം. നമ്മുടെ തോട്ടത്തിൽ ഒരു കിണറു കുഴിച്ചുതുടങ്ങാം'' കിണറുവെട്ടുകാക്കു് പൂവ്വപരിചയം ഒട്ടും ഇല്ലായിരുന്നു. എങ്കിലും പിക്കാക്സ് അതിൻെറ ജോലിചെയ്തു. ആഴത്തെക്കുറിച്ചു് അവക്കു് യാതൊരു ധാരണയുമില്ലായിരുന്നു; വെള്ളം എവിടെയുണ്ടെന്നും അറിവില്ലായിരുന്നു; പക്ഷേ പിക്കാക്സിനുണ്ടായിരുന്നു. അതാ, വേഗത്തിൽ വെള്ളം കാണായി. നാലുപാടുമുള്ള ആളുകൾ ഞങ്ങളുടെ കിണറു കാണാൻ വന്നെത്തി; ഒരു തീർത്ഥാടനസ്ഥലത്തു് ചെന്നാൽ ചെയ്യുന്നതുപോലെ ആ കിണററിലെ വെള്ളം കുടിച്ചു.

ആ ഗ്രാമത്തിലെ ഒരു പട്ടേൽ പറയുകയായി:—"വയസ്സൻ കോട്ടിബാബാ * കിണററിൽ ജോലി ചെയ്യുകയാണെങ്കിൽ, നമുക്കും ഒരു കിണറുകുഴിച്ചുകൂടെ ?'' അയാൾ സ്വഗ്രാമത്തിൽ ഒരു കിണറു കുഴിച്ചുതുടങ്ങി. സർഗയോണിലെ കുട്ടികൾ വിസ്മയകരമായൊരു

* 80 ഓളം വയസ്സായ ഒരു പാണാർ പ്രവത്തകൻ

കാര്യം സാധിച്ചു. അവർ അന്യോന്യം പറഞ്ഞു:—"ഇപ്പോഠം ദീവാളി ഒഴിവാണു്. നമുക്കു് ബാബാജിയുടെ കിണററിൽ ജോലി ചെയ്യാം." മുൻകൂട്ടി ഞങ്ങളെ അറിയിക്കാതെ ഒരു ഡസൻ ചെറുപ്പക്കാർ ഞങ്ങളുടെയടുത്തുവന്നു് ജോലിചെയ്തു തുടങ്ങി. നാലുമണിക്കൂർനേരം അവർ ഞങ്ങഠംക്കു വേണ്ടി ജോലിചെയ്തു; യാതൊരു ബഹളവുമുണ്ടാക്കാതെ മടങ്ങിപ്പോയി. ജനഹൃദയങ്ങളിൽ ഈശ്വരൻ ഇത്ര ദിവ്യപ്രചോദനം ഉണർത്തുമ്പോഠം നിരാശയ്ക്കു സ്ഥാനമുണ്ടായിരിക്കേണ്ട കാര്യമുണ്ടോ? —രാമദാസ് ചോദിച്ചിരുന്നു:— "എവിടെപ്പോയി ഭിക്ഷ യാചിക്കണം ഞാൻ?'" എന്നു്. നാം അമേരിക്കയിൽ പോകണമോ? വേണ്ട, സ്വതന്ത്രഭാരതത്തിലെ ജനങ്ങഠം ഭിക്ഷയ്ക്കുവേണ്ടി കൈകഠം നീട്ടുമോ? സുഹൃത്തുക്കളേ, നമുക്കു് ശ്രമദേവതയെ (ജോലിയുടെ അധിദേവതയെ) ആരാധിക്കാം. ആ ദേവതയോടു് നമുക്കു് ആഹാരം തരാൻ ആവശ്യപ്പെടാം. ആ ദേവത എപ്പോഴും പറയുന്നുണ്ടു്: "ചോദിക്കൂ, നിങ്ങഠംക്കു ലഭിക്കും; അന്വേഷിക്കൂ, നിങ്ങഠം കണ്ടെത്തും."

ഞാനൊരാളെങ്കിലും ഇരുതലയുള്ള ഈ ആയുധത്തിലൂടെ മാത്രമേ ഇൻഡ്യക്കു് മോക്ഷം കാണുന്നുള്ളു. ധനമോഹമില്ലായ്മയും ശാരീരികപ്രയത്നവും—ഗാന്ധിയൻ തത്വശാസ്ത്രത്തിന്റെ പരമകാഷ്ഠ അതിൽ ഞാൻ കാണുന്നു. കമ്യൂണിസത്തോടു് ഒരു ഏകീഭാവവും കമ്യൂണിസത്തിനും മുതലാളിത്തത്തിനും ഒരു മറുമരുന്നും അതിലുണ്ടു്.

പരംഭം, പാനാർ. 25–11–50 വിനോബാ

(മറാത്തിയിൽനിന്നു് ഇംഗ്ലീഷിലേയ്ക്കും ഇംഗ്ലീഷിൽനിന്നു് മലയാളത്തിലേയ്ക്കും വിവർത്തനം ചെയ്തതു്)

ERNAKULAM
Date

# ഗാന്ധിയും മാർക്സും

## i

# ഉദ്ദേശ്യം

5698

"കമ്യൂണിസ്റ്റ് ന്യൂനം ഹിംസ" ആയിരുന്നു ഗാന്ധിജി എന്നു് പലപ്പോഴും പറയപ്പെടാറുണ്ടു്. ഈ പ്രസ്താവനയ്ക്കു് ഉപോൽബലകമായി ഗാന്ധിജിയുടെ വാക്കുകൾതന്നെ ഉദ്ധരിക്കാനും വാസ്തവത്തിൽ കഴിയും.* തന്നെയും തന്റെ തത്വങ്ങളെയും കുറിച്ചുള്ള വിവരണങ്ങൾ പ്രശംസാപരങ്ങളോ തന്റെ പ്രധാന ലക്ഷ്യത്തിനു സഹായകങ്ങളോ ആയിരുന്നാൽ, അവ തള്ളിക്കളയുന്ന പതിവു് ഗാന്ധിജിക്കു ഇല്ലായിരുന്നു. പക്ഷേ തത്വങ്ങൾ ശ്രദ്ധാപൂർവ്വം പരിശോധിക്കുമ്പോൾ അത്തരം വിവരണങ്ങളെ വളരെ സൂക്ഷ്മങ്ങളായി കണക്കാക്കാനും, സൗകര്യമുള്ള നിർവ്വചനങ്ങളായി ഉപയോഗിക്കാനും പാടില്ല. വ്യത്യസ്തതകളുടെ പരിപൂർണ്ണവ്യാപ്തിയെ മറച്ചുവയ്ക്കാൻ അവയ്ക്കുള്ള കഴിവാണു് അവയിലുള്ള പ്രമാദം. കമ്യൂണിസം ന്യൂനം ഹിംസ ആണു് ഗാന്ധിസം എന്നു പറയുമ്പോൾ, 'ന്യൂനം ഹിംസ' എന്ന അംശം ഒരു ചെറുകളങ്കമാണെന്നും അതു നീക്കിക്കളഞ്ഞാൽ

---

* "ഗാന്ധിജി കമ്യൂണിസ്റ്റ് സുഹൃത്തുക്കളോടും സോഷ്യലിസ്റ്റ് സുഹൃത്തുക്കളോടും ചർച്ചചെയ്യുന്നതിനിടയിൽ പലപ്പോഴും അവകാശപ്പെട്ടിരുന്നു, അവരേക്കാൾ നല്ല കമ്യൂണിസ്റ്റും സോഷ്യലിസ്റ്റുമാണു് താനെന്നു്. അവരുടെ ലക്ഷ്യം തുല്യമാണു്. പക്ഷേ അവർ ഉപയോഗിക്കുന്ന മാർഗ്ഗത്തിലും പദ്ധതിയിലുമുള്ള വ്യത്യാസം അടിസ്ഥാനപരമത്രെ." ['ഗാന്ധിജിയുടെ കമ്യൂണിസം'—പ്യാരെലാൽ, ഹരിജൻ, 31–3–'46]

"ഞാൻ കമ്യൂണിസ്റ്റ് എന്നും സ്വയം വിളിക്കുന്നു."

['നാലുകൊല്ലങ്ങൾക്കുശേഷം'—പ്യാരെലാൽ ഹരിജൻ, 4–8–'46]

കമ്യൂണിസം ഗാന്ധിസം തന്നെ ആകുമെന്നുമുള്ള ധാരണയാണു ജനിക്കുന്നതു്. കമ്യൂണിസത്തെ അപേക്ഷിച്ച് ഗാന്ധിസത്തെ ഈ വിധം നിർവ്വചിക്കാം എന്നു സമ്മതിച്ചാൽപോലും ഈ 'ന്യൂനം ഹിംസ' എന്ന അംശം് വളരെ വിലയുള്ള ഒരു പ്രധാനഘടകമത്രെ. 'ന്യൂനംഹിംസ'യുടെ അർത്ഥവ്യാപ്തി ഈ നിർവ്വചനത്തെ വ്യാമോഹ തുല്യമാക്കത്തക്കവണ്ണം അത്ര വിപുലമാണു്;—മഞ്ഞയും നീലവും കലരാത്ത പച്ചയാണു ചെമപ്പെന്നോ, വിഷമില്ലാത്ത സർപ്പമാണു കീടം എന്നോ പറയുമ്പോലെ.

ലോകത്തിലെ കഷ്ടപ്പാടുകൾക്കു് കമ്യൂണിസം വേണ്ട പരിഹാരം പ്രദാനം ചെയ്യുന്നുണ്ടെന്നു കരുതുന്ന ജനങ്ങളുടെ ഭാവനയെ മാർക്സിസം അഥവാ സോഷ്യലിസം ആവർജ്ജിച്ചു കഴിഞ്ഞെന്നുള്ള അവ്യക്തബോധത്തിൽനിന്നാണു് മേല്പറഞ്ഞ തരത്തിലുള്ള ലഘു വിശദീകരണങ്ങൾ നൽകാൻ പ്രലോഭനം ജനിക്കുന്നതു്. പക്ഷേ ആ മാർഗ്ഗം ക്രമത്തിലധികം തീക്ഷ്ണവും ഭയാനകവും ആണെന്നും അതുകൊണ്ടു് അതിനു് അനുഗുണമായി ഗാന്ധിസത്തെ വ്യാഖ്യാനിക്കേണ്ടതാണെന്നും കരുതപ്പെടുന്നു. സോഷ്യലിസം നടപ്പാക്കുന്നതു് ആത്യന്തികമായി അഭിലഷണീയമെങ്കിലും, ദ്രുതഗതിയിൽ അതു സംഭവിച്ചുകൂടെന്നുള്ള പരോക്ഷോദ്ദേശ്യവും പിന്നിലുണ്ടായിരിക്കാം. സുഗമമായി പല ദശകളിലൂടെ അതു നടപ്പിൽ വരുത്താൻ ഗാന്ധിമാർഗ്ഗം സഹായകമാണെന്നും തോന്നുന്നുണ്ടായിരിക്കാം.

തെററായ ഒരു നിലപാടു സ്വീകരിക്കലാവും ഇതെന്നു് എനിക്കു തോന്നുന്നു. അതു് മൗലികപ്രശ്നങ്ങളെ അഭിമുഖീകരിക്കാതെ ഒഴിഞ്ഞുമാറുന്നു; മനുഷ്യസമുദായത്തിൻെറ രാഷ്ട്രീയവും സാമൂഹ്യവും സാമ്പത്തികവുമായ ഘടനയുടെ സകല പരിണാമങ്ങൾക്കും ഉറവിടം സദാചാരപരവും ആധ്യാത്മികവുമായ തത്വങ്ങളും മാർഗ്ഗങ്ങളുമത്രെ. അവയോടുള്ള സമീപനരീതിയിൽ ആവശ്യമുള്ള മൗലികവിപ്ലവത്തിലേയ്ക്കു് ജനതയുടെ ശ്രദ്ധ ആകർഷിക്കാൻ ആ നിലപാടു് പര്യാപ്തമാകുന്നില്ല. ഇപ്രകാരം പരിഗണി

ച്ചാൽ, ചെമപ്പും പച്ചയും എന്നപോലെ — വർണ്ണാന്ധർക്ക് പച്ചയും ചെമപ്പും ഒന്നുപോലെ കാണപ്പെടാമെങ്കിലും — വ്യത്യസ്തമാണ് ഗാന്ധിസവും മാർക്സിസവും.

ഗാന്ധിസത്തിന് അഹിംസയിലുള്ള നിർബന്ധം മാത്രമാണ് അതിനും മാർക്സിസത്തിനും തമ്മിലുള്ള വ്യത്യാസമെങ്കിൽ, കോൺഗ്രസ്സിന്റെ, അഥവാ, ഗാന്ധിശിഷ്യരുടെ ആത്യന്തിക ലക്ഷ്യം സോഷ്യലിസ്റ്റ് വ്യവസ്ഥിതി സ്ഥാപിക്കുകയാണെങ്കിൽ, സായുധഹിംസ കൂടാതെ അപ്രകാരം ചെയ്യാൻ ഏററവും നല്ല അവസരം ഇതാണ്. എന്തുകൊണ്ടെന്നാൽ ഗാന്ധി രാഷ്ട്രപിതാവാണെന്ന് ഉൽഘോഷിക്കയും പ്രസംഗങ്ങളിൽ അദ്ദേഹത്തിന്റെ നാമം അനുസ്മരിക്കയും അദ്ദേഹത്തിന്റെ ആശയങ്ങളേയും തത്വങ്ങളേയും പരാമർശിക്കയും ചെയ്യുന്നവരുടെ കൈയ്യിലാണ് ഇന്ന് ഇന്ത്യയിലെ ഭരണകൂടം. കമ്യൂണിസ്ററുകളെ അതിശയിക്കയും അധികാരത്തിൽ വന്നാൽ അവർ നടത്തുമെന്നു കരുതപ്പെടുന്ന പരിവർത്തനങ്ങൾ നടപ്പിൽ വരുത്തി അവരുടെ പരിപാടികൾ നിരർത്ഥമാക്കുകയും ചെയ്യാൻ ഇവർക്കു കഴിയും. ഭരണകൂടം കമ്യൂണിസ്റ്റുസിദ്ധാന്തത്തിൽ വിശ്വസിക്കുന്നവരുടെ കൈയിൽ അല്ലാതിരിക്കുമ്പോൾ, ഭരണഘടനാപരമായ മാർഗ്ഗത്തിലൂടെ അധികാരംനേടുക സാധ്യമല്ലെന്നു കമ്യൂണിസ്ററുകൾ നിരാശപ്പെടുമ്പോൾ, മാത്രമേ സായുധ വിപ്ലവത്തിന്റെ പ്രശ്നംപോലും ഉദിക്കൂ. നേരെമറിച്ച് ഭരണകൂടം തന്നെ കമ്യൂണിസം സ്ഥാപിക്കാൻ ബദ്ധകങ്കണമാണെങ്കിൽ— നമുക്കു ലഭിച്ചിട്ടുള്ള വിശദീകരണം അനുസരിച്ച് കമ്യൂണിസം ഗാന്ധിസത്തിൽനിന്നു വ്യത്യസ്തമല്ലല്ലോ — ഭരണകൂടവും കമ്യൂണിസ്റ്റുകളും കൈകോർത്തുനിന്നു പ്രവർത്തിക്കേണ്ടതായിരുന്നു. കമ്യൂണിസ്റ്റുകൾ അപ്രകാരം പ്രവർത്തിക്കുന്നില്ലെങ്കിൽ, വ്യക്തിപരമായ വിഭാഗീയ രാഷ്ട്രീയ പ്രശ്നം മാത്രമാണ് ഇതെങ്കിൽ, ജനങ്ങൾക്ക് കമ്യൂണിസ്റ്റുകളോട് ഇപ്രകാരം പറയാൻ കഴിയണമായിരുന്നു:— "നിങ്ങളും നിങ്ങളുടെ മാർഗ്ഗങ്ങളും ഞങ്ങൾക്കു വേണ്ട; നിങ്ങൾ പ്രചരിപ്പിക്കുന്നതു് ഞങ്ങൾ നടപ്പിലാക്കിക്കഴിഞ്ഞു."

പക്ഷേ, അപ്രകാരം സംഭവിക്കുന്നില്ല; കാരണമുണ്ട്. ഗാന്ധിയും മാർക്സും തമ്മിലുള്ള വ്യത്യാസം അധികന്യൂന ചിഹ്നങ്ങളോട്കൂടി ഒരു സമീകരണംകൊണ്ട് പ്രകാശിപ്പിക്കാവുന്നതല്ല. അതു് അഗാധമാണ്.

ഇക്കാര്യം കുറെ വിസ്തരിച്ച് പ്രതിപാദിക്കേണ്ടതാണ്. അതാണ് ഇനിയുള്ള അധ്യായങ്ങളുടെ ഉദ്ദേശ്യം.

ii

# യാഥാർത്ഥ്യം ജീവൻമാത്രം

ഗാന്ധിജിയും മാർക്സും തമ്മിലുള്ള മൗലിക വ്യത്യാസം, ജീവിതത്തോടും പ്രപഞ്ചത്തോടുമുള്ള വ്യത്യസ്ത സമീപനരീതിയിലാണ്. മററു വ്യത്യാസങ്ങൾ, ലക്ഷ്യത്തേയോ മാർഗ്ഗത്തേയോ രാഷ്ട്രീയവും സാമൂഹ്യവും മതപരവുമായ വ്യവസ്ഥിതിയെക്കുറിച്ചുള്ള ആശയങ്ങളേയോ സംബന്ധിച്ചവയായിരുന്നു കൊള്ളട്ടെ—അവയെല്ലാം ഈ മൗലികവ്യത്യാസത്തിൽനിന്നു് ഉദിക്കുന്നു. ഇക്കാര്യത്തിൽ ഗാന്ധിയുടെ സമീപനരീതി മാർക്സിന്റേതിൽനിന്നു മാത്രമല്ല, മുതലാളിത്തത്തിന്റേതിലും വ്യവസായികത്വത്തിന്റേതിലും നിന്നു വ്യത്യസ്തമാണ്. എന്തുകൊണ്ടെന്നാൽ മാർക്സിസത്തിനും മുതലാളിത്തത്തിനും മറെറന്തു പരസ്പരവ്യത്യാസം ഉണ്ടായിരുന്നാലും അവയ്ക്കു പ്രധാനപ്പെട്ട ചില പൊതു നിലപാടുകളുണ്ട്. ഉദാ: മൂലധനത്തിന്മേലും ഭൂമിയുടെ മേലും കേന്ദ്രീകൃതനിയന്ത്രണം സ്ഥാപിക്കാനും വൻതോതിൽ വ്യവസായവും കൃഷിയും നടത്താനും കമ്യൂണിസവും മുതലാളിത്തവും ആഗ്രഹിക്കുന്നു. ധനസാമ്പത്തികക്രമത്തിൽ അവ രണ്ടും വിശ്വാസം അർപ്പിക്കുന്നു. സ്വാധീനശക്തി ഉറപ്പിക്കാൻ അവയോരോന്നും ശ്രമിക്കുന്നതുകൊണ്ടും ഫലങ്ങളുടെ ഏററവും വലിയ പങ്കുനേടാൻ ആഗ്രഹിക്കുന്നതുകൊണ്ടുമാണ് കലഹം ഉണ്ടാകുന്നതു്.

ഒരു റോഡു രണ്ടായിപിരിയുമ്പോൾ, രണ്ടു ശാഖകൾക്കും ഇടയിലുള്ള കോണ് ആരംഭത്തിൽ അഞ്ചു ഡിഗ്രിയിൽ കുറവായിരുന്നാലും, ഏതാനും മൈലുകൾകഴിയുമ്പോൾ, അവയുടെ അറ്റങ്ങൾക്കു തമ്മിൽ അനേകം മൈൽ അകലം ഉണ്ടായിരിക്കും. കന്യാകുമാരിയിൽ വെച്ചാണ് ശാഖകൾ പിരിയുന്നതെന്നു വയ്ക്കുക. ഒരു ശാഖ നിങ്ങളെ പെഷവാറിലും മറെറാന്നു നേപ്പാളിലും കൊണ്ടെത്തിക്കും.

അതുപോലെ ജീവിതത്തെ ഗാന്ധിജി വീക്ഷിക്കുന്ന രീതിയും മാർക്സ് വീക്ഷിക്കുന്ന രീതിയും മററുപല രീതികളും തമ്മിൽ അര ഡസനും ആറും തമ്മിലുള്ള * വ്യത്യാസമാണ് ഉള്ളതെന്നു തോന്നുമാറ്, അത്രത്തോളം സാമ്യം ഒരു പരിധിവരെ പ്രായോഗികമായി അവയ്ക്ക് ഉണ്ടെന്നു തോന്നുന്നു. ഗാന്ധിജിയുടേയും മാർക്സിൻെറയും ലക്ഷ്യങ്ങൾക്ക് ഉണ്ടെന്നു തോന്നുന്ന സാധർമ്മ്യങ്ങളുടേയും, 'കമ്യൂണിസം ന്യൂനം ഹിംസ ആണ് ഗാന്ധിസം' എന്നു തുടങ്ങിയുള്ള മുദ്രാവാക്യങ്ങളുടേയും ഹേതു മേല്പറഞ്ഞവ തന്നെ. എന്നാൽ സാമ്പത്തികഘടനയെ സംബന്ധിക്കുന്ന ചില ലക്ഷ്യങ്ങളിൽ മാത്രമേ ഈ സാധർമ്മ്യമുള്ളു. അവ നടപ്പിൽ വരുത്താൻ നാം ആരംഭിക്കുമ്പോൾ വ്യത്യാസങ്ങൾ പ്രകടങ്ങളാകുന്നു.

മനുഷ്യ സമുദായത്തിലെ മർദ്ദിതരും ദീനരും നിസ്വരും അറിവില്ലാത്തവരും മൂകരും പട്ടിണിക്കാരുമായ വിഭാഗങ്ങൾക്ക് ഗാന്ധിജിയും മാർക്സും നൽകുന്ന അളവററ പരിഗണനയാണ് അവർക്കു പൊതുവായുള്ളത്. മനുഷ്യകുടുംബത്തിൻെറ ഭൂരിഭാഗവും † ദുരിതം അനുഭവിക്കുന്നവരത്രെ. ഓരോ മനുഷ്യനും ഇതിനേക്കാൾ എത്രയോ കൂടുതൽ സന്തോഷം പ്രദാനം ചെയ്യാൻ കഴിവുള്ള സമൃദ്ധിനിറഞ്ഞ

---

* അനുബന്ധം iv നോക്കുക.

† "ഉപരിവർഗ്ഗക്കാർക്ക് ഇന്നത്തേക്കാൾ ആവശ്യമുണ്ട്" എന്നു പറഞ്ഞ്, അവരും ജനസാമാന്യവും തമ്മിലുള്ള, പ്രഭുവും ദരിദ്രനും തമ്മിലുള്ള, വമ്പിച്ച വ്യത്യാസങ്ങളെ ന്യായീകരിക്കാൻ ആരും ശ്രമിക്കരുത്. അലസമായ കുതർക്കവും എൻെറ വാദത്തിൻെറ വികൃത വ്യാഖ്യാനവുമായിരിക്കും അത്." അദ്ദേഹം തുടർന്നു. "ഇന്നു സമ്പന്നരും ദരിദ്രരും തമ്മിലുള്ള വൈരുദ്ധ്യം ദയനീയമായ ഒരു കാഴ്ചയാണ്. പാവപ്പെട്ട നഗരവാസികളെ വിദേശീയ സർക്കാർ ചൂഷണം ചെയ്യുന്നു—അവരുടെ നാട്ടുകാരായ നഗരവാസികളും; അവർ ഭക്ഷണ സാധനങ്ങൾ വിളയിക്കുന്നു; എങ്കിലും പട്ടിണി കിടക്കേണ്ടിവരുന്നു. അവരാണ് പാൽ കറന്നെടുക്കുന്നത്; അവരുടെ കുട്ടികൾക്ക് കുടിക്കാൻ പാലില്ല. ഇത് അവമാന

5698

ലോകത്തിൽ ഇവരുടെ അവസ്ഥ പരിതാപകരം. എന്നുമാത്രമല്ല, സാഹിത്യവും ശാസ്ത്രവും കലയും വ്യവസായങ്ങളും വ്യവസ്ഥാപിത ഭരണകൂടങ്ങളും വലിയ സ്ഥാപനങ്ങളും നഗരങ്ങളും സൗധങ്ങളും വീണ്ടും വീണ്ടും നിർമ്മിക്കയും, പ്രകൃതിരഹസ്യങ്ങളിലേയ്ക്കു് വിസ്മയാവഹമായ രീതിയിൽ ഇറങ്ങിച്ചെല്ലുകയും ദേവതകളുടെ ലോകത്തു മാത്രം ഉള്ളതെന്നു് ഒരു കാലത്തു കരുതപ്പെട്ടിരുന്ന സുഖസൗകര്യങ്ങളും ആഡംബരങ്ങളും നിർമ്മിക്കയും ചെയ്ത പല സംസ്കാരപരമ്പരകളുടെ നടുവിലും അവരുടെ നില ദയനീയമത്രെ. പ്രകൃതി സംഭാവനകളും മനുഷ്യ പ്രയത്നത്തിന്റെയും പ്രതിഭയുടേയും ഫലങ്ങളും അനുഭവിക്കുന്നതിൽ ജനസാമാന്യത്തെ പങ്കാളികളാക്കുന്ന ഒരു വ്യവസ്ഥിതി സ്ഥാപിക്കാൻ ഗാന്ധിയും മാർക്സും ആഗ്രഹിച്ചു. പക്ഷേ ഈ ലക്ഷ്യം നേടാൻ അഹിംസയും സത്യവും പാലിക്കണമെന്നു് ഗാന്ധിജി നിർബന്ധിച്ചപ്പോൾ, മാർക്സാകട്ടെ (അഥവാ, ചിലർ പറയുന്നതുപോലെ, മാർക്സിനെ മാർക്സിസ്റ്റുകളിൽനിന്നും ഗാന്ധിയെ ഗാന്ധിശിഷ്യരിൽ നിന്നും വേർതിരിക്കണമെങ്കിൽ, മാർക്സിസ്റ്റുകൾ) * ആകാവുന്നിടത്തോളം വേഗത്തിൽ ലക്ഷ്യം നേടാൻ മാർഗ്ഗം പര്യാപ്തം എന്നു തോന്നിയാൽ, അതിന്റെ സ്വഭാവത്തെക്കുറിച്ചു ചിന്തിക്കുന്നതേയില്ല.

---

കരമാണു്. എല്ലാവർക്കും നല്ല ഭക്ഷണം കിട്ടണം, വസിക്കാൻ നല്ല വീടുകൾ ഉണ്ടായിരിക്കണം, വേണ്ടിടത്തോളം വൈദ്യസഹായം ലഭിക്കണം.''—''ഗാന്ധിജിയുടെ കമ്യൂണിസം,'' ഹരിജൻ, 31–3–'46.

* cf ലൂയിഫിഷർ: ''കമ്യൂണിസ്റ്റുകൾ മാർക്സിസത്തെ ദുഷിപ്പിച്ചുകളഞ്ഞു—തങ്ങളുടെ ഉദ്ദേശ്യത്തോടു യോജിപ്പിക്കുന്നതിനു വേണ്ടി''

ഗാന്ധിജി ''ലെനിനെപ്പററി എന്തുപറയുന്നു?''

ഫിഷർ: ''ലെനിൻ അതു തുടങ്ങിവച്ചു പിന്നീടു സ്റ്റാലിൻ അതു പൂർത്തിയാക്കി.''

(''നാലുകൊല്ലങ്ങൾക്കുശേഷം'' ഹരിജൻ, 4–8–'46)

സമുന്നതമായ ഒരു സാമാന്യലക്ഷ്യത്താൽ പ്രചോദിതരും അത്യന്തം ധിഷണാശാലികളും സംസ്കാരസമ്പന്നരുമായ രണ്ടാളുകഠം, മനുഷ്യരാശിക്കാകമാനം ജീവൽപ്രധാനമായ ഒരു പ്രധാനകാര്യത്തിൽ വിയോജിക്കുന്നതു് എന്തുകൊണ്ട് എന്ന ചോദ്യം സ്വാഭാവികമായി ഉദിക്കുന്നു. അഭിപ്രായ വ്യത്യാസത്തിൻെറ യഥാർത്ഥഹേതു മനസ്സിലാക്കാൻ നമുക്കു കഴിഞ്ഞാലും ഇല്ലെങ്കിലും, അവരിലൊരാളോ, ഒരു പക്ഷേ രണ്ടുപേരുമോ സ്വീകരിക്കുന്ന തെളിവുകളുടെ യാഥാർത്ഥ്യത്തിലോ യുക്തിയിലോ വളരെ സാരമായ പ്രമാദം ഉണ്ടെന്നു സൂചിപ്പിക്കുന്നു.

ശതാബ്ദങ്ങളായി, തത്വചിന്തകന്മാരും ശാസ്ത്രകാരന്മാരും പ്രപഞ്ചത്തിൻെറ അടിസ്ഥാനതത്വം കണ്ടെത്താൻ പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. ബാഹ്യവീക്ഷണത്തിനു് അതു് സചേതനവും അചേതനവുമായ അസംഖ്യം വസ്തുക്കളുടെ കലർപ്പോ സംയോജനമോ ആണു്. ഈ വസ്തുക്കളിലും ശാസ്ത്രീയമായി വേർതിരിക്കാവുന്ന ഘടകങ്ങളിലും എത്ര എണ്ണം സൂക്ഷ്മപരിശോധനയിൽ പ്രാഥമികം എന്നു പറയാം? ഘടകങ്ങഠം അനവധിയുണ്ടോ? അതോ ജീവൻ (അഥവാ ചേതനി ഭൗതിക പദാർത്ഥം എന്നു് രണ്ടു മാത്രമോ? രണ്ടു പോലുമില്ല ഒന്നുമാത്രമോ? ഒന്നെങ്കിൽ അതെന്താണു്? ജീവനോ ഭൗതിക പദാർത്ഥമോ? ജീവനെ പ്രാഥമിക വസ്തുവായി അംഗീകരിച്ചെന്നിരിക്കട്ടെ; സ്വതന്ത്രവും ശാശ്വതവുമായി അനവധി ജീവനുണ്ടോ? അതോ സർവ്വജീവനും ഏകമോ?

ഇക്കാര്യത്തിൽ തത്വചിന്തകന്മാരും ശാസ്ത്രകാരന്മാരും എന്നെങ്കിലും ഐകകണ്ഠ്യേന ഒരു അന്ത്യതീരുമാനത്തിൽ എത്തിച്ചേരുമോ എന്നു പറയാൻ പ്രയാസം. അവ ജീവിതപ്രശ്നങ്ങളെ ബാധിക്കാതെ ബുദ്ധിപരമായ സദ്യസ്സു വിഭവങ്ങളായി, കലാശാലകളിൽ ഒതുങ്ങിക്കഴിയുന്ന പക്ഷം, ചിന്തകന്മാരുടെ സംഖ്യയോളം സിദ്ധാന്തങ്ങളും അവയെപ്പററി ഉണ്ടായിരുന്നാൽ, അതു ലേശംപോലും സാരമാക്കാനില്ല. എന്നാൽ അതല്ല പരമാർത്ഥം. ഓരോ സിദ്ധാന്തവും ദൈനന്ദിന ജീവിതത്തിൽ മനുഷ്യൻെറ പ്രവൃത്തികളിലും സ്ഥാപനങ്ങളിലും പ്രയോഗിക്കാൻ ഉദ്യമം നടക്കുന്നുണ്ടു്. സമുദായത്തേയും

അതിൽ വ്യക്തിക്കുള്ള സ്ഥാനത്തേയും ഒരു രീതിയിൽ ക്രമപ്പെടുത്തണം എന്നു് ഒരു സിദ്ധാന്തത്തിൻെറ അംഗീകാരം ആവശ്യപ്പെടുന്നു; മറെറാരു സിദ്ധാന്തം തികച്ചും വ്യത്യസ്തമായ മറെറാരു രീതിയിൽ വേണമെന്നും; അങ്ങനെ വേറെവേറെ സിദ്ധാന്തങ്ങൾ ഓരോന്നും.

ശാസ്ത്രത്തിൻെറ പുരോഗതി ഇത്തരം സിദ്ധാന്തങ്ങളുടെ സംഖ്യ ചുരുക്കിയെന്നുവരാം. പക്ഷേ ഇന്നോളം ശാസ്ത്രംപോലും ഒരു പരിധിക്കപ്പുറം കടന്നാൽ പിന്നെ സാധ്യതകളെക്കുറിച്ചുള്ള സങ്കല്പങ്ങളുടേയും അഭ്യൂഹങ്ങളുടേയും വിവരണം മാത്രമാണു്. ശാസ്ത്രീയോപകരണങ്ങളുടെ സഹായം ഉണ്ടായിരുന്നാലും മനുഷ്യദൃഷ്ടിക്കു് അഗോചരമാണ് ജീവനും ഭൗതികപദാൎത്ഥവും തമ്മിലുള്ള യഥാൎത്ഥബന്ധം. പക്ഷേ മനുഷ്യൻെറ നിൎബ്ബന്ധബുദ്ധി നിസ്സീമമത്രെ; സ്വന്തം സിദ്ധാന്തം ശാശ്വതമാനം സത്യമെന്നു് സ്വയം വിശ്വസിക്കുന്നതുകൊണ്ടുമാത്രം അവൻ സംതൃപ്തനാകുന്നില്ല. ആ സിദ്ധാന്തത്തിന്റെ ഉപതത്വങ്ങൾക്കു് അനുഗുണമായി ലോകത്തിൽ മാററങ്ങൾ വരുത്തണമെന്നും അയാളെ അതു പ്രേരിപ്പിക്കുന്നു; അതനുസരിച്ചു പ്രവൎത്തിക്കുമ്പോൾ, വേണ്ടിവന്നാൽ, എല്ലാതരം ചീത്തമാൎഗ്ഗങ്ങളും പ്രയോഗിക്കാൻ അയാൾ മടിക്കുന്നില്ല.

ഈ തത്വശാസ്ത്രങ്ങളിൽ രണ്ടെണ്ണം, ബാഹ്യവീക്ഷണത്തിൽ വ്യത്യസ്തങ്ങൾ എന്നു തോന്നുന്ന ജീവനും ഭൗതിക പദാൎത്ഥവും ഏകമൗലികതത്വത്തിൻെറ പ്രതിഭാസങ്ങൾ ആണു് എന്നു കരുതുന്നുണ്ടു്. ഗാന്ധിജിയേയും മാൎക്സിനേയും അദ്വൈതവാദികളായി കണക്കാക്കാം. എന്നാൽ ഗാന്ധിജിയുടെ വീക്ഷണത്തിൽ അടിസ്ഥാനതത്വം ജീവനാണു്, ഭൗതിക പദാൎത്ഥമല്ല. അചേതനമായി നാം കാണുന്ന വസ്തുവിൻെറ നിലനില്പ്പ്പോലും ജീവനിലത്രെ; ജീവനിലാണു് അതു നിലനിൽക്കുന്നതും. ജീവനിൽനിന്നു വേറിട്ടു് അതിനു നിലനില്പില്ല; ജീവൻെറ അഭാവത്തിൽ, ഏതായാലും അതിൻെറ നിലനില്പിനു് സാക്ഷ്യം വഹിക്കാൻ ആരുമില്ല. പ്രപഞ്ചം ജീവനിൽ ഉദിക്കുന്നു. നിലനില്ക്കുന്നു; മറയുന്നു; ജീവൻ മാത്രമാണു് ഉള്ളതു്.

അതു നിത്യം; അനശ്വരം. അതിനാൽ ജീവൻ മാത്രം സത്യം, ശാശ്വതതത്വം. മററെല്ലാ രൂപങ്ങളും ശക്തികളും അതിൻെറ കിരണങ്ങളോ അഥവാ പ്രതിഭാസങ്ങളോ, എന്നു പറയാം. അവയിലോരോന്നും നിരന്തര പരിണാമത്തിനും പരിപൂൎണ്ണ പരിവൎത്തനത്തിനും ഒരു രൂപത്തിൽനിന്നു് മററു് ഒന്നോ അതിലധികമോ രൂപത്തിലേയ്ക്കുള്ള മാററത്തിനും വിധേയമത്രെ. എല്ലാ സചേതനവസ്തുക്കളും എല്ലായ്പോഴും ജീവനോടു ബന്ധപ്പെട്ടിരിക്കുന്നു, ഒരിക്കലും അതിൽനിന്നു് അകലുന്നില്ല; എങ്കിലും മിക്ക ജീവികളും ജീവിതം മുഴുവൻ അതിനെ അറിയുന്നില്ല. അത്രത്തോളം പലരും അതിൻെറ അസ്തിത്വത്തെ സംശയിക്കുന്നു; അതിനെ അംഗീകരിക്കുന്നവരിൽ അധികം പേരും വിശ്വാസത്തിൽ അതിനെ നിഷേധിക്കുന്നു.

സമുദ്രത്തിനൊപ്പം പൂൎണ്ണമായ ജലംതന്നെയാണു് ഒരു ജലകണികയ്ക്കു. പരാക്രമിയായ സിംഹത്തിലും ബൃഹത്തായ ആനയിലും ഏററവും വലിയ പ്രതിഭാശാലിയിലും ഉള്ള ജീവൻ ഒരു ചെറിയ അണുപ്രാണി (ബാക്ടീരിയ) യിലും ഉണ്ടു്. അനന്തമായ വൈവിധ്യവും അസംഖ്യം തോതുകളും അടിസ്ഥാനതത്വത്തിൻെറ ശക്തി പ്രതിഭാസങ്ങളിൽ ഉണ്ടെങ്കിലും, അതു് എല്ലാററിലും ഏകവും തുല്യവുമത്രെ. നിദ്രചെയ്യുന്ന സിംഹത്തിനു് അദ്ഭുതശക്തിയുണ്ടെങ്കിലും നാം അതു കണ്ടില്ലെന്നുവരാം. അതുപോലെതന്നെ ഓരോ അണുവിലും സമ്പൂൎണ്ണമായി ജീവൻ നിറഞ്ഞുനിൽപ്പുണ്ടു്;—അതിന്റെ ശക്തി പ്രകടമായിരുന്നാലും മറഞ്ഞിരുന്നാലും. ഓരോ വ്യക്തിജീവനും ആത്മവത്തായുള്ള ഓരോ ആത്മാവാണു താനെന്നു തോന്നുന്നുണ്ടെങ്കിലും, ജീവൻ അനേകമല്ല; ഏതാനും ചിലതുമല്ല; എല്ലാററിലുമുള്ളതു് ഒരേ ഒരു സാമാന്യാത്മാവത്രെ—ഒരേ ചേതന. ഏററവും വലിപ്പമുള്ള ഭീകരജന്തുവിൽനിന്നു വ്യത്യാസമുള്ള ചേതനയല്ല ഏററവും ചെറിയ അണു. ഏററവും വലിയ മഹാത്മാവിലും പ്രവാചകനിലും അവതാരത്തിലും നിന്നു വ്യത്യാസമുള്ളവനല്ല ഏററവും വലിയ പാപി. നിറത്തിലും തിളക്കത്തിലും കാഠിന്യത്തിലും മററനവധി സ്വഭാവങ്ങളിലും വളരെ അന്തരമുള്ള കൽക്കരിയും വജ്രവും

കരി എന്ന ഒരേ തന്മാത്രയുടെ ഭിന്നരൂപങ്ങൾ മാത്രമാണല്ലോ. അതു പോലെതന്നെ വിവിധ സചേതനജീവികൾ ഏകവും സാർവ്വത്രികവുമായ ചേതനയത്രെ. അവ തമ്മിലുള്ള വ്യത്യാസത്തിൻേറയും നമ്മുടെ സ്വന്തം മനസ്സിൻേറയും വ്യക്തിത്വത്തിൻേറയും പ്രവർത്തന രഹസ്യത്തിലേയ്ക്കു് ഇറങ്ങിച്ചെല്ലാൻ നമുക്കു കഴിഞ്ഞില്ലെന്നുവരാം. പക്ഷേ ഗാന്ധിജിക്കു് ലോകത്തിലെ മഹാമുനികൾക്കെന്നപോലെ, അടിസ്ഥാനപരമായി എല്ലാം ഏകജീവനാണെന്ന വസ്തുതയും അതു മാത്രമാണു് സാർവ്വത്രികമായി പ്രവർത്തിക്കുന്നതെന്ന വസ്തുതയും സംശയാതീതമായിരുന്നു. സചേതനവും അചേതനവുമായ അസംഖ്യം വസ്തുക്കൾ, ദൃശ്യവും അദൃശ്യവുമായ ശക്തികൾ, സത്തും അസത്തും, സദാചാരപരവും ആധ്യാത്മികവുമായ സ്വഭാവങ്ങൾ, സൂക്ഷ്മവും ബൃഹത്തുമായ വസ്തുക്കൾ—ഇവയെല്ലാം കൊണ്ടു നിറഞ്ഞ പ്രപഞ്ചം ഏകശാശ്വത ജീവനത്രെ—ഒന്നുമാത്രം. അതു സത്യമെന്നും ആത്മാവെന്നും പരമാത്മാവെന്നും വിളിക്കപ്പെടുന്നു. വിവിധരൂപങ്ങൾ ബാഹ്യവും ഉപരിപ്ലവവുമായ ആവരണങ്ങൾ മാത്രം. എണ്ണമററ രീതികളിൽ സ്വയം പ്രദർശിപ്പിക്കാൻ അതിനുള്ള കഴിവിൽ നിന്നാണു് ഇവയെല്ലാം ജനിക്കുന്നതു്. ആ വശത്തുനിന്നു വീക്ഷിക്കുമ്പോൾ, ഞാനെന്നും നീയെന്നും മററുള്ളതെന്നും അസ്തിത്വത്തെ വിഭജിക്കാൻ സാധ്യമല്ല.

എൻേറ ധാരണയനുസരിച്ചു് ഇതായിരുന്നു ഗാന്ധിജിക്കു ജീവനോടും പ്രപഞ്ചത്തോടും ഉണ്ടായിരുന്ന മനോഭാവം.

പക്ഷേ 'ഈശ്വരൻ, അഥവാ ജീവൻ മാത്രമേ ഉള്ളൂ' എന്ന തത്വം സ്വീകരിക്കുന്ന 'ഇസം' ഗാന്ധിയുടേതു മാത്രമല്ല. പ്രാമാണികങ്ങളായി ഗാന്ധിജി സ്വീകരിച്ച ഗ്രന്ഥങ്ങളെത്തന്നെ [ഗീത, ഉപനിഷത്തുകൾ മുതലായവ] ആസ്പദമാക്കിക്കൊണ്ടു് ഈ തത്വം സ്വീകരിക്കുന്ന ഇസങ്ങൾ വേറെയുമുണ്ടു്. പക്ഷേ ഈ തത്വചിന്താഗതിയിൽനിന്നു ഗാന്ധിജി ഗ്രഹിച്ചതിനു കടകവിരുദ്ധമായ പാഠങ്ങളാണു് അവർ ഗ്രഹിക്കുന്നതു്—അതു അസാധാരണമെന്നു തോന്നാം. ചിലകാര്യങ്ങളിൽ കമ്യൂണിസ്റ്റുകളുടെ തത്വങ്ങളോടും മാർഗ്ഗങ്ങളോടും

സാമ്യമുള്ള പ്രവൃത്തികളേയും യുക്തിചിന്തയേയും പൊരുത്തപ്പെട്ട ത്താൻ ഈ പാഠങ്ങൾ അവരെ സഹായിക്കുന്നു.

പ്രപഞ്ചമാകമാനം, സചേതനവും അചേതനവും, ഏക ജീവൻെറ പ്രതിഭാസമാണെന്നുള്ള സ്വവിശ്വാസത്തിൽ നിന്നു ഗാന്ധിജി ഗ്രഹിക്കുന്ന പാഠം ഇങ്ങനെ സംഗ്രഹിക്കാം.

"എല്ലാ ജീവനും ഒന്നാകുമ്പോൾ, ഞാൻ ഉൾപ്പെടെയുള്ള പ്രപഞ്ചം മുഴുവൻ ഈശ്വരൻെറ പ്രതിഭാസമാകുമ്പോൾ എൻെറ ശത്രുവായോ, ദുഷ്ടനായോ, എനിക്കു വെറുക്കാൻ സ്വാതന്ത്ര്യമുള്ളവ നായോ ഒരാളെ ഞാനെങ്ങനെ കരുതും? ഒരാളെ ഭയപ്പെടുകയോ ഭയപ്പെടുത്തുകയോ ചെയ്യുന്നതെങ്ങനെ ഞാൻ? അന്യരേക്കാൾ എന്നോട്ട് അടുപ്പമുള്ളവനായി ഒരാളെ ഞാൻ എങ്ങനെ കണ ക്കാക്കും? ഒരു ലക്ഷ്യത്തിനുവേണ്ടി ബലികഴിക്കത്തക്കവണ്ണം നിസ്സാ രനായി ഞാൻ ഒരാളെ കരുതുന്നതെങ്ങനെ?

"പരമാർത്ഥത്തിൽ എൻെറ അസ്തിത്വം ഈശ്വരൻേറതാണെ ങ്കിലും, അദ്ദേഹത്തിൻെറ ഒരു അജ്ഞേയനിയമം എൻെറ ശരീര ത്തോട്ട് വളരെ ഗാഢമായി എന്നെ ബന്ധിക്കുന്നു. അതുകൊണ്ട്, ശരീരത്തെ നല്ലനിലയിൽ ജീവനോടുകൂടി പുലർത്താനുള്ള ആഗ്രഹം എനിക്കു പൂർണ്ണമായും കൈവെടിയാനാവില്ല. എന്നിൽ തിന്മയു ണ്ടെങ്കിലും ആത്മഹത്യ ചെയ്യാനോ, അതു ശരിയെന്നു കരുതാനോ എനിക്കു കഴിയുന്നില്ല. അപ്പോൾ പിന്നെ, മററൊരാളിൽ തിന്മയു ള്ളതുകൊണ്ട് അയാൾ വധ്യനാണെന്നു ഞാൻ എങ്ങനെ കരുതും.

വിശ്വാസം കൊണ്ടാണ് ഈ പ്രപഞ്ചം ഈശ്വരൻെറ പ്രതി ഭാസമാണെന്നും, അദ്ദേഹത്തിൽനിന്നു വേറിട്ട് എന്നിൽ ഒന്നുമി ല്ലെന്നും ഞാൻ കരുതുന്നത്. പക്ഷേ യഥാർത്ഥത്തിൽ ഞാൻ ആ നിലയിൽ എത്തിയിട്ടില്ല. ആവേശം, പക്ഷപാതം, ഹിംസ, തരം തിരിച്ചുള്ള ബന്ധങ്ങൾ എന്നിവയിൽനിന്നു ഞാൻ ഇനിയും സ്വത ന്ത്രനായിട്ടില്ല. ബോധപൂർവ്വമായോ, ബോധരഹിതമായോ എൻ്റെ പ്രവൃത്തികൾ എൻെറ യഥാർത്ഥനില വെളിപ്പെടുത്തുന്നു. സത്യം ഞാൻ ഉദ്ദേശിക്കുന്നതുപോലെതന്നെ ആണെന്നു ദൃഢമായി ഞാൻ

വിശ്വസിക്കുന്നതുകൊണ്ടു്, വിശ്വാസത്തിനു് അനുഗുണമായ നില യിൽ എത്താനായിരിക്കണം എന്റെ നിരന്തരയത്നം. അഹിം സയെ എന്റെ ജീവിതത്തിലെ പരമധർമ്മമായി (നിയമം) സ്വീക രിച്ചു്, എന്റെ ചിന്തകളും വാക്കുകളും പ്രവൃത്തികളുമൊക്കെ ആ നിയമമനുസരിച്ചു നിയന്ത്രിച്ചാൽ മാത്രമേ അതു സാധ്യമാകൂ. അഹിംസാധർമ്മം സാക്ഷാൽക്കരിക്കുന്ന തരത്തിലുള്ള പ്രതിജ്ഞകളും പ്രവൃത്തിനിയമങ്ങളും കർത്തവ്യങ്ങളും തേടിപ്പിടിച്ചു് മനസ്സിരുത്തി പ്പാലിക്കണം. മററുള്ളവരുടെ ദുഷ്ടതകൊണ്ടോ, എന്റെ ഉദ്ദേശ ലക്ഷ്യങ്ങളേയും പ്രയത്നങ്ങളേയും അവർ തടസ്സപ്പെടുത്തുന്നതുകൊ ണ്ടോ, അവരെ കൊല്ലാനോ ശിക്ഷിക്കാനോ ഞാൻ സ്വാതന്ത്ര്യം സ്വീകരിക്കയാണെങ്കിൽ, 'എല്ലാ ജീവനും ഒന്നാണു'' എന്നുള്ള പ്രസ്താവന എന്നെ സംബന്ധിച്ചിടത്തോളം വ്യർത്ഥമായ ഒരു കലാ ശാലാപ്രഭാഷണമായിക്കലാശിക്കുന്നു.''

മുകളിൽ പറഞ്ഞതുപോലെ, ഏകജീവന്റെ, അഥവാ ആത്മാ വിന്റെ, പ്രതിഭാസമാണു പ്രപഞ്ചം എന്നു കരുതുന്നവർ വേറെയു മുണ്ടു്. പക്ഷേ ഈ തത്വത്തിൽനിന്നു് അവർ ഇതേ പാഠംതന്നെ അനുമാനം ചെയ്യുന്നില്ല; നേരേമറിച്ചു്, 'അപഥത്തിൽ സഞ്ചരി ക്കയും, ഉത്തമന്മാരെ ഉപദ്രവിക്കയും മിഥ്യാതത്വങ്ങൾ പ്രചരിപ്പി ക്കയും ചെയ്യുന്ന 'ദുഷ്കർമ്മനിരത'രെ നശിപ്പിക്കാനും ശിക്ഷിക്കാനും ബലപ്രയോഗം കൊണ്ടു നിയന്ത്രിക്കാനും തങ്ങൾക്കു് അധികാരമു ണ്ടെന്നു് അവർ കരുതുന്നു; ഉചിതമായ കാരണമുള്ളപ്പോൾ ഹിംസ പ്രയോഗിക്കാനുള്ള കടമ, സ്നേഹിക്കാനുള്ള കടമപോലെ, അതി പ്രധാനമാണെന്നും അവർ വിശ്വസിക്കുന്നു. പരിണാമദശകളിലുള്ള വ്യത്യാസങ്ങൾ, വിധേയരായ വ്യക്തികളുടെ എണ്ണം, ജാതി, വിശ്വാസം, രാജ്യം, വർഗ്ഗം, സമ്പത്തു് എന്നീ വ്യത്യാസങ്ങൾ— ഇവയെല്ലാം മേല്പറഞ്ഞ 'ഉചിതകാരണങ്ങ'ളായിത്തീരാം. 'ഈശ്വ രൻ മാത്രമേ ഉള്ളൂ' എന്ന തത്വത്തിൽ വിശ്വസിക്കുന്ന മററുള്ള വരിൽനിന്നു് ഗാന്ധിജിക്കുള്ള വ്യത്യാസം ഇക്കാര്യത്തിലത്രെ.

## iii

# മാർക്സിസം

മാർക്സിസത്തിന്റെ അടിസ്ഥാനതത്വങ്ങൾ ഞാൻ മനസ്സിലാക്കിയിട്ടുള്ള രീതിയിൽ ഇവിടെ വിവരിക്കാം. മാർക്സിനെയും മാർക്സിസത്തേയും അതിനു പിൽക്കാലത്തു ലഭിച്ച വ്യാഖ്യാനങ്ങളേയും ഞാൻ എവിടെയെങ്കിലും കൂട്ടിക്കുഴച്ചു പോയിട്ടുണ്ടെങ്കിൽ അതിനു വായനക്കാർ മാപ്പുതരണം. ഈ വിഷയത്തിൽ വിദഗ്ദ്ധമായ അറിവോടുകൂടിയല്ല ഞാൻ എഴുതുന്നതു്.

ഗാന്ധിജിയേയും അദ്വൈതവേദാന്തികളേയും പോലെ മാർക്സും ഒരു അദ്വൈതവാദിയാണെന്നു മുമ്പു പറഞ്ഞല്ലോ. പക്ഷേ മാർക്സിന്റെ അഭിപ്രായപ്രകാരം അടിസ്ഥാനതത്വം ജഡഭൗതികപദാർത്ഥമാണു്, ജീവനോ ആത്മാവോ അല്ല. ചേതന എന്നു പറയപ്പെടുന്ന ഒരു ശാശ്വതവസ്തുവിലാണു് ഭൗതികപദാർത്ഥം ഉണ്ടാവുകയും നിലനിൽക്കയും വിലയം പ്രാപിക്കയും ചെയ്യുന്നതെന്നോ, ജീവനെക്കൂടാതെ ഭൗതികപദാർത്ഥത്തിനു നിലനില്പു് സാധ്യമല്ലെന്നോ കരുതാൻ യാതൊരു തെളിവും ഇല്ലെന്നു് അദ്ദേഹം അഭിപ്രായപ്പെടുന്നു. നേരെമറിച്ചു് നിരീക്ഷിതപ്രപഞ്ചസത്യങ്ങളും പരിണാമ ചരിത്രവും തെളിയിക്കുന്നു, ലക്ഷോപലക്ഷം കൊല്ലക്കാലം നമ്മുടെ ഭൂമുഖത്തു ജീവൻ ഇല്ലായിരുന്നെന്നു്; കോടാനുകോടി ഗോളങ്ങൾ അന്തരീക്ഷത്തിലുള്ളതായി ജ്യോതിശ്ശാസ്ത്രകാരന്മാർക്കു് അറിവുണ്ടെങ്കിലും ഭൂമിയിലല്ലാതെ മറ്റെവിടെയെങ്കിലും ഏതെങ്കിലും രൂപത്തിൽ ജീവൻ ഉണ്ടോ എന്നു സംശയം. ശാസ്ത്രം പലതും സൂക്ഷ്മമായി കണ്ടുപിടിച്ചിട്ടുണ്ടു്. ഏതു രൂപത്തിൽ ഭൂമിയിൽ ആദ്യം ജീവൻ ആവിർഭവിച്ചു; പല രൂപാന്തരങ്ങളിലൂടെ അതു് എങ്ങനെ പരിണമിച്ചു; ഏറ്റവും ലഘുവായ അണുവിൽനിന്നു് ഏറ്റവും വലിയ മൃഗങ്ങളും വൃക്ഷങ്ങളും വരേയും അവസാനം ജീവന്റെ നിലനില്പിൽ ഇതഃപര്യന്തം

ഉണ്ടായ വികാസങ്ങളുടെ പരമോന്നതാവസ്ഥയായ മനുഷ്യൻവരെയും അനേകലക്ഷം തരത്തിലുള്ള ജീവരൂപങ്ങളായി അതു് എങ്ങനെ മാറി—എന്നെല്ലാം. ശാസ്ത്രപരവും ചരിത്രപരവുമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ നിഷ്പ്രയാസം സ്ഥാപിക്കാം ജീവനില്ലാതിരുന്ന കാലത്തുതന്നെ ഭൗതികപദാൎത്ഥം ഉണ്ടായിരുന്നെന്നു്. ഭൗതികപദാൎത്ഥം ഇല്ലാതിരുന്നപ്പോഠം ജീവൻ ഉണ്ടായിരുന്നെന്നു് ഇത്ര ഉറപ്പോടുകൂടി പറയാനാവില്ല. അതുകൊണ്ടു ജീവനു ഭൗതികപദാൎത്ഥത്തിലാണു് ഉല്പത്തിസ്ഥിതി വിലയങ്ങഠം ഉള്ളതു്, മറിച്ചല്ല. ചേതന എന്നോ ആത്മാവു് എന്നോ വിഭാവന ചെയ്യപ്പെടുന്ന വസ്തു—ധരിക്കാനും ചിന്തിക്കാനും അനുഭവപ്പെടാനും സ്മരിക്കാനും മറവുമുള്ള കഴിവു്—എന്താണു്? ഭൗതികശക്തികളുടെ ഒരു വികാസവും, വ്യവസ്ഥിതിയും അന്യോന്യപ്രവൎത്തനവുമത്രെ; ശാസ്ത്രകാരന്മാൎക്കു് അറിയാവുന്ന അനവധി ശക്തികളെ ശാസ്ത്രീയമായി ഘടിപ്പിച്ചു് ഉന്നം വച്ച ഒരു ലക്ഷ്യത്തിലേയ്ക്കു സ്വയം നീങ്ങിച്ചെല്ലുന്ന ആകാശവിമാനത്തെപ്പോലെ, യന്ത്രമനുഷ്യനെപ്പോലെ, മനുഷ്യനിൎമ്മിതമായ ഏതൊരു സങ്കീൎണ്ണയന്ത്രത്തേയുംപോലെ, ഒന്നാണു് ചേതന. യന്ത്രത്തിലുള്ളതിനേക്കാഠം ചൈതന്യം അതിലില്ല. ഏററവും ചെറിയ അണു (സെല്ലു്) തൊട്ടു ഏററവും വികസിതമായ മനുഷ്യരൂപം വരെ എല്ലാജീവനും യഥാൎത്ഥത്തിൽ ഭൗതികപദാൎത്ഥത്തിൻേറയും ഭൗതികശക്തിയുടേയും സമ്മേളനമാണു്; ഒരു പ്രത്യേകരീതിയിൽ പ്രവൎത്തിക്കത്തക്കവണ്ണം അതു ക്രമീകൃതവും നിയന്ത്രിതവുമായിരിക്കും. ശരീരത്തിൻേറ ഏതാനും സൂക്ഷ്മചലനങ്ങളുടെ അന്യോന്യപ്രവൎത്തനം കൊണ്ടു സാധിക്കുന്ന ഒരുതരം രേഖാനിൎമ്മിതിയും രേഖാപരായണവുമാണു് ചിന്താപ്രക്രിയ. ശരീരയന്ത്രം നല്ല നിലയിലിരിക്കുന്ന കാലത്തോളം മാത്രമേ അതു സാധ്യമാകൂ. ഏതെങ്കിലും കാരണവശാൽ ശരീരത്തിനു തകരാറു് ഉണ്ടായാൽ അതു നടപ്പില്ല—തകരാറു സംഭവിച്ച റേഡിയോ സെററിനു് യാതൊരു ശബ്ദവും പുറപ്പെടുവിക്കാൻ കഴിവില്ലാതാകയില്ലേ; അതുപോലെ തന്നെ. വളരെക്കേടുപററിയ റേഡിയോ സെററിൽനിന്നു് വേർപെട്ടുപോകുന്നതിനേക്കാഠംകൂടുതൽ ചൈതന്യമോ ആത്മാവോ തകൎന്ന ശരീരത്തിൽ നിന്നും പോകു

ന്നില്ല. നന്മയും സദാചാരവും (സത്യം, അഹിംസ, സന്മാർഗ്ഗനിഷ്ഠ, മുതലായവ) പാപവും ദുർമ്മാർഗ്ഗചാരിത്വവും (അസത്യം, ഹിംസ, വിദ്വേഷം മുതലായവ) എന്താണ്? വെറും പ്രതിബന്ധങ്ങളും മനുഷ്യനിർമ്മിതങ്ങളായ ദുരാചാരങ്ങളും മാത്രം. കൊല, പീഡനം, ചതി, മുതലായവയോ? പ്രകൃതിനിർമ്മിതമായ ഒരു കുന്നു തകർക്കുകയും മനുഷ്യനിർമ്മിതമായ ഒരു വസ്തു നശിപ്പിക്കുകയും മാററം വരുത്തുകയും ചെയ്യുന്നതിനു സമമാണ് അത്. ഉള്ളിൽ കൊള്ളുന്ന ആത്മീയ പ്രാധാന്യം അതിനു കല്പിക്കാനില്ല. വസ്തുക്കൾ നിർമ്മിച്ചു സംരക്ഷിക്കുന്നത് ഒരു ഉദ്ദേശത്തോടുകൂടിയത്രെ; ഒരു ഉദ്ദേശത്തിനു വേണ്ടി അവ നശിപ്പിക്കയും ചെയ്യാം. അവ സചേതനങ്ങളായാലും അചേതനങ്ങളായാലും ഈ തത്വം സംഗതമാണ്.

ജീവൻ മനുഷ്യരൂപം കൈക്കൊണ്ട കാലത്തിനുശേഷം ഈ വർഗ്ഗം വിസ്മയാവഹമായ ചരിത്രം സ്വയം സൃഷ്ടിച്ചിട്ടുണ്ട്. അവനും അവൻെറ സാമൂഹ്യസ്ഥാപനങ്ങൾക്കും ഭാവിയിൽ ഉണ്ടാകാൻ പോകുന്ന വികാസത്തിൻെറ പ്രധാന ഗതി മനസ്സിലാക്കാൻ, മനുഷ്യപരിണാമത്തിൻെറ വിവിധദശകളെക്കുറിച്ചുള്ള സൂക്ഷ്മപഠനം സഹായകമായിരിക്കും. നിയതമായ ചില ദശകളിലൂടെ അവൻ കടന്നു പോകയും പുരോഗമിക്കയും ചെയ്യണമെന്നത് അനിവാര്യം. രക്ഷപ്പെടാനോ ചാടിക്കടക്കാനോ കഴിയാത്ത അത്തരം ദശകളുടെ ഒരു പരമ്പരതന്നെയുണ്ട്. മനുഷ്യൻ സമ്മതത്തോടുകൂടി സഹകരിച്ചാലും നിർബന്ധപൂർവ്വം എതിർത്താലും നിശ്ചിതക്രമം അനുസരിച്ച് പുരോഗതി നീങ്ങിക്കൊണ്ടിരിക്കുമെന്നു തീർച്ച. മാർക്സിയൻ തത്വശാസ്ത്രത്തിൽ നിശ്ചിതത്വവാദം ( Determinism ) എന്ന് ഇതിനു പേരു പറയുന്നു. 'യദഭാവി ന തദ് ഭാവി. ഭാവി ചേത് ന തദന്യഥാ.' സംഭാവ്യമല്ലാത്തതു സംഭവിക്കയില്ല. സംഭവിക്കാനുള്ളതു സംഭവിക്കതന്നെ ചെയ്യും. തീർച്ചയായും, ഇതിനെ ഒരു വിശാലാർത്ഥത്തിൽ വേണം പരിഗണിക്കാൻ. മനുഷ്യചരിത്രത്തിലെ ഓരോ സംഭവവും മുൻകൂട്ടി തീരുമാനിക്കപ്പെട്ടതാണെന്ന് ഇതിനു അർത്ഥമില്ല. പക്ഷെ സാമ്പത്തികപുരോഗതിയിൽ മാനുഷ്യകം ഒരു

ദശയിൽ എത്തിക്കഴിഞ്ഞാൽ പിന്നത്തെ പരിശ്രമം പ്രധാനമായും ഒരു നിശ്ചിത പന്ഥാവിലൂടെയായിരിക്കും. അത്രത്തോളം, അതിന്റെ ഗതി നിയതവുമത്രെ. അതു മാററാനുള്ള പരിശ്രമങ്ങൾ വ്യത്ഥം. അതിനാൽ ധിഷണാശാലികൾ സമ്മതത്തോടുകൂടി സഹകരിച്ചു പ്രയത്നിച്ച് നിയതിയെ പൂണ്ണ സാഫല്യത്തിലെത്താൻ സഹായിക്കണം. പരിണാമത്തിന്റെ അടുത്ത ഘട്ടത്തിനു കളമൊരുക്കാൻ അതു സഹായകമായിത്തീരും. നിശ്ചിതത്വവാദത്തിലുള്ള വിശ്വാസം മാർക്സിസ്ററുകളുടെ പ്രവത്തനങ്ങൾക്കു പിന്നിലുള്ള പ്രബലമായ പ്രേരകശക്തിയാണ്. പ്രകൃതിയുടെ ഗതിയെ സഹായിക്കയും അങ്ങനെ അതിന്റെ നിയമം സാക്ഷാൽക്കരിക്കയും ചെയ്കയാണു തങ്ങൾ എന്നു് അവർ വിശ്വസിക്കുന്നു.

മനുഷ്യസമുദായത്തിന്റെ അടുത്ത പ്രധാന ഘട്ടം, മാർക്സിസപ്രകാരം, മുതലാളിത്തത്തിന്റെ അന്ത്യവും, തൊഴിലാളിവഗ്ഗത്തിന്റെ അധികാരാരോഹണവുമത്രെ. മുതലാളിത്തവ്യവസ്ഥിതിയുടെ ധ്വംസനവും വിനാശവും നിവ്വഹിക്കാൻ പ്രകൃതി തിരഞ്ഞെടുത്ത ഉപാധിയാണ് തൊഴിലാളികളുടെ ആധിപത്യം. ഈ ഗതി തടസ്സപ്പെടുത്താനുള്ള പരിശ്രമങ്ങളെല്ലാം പരാജയപ്പെടുമെന്നു തീർച്ച. തൊഴിലാളിവർഗ്ഗത്തിന്റെ ഏകാധിപത്യം പൂണ്ണമായി സ്ഥാപിക്കപ്പെടുകയും പൂണ്ണവളർച്ച പ്രാപിക്കയും ചെയ്യുന്നതുവരെ മനുഷ്യസമുദായം വഗ്ഗരഹിതമാകയില്ല. സമാധാനം, സമത്വം, യുദ്ധത്തിലും ഹിംസയിലും നിന്നുള്ള മോചനം ഇവ അനുഭവിക്കാൻ അതുവരെ സമുദായം പര്യാപ്തമാകയില്ല. കമ്യൂണിസം ലോകത്തിൽ സ്ഥാപിച്ചു കഴിഞ്ഞാൽ പിന്നെ വർഗ്ഗങ്ങളില്ല, വഗ്ഗസമരവുമില്ല; ഉൽപാദനോപകരണങ്ങളിൽ സ്വകാര്യ ഉടമയില്ല; അതുകൊണ്ടു ഹിംസയുടെ ആവശ്യം ഇല്ലാതായിത്തീരും; സ്വാഭാവികമായിത്തന്നെ അഹിംസ നടമാടിക്കൊള്ളും. ഭരണകൂടത്തിന്റെ സങ്കീർണ്ണയന്ത്രം ആവശ്യമില്ലാതാകും. ഗാന്ധിജിയും മററു് ആശയവാദികളും സ്വപ്നം കണ്ട ആദർശപരമായ അരാജകാവസ്ഥ ഉൽഭവിക്കാനുള്ള സമയവും സമാഗതമാകും.

സ്വയം സാഫല്യം നേടാൻ പ്രകൃതിയെ സഹായിക്കുന്നതിനു വേണ്ടി അഭിജ്ഞരെല്ലാം പ്രയത്നിക്കണം. പ്രകൃതിയിൽ ലക്ഷ്യം മാത്രമാണ് പ്രധാനം, മാർഗ്ഗമല്ല. അതുകൊണ്ട് സത്തെന്നും അസത്തെന്നും പറയപ്പെടുന്ന മാർഗ്ഗങ്ങൾ തമ്മിലുള്ള വ്യത്യാസം തത്വശാസ്ത്രത്തിനു വിരുദ്ധമാണ്. മുന്നിലുള്ള ലക്ഷ്യം നേടാൻ അവ പര്യാപ്തമാണോ എന്നുമാത്രം നാം പരിശോധിക്കണം. പരിണാമത്തിൻെറ നിയതഗതിയെ, അറിവില്ലായ്മയായാലും, മൂഢതകൊണ്ടായാലും, എതിർക്കുന്നവർ വഴിയിൽനിന്നു നീക്കപ്പെടണം.

ഇതിന് ഒരു വിപ്ലവം ആവശ്യമുണ്ട്. മുതലാളിത്ത സാമ്പത്തിക ഘടനയിൽ വിപ്ലവം നടത്താൻ ഏററവും പററിയ ആയുധം രാഷ്ട്രവ്യാപകമായ പൊതുപണിമുടക്കത്രെ.

മതവും സന്മാർഗ്ഗതത്വങ്ങളും ഭാഗികമായി അബദ്ധമാണ്; ഭാഗികമായി, ശുദ്ധാത്മാക്കളെ ഭ്രമിപ്പിക്കാൻ മനഃപൂർവ്വം ഉപയോഗിക്കുന്ന ഉപാധികളും. ഈ ആവരണങ്ങൾക്കടിയിൽ മറഞ്ഞിരിപ്പുണ്ട് ജനസാമാന്യത്തെ ചൂഷണം ചെയ്യാനുള്ള ആയുധങ്ങൾ. സ്വയം ചിന്തിക്കാനും പ്രവർത്തിക്കാനും ജനങ്ങൾക്കുള്ള കഴിവിനെ മന്ദിപ്പിക്കാനുള്ള മയക്കുമരുന്നുകളാണ് അവ; സ്വാർത്ഥപരത മറച്ചുവയ്ക്കാനുള്ള മനോഹരചർമ്മം.

ദൈവത്തിലും മതത്തിലും ഗാന്ധിജിക്കുള്ള അചഞ്ചലനിഷ്ഠ നാട്ടുവാഴികളുടേയും മുതലാളികളുടേയും അധികാരത്തെ സഹായിച്ചിരുന്നു. അഹിംസയിൽ അദ്ദേഹത്തിനുണ്ടായിരുന്ന നിർബ്ബന്ധവും ആദർശപരമായ അരാജകാവസ്ഥയെക്കുറിച്ചുള്ള പ്രശംസയും, ജനങ്ങളുടെ മുന്നിലുള്ള അടിയന്തിര കർത്തവ്യങ്ങളിൽനിന്ന്, അതായത് തൊഴിലാളികളുടെ ഏകാധിപത്യം സ്ഥാപിക്കുന്ന കൃത്യത്തിൽനിന്ന് അവരെ വ്യഭിചരിപ്പിച്ചു. അതിനും പുറമേ, വ്യാവസായികതത്വത്തോട് അദ്ദേഹത്തിൻെറ തത്വശാസ്ത്രത്തിന് ഉണ്ടായിരുന്ന എതിർപ്പും, ചർക്കയിലേക്കും ഗ്രാമീണ വ്യവസായങ്ങളിലേയ്ക്കുമുള്ള മടങ്ങിപ്പോക്കും പുരോഗതിയുടെ നിഷേധമത്രെ; ശാസ്ത്രത്തിൻെറ സംഭാവനകളെ തിരസ്കരിക്കുന്ന പ്രതിലോമഗതി .... ലോകം

മടങ്ങിച്ചെല്ലുകയില്ല. അതിനാൽ ഗാന്ധിജി ഒരു പരാജയമായിരുന്നു. അദ്ദേഹം പരാജയപ്പെടാതെ തരമില്ല.

ഇങ്ങനെ, മാർക്സിസ്റ്റ്കളുടെ അഭിപ്രായപ്രകാരം, ഗാന്ധിസം കമ്യൂണിസത്തോടു പൊരുത്തപ്പെടാത്തതാണ്. ഒന്നിനെ വേറൊന്നിനോടു സാമ്യപ്പെടുത്താനും സാധ്യമല്ല; എന്തുകൊണ്ടെന്നാൽ ഗാന്ധിസം അഹിംസയിൽ മുറുകെപ്പിടിക്കുന്നു. അഹിംസയാണെങ്കിൽ ഒരു വിദൂരദശയും. ഈശ്വരനിലും മതത്തിലും (നാടുവാഴിത്തത്തിന്റെയും മുതലാളിത്തത്തിന്റെയും പരിചയിൽ) ഗാന്ധിസം യുക്തിരഹിതമായി വിശ്വാസം അർപ്പിക്കുന്നു. മാർക്സിസ്റ്റ്സിദ്ധാന്തപ്രകാരം യാഥാർത്ഥ്യം ഇതാണ്. ഭരണകൂടത്തിന്റെ ആത്യന്തികനീതീകരണം ബലത്തിലാകയാൽ ബലം പ്രയോഗിക്കാതെ ഒരു ഭരണകൂടമോ വിപ്ലവമോ ഉണ്ടാവുക സാധ്യമല്ല. ബലത്തിന് ഹിംസയുടെ രൂപംപോലും സ്വീകരിക്കേണ്ടിവന്നേയ്ക്കാം. വിപ്ലവവും ഭരണകൂടത്തിന്റെ ബലവും കൂടാതെ കമ്യൂണിസം സ്ഥാപിക്കാനും സാധ്യമല്ല. ആകയാൽ ഹിംസാത്മകമായ ഒരു വിപ്ലവം കൊണ്ട് തൊഴിലാളിവർഗ്ഗത്തിന്റെ ഏകാധിപത്യ ഭരണകൂടം സ്ഥാപിച്ച് കമ്യൂണിസം നടപ്പിൽ വരുത്തേണ്ടിവരുന്നു.

മാർക്സിസ്റ്റ് സിദ്ധാന്തത്തിന്റെ സാമാന്യം നല്ല വിശദീകരണമായി ഇതു സ്വീകരിക്കപ്പെടുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. ഇതോടൊപ്പം ഗാന്ധിയുടെ നിലപാടും വിശദീകരിക്കാൻ ഞാനിനി ശ്രമിക്കാം.

# ധാർമ്മികതത്വങ്ങളുടെ അടിസ്ഥാനം

അസത്യവും ഹിംസയും മററു ചീത്തമാർഗ്ഗങ്ങളും ഒരു ലക്ഷ്യപ്രാപ്തിക്കുവേണ്ടി ഉപയോഗിക്കുന്നതിനെ ചില ആദ്ധ്യാത്മിക തത്വശാസ്ത്രങ്ങാംപോലും സാധൂകരിക്കുന്നുണ്ടെന്നു വായനക്കാരനു് അറിയാമല്ലോ. നേരേമറിച്ചു് സദാചാരം അലംഘനീയം എന്നു കരുതുകയും മാർഗ്ഗശുദ്ധിയിൽ മുറുകെപ്പിടിക്കയും ചെയ്യുന്ന നാസ്തിക പ്രസ്ഥാനങ്ങളുമുണ്ടു്. അതിനാൽ പ്രധാനപ്രശ്നം, അതായതു് സത്യം, അഹിംസ മുതലായ സാന്മാർഗ്ഗികതത്വങ്ങളുടെ യഥാർത്ഥാടിസ്ഥാനം എന്തെന്നുള്ള പ്രശ്നം, പരിഹരിക്കപ്പെടാതെ അവശേഷിക്കുന്നു.

തൽക്കാലത്തേയ്ക്കു് ജീവനേയും ഭൗതികപദാർത്ഥത്തേയും കുറിച്ചുള്ള എല്ലാ താത്വിക ചർച്ചകളും നീക്കിവച്ചു് ഇന്ദ്രിയഗോചരമായ ലോകത്തേയും നമ്മേയും നിരീക്ഷിക്കാം. ജീവൻ (സചേതനസൃഷ്ടി) എല്ലായ്പോഴും ഭൗതികപദാർത്ഥത്തോടു് (അചേതന തന്മാത്രകാം) ഗാഢഗാഢം ചേൎന്നു കാണപ്പെടുന്നു. ജീവയുക്തഭൗതികപദാർത്ഥങ്ങളായ അത്തരം വസ്തുക്കളിൽ ഒരു വകയാണു് മനുഷ്യരാശി. അതു ലോകത്തിലാകമാനം വ്യാപിച്ചുകാണപ്പെടുന്നു. വർഗ്ഗശാസ്ത്രപരമായ ഏതാനും മനുഷ്യ വിഭാഗങ്ങളെ എളുപ്പത്തിൽ തിരിച്ചറിയാം. പരമ്പരാഗതമോ ജന്മസിദ്ധമോ സാഹചര്യസൃഷ്ടമോ ആയ നിരവധി കാരണങ്ങളാൽ ആ വൎഗ്ഗങ്ങാം പല ഉപവർഗ്ഗങ്ങളായി തരംതിരിക്കപ്പെട്ടിരിക്കുന്നു. വലുതോ ചെറുതോ ആയ വ്യത്യസ്തസമൂഹങ്ങളുടെ അഥവാ സമുദായങ്ങളുടെ ഉത്ഭവത്തിനു് ഇതു ഒരു കാരണമായി. അവയിൽ ചിലതിനു് നൂററാണ്ടുകളുടെ പഴക്കമുണ്ടു്. അത്തരം സമൂഹങ്ങളിലുാംപ്പെട്ട വ്യക്തികളെ പൊതുസ്വഭാവങ്ങാം സംഘടിപ്പിച്ചു നിറുത്തുന്നു; പൊതുലക്ഷ്യങ്ങാം നേടുന്നതിനുവേണ്ടി യോജിച്ചു

പ്രവർത്തിക്കാനും പ്രേരിപ്പിക്കുന്നു. ഒരു സമൂഹത്തിനു മറെറാന്നിൽ നിന്നുള്ള വ്യത്യാസങ്ങൾ പലപ്പോഴും സംഭ്രമജനകങ്ങളത്രെ; അതു കൊണ്ടു്, മനുഷ്യരാശി ഒരൊററജീവി വർഗ്ഗമല്ലെന്നോ, പരസ്പര സാമ്യമോ യോജിപ്പോ ഇല്ലാത്ത അനേകം വ്യത്യസ്ത ജീവിവർഗ്ഗങ്ങളാണെന്നോ പലരും ചിന്തിച്ചുപോകാൻ ഇടയുണ്ടു്.

എന്നാൽ പുറമേ തോന്നിക്കുന്ന ഈ വ്യത്യസ്തതകൾ കേവലം ബാഹ്യങ്ങളാണെന്നു് അനുഭവവും പരീക്ഷണവും ചരിത്രവും തെളിയിക്കുന്നു. അടിയിലുള്ള സ്വഭാവങ്ങളും പ്രത്യേകതകളും മനുഷ്യസാമാന്യത്തിനൊട്ടാകെ സഹജമാണ്. അവയുടെ പരിണാമഗതി എല്ലാ വർഗ്ഗങ്ങളേയും സമൂഹങ്ങളേയും വ്യക്തികളേയും പൊതുവെ ബാധിക്കുന്നു. ഉദാഹരണം: മനുഷ്യരുടെ നിറം, രോമം, താടിയെല്ലു് മുതലായവയിലെല്ലാമുണ്ടു് വർഗ്ഗശാസ്ത്രപരമായ വ്യത്യാസങ്ങൾ. പക്ഷേ വിവിധ വർഗ്ഗങ്ങളിൽപ്പെട്ട പശുക്കളിൽ കാണുന്ന അത്തരം വ്യത്യാസങ്ങളെ അപേക്ഷിച്ചു നോക്കുമ്പോൾ, മനുഷ്യരുടെ ഇടയ്ക്കുള്ള വ്യത്യാസങ്ങൾ അവരുടെ സമ്മിശ്രണത്തിനു് അത്ര സാരമായ തടസ്സമാകുന്നില്ല. അവരുടെ സദാചാരവും ബുദ്ധിപരവുമായ വളർച്ചയുടേയും, തളർച്ചയുടേയും പരോപകാരപ്രദവും പരോപദ്രവകരവുമായ പ്രവൃത്തികളുടെ വികാസപരിണാമക്രമത്തിന്റേയും കഥ എല്ലായിടത്തും ഐകരൂപ്യമുള്ളതാണു് വളരെ ശ്രേഷ്ഠതയും കഴിവുകളും ധീരതയുമുള്ള സ്ത്രീപുരുഷന്മാരേയും വിപരീതതരക്കാരേയും സൃഷ്ടിച്ചിട്ടുണ്ടു്, ഓരോ വർഗ്ഗവും ഓരോ സമൂഹവും. ഉചിതസാഹചര്യങ്ങൾ ഉണ്ടായിരുന്നാൽ ഓരോ സമൂഹവും ഒരു പ്രബലരാജ്യം സ്ഥാപിക്കും; ഉൽകൃഷ്ട സംസ്കാരം സൃഷ്ടിക്കും; അപ്പപ്പോൾ ലഭ്യമായ ശാസ്ത്രജ്ഞാനം പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യും: സദാചാരപരവും ധിഷണാപരവുമായ സ്വഭാവങ്ങളിൽ അവ ഔന്നത്യം നേടും; കാലക്രമേണ ആഡംബരങ്ങളിലും ദുർമ്മാർഗ്ഗങ്ങളിലും മുഴുകി, തങ്ങളുടെ പ്രത്യേക പരിഷ്കാരത്തിനു് അധഃപതനവും നാശവും വരുത്തിവയ്ക്കുകയും ചെയ്യുന്നുവരും.

വർഗ്ഗശാസ്ത്രം, ഭാഷ, മതം, രാഷ്ട്രീയനിയമം, സാമൂഹ്യവും സാമ്പത്തികവുമായ സ്ഥാപനങ്ങൾ, സാഹിത്യം, സംഗീതം, ചിത്ര

കല, ശില്പകല എന്നീ വിവിധ കോണുകളിൽ നിന്നു് വിവിധമനുഷ്യസമൂഹങ്ങളുടെ വളർച്ചയുടേയും അധഃപതനത്തിൻെറയും ക്രമവും ചരിത്രവും പരിശോധിക്കാൻ പ്രമുഖ ശാസ്ത്രകാരന്മാരും ചിന്തകന്മാരും മുതിൎന്നിട്ടുണ്ടു്. സമുദായത്തിനു വ്യക്തിയുടേതിനേക്കാൾ നീണ്ട ജീവിതം ഉള്ളതുകൊണ്ടും, വ്യക്തിയുടെ നേട്ടങ്ങളും കുറവുകളും പാരമ്പര്യത്തിലും പരിചയത്തിലുംകൂടി അനന്തരഗാമികൾക്കു പകരാൻ ഇടയാകുന്നതുകൊണ്ടും വ്യക്തിക്കുള്ളതിനേക്കാൾ പ്രാധാന്യം ചിലർ സമുദായത്തിനു കല്പിക്കുന്നു. ജീവരക്ഷയ്ക്കു വേണ്ടി വന്നാൽ കുറേക്കാലുകൾ ബലികഴിക്കത്തക്കവണ്ണം അത്ര വളരെ കാലുകളുള്ള ഒരു ജീവിയുടെ ഒററക്കാലിനു തുല്യമാണു വ്യക്തി എന്നു് അവർ കരുതുന്നു. നേരേമറിച്ചു് വ്യക്തിയുടെ വളർച്ചയ്ക്കും വികാസത്തിനും ചിലർ കൂടുതൽ പ്രാധാന്യം കല്പിക്കുന്നു. വ്യക്തിയിലൂടെയും വ്യക്തിക്കുവേണ്ടിയുമാണു് സമുദായം നിലനില്ക്കുന്നതും പരിണമിക്കുന്നതും; വ്യക്തികളിൽനിന്നു വേറിട്ടു് അതിനു നിലനില്പോ ഉദ്ദേശ്യമോ ഇല്ല. എല്ലാ കോണുകളിലുംനിന്നു് ജീവിതത്തെ വീക്ഷിക്കാൻ ഒരു ചിന്തകനും കഴിവില്ലെന്നാണു് ഈ പഠനങ്ങൾ വെളിപ്പെടുത്തുന്നതു്. അവരിൽ ശ്രേഷ്ഠനു കഴിയുന്നതാകട്ടെ, അതിൻെറ ഒരു നിമിഷഘട്ടം അവലോകനം ചെയ്യാനും ഈ അല്പ പരിചയത്തിൽനിന്നു് മുഴുവനേയും കുറിച്ചു അനുമാനങ്ങൾ നടത്താനും മാത്രം. എന്നിട്ടും തങ്ങളുടെ അനുമാനങ്ങളെപ്പററി അവരിൽ പലക്കും അചഞ്ചലമായ ഉറപ്പു തോന്നുന്നു; അവ അംഗീകരിക്കാത്തവരെല്ലാം അറിവില്ലാത്തവരോ, തെററു പററിയവരോ, മനഃപൂർവ്വം കാപട്യവും ദുഷ്ടതയും കാണിക്കുന്നവരോ ആണെന്നു് ഇക്കൂട്ടർ കരുതുന്നു. അങ്ങനെയുള്ളവരെ അടിച്ചമർത്തുകയോ നശിപ്പിക്കയോ ചെയ്യാൻ തങ്ങൾക്കു് അവകാശവും നിർബന്ധിതകർത്തവ്യവുമുണ്ടെന്നും വിചാരിക്കുന്നു. അഭിജ്ഞരുടെ അറിവു് എത്രത്തോളം വിലയേറിയതായിരുന്നാലും, അതു് ഭാഗികവും ഉപരിപ്ലവവുമത്രെ*.

---

* ആധുനികകാലത്തെ ഒരു മികച്ച ശാസ്ത്രകാരനും ധീരചിന്തകനും നോബൽ സമ്മാനം ലഭിച്ചയാളുമായ ഡോക്ടർ അലക്സിസ്

നമ്മുടെ അനുഭവങ്ങളേയും നേരിട്ടുള്ള നിരീക്ഷണങ്ങളേയും അടിസ്ഥാനപ്പെടുത്തി നിഗമനങ്ങളുടെ ഭൗതികവും സദാചാരപരവുമായ ഫലങ്ങൾ സാധൂകരിക്കയും തെളിയിക്കയുംവേണം. സയൻസിന്റേയും ചരിത്രത്തിന്റെയും നിഗമനങ്ങളെ, അനുഭവത്തിന്റെ ഉരകല്ലിൽവച്ച് അവ തെളിയിച്ചിട്ടുള്ളടത്തോളം, ആക്കും നിഷേധിക്കാനാവില്ല. പഠനങ്ങളേക്കാൾ പ്രധാനവും മൗലികവുമാണ് അനുഭവം. അനുഭവത്തിൽനിന്നുള്ള സാമാന്യാവധാരണങ്ങളെക്കുറിച്ച് അഭിപ്രായവ്യത്യാസം ഉണ്ടാകാനിടയില്ല. അനുമാനപ്രായമോ അഭ്യൂഹപ്രായമോ സാധർമ്മ്യാധിഷ്ഠിതമോ, സാധ്യതാസൂചകമോ ആയ ഭാഗങ്ങളെക്കുറിച്ചു മാത്രമേ ഭിന്നാഭിപ്രായങ്ങൾ ജനിക്കു.

നിലവിലുള്ള മനുഷ്യജീവിതം പരിശോധിച്ചാൽ, മനുഷ്യപുരോഗതി, അതിന്റെ ഉൽഗമനത്തിൽ, നീങ്ങുന്നതു അറിവില്ലായ്മ

---

കാരൽ Man, the Unknown എന്ന സുപ്രസിദ്ധ പുസ്തകത്തിൽ ഇപ്രകാരം എഴുതുന്നു :

"ജീവജാലങ്ങളെ പൊതുവേയും മനുഷ്യരെ പ്രത്യേകിച്ചും സംബന്ധിച്ചുള്ള ശാസ്ത്രം അത്രവളരെ പുരോഗതി നേടിയിട്ടില്ല. ഇപ്പോഴും അതു വർണ്ണനാ ദശയിൽ കഴിയുകയാണ്............വാസ്തവത്തിൽ നമ്മുടെ അറിവില്ലായ്മ അനല്പമത്രെ. മനുഷ്യരെപ്പററി പഠനം നടത്തുന്നവർ സ്വയം ചോദിക്കുന്ന ചോദ്യങ്ങൾ ഏറിയകൂറും ഉത്തരമില്ലാതെ അവശേഷിക്കുന്നു. നമ്മുടെ ആന്തരലോകത്തിന്റെ അജ്ഞാതഭാഗങ്ങൾ സീമയററതാണ്..........ശാരീരികവും മാനസികവുമായ ഏതാനും ഹേതുക്കളാണ് സുഖദുഃഖങ്ങളേയും ജയപരാജയങ്ങളേയും നിർണ്ണയിക്കുന്നതു്; സംശയമില്ല. പക്ഷേ എന്തൊക്കെയാണ് അവ എന്നു നമുക്കു അറിഞ്ഞുകൂടാ. ഏതെങ്കിലും ഒരു വ്യക്തിക്കു കൃത്രിമമായി സന്തോഷപ്രവണത നൽകാൻ നമുക്കു കഴിവില്ല. പരിഷ്കൃതമനുഷ്യന്റെ പൂർണ്ണവികാസത്തിന് ഏററവും അനുയോജ്യം ഏതു പരിതസ്ഥിതിയാണ് എന്ന് ഇതുവരേയും നാം മനസ്സിലാക്കിയിട്ടില്ല............മനുഷ്യനെ ഒരു വിഷയമായി സ്വീകരിക്കുന്ന എല്ലാ ശാസ്ത്രങ്ങളുടേയും നേട്ടങ്ങൾ അപര്യാപ്തമായിത്തന്നെ അവശേഷിക്കുന്നു. നമ്മെപ്പററി നമുക്കുള്ള അറിവ് ഇപ്പോഴും അത്യല്പമത്രെ."

യിൽനിന്നു് അറിവിലേക്കാണ്് എന്നു കാണാം; ആശ്രിതഭാവത്തിൽ നിന്നു് സ്വാശ്രയഭാവത്തിലേയ്ക്കു്; ദാരിദ്ര്യവും നിസ്സഹായതയും നിറഞ്ഞ അവസ്ഥയിൽനിന്നു് സമൃദ്ധിയും പ്രഭാവവും നിറഞ്ഞ അവസ്ഥയിലേയ്ക്കു്; ക്ഷണഭംഗുരതയിലും ഹ്രസ്വജീവിതത്തിലും നിന്നു് സ്ഥിരതയിലേയ്ക്കും ദീർഘായുസ്സിലേയ്ക്കും, അനശ്വരതയിലേയ്ക്കുപോലും; നിരാശയിൽനിന്നു പ്രതീക്ഷയിലേയ്ക്കു്. പുരോഗതിയുടെ പാതയിൽ നിൽക്കുന്നവരാരും വഞ്ചിക്കപ്പെടാനോ സത്യം അറിയാതെ കഴിയാനോ ആശിക്കുന്നില്ല. മററുള്ളവരാൽ വെറുക്കപ്പെടാനോ അവരെ ഭയപ്പെട്ടു ജീവിക്കാനോ ഇഷ്ടപ്പെടുന്നില്ല; സ്വമനസ്സാലോ അന്യരുടെ നിർബ്ബന്ധത്താലോ, അനീതി സഹിക്കാനും ആശിക്കുന്നില്ല. വസ്തുതകളുടെ യാഥാർത്ഥ്യം മനസ്സിലാക്കാനും, നീതിയോടും കരുണയോടുംകൂടി പരിഗണിക്കപ്പെടാനും സ്നേഹാദരങ്ങൾ അനുഭവിക്കാനും ഭയരഹിതരായിക്കഴിയാനും ഓരോരുത്തരും ആഗ്രഹിക്കുന്നു.

ശൈശവാവസ്ഥയിലും അജ്ഞാനദശയിലും വ്യക്തിക്കു തന്റെ സമുദായത്തോടുള്ള ബന്ധം 'അനുഭോക്താവിന്റേതു്" (സ്വാർത്ഥപരന്റേതു്) ആണു്. അയാളുടെ സമുദായത്തിന്റെ വ്യാപ്തി, അയാളുടെ പരിതസ്ഥിതികൾക്കും ജ്ഞാനത്തിനും പരിസരങ്ങളുടെ അവസ്ഥയ്ക്കും അനുഗുണമായി, മാറിക്കൊണ്ടിരിക്കും;—തന്റെ കുടുംബത്തിൽനിന്നു് ഒരു ചെറിയ സമൂഹത്തോളമോ, രാഷ്ട്രത്തോളമോ സൃഷ്ടിയാകമാനം വരെയോ. താൻ ജീവിക്കുന്ന സമുദായം തനിക്കുവേണ്ടി നിലനിൽക്കയാണെന്നു് അയാൾ കരുതുന്നു; തന്റെ സ്വകാര്യ ലാഭത്തിനുവേണ്ടി അതിനെ ഉപയോഗിക്കയും ചെയ്യുന്നു. അർത്ഥവികസിതമായ ദശയിൽ ആ ബന്ധം അന്യോന്യമുള്ള ഒരു വിലപേശലായി വളരുന്നു. വ്യക്തിയും സമുദായവും ആവശ്യമനുസരിച്ചു് തമ്മിൽ പൊരുത്തപ്പെടുകയും സേവിക്കയും പരസ്പരം വിട്ടുവീഴ്ചചെയ്തു വളരാൻ ശ്രമിക്കയും ചെയ്യുന്നു. ഒന്നു പൂർണ്ണമായും മറെറാന്നിനു വേണ്ടിയാണെന്നോ സ്വന്തം ലക്ഷ്യത്തിനു വേണ്ടിപ്പോലും ബലികഴിക്കപ്പെടാവുന്നതാണെന്നോ കരുതപ്പെടുന്നില്ല.

ചില അവസരങ്ങളിൽ വ്യക്തി സ്വമനസ്സാലെ സമുദായത്തിനു വേണ്ടി ആത്മബലി നടത്തുന്നു. മററു ചിലപ്പോൾ വ്യക്തിയെ സംരക്ഷിക്കാനും വളത്താനും സമുദായം ത്യാഗങ്ങൾ അനുഷ്ഠിക്കുന്നു. അങ്ങനെ, ഉദാഹരണം പറഞ്ഞാൽ, ഒരു കുഞ്ഞിനെ വിദ്യാഭ്യാസം ചെയ്യിക്കാൻ വേണ്ടി കുടുംബങ്ങൾ സർവ്വസ്വവും ചെലവാക്കുന്നു; അഥവാ, വളരെയധികം ആശ്രിതരെ പുലത്തുന്നതിനുവേണ്ടി ഒരൊററയാൾ തൻെറ വരുമാനമാകെ അപ്പിക്കുന്നു. ഒരാൾ സ്വാഭാവികമായി ചെയ്യേണ്ട കൃത്യം എന്നല്ലാതെ ഇതിനെ ആരും കണക്കാക്കുന്നില്ല. സമുദായത്തേയോ രാഷ്ട്രത്തേയോ, മനുഷ്യകത്തേയോ, പൊതുവേ സൃഷ്ടിയേയോ സംബന്ധിച്ചായാലും ഇപ്രകാരം തന്നെ. സാധാരണഗതിയിൽ ഒരു കത്തവ്യം നിറവേററി എന്ന ബോധംപോലും ഇല്ല; തെരുവിനു കുറുകേ കടന്നുപോകാൻ സ്വന്തം കുഞ്ഞിനെ സഹായിക്കുന്നതുപോലെ അത്ര സ്വാഭാവികമായ ഒരു പ്രവൃത്തിയത്രെ. അത്തരം പ്രവൃത്തികളെ ത്യാഗകൃത്യങ്ങളായി കണക്കാക്കുന്ന അനാശാസ്യമായ ബോധം ഉദിക്കുന്നതു് മറുവശത്തു സ്വാത്ഥപരവും കൃതഘ്നവുമായ പെരുമാററത്തിൻെറ സൂചനകൾ കാണുമ്പോൾ മാത്രമാണ്. പെരുമാററം സ്വാഭാവികമായിരുന്നാൽ ത്യാഗം ചെയ്യാനുള്ള സന്ദർഭം മനസ്സിനെ പൊള്ളിക്കയോ അസംതൃപ്തമാക്കയോ ചെയ്യുയില്ല. ഏതൊരു മനുഷ്യനും മറെറാരാൾക്കുവേണ്ടി അനുഷ്ഠിക്കേണ്ട കൃത്യം മാത്രമാണു് അതു്. അനുഭോക്താവായിക്കഴിയുന്ന ദശയേക്കാൾ, ദാനശേഷി വളത്തിക്കൊണ്ടിരിക്കുന്ന ദശയ്ക്കു് പുരോഗതിമാഗ്ഗത്തിലുന്നതസ്ഥാനമുണ്ടു്.

വികാസം കുറേക്കൂടി മുന്നോട്ടുപോകുമ്പോൾ ദാനം ചെയ്യാനും, ദുർബ്ബലരെ സേവിക്കാനും അവക്കു ശക്തിയും സ്വാശ്രയശേഷിയും നേടിക്കൊടുക്കാനുമുള്ള അഭിലാഷം ശക്തിമത്തായിത്തീരുന്നു. സ്വന്തം നന്മയ്ക്കുവേണ്ടിയോ പൊതുനന്മയ്ക്കുവേണ്ടിയോ ഒരു ഉൽകൃഷ്ടലക്ഷ്യത്തിനുവേണ്ടിയോ ഒരു ത്യാഗം ചെയ്യേണ്ടിവന്നാൽ, ബലഹീനരല്ല ബലികഴിക്കപ്പെടേണ്ടതു്, ശക്തിയുള്ളവരത്രെ. മുങ്ങിക്കൊണ്ടിരിക്കുന്ന കപ്പലിൽ നിന്നു് യാത്രക്കാരെ രക്ഷപ്പെടുത്തേണ്ടി

വന്നാൽ, സ്ത്രീകളേയും കുട്ടികളേയും അംഗവൈകല്യമുള്ളവരേയു മാണ് ആദ്യം രക്ഷിക്കേണ്ടതു്; ശരീരബലമുള്ള പുരുഷന്മാരെയല്ല. ദുർബ്ബലരും ആശ്രിതരും പിന്നോക്കാവസ്ഥയിൽ കഴിയുന്നവരും നല്ലതെന്നു തോന്നുന്ന ഒരു കാര്യത്തിനുവേണ്ടി ബലികഴിക്കപ്പെട്ടാൽ അതു ദൂഷണമായി. മനസ്സിന്റെ വികാസഗതിയിൽ, സമ്പത്തിന്റെ ഫലങ്ങൾ ആസ്വാദിച്ചുകൊണ്ടുള്ള ജീവിതത്തിൽനിന്നു് അവ ത്യജിച്ചുകൊണ്ടുള്ള ജീവിതത്തിലേയ്ക്കു പുരോഗമിക്കുമ്പോൾ, മനസ്സിനു സംതൃപ്തി അനുഭവപ്പെടുന്നു. * ബലഹീനരുടെ രക്ഷിതാവും പരിപാലകനും ആയിരിക്കാൻ ആഗ്രഹിക്കുന്നവക്കു് സുഖസൗകര്യങ്ങളുടേയും ആഡംബരങ്ങളുടേയും പരിത്യാഗം ഉത്കർഷപ്രദവും അപരിത്യാജ്യവും ആണെന്നു മനസ്സിലാകുന്നു. പരിരക്ഷിക്കാനും ത്യാഗം അനുഷ്ഠിക്കാനുമുള്ള കഴിവിലാണു് ഈശ്വരത്വമുള്ളതു്; സമൃദ്ധിയുടെ പ്രദർശനത്തിലും ആഡംബരങ്ങളുടെ ആസ്വാദനത്തിലുമല്ല.

മനുഷ്യമനസ്സ്, ഇന്നു് അതു വികസിച്ചിട്ടുള്ളിടത്തോളം, സംശയാതീതമായ ചില സ്വഭാവങ്ങൾ പ്രകടമാക്കുന്നു; മനസ്സ് എന്നറിയപ്പെടുന്ന ഊർജ്ജരൂപത്തിന്റെ പ്രത്യേകതകൾ അവയത്രെ. സ്മരണ, ഇച്ഛാശക്തി, അഭിലാഷം, സംയമനം (സ്മരണയുടേയും അഭിലാഷത്തിന്റെയും) വിവേകം, ഭാവം, വിശ്വാസം—എന്നിവ ആ പ്രത്യേകതകളിൽ ചിലതാണു്. മനുഷ്യന്റെ സദാചാരത്തേയും സന്മാർഗ്ഗത്തേയും അവകാശങ്ങളേയും കർത്തവ്യങ്ങളേയും സംബന്ധിക്കുന്ന നിയമങ്ങളും ചടങ്ങുകളും ആശയങ്ങളും, മനുഷ്യൻ നിർമ്മിക്കയും നശിപ്പിക്കയും ചെയ്തിട്ടുള്ള മതപരവും രാഷ്ട്രീയവും സാമ്പത്തികവുമായ വ്യവസ്ഥിതികളും മനസ്സിന്റെ പൊതു സ്വഭാവങ്ങ

---

* "എന്റെ സോഷ്യലിസം എല്ലാവക്കുമുള്ളതാണു്. അന്ധരുടേയും ബധിരരുടേയും മൂകരുടേയും ഭസ്മത്തിൽ ചവിട്ടി ഉയരാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അവരുടെ സോഷ്യലിസത്തിൽ, ഒരു പക്ഷേ, ഇവർക്കു യാതൊരു സ്ഥാനവും ഇല്ലായിരിക്കാം........."
"നാലുകൊല്ലങ്ങൾക്കുശേഷം" ഹരിജൻ, 4-8-46.

ളുടെ വളർച്ചയുടേയും തളർച്ചയുടേയും ഫലങ്ങളാണ്. സന്മാർഗ്ഗ തത്വങ്ങളുടെ അടിസ്ഥാനവും ഈ സ്വഭാവങ്ങളത്രെ.

നേരിട്ടുള്ള അനുഭവത്തിന്മേലാണ് സന്മാർഗ്ഗതത്വങ്ങളുടെ നില; ആത്മാവിനേയും ഭൗതിക പദാർത്ഥത്തേയും കുറിച്ചുള്ള താത്വിക ചിന്തനത്തിൽ അധിഷ്ഠിതമാണ് അവ. മാനസികമോ ശാരീരികമോ ആയ ശൈശവത്തിൻെറ അവികസിതമോ അല്പവികസിതമോ ആയ ദശയിൽ വ്യക്തികളും സമൂഹങ്ങളും ആശ്രിതരായി കഴിയേണ്ടി വരുന്നു; അപ്പോഴ് അവർ സ്വാർത്ഥപരതയിലേയ്ക്കു തിരിയുന്നു; തങ്ങളുടെ ലക്ഷ്യങ്ങൾ നേടാൻ അസത്യം, ഹിംസ, ദുർമ്മാർഗ്ഗം എന്നിവപോലും അവലംബിക്കയും ചെയ്യും. സ്വാഭാവികമായിട്ടെന്നപോലെ അവർ പെരുമാറുന്നതുകൊണ്ടോ, തങ്ങളെത്തന്നെ നിയന്ത്രിക്കാൻ അവക്കു കഴിയാത്തതുകൊണ്ടോ, അവരുടെ പെരുമാറ്റത്തെ നിസ്സാരമായി കരുതേണ്ടിവരുന്നതുകൊണ്ടോ അത്തരം പെരുമാററം ധർമ്മമെന്നോ നിയമപരമെന്നോ അർത്ഥം വരുന്നില്ല. ധർമ്മത്തിൻെറ, അഥവാ, നിയമത്തിൻെറ ജോലി, മനുഷ്യൻ ശരിയായി പ്രവർത്തിക്കേണ്ടതു് എങ്ങനെയെന്നു നിർദ്ദേശിക്കയാണ്; വിവേകം, അറിവു്, പരോപകാരം, എന്നിവയുടെ ഉത്തുംഗപ്രേരണയനുസരിച്ചു്, സത്യം, അഹിംസ, ആത്മനിയന്ത്രണം, ത്യാഗം മുതലായവയിൽ വർദ്ധമാനമായ ആസക്തിയോടുകൂടി, പ്രവർത്തിക്കുക എന്നു മാത്രമാണ് ഇതിനു് അർത്ഥം.

ലോകത്തിൽ നമുക്കു് അറിയാവുന്ന സചേതനവസ്തുക്കളുടെ ഏററവും വികസിതമായ രൂപം മനുഷ്യമനസ്സാണെന്നു് നിഷേധഭീതികൂടാതെ പറയാവുന്നതാണ്. പാശ്ചാത്യ തത്വചിന്തകളിലും, സാമാന്യമായിപ്പറഞ്ഞാൽ, ഭാരതീയ തത്വചിന്തകളിലും, മനസ്സിൽ നിന്നു് ആത്മാവിനോ ചേതനയ്ക്കോ യാതൊരു വ്യത്യാസവും കല്പിച്ചിട്ടില്ല. പരിണാമഗതിയിൽ മനസ്സിനോ ചേതനയ്ക്കോ പ്രാപിക്കാൻ കഴിവുള്ള ഔന്നത്യം തെളിയിക്കുന്നവരാണ് മാനുഷ്യകത്തിലെ സമുന്നതരും ശ്രേഷ്ഠരുമായ ആളുകൾ.

ആകയാൽ സന്മാർഗ്ഗതത്വങ്ങൾക്കു സ്വയം സാധൂകരിക്കാൻ ഒരു ആധ്യാത്മികാടിസ്ഥാനം വേണ്ടിവരുന്നില്ല. എന്നാൽ പ്രതി

സന്ധികളിൽ മനുഷ്യനെ ശരിയായ പാതയിൽ നിറുത്തുന്നതും നിരാശയും മനക്ഷീണവും സംഭവിക്കുമ്പോൾ കരുത്തു നൽകുന്നതും പ്രതികൂലശക്തികളോടു പൊരുതാൻ ബലം നൽകുന്നതും വിജയമദവും അധികാരോന്മത്തതയും ബാധിക്കാതെ കാത്തുരക്ഷിക്കുന്നതും ചേതനയുടെ (ആത്മാവിൻെറ അഥവാ ഈശ്വരൻെറ) ശക്തിയത്രെ. ആത്മാവിൽനിന്നു് വേറിട്ടു് തനിക്കു് വ്യക്തിത്വവും നിലനിൽപ്പും ഇല്ലെന്നുള്ള അഗാധവും അചഞ്ചലവുമായ വിശ്വാസമുണ്ടെങ്കിലും, പ്രപഞ്ചത്തിൻെറ കേന്ദ്രവും അച്ചുതണ്ടും താനാണെന്നു് മനുഷ്യൻ കരുതുന്നില്ല; തൻെറ കാലശേഷം ലോകം നശിക്കുമെന്നൊരു പൊള്ള വിചാരവും അവനില്ല.

ഈശ്വരൻ അഥവാ ആത്മാവു, ഒരു കല്പിതാശയമല്ല, ഒരു ഉദ്ദേശ്യത്തിനുവേണ്ടി ക്രോഡീകരിച്ച സങ്കല്പവുമല്ല, ഏററവും തൽപരനും ദൃഢചിത്തനുമായ അന്വേഷകനു്. മനസ്സിൻെറ അഗാധതലങ്ങളിലും അതിനപ്പുറത്തും മുഴുകുമ്പോൾ ജനിക്കുന്ന ഒരു വിശ്വാസമാണു് ആത്മാവിലുള്ള വിശ്വാസം; ശാസ്ത്രത്തിൻെറ മറേറതൊരു സത്യത്തേയും പോലെ ആത്മപരിശോധനയിലും നിരീക്ഷണത്തിലും ചിന്തയിലും അധിഷ്ഠിതമായ ഒരു നിഗമനം. പക്ഷേ അത്രത്തോളം ആത്മാർത്ഥവും ദൃഢചിത്തവുമായ അന്വേഷണം വിരളമാണു്; ആത്മാർത്ഥതയും ഭക്തിയുമുള്ള ഭൂരിപക്ഷം ആളുകളും അചഞ്ചലവിശ്വാസത്തോടു് അടുപ്പമുള്ള ഒരു വിശ്വാസം സ്വീകരിക്കയും കെട്ടിപ്പൊക്കുകയുമാണു് ചെയ്യുന്നതു്.

ചർച്ചയുടെ ഈ വശം ഇതോടുകൂടി ഞാൻ അവസാനിപ്പിക്കുന്നു. പ്രധാന വിഷയത്തിൻെറ ഇതര വശങ്ങളിലേയ്ക്കു കടക്കാം.

V

# മനുഷ്യപുരോഗതിയും അധഃപതനവും

സാമാന്യ വിജ്ഞാനം, സയൻസ്, വ്യവസായം, കല, സാങ്കേതികമാർഗ്ഗം എന്നീ മണ്ഡലങ്ങളിൽ മനുഷ്യൻ നേടിയ പുരോഗതിയിൽ നിന്നു പിന്തിരിയാനും പ്രാചീനകാലത്തേയ്ക്കു മടങ്ങിച്ചെല്ലാനും സാധ്യമല്ലെന്നു പലപ്പോഴും നാം പറഞ്ഞു കേൾക്കാറുണ്ട്, ഈ ഉപദേശം ഭാഗികമായി നല്ലതാണ്; ഭാഗികമായി അസ്ഥാനത്തും. നല്ലതായിരിക്കുന്നിടത്തോളം, അഭൗതികവും സൂക്ഷ്മവുമായ പുരോഗതിക്കും അതു് ബാധകമാണ്.

സ്വഭാവം കൊണ്ടുതന്നെ, തുടങ്ങിയേടത്തു മടങ്ങിയെത്താൻ കഴിയാത്ത രീതിയിലാണ് ലോകത്തിൻെറ ഘടന. ഋതുക്കൾ ഓരോ കൊല്ലവും മടങ്ങിയെത്തുന്നതായി തോന്നുന്നുണ്ട്. സൂര്യനും ചന്ദ്രനും ഗ്രഹങ്ങളും വീണ്ടും വീണ്ടും ഒരേ നക്ഷത്ര സമൂഹത്തോടു സംഘടിതങ്ങളായി കാണപ്പെടുന്നു. അവയുടെ പ്രദിക്ഷണ ചക്രങ്ങളെക്കുറിച്ച് നാം പറയുന്നു. ഒരു പ്രത്യേക വ്യോമഗോളം ഒരു പ്രത്യേക സന്ദർഭത്തിൽ എവിടെ സ്ഥിതിചെയ്യുന്നതായി കാണപ്പെടും എന്നുപോലും നാം സൂക്ഷ്മമായി പ്രഖ്യാപിക്കുന്നു. പക്ഷേ വളരെ സങ്കീർണ്ണവും അവസാനമില്ലാത്തതുമായ വളയത്തിനു തുല്യമാണ് പുരോഗതിയുടെ മാർഗ്ഗം. മുഖം പിന്നെയും പിന്നെയും ഒരേ ദിക്കിലേയ്ക്കു തിരിഞ്ഞാലും, നോക്കുന്നയാളോ നോക്കപ്പെടുന്ന വസ്തുവോ ഒരേ സ്ഥാനത്തുതന്നെ സ്ഥിതിചെയ്യുന്നില്ല. അതുകൊണ്ട്, പണ്ടത്തെ 'കിരാതാവസ്ഥ'യിലോ 'മദ്ധ്യകാലത്തോ' നാം മടങ്ങിയെത്താനിടവരും എന്നു ഭയപ്പെടുന്നതു് അടിസ്ഥാനരഹിതമത്രെ; പണ്ടേക്കാലത്തെ 'സുവർണ്ണയുഗം' വീണ്ടും പ്രാപിക്കാമെന്നു് അഭിലഷിക്കുന്നതും വ്യർത്ഥം. ഒരു ഉന്നതപരിഷ്കാരം—ഒരു പ്രത്യേക

മനുഷ്യസമുദായം—ദൂഷിക്കയും അധഃപതിക്കയും ചെയ്യുന്നുവരാം; ഇന്നു താണനിലയിൽ കിടക്കുന്ന മറെറാരു സമുദായം അതിനെ കീഴടക്കുകയും നശിപ്പിക്കുകയും ചെയ്യുന്നുവരാം; എന്നാൽ മനുഷ്യരാശി സ്വന്തം ഭൂതകാലാവസ്ഥയിലേയ്ക്കു് ഒരിക്കലും മടങ്ങിപ്പോകയില്ല.

രണ്ടാമതായി; ഭൗതികശാസ്ത്രത്തിൻെറ മണ്ഡലത്തിൽ പ്രതിലോമ ഗതിയോടു് അനുകൂലിക്കാൻ സാധ്യമല്ലെങ്കിൽ, മനുഷ്യവർഗ്ഗത്തിൻെറ ആധ്യാത്മികവും ധാർമ്മികവുമായ പുരോഗതിയുടെ മണ്ഡലത്തിൽ അതു സാധ്യമാണോ? യുഗയുഗാന്തരങ്ങളായി, മനുഷ്യൻ നേടിയ ആധ്യാത്മികവും ധാർമ്മികവും ബുദ്ധിപരവും മാനസികവുമായ പുരോഗതിയെ വിഗണിക്കാനൊക്കുമോ? സോക്രററീസ്, ബുദ്ധൻ, കൺഫ്യൂഷ്യസ്, യേശു, ഗാന്ധിജി മുതലായ മഹാന്മാരെ സൃഷ്ടിക്കാൻ മാനുഷ്യകത്തിനു കഴിഞ്ഞതു് ഈ പുരോഗതികൊണ്ടാണല്ലോ. നൂററാണ്ടുകളായി അവർ മററുള്ളവൎക്കു ദീപസ്തംഭങ്ങളായി നിലകൊള്ളുന്നു. അവൎക്കു മുൻപു് ഉണ്ടായിരുന്നതിനേക്കാഠം ഉയൎന്ന ഒരു നിലവാരം അവർ പ്രദർശിപ്പിക്കുന്നു.

സാധാരണാൎത്ഥത്തിൽ നാസ്തികനെങ്കിലും വലിയ മനുഷ്യസ്നേഹിയായ വിൻവുഡ്റീഡ് "മനുഷ്യൻെറ രക്തസാക്ഷിത്വം" (The Martyrdom of Man) എന്ന പുസ്തകത്തിൽ ഇപ്രകാരം പറയുന്നു.

" ആവശ്യംകൊണ്ടു ജനിച്ചു്, ഒരു സ്വൎഗ്ഗീയ പ്രതിഫലത്തെക്കുറിച്ചുള്ള പ്രതീക്ഷയാൽ വളൎന്നതാണു് നന്മചെയ്യാനുള്ള അഭിലാഷം. ഇന്നു് അതു മനുഷ്യരാശിയുടെ ഒരു വാസനയായിത്തീൎന്നിട്ടുണ്ടു് ..................ഇന്നത്തെപ്പോലെ എന്നും ധൎമ്മതല്പരന്മാർ ഉണ്ടായിരിക്കും; തങ്ങളുടെ അന്തഃകരണമാകുന്ന കണ്ണാടിയിൽ നോക്കി ആത്മാവിനെ അലങ്കരിക്കയും ശുദ്ധീകരിക്കയും ചെയ്യുന്നവർ; പ്രവൃത്തികളിലും ചിന്തകളിലും ആദർശപരമായ ശ്രേഷ്ഠത പ്രാപിക്കാൻ പരിശ്രമിക്കുന്നവർ."

ഈ വിഭാഗത്തോട് തന്നത്താൻ ഐക്യം പ്രാപിച്ചുകൊണ്ട് അദ്ദേഹം തൻെറ 'സദ്വൃത്തിമത'വും അതു സാക്ഷാൽകരിക്കാനുള്ള വിദ്യയും രൂപപ്പെടുത്തി.........

"നമ്മുടെ പ്രതിഭയും സ്നേഹവും പരമാവധി വികസിപ്പിക്കാനുള്ള യഥാൎത്ഥമതം അതൊന്നു മാത്രമാണു്. എഴുതാൻ അർഹതയുള്ളതു് ചെയ്യുക, വായിക്കാൻ അർഹതയുള്ളതു് എഴുതുക, രോഗികളെ ശുശ്രൂഷിക്കുക, പരിക്ഷീണരെ ഉത്സാഹപ്പെടുത്തുക, ശരീരക്ഷേത്രം പരിശുദ്ധമായി സൂക്ഷിക്കുക. നമ്മുടെ ഉള്ളിൽ ദിവ്യത പരിപാലിക്കുക, ബുദ്ധിയോടു വിശ്വസ്തരായിരിക്കുക, നമ്മെ ഭാരമേൽപ്പിച്ചിട്ടുള്ള ശക്തികൾക്കു് ശിക്ഷണം നല്കുക, മനുഷ്യസേവനത്തിനുവേണ്ടി അവ വിനിയോഗിക്കുക—അതൊക്കെ മാത്രമാണു് നമുക്കു ചെയ്യാവുന്നതു്. അതുകൊണ്ടു് സദ്വൃത്തിയാണു് നമ്മുടെ മതം; നമ്മുടെ സന്തതികളുടെ സന്തോഷമാണു നമ്മുടെ പ്രതീക്ഷ; മനുഷ്യസംപൂൎണ്ണത സാധ്യമാണെന്നതാണു് നമ്മുടെ വിശ്വാസം. സ്നേഹം മനുഷ്യരാശിയെ ഏകീകരിക്കും, ഭയമല്ല.................. ഏകവിശ്വാസത്തോടുകൂടി, ഏകാഭിലാഷത്തോടുകൂടി, വിശുദ്ധലക്ഷ്യത്തിനുവേണ്ടി അവർ ഒത്തുചേൎന്നു പ്രയത്നിക്കും—രോഗനിവാരണം, പാപോച്ചാടനം, പ്രതിഭയുടേയും സ്നേഹത്തിൻേറയും സമ്പൂൎത്തി, അനശ്വരതയുടെ കണ്ടുപിടിത്തം, അപാരതയുടെ അന്വേഷണം, സൃഷ്ടിയുടെമേലുള്ള വിജയം—എന്നിവയ്ക്കുവേണ്ടി.

"എല്ലാവൎക്കും കവികളാകാനോ, കണ്ടുപിടിത്തം നടത്താനോ, ലോകോപകാരികളാകാനോ സാധ്യമല്ല; സൃഷ്ടിയുടെ പുരോഗതി എന്ന ഗംഭീരവും ദൈവീകവുമായ കൎമ്മത്തിൽ പങ്കെടുക്കാൻ എല്ലാവൎക്കും കഴിയും. സ്വന്തം പ്രകൃതിയെ സംസ്കരിക്കുന്നവൻ, താനും ഭാഗമായിട്ടുള്ള പ്രപഞ്ചത്തെ നന്നാക്കുന്നു. തൻെറ ദുർവ്വികാരങ്ങളെ (പണ്ടത്തെ നാൽക്കാലിജീവിതത്തിൻെറ അവശിഷ്ടങ്ങളെ) കീഴ്പ്പെടുത്താൻ പരിശ്രമിക്കുന്നവൻ, സാമൂഹ്യസ്നേഹം വളൎത്തുന്നവൻ, തൻെറ നില അഭിവൃദ്ധിപ്പെടുത്താൻ ഉദ്യമിക്കുന്നവൻ, തൻെറ കുട്ടികൾ തന്നെക്കാൾ അറിവുള്ളവരും സന്തോഷശാലികളും ആയി

ത്തീരാൻ യത്നിക്കുന്നവൻ, അയാളുടെ ഉദ്ദേശം എന്തായിരുന്നാലും, ജീവിതം വ്യർത്ഥമാക്കുന്നില്ല.......................പക്ഷേ ഈ അവസ്ഥ അനായാസേന പ്രാപിക്കാവുന്നതല്ല..........................ഏററവും വിശുദ്ധവും വിശിഷ്ടവുമായ സദ്വൃത്തി, കഠിനമായ ദീർഘകാല മനസ്സംസ്കാരം കൊണ്ടേ നേടാൻ കഴിയൂ.''

മനുഷ്യപരിണാമത്തിൻെറ ഗതിയിൽ, അവൻ പലപ്പോഴും മുന്നോട്ടും പിന്നോട്ടും പോയിട്ടുള്ളതായി കാണപ്പെടുന്നു. പലപ്പോഴും അവനു തെററു പററിയിട്ടുണ്ട്; പിന്നേയും പിന്നേയും കണക്കു കൂട്ടേണ്ടിവന്നിട്ടുണ്ട്. ഒരിക്കൽ മന:പൂർവ്വം ചെയ്തതു് മാച്ചുകളയാനും പഴയ അവസ്ഥ കഴിയുന്നിടത്തോളം പുനസ്ഥാപിക്കാനും പലപ്പോഴും ശ്രമിച്ചിട്ടുണ്ട്. രാഷ്ട്രീയസ്ഥാപനങ്ങളുടെ മണ്ഡലത്തിൽ ഏതെങ്കിലും ഒരു രീതിയിൽ അവൻ ഉറച്ചു കഴിഞ്ഞിട്ടില്ല. പരിപൂർണ്ണമായ ഏകഛത്രാധിപത്യം (ഡിക്റേറ്റർഷിപ്പ്) നിയന്ത്രിതമോ ഭരണഘടനാപരമോ ആയ രാജകീയഭരണം, പ്രഭുഭരണം, ജനായത്തഭരണം, അവിഭക്തഭരണം (യൂണിറ്ററി) സംയുക്തരാഷ്ട്രഭരണം (ഫെഡറൽ) എന്നിവ പലതരത്തിൽ വീണ്ടും വീണ്ടും പരീക്ഷിച്ചു കഴിഞ്ഞ രീതികളത്രെ. ഇനിയും ഭാവിയിൽ അവ പരീക്ഷിക്കപ്പെടാം. ഈ ഭരണകൂടങ്ങളുടെ പ്രകടരൂപങ്ങളിലും താൽകാലിക ജയപരാജയങ്ങളിലും ചരിത്രകാരൻ ശ്രദ്ധപതിപ്പിക്കുന്നില്ല. മറിച്ച് അത്തരം ഓരോ പരീക്ഷണത്തിന്റേയും പിന്നിലുള്ള രാഷ്ട്രീയ ചിന്താഗതിയും അതിൻെറ സ്വാധീന വലയത്തിൽപ്പെടുന്ന മാനുഷ്യകത്തിൻെറ വ്യാപ്തിയും അയാൾ പരിശോധിക്കുന്നു. ഇതിനെ അടിസ്ഥാനപ്പെടുത്തിയാണ് ആ കാലഘട്ടത്തിലെ പരിഷ്കാരത്തിനു് അയാൾ വില നിർണ്ണയിക്കുന്നതു്.

രാഷ്ട്രീയവും രാഷ്ട്രീയേതരവുമായ സ്ഥാപനങ്ങൾ പ്രധാനമായും (പൂർണ്ണമായെന്നു പറഞ്ഞാലും തരക്കേടില്ല) അന്നത്തെ സാമ്പത്തികസ്ഥിതിഗതികളാലും സാമ്പത്തികസ്ഥാപനങ്ങളാലും രൂപവൽക്കരിക്കപ്പെടുന്നു എന്ന നിലപാടിൽ നിന്നുകൊണ്ടാണ് മാർക്സ് അവയെ പരിശോധിച്ചതു്. തൊഴിലാളി വർഗ്ഗത്തിൻെറ കൈയിൽ

രാഷ്ട്രീയാധികാരം കാലക്രമേണ ചെന്നെത്തുമെന്നും പ്രത്യേകാവകാശങ്ങളുള്ള പ്രജാവർഗ്ഗങ്ങളൊന്നും രാഷ്ട്രത്തിൽ ഉണ്ടാവുകയില്ലെന്നുമുള്ള നിഗമനത്തിൽ അദ്ദേഹം എത്തിച്ചേർന്നു. അതുകൊണ്ട് വിവേകമുള്ള മനുഷ്യരുടെ കർത്തവ്യം ആ പരിവർത്തനത്തെ സഹായിക്കുകയാണെന്ന് അദ്ദേഹം തീരുമാനിക്കുന്നു.

ഇതു് സത്യമായിരിക്കാം. ഇതാണ് പൂർണ്ണസത്യമെന്ന് അതിനർത്ഥമില്ല: ആയിരുന്നാലും എല്ലാ മാർഗ്ഗം ഉപയോഗിച്ചും, അതു നടപ്പിൽ വരുത്താമെന്ന് അർത്ഥമില്ല. കഴിഞ്ഞ പല നൂററാണ്ടുകളായി മനുഷ്യൻ നേടിയ ആധ്യാത്മികവും ധാർമ്മികവുമായ പുരോഗതി മനസ്സിൽ കരുതിക്കൊണ്ടുവേണം ഈ ലക്ഷ്യം സാക്ഷാൽക്കരിക്കാൻ. ഈ പുരോഗതിക്കുവേണ്ടവണ്ണം വിലയിരുത്തുകയും വേണം. ആധുനികയുഗത്തിലെ ധാർമ്മികപൂർണ്ണിമയുടെ പരമകാഷ്ഠ ഗാന്ധിജി പ്രദർശിപ്പിച്ചെങ്കിൽ ലോകത്തിലെ അടുത്ത മഹാപുരുഷൻ കുറേക്കൂടി ഉന്നത നിലയിലുള്ള പൂർണ്ണിമ പ്രദർശിപ്പിക്കേണ്ടതാണ്; നിശ്ചിതതപവാദത്തിന് മൂല്യമെന്തെങ്കിലും ഉണ്ടെങ്കിൽ ഇതു മനുഷ്യരാശിയുടെ അടുത്ത നിയത ലക്ഷ്യമായി കണക്കാക്കപ്പെടണം. തേനീച്ചക്കൂടിൻേറയും റാണിയുടേയും പൂർണ്ണിമയ്ക്കുവേണ്ടി മരണം വരേയും ജോലിചെയ്യുന്ന ഒരു ചെറിയ തേനീച്ചയേക്കാറം കൂടുതലായി യാതൊന്നും മനുഷ്യനിൽ ഇല്ലെന്ന് മാർക്സിസ്റ്റ് വിശ്വസിക്കുന്നതു് സത്യമാണെങ്കിൽ, അടുത്ത കാലഘട്ടത്തിൽ, ഇന്നേവരെ വേണ്ടിവന്നതിനേക്കാറം ഹ്രസ്വമായ കാലത്തിനുള്ളിൽ, ഗാന്ധിജിയേക്കാറം മഹാനായ ഒരു മനുഷ്യനെ സൃഷ്ടിക്കാൻ മനുഷ്യരാശിയെ പര്യാപ്തമാക്കത്തക്കവണ്ണം അയാരം പ്രവർത്തിക്കണം. ധാർമ്മിക പൂർണ്ണിമയ്ക്കുവേണ്ടിയുള്ള ആയിരമായിരം വ്യക്തികളുടെ അദ്ധ്വാനം കൊണ്ടായിരിക്കണം ഗാന്ധിജിയുടെ ജനനം സാദ്ധ്യമായതു് എന്നോക്കണം; അദ്ദേഹത്തേക്കാറം മഹാനായ ഒരാളെ സൃഷ്ടിക്കാൻ പതിനായിരക്കണക്കിന് അത്തരം അദ്ധ്വാനങ്ങറം ആവശ്യമുണ്ട്. ഭൂതകാലത്തിലെ എല്ലാവലിയ ദിഗ്വിജയികളേയും ഏകാധിപതികളേയും ഹിററ്ലർ അതിശയിച്ചിരിക്കാം. സൂപ്പർ

ഹിററ്ലർമാർപോലും ലോകത്തിൽ വീണ്ടും പ്രത്യക്ഷപ്പെട്ടെന്നു വരാം. പക്ഷേ അതേ തരത്തിലുള്ള അനേകായിരം ചെറിയ ശൂരന്മാരുടെ പ്രയത്നഫലമായിട്ടാണ് അവരും ജനിക്കുന്നതു്. എന്നാൽ ഈ സ്വഭാവത്തിൻെറ വളർച്ച മനുഷ്യസമുദായത്തിൻെറ യഥാൎത്ഥ ലക്ഷ്യമായിരിക്കുക സാധ്യമല്ല.

സാമ്പത്തിക – രാഷ്ട്രീയലക്ഷ്യങ്ങളെപ്പോലെ പ്രധാനവും അപരിത്യാജ്യവുമാണ് ധാർമ്മികലക്ഷ്യവും. ഒരു പക്ഷേ അവരണ്ടിൽ ഒന്നു് തെരഞ്ഞെടുക്കേണ്ടിവന്നാൽ രണ്ടാമത്തേതു് പ്രധാനതരമാണെന്നു് കണക്കാക്കേണ്ടിയിരിക്കുന്നു. അതിനെ വിഗണിക്കാനുള്ള ഏതു പരിശ്രമവും ഭൗതികലക്ഷ്യം പ്രാപിക്കുന്നതിനു പോലും തടസ്സമായി കലാശിക്കും. ഒരു പക്ഷേ അതു നേടാൻ തീരെക്കാഴിഞ്ഞില്ലെന്നുവരാം; അഥവാ നേടിയെന്നു തോന്നിയാലും ആർക്കുവേണ്ടിയാണോ അതു് പരീക്ഷിക്കപ്പെടുന്നതു്, ആ ജനതയ്ക്കു് ശാന്തിയും അഭ്യുദയവും നൽകാൻ കഴിഞ്ഞില്ലെന്നുവരാം. ഗാന്ധിജിയുടെ ധാർമ്മിക നിഷ്ഠയെ വിഗണിക്കുന്നതുകൊണ്ടു്, സ്വാതന്ത്ര്യമുണ്ടെങ്കിലും നമ്മുടെ നാട്ടിൽ സമാധാനവും സമൃദ്ധിയുമില്ല; അതു നാം നേരിട്ടു കാണുന്നുണ്ടല്ലോ. കമ്യൂണിസ്സ്ഥാപനത്തെ തുടൎന്നും ഇതായിരിക്കും സ്ഥിതി.

ഒരിക്കൽ കടന്നു പോന്ന പുരോഗതിമാറ്റും വേണ്ടെന്നു വയ്ക്കുന്നതു് തെററാണെന്നുള്ള വാദവും ഒരു അദ്ധസത്യമത്രെ. പൂൎവ്വകാലാവസ്ഥയുടെ ധാൎമ്മിക മൂല്യവും പ്രയോജനവും പരിഗണിക്കാതെ, അതു ഭേദിക്കുന്നതല്ല പുരോഗതി. അത്തരമൊരു തത്വം മനുഷ്യരൂപത്തിലുള്ള പിശാചുക്കളേയും മാരകായുധങ്ങളേയും വീണ്ടും വീണ്ടും വളൎത്താൻ മാത്രമേ പ്രയോജനപ്പെട്ടു. അടുത്ത യുദ്ധം കഴിഞ്ഞതിനേക്കാൾ വിപുലവും, സാൎവ്വത്രികവും ഭയങ്കരവുമായിത്തീരും; കൂടുതൽ ക്രൂരന്മാരായ സൈന്യാധിപന്മാരായിരിക്കും അതു നയിക്കുക. ഇന്നോളം ഉണ്ടായതിനേക്കാൾ വലിയതോതിൽ മനുഷ്യരാശിയുടെ വമ്പിച്ച ഭാഗവും നശിപ്പിക്കുന്ന യുദ്ധമായിരിക്കും അതു്.

അങ്ങനെ വിശ്വസിക്കുന്ന ആളുകൾ വാസ്തവത്തിലുണ്ട്. ഭാവിയിൽ അത്തരം സംഭവങ്ങളും പിശാചുക്കളും ഉണ്ടാവുകയെന്നതു് അസംഭാവ്യമല്ല. പക്ഷേ അതു വികാസത്തിലേയ്ക്കുള്ള പുരോഗതി ആയിരിക്കയില്ല, പരിഷ്കാരത്തിൻേറയും മനുഷ്യ വർഗ്ഗത്തിൻേറയും അധഃപതനത്തിലേയ്ക്കും നാശത്തിലേയ്ക്കുമുള്ള ഗതിയായിരിക്കും. ബോധപൂർവ്വമായ ഒരു പരിശ്രമം നടത്തുകയാണെങ്കിൽ, ഈ ഗതിയെ തടയാനാണു് അതു് വേണ്ടതു്; ത്വരിതപ്പെടുത്താനല്ല.

vi

# വസ്തുക്കളുടെ ഉയർച്ചയും ക്ഷയവും

ഗാന്ധിജിയുടേയും മാർക്സിൻേറയും തത്വചിന്തകൾ തമ്മിലുള്ള വ്യത്യാസം അവരുടെ രാഷ്ട്രീയ സാമ്പത്തികാശയങ്ങളിൽ പ്രകടമാകുന്നു. വർഗ്ഗസമരം, തൊഴിലാളിവർഗ്ഗത്തിൻെറ ഏകാധിപത്യത്തിലൂടെ വർഗ്ഗസമരത്തിനു വരുന്ന വിരാമം, ഭൂമിയുടേയും ഖനികളുടേയും മററു ഭൗതിക സമ്പത്തുകളുടേയും മേലുള്ള സ്വകാര്യഉടമ ഇല്ലാതാക്കൽ, രാഷ്ട്രമുതലാളിത്തം, * വ്യവസായങ്ങളുടെ ദേശസാൽ

---

* മാർക്സിസ്ററ് ചിന്താഗതിക്കാരനായ ഒരു നിരൂപകൻ, രാഷ്ട്രമുതലാളിത്ത സിദ്ധാന്തത്തെ ( State Capitalism ) മാർക്സിസത്തോടു ഞാൻ ഘടിപ്പിച്ചതിനെ എതിർക്കുന്നു. ആ വാക്കുകൊണ്ടു ഞാൻ വിവക്ഷിക്കുന്നതു് എന്തെന്നു വിശദീകരിക്കുകയാണു് ഉത്തമം. എൻെറ അറിവിൽ പെട്ടിടത്തോളം, സ്ഥൂലവും സൂക്ഷ്മവുമായ സമ്പത്തും പ്രയത്നവും അളന്നു പ്രതിഫലം നിർണ്ണയിക്കാൻ റഷ്യയിലും ഉപയോഗിക്കുന്ന മാനദണ്ഡം പണമാണു്. ചെയ്യുന്ന ജോലിയുടെ അളവു് അനുസരിച്ചു മാത്രമല്ല, പ്രതിഫലം കൊടുക്കുന്നതു്; (അതു് ഉടനെ നിർണ്ണയിക്കാൻ പ്രയാസമുള്ളപക്ഷം) ജോലിക്കാരൻ സേവനം അനുഷ്ഠിക്കുന്ന സമയത്തെ അടിസ്ഥാനപ്പെടുത്തിയുമല്ല, ജോലിയുടെ ബുദ്ധിപരമായ സ്വഭാവത്തെക്കൂടി ആസ്പദമാക്കിയാണു്. അങ്ങനെ ഒരു പരിശോധനാവിദഗ്ദ്ധനും ഒരു എൻജിനീയറും ഒരു മാനേജരും ഒരു സാധാരണ തൊഴിലാളിയും വാങ്ങുന്ന പ്രതിഫലങ്ങൾ തമ്മിലുള്ള വ്യത്യാസം വിപുലമാണു് — മുതലാളിത്ത രാഷ്ട്രങ്ങളിൽ ഉള്ളതുപോലെതന്നെ.

രണ്ടാമതായി, സാധനങ്ങളുടെ ഉൽപ്പാദനച്ചെലവു് അനുസരിച്ചു മാത്രമല്ല അവയുടെ വില നിശ്ചയിക്കുന്നതു്; ഒരേതരത്തിലുള്ള രണ്ടുസാധനങ്ങളിൽ ഒന്നു മററതിനേക്കാൾ ആകർഷകവും ആവശ്യക്കാരുള്ളതും ആയിരുന്നാൽ അതിനു കൂടുതൽ വില നിശ്ചയിക്കുന്നു — അവകൊണ്ടുള്ള പ്രയോജനവും സൗകര്യവും അവ നിർമ്മിക്കാൻ

5698



ക്കരണം, ജീവിതത്തിൻേറയും പ്രയത്നത്തിൻേറയും പട്ടാളച്ചിട്ട, * എന്നീ തത്വങ്ങാം മാർക്സ് അവതരിപ്പിക്കുന്നു. ഗാന്ധിയൻ തത്വങ്ങളാകട്ടെ, വർണ്ണധർമ്മം, (വർഗ്ഗകർത്തവ്യങ്ങാം നിർവ്വഹിക്കുക) സത്യാഗ്രഹം, കൂടിയാലോചന, വികേന്ദ്രീകരണം, ട്രസ്റ്റീഷിപ്പ്, സാദ്ധ്യമാകുന്നിടത്തോളം ജനകീയമാക്കലും വ്യക്തിസ്വാതന്ത്ര്യവും എന്നിവയത്രെ.

---

വേണ്ടിവന്ന പ്രയത്നവും പദാൎത്ഥങ്ങളും തുല്യമായിരുന്നാലും. ഒരു ഫാഷനോട്ട മനുഷ്യനുള്ള പക്ഷപാതവും ദൗർബ്ബല്യതയും ചൂഷണം ചെയ്യപ്പെടുന്നു എന്നാണ് ഇതിനു് അൎത്ഥം.

മൂന്നാമതായി, പ്രതിഫലത്തിനുള്ള വ്യത്യാസം നിമിത്തം, ഒരു വശത്തു വ്യത്യസ്ത ജീവിത നിലവാരങ്ങാം ഉണ്ടാകാനും മറുവശത്തു് രാഷ്ട്രത്തിൻെറ ആവശ്യങ്ങാംക്കുവേണ്ടി തങ്ങളുടെ വരുമാനത്തിൽ നിന്നു മിച്ചം വയ്ക്കാൻ ജനങ്ങളുടെ മേൽ പ്രേരണചെലുത്താനും ഇടയാകുന്നു എന്നു തീർച്ച. അങ്ങനെ പലിശയ്ക്കുവേണ്ടി മുതൽമുടക്കാനുള്ള എല്ലാ മാൎഗ്ഗങ്ങളും അവലംബിക്കേണ്ടിവരുന്നു—മുതലാളിത്ത ഭരണകൂടങ്ങാം ചെയ്യുന്നതുപോലെ. ഈ രീതിയിൽ വായ്പ വാങ്ങാൻ അവകാശമുള്ള സ്ഥാപനം ഭരണകൂടമായതുകൊണ്ടു് ഞാൻ അതിനു രാഷ്ട്രമുതലാളിത്തം എന്നു നാമകരണം ചെയ്തു. സാങ്കേതികമായി മറെറാരു അൎത്ഥത്തിലാണ് ആ പദം ഉപയോഗിക്കുന്നതെങ്കിൽ, ഈ കുറിപ്പു ഒരു വിശദീകരണമായി കണക്കാക്കാവുന്നതാണ്.

* അടുത്തകാലത്തെ റഷ്യാചരിത്രം പഠിക്കുന്ന നിഷ്പക്ഷചിത്തനായ ഏതൊരാളും ഒരു കാര്യം സമ്മതിക്കും: ഓരോ വ്യക്തിക്കു് സ്വജീവിതം സമ്പൂർണ്ണമായി സംവിധാനം ചെയ്യാനും തൻെറ ലക്ഷ്യങ്ങാം നിശ്ചയിക്കാനും നല്ലതെന്നു തനിക്കു തോന്നുന്ന രീതിയിൽ അവയ്ക്കുവേണ്ടി പ്രയത്നിക്കാനും അവകാശം അനുവദിക്കുന്ന ഒരു യഥാൎത്ഥ ജനാധിപത്യം അവിടെ ഇല്ല; രാഷ്ട്രത്തിനു പ്രാധാന്യം കൂടിക്കൂടി വരികയാണ് റഷ്യയിൽ; വ്യക്തിക്കും അവൻെറ ആത്മസത്തയുടെ വികാസത്തിനും പ്രാധാന്യം കുറഞ്ഞു കുറഞ്ഞും വരുന്നു; വ്യക്തി രാഷ്ട്രത്തിൻെറ നന്മക്കുവേണ്ടി നിലനിൽക്കുകയാണ്; അല്ലാതെ, രാഷ്ട്രത്തിൻെറ ഘടകങ്ങളായ ജനങ്ങളുടെ ആത്മസത്തയുടെ സമ്പൂൎത്തിക്കുവേണ്ടി രാഷ്ട്രം നിലനിൽക്കുകയല്ല.''

വിൽഫ്രെഡ് വെല്ലക്ക്—'തൃതീയമാൎഗ്ഗം', പേജ് 10.

വർഗ്ഗ സമരതത്വം പരിശോധിക്കാം. ഗാന്ധിജി പ്രാധാന്യം നൽകുന്ന ധാർമ്മികവും മനശാസ്ത്രപരവുമായ മാററം സംഭവിക്കുന്നതുവരെ വർഗ്ഗസമരത്തിനു് വിരാമമിടാൻ (മാർക്സ് നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗംകൊണ്ടു് വർഗ്ഗരഹിത സമുദായം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തിൽ എത്തിച്ചേരാൻ) സാധ്യമല്ലെന്നു കാണാം. ഒരു രാജാവിനെ കൊലചെയ്യുകയോ, സിംഹാസനഭ്രഷ്ടനാക്കുകയോ ചെയ്തു്, കൊലചെയ്തവനെ പ്രസിഡൻറു് എന്നപേരിൽ ആ സ്ഥാനത്തു് കയററിയിരുത്തിയിട്ടു്, ആ മാററം 'വിപ്ലവ'മാണെന്നു് പറയുന്നതിനു് സമമാണിതു്. യഥാർത്ഥഫലം ഒരു ആറംമാററത്തിൽ കവിഞ്ഞൊന്നുമില്ല. ആദ്യം ജീവിതക്രമത്തിലും ഏതാനും മാററങ്ങളും പരിഷ്കാരങ്ങളും സംഭവിക്കാം; എങ്കിലും ഒരു ഹ്രസ്വകാലഘട്ടത്തിനുശേഷം, മനുഷ്യബന്ധങ്ങളിൽ ശാശ്വതവും സാരവുമായ മാററമൊന്നും ഇല്ലെന്നു് ബോധ്യപ്പെടും. ജനങ്ങളുടെ ധാർമ്മിക സ്വഭാവത്തിൽ പൊതുവേ എത്രത്തോളം ഉയർച്ച ഉണ്ടായിട്ടുണ്ടോ അത്രമാത്രം മാറ്റം പ്രതീക്ഷിക്കാം. ഒരു പുതിയ ഭരണമേധാവിയും, അയാളുടെ പ്രഭുവർഗ്ഗവും പുതിയ ഉദ്യോഗസ്ഥവൃന്ദവും, പുതിയ സേവകഗണവും, പുതിയതരം ഇടത്തരക്കാരും പഴയതിൻെറ സ്ഥാനത്തു് വന്നെത്തും. അവരുടെ ഇടയിലും അവരും പണിയെടുക്കുന്ന ജനസാമാന്യവും തമ്മിലുള്ള പരസ്പരബന്ധം, 'വിപ്ലവ'ത്തിനുമുമ്പു് നിലവിലിരുന്ന ബന്ധത്തോടു് ഏതാണ്ടു് തുല്യം തന്നെ ആയിരിക്കും. ഭരണമേധാവിയുടേയും അയാളുടെ മന്ത്രിസഭയുടേയും പരമാധികാരം, യഥാർത്ഥസേനാനായകൻെറ സൈനികബലം, യഥാർത്ഥ ഭൂവുടമകളുടേയും സമ്പന്നരുടേയും സ്വാധീനശക്തി, വിദഗ്ദ്ധൻെറ സാങ്കേതികശക്തി, തൊഴിലാളികളുടെ ശാരീരിക പ്രയത്നശക്തി, എന്നിവയെല്ലാം മുമ്പിരുന്നതുപോലെ തുടരും; അതേ വർഗ്ഗവിഭാഗങ്ങൾ സ്ഥാപിക്കപ്പെടും; മുൻപിലത്തെപ്പോലുള്ള താല്പര്യവൈരുദ്ധ്യങ്ങൾ ജനിക്കും. 'സാർ' ചക്രവർത്തിയുടെ ഭരണം നിഷ്ഠുരമായ സ്വേച്ഛാധിപത്യമായി മാറുകയും ഹിംസകൊണ്ടു് അതിനു വിരാമമിടേണ്ടി വരികയും ചെയ്തെങ്കിൽ, തൊഴിലാളിവർഗ്ഗത്തിൻെറ ഏകാധിപത്യം ദുസ്സഹമായിത്തീരുമ്പോൾ, അതേ രീതിയിൽത്തന്നെ ഉന്മൂലനം

ചെയ്യേണ്ടിവരും. വ്യവസായത്തൊഴിലാളികളുടെ ഏകാധിപത്യം, സാറിൻേറതോ മുതലാളികളുടേതോ പോലെതന്നെ നിഷ്ഠൂരന്മാരും സാമ്രാജ്യമോഹികളും ഉപജാപകന്മാരുമായ ചൂഷകന്മാരുടെ ഒരു വർഗ്ഗം സൃഷ്ടിക്കയില്ലെന്നു് യാതൊരു ഉറപ്പുമില്ല. സ്ഥിരമായ ഒരു ഉദ്യോഗവിഭജനവും കൂടാതെ ജീവിതത്തിലാവശ്യമുള്ള എല്ലാ പ്രവൃത്തികളിലും എല്ലാവരും പങ്കെടുത്താൽ മാത്രമേ യഥാർത്ഥത്തിൽ വർഗ്ഗരഹിതമായ സമുദായം സാധ്യമാവൂ. പക്ഷേ നാം ജീവിക്കുന്നതുപോലുള്ള ഒരു സങ്കീർണ്ണ സമുദായത്തിൽ, സാമ്പത്തികഘടന വികേന്ദ്രീകൃതമായിരുന്നാലും വർഗ്ഗരഹിതമായ ഒരവസ്ഥ സാധ്യമാണെന്നു തോന്നുന്നില്ല. സാധ്യമാകുന്നതിൽ വച്ചു് പരമാവധി നേടാവുന്നതു് വർഗ്ഗസൗഹാർദ്ദം മാത്രം. ഇതു തന്നെ സാധ്യമാകണമെങ്കിൽ, മനുഷ്യർ അത്രത്തോളം നല്ലവരും, സത്യസന്ധരും, സ്നേഹശാലികളും ശുദ്ധരും, ആത്മനിയന്ത്രണമുള്ളവരും, ജീവിതത്തെ ആദരിക്കുന്നവരും ആയിത്തീരണം; തങ്ങളുടെ അധികാരപരിധിക്കു കീഴിലുള്ള ആളുകളെ സേവിക്കാനും സന്തോഷിപ്പിക്കാനും അവർ ശ്രമിക്കണം. സമുദായത്തിൽ അവർക്കോരോരുത്തർക്കുമുള്ള ജോലിയും കർത്തവ്യവും സത്യസന്ധതയോടെ അനുഷ്ഠിക്കണം. അത്തരം മനുഷ്യരുടെ സമുദായത്തിൽ സമ്പൂർണ്ണമായ അഭ്യുദയവും സമാധാനവും ഐക്യവും ഉണ്ടായിരിക്കും; വൈരവും വഴക്കും ഇല്ലാതാവുകയോ കുറയുകയോ ചെയ്യും. സന്തോഷത്തിനാവശ്യമുള്ള സാഹചര്യങ്ങൾ ഇവയത്രെ.

1. കർത്തവ്യബോധമായിരിക്കണം മനുഷ്യരുടെ വിവധവ്യാപാരങ്ങളിൽ അവർക്കു പ്രചോദനം നൽകുന്നതു്. ലാഭമോ, ആസ്വാദനങ്ങളോ, മോഹസിദ്ധിയോ മററു പ്രേരണകളോ അല്ല.

2. അവർക്കു് സിദ്ധിച്ചിട്ടുള്ളതു്, ധനമോ അധികാരമോ, ഉദ്യോഗമോ, അറിവോ, സാങ്കേതികപരിജ്ഞാനമോ, ശാരീരികബലമോ, ആശ്രിതരുടെ രക്ഷാകർതൃത്വമോ എന്തായാലും, അവയുടെയെല്ലാം ട്രസ്റ്റിയായി അവർ തങ്ങളെ കണക്കാക്കണം. അവർ പരിപാലിക്കുന്ന വസ്തുവിന്റെ കണക്കു് സത്യസന്ധതയോടുകൂടി സൂക്ഷിക്കണം,

ത്തങ്ങളുടെ അനുകൂല സ്ഥിതിയെ സ്വാർത്ഥോദ്ദേശങ്ങൾക്ക വേണ്ടി ദൂഷണം ചെയ്യയില്ല; യഥാർത്ഥവർഗ്ഗരഹിതസമുദായാദർശം അനുവദിക്കുന്നതിലധികം പ്രതിഫലം സ്വീകരിക്കയില്ല. വർഗ്ഗരഹിത സമുദായത്തിൽ ഓരോരുത്തരും തൻെറ കഴിവനുസരിച്ച് പരമാവധി പ്രദാനം ചെയ്യുന്നു; നീതിയും സമുദായത്തിൻെറ കഴിവുകളും അനുവദിക്കുന്ന രീതിയിൽ തങ്ങൾക്ക് കഴിഞ്ഞുകൂടാൻ ആവശ്യമുള്ളതിലധികം സ്വീകരിക്കുന്നില്ല.

ഈ രണ്ടുപാധികൾ നിറവേററപ്പെടുകയാണെങ്കിൽ പിന്നെ ജനങ്ങൾക്ക വ്യവസ്ഥിതി പ്രയോജനകരമാക്കാൻ, രാഷ്ട്രീയവും സാമൂഹ്യവും സാമ്പത്തികവുമായ സമുദായഘടന പരമപ്രാധാന്യം വഹിക്കുന്നില്ല. തെരഞ്ഞെടുത്ത പഞ്ചായത്തുകളും വ്യവസായത്തിൻെറയും കൃഷിയുടേയും ദേശസാല്ക്കരണവും നിയന്ത്രിതമായ വിതരണവുമുള്ളതെന്നു തോന്നുന്ന ഭരണത്തേക്കാൾ, രാജകീയഭരണവും മുതലാളിത്ത വ്യവസ്ഥിതിയും നല്ലതായിരുന്നെന്നു വരാം. ആദ്യത്തേതോ രണ്ടാമത്തേതോ ഒരു ലക്ഷ്യമല്ല. ജനങ്ങളുടെ സ്വഭാവം ഉയർത്താൻ സഹായകമായ പരിതഃസ്ഥിതികൾ സൃഷ്ടിക്കുന്നിടത്തോളം മാത്രമേ അവ പ്രാധാന്യം അർഹിക്കുന്നുള്ളു. ഭരണകൂടം, സംഘടനകൾ എന്നിവയുടെ ബാഹ്യരൂപങ്ങൾക്കല്ല അടിസ്ഥാന തത്വങ്ങൾക്കാണ് ഗാന്ധിജി പ്രഥമ പരിഗണന നൽകിയതു്. നേരേമറിച്ച് മാർക്സിസം അഭിപ്രായപ്പെടുന്നു:

"മനുഷ്യരുടെ പ്രബുദ്ധത അവരുടെ നിലനിൽപ്പിനെ നിർണ്ണയിക്കയല്ല, അവരുടെ സാമൂഹ്യമായ നിലനില്പു് പ്രബുദ്ധത നിർണ്ണയിക്കയാണ്." [കാറൽ മാർക്സ്: താഴെപ്പറയുന്ന സ്റ്റാലിൻെറ പുസ്തകത്തിൽ നിന്നു്]

"അതുകൊണ്ടു് നയത്തിൽ തെററു പററാതിരിക്കണമെങ്കിൽ, അലസ സ്വപ്നജീവികളുടെ നിലയിൽ സ്വയം ചെന്നെത്താതിരിക്കണമെങ്കിൽ, തൊഴിലാളിവർഗ്ഗത്തിൻെറ കക്ഷി 'മനുഷ്യചേതസ്സിൻെറ സൂക്ഷ്മതത്വ'ങ്ങളെയല്ല പ്രവർത്തനങ്ങൾക്ക് അടിസ്ഥാനമായി സ്വീകരിക്കേണ്ടതു്; സാമൂഹ്യവികാസത്തിൻെറ ശക്തികളെ

നിർണ്ണയിക്കുന്ന ഭൗതികസാമൂഹ്യപരിത:സ്ഥിതികളെ ആയിരിക്കണം; മഹാത്മാക്കളുടെ ആശംസകളെയല്ല, സമുദായത്തിൻെറ ഭൗതികജീവിത വികാസത്തിലുള്ള യഥാൎത്ഥാവശ്യങ്ങളെവേണം അടിസ്ഥാനമായി സ്വീകരിക്കാൻ.'' (സ്റ്റാലിൻ: 'വൈരുദ്ധ്യാധിഷ്ഠിതവും ചരിത്രപരവുമായ ഭൗതികവാദം'; പേജ് 16, ഇംഗ്ലീഷ് പതിപ്പ്, മോസ്കോ, 1949)

എട്ടുകൊല്ലം കമ്യൂണിസ്റ്റുകളോട് ഗാഢമായി സഹകരിച്ചതിനുശേഷം അതിൽ നിന്നു് പിൻവാങ്ങിയ ഒരു യുവപ്രവൎത്തകൻ ഈയിടെ എന്നോടിപ്രകാരം പറഞ്ഞു:

"വർഗ്ഗസമരം, അതായതു് രണ്ടു് വിപരീതതാല്പര്യങ്ങളോ ശക്തികളോ തമ്മിലുള്ള സംഘട്ടനം, പരിണാമത്തിനു് അവശ്യം വേണ്ട ഉപാധിയാണെന്നു് മാർക്സ് കരുതുന്നു എന്നു് മനസ്സിലായതുകൊണ്ടാണു് അദ്ദേഹത്തിൽനിന്നു് ഞാൻ പിന്തിരിഞ്ഞതു്. ആധുനികശാസ്ത്രം പരിണാമത്തെ കുറിച്ചുള്ള ഈ വാദം തള്ളിക്കളഞ്ഞു; എന്നു മാത്രമല്ല, മാർക്സിൻെറ അഭിപ്രായപ്രകാരം, വർഗ്ഗസമരം പരത്താൻ വെറുപ്പിൻെറ മാർഗ്ഗം അത്യാവശ്യമെന്നത്രെ ഇതിനർത്ഥം. വെറുപ്പ് ഒരു ഉൽക്കടവികാരം, ഒരു മാനസിക വിലക്ഷണം ആണു്; യുക്തിയുടേയും മനോഭാവങ്ങളുടേയും പരിപൂൎണ്ണവികാസമല്ല; അതുകൊണ്ടു് മാർക്സിയൻ സിദ്ധാന്തത്തിൻെറ അടിസ്ഥാനം മനസ്സിൻെറ വൈരൂപ്യമാണു്; അതിൻെറ വിജയത്തിനും ഇതൊരാവശ്യമത്രെ; ഇത്തരമൊരു സിദ്ധാന്തത്തിനു്, എപ്പോഴെങ്കിലും, തത്വചിന്താധിഷ്ഠിതവും ശാസ്ത്രീയവുമായ ഒരു 'ഇസം' ആയിരിക്കുക സാധ്യമാണോ! – എന്നു മാത്രമല്ല, ജീവിതം മുഴുവൻ സ്നേഹിക്കാനുള്ള വാസനയെ വിസ്മരിച്ചുകൊണ്ടു് വെറുപ്പ് മാത്രം അശിച്ചു ജീവിക്കാൻ ഒരു മനുഷ്യനു് കഴിയുമോ? ജീവിതാവസാനംവരെ പിശാചായി കഴിയാൻ സാധ്യമല്ല. അതുകൊണ്ടു് സൎവ്വോദയത്തെക്കുറിച്ച് സംസാരിക്കുന്നവർ, തങ്ങളുടെ ആശയങ്ങളെ കമ്യൂണിസത്തിനു് അനുഗുണമാക്കുകയും വ്യവസായദേശസാൽക്കരണത്തേയും വർഗ്ഗരഹിതസമുദായസ്ഥാപനത്തെയുംകുറിച്ച് സംസാരിക്കുകയും

ചെയ്യുമ്പോഠം, എനിക്കു് വിസ്മയം തോന്നുന്നു. ഗാന്ധിജി ഊന്നി പ്പറഞ്ഞ ട്രസ്റ്റിഷിപ്പ്, വർണ്ണധർമ്മം എന്നീ തത്വങ്ങളെ അവർ വിസ്മരിച്ചു കളഞ്ഞെന്നു തോന്നുന്നു. വർണ്ണധർമ്മ തത്വത്തിൻെറ അർത്ഥവ്യാപ്തി അവർ പൂർണ്ണമായി ഗ്രഹിച്ചിട്ടുണ്ടോ എന്നു ഞാൻ അത്ഭുതപ്പെടുന്നു.'' *

ആ യുവാവിൻെറ അഭിപ്രായങ്ങഠം ശ്രദ്ധാപൂർവ്വമായ പരി ഗണനെ അർഹിക്കുന്നുണ്ടെന്നു് ഞാൻ കരുതുന്നു.

---

[* മേല്പറഞ്ഞതിനെപ്പററി ഒരു സ്നേഹിതൻ ഇപ്രകാരം അഭി പ്രായപ്പെടുന്നു.

“ഞാൻ (മാർക്സിയൻ സാഹിത്യം) കണ്ടിടത്തോളം, ഒരു രൂപ ത്തിലുള്ള വെറുപ്പും മാർക്സ് ഒരിക്കലും പ്രചരിപ്പിച്ചിരുന്നില്ല. ജർമ്മൻ ഭാഷയിൽ അദ്ദേഹം ഉപയോഗിച്ച പ്രയോഗത്തെ 'വർഗ്ഗവിരോധം' എന്നു പരിഭാഷപ്പെടുത്തിയിട്ടുണ്ടു്. മനുഷ്യരുടെ ഒരു സാധാരണ മനോഭാവമാണു് വിരോധം. എന്തായാലും അതു വെറുപ്പല്ല. എല്ലാ വിപ്ലവ ചിന്തകന്മാരേയും പോലെ, മാർക്സ്, തീർച്ചയായും കടുത്ത പ്രസ്താവനകഠം ചെയ്തു. അതുനിമിത്തം അദ്ദേഹം വെറുപ്പും പ്രതി കാരവും പ്രചരിപ്പിച്ചു, എന്നു് ആരോപിക്കയാണെങ്കിൽ, 'ഒരു ഖഡ്ഗവുമായി ഞാൻ വരുന്നു' എന്നു പറഞ്ഞ യേശു ഹിംസ നടത്താൻ ഉദ്ദേശിച്ചിരുന്നു എന്നും ആരോപിക്കേണ്ടിവരും; “ അല്ല യോ വഞ്ചകരുടെ തലമുറക്കാരേ!....'' എന്നു് അദ്ദേഹം ചില ആളുകളെ അധിക്ഷേപിച്ചതുകൊണ്ടു് അദ്ദേഹത്തിനു പ്രതികാരേച്ഛ ഉണ്ടായിരുന്നു എന്നും പറയേണ്ടിവരും. എന്നാൽ ഇൻഡ്യൻ കമ്യൂ ണിസ്റ്റുകളുടെ ഇടയിൽ നിലവിലിരിക്കുന്ന ചിന്താകുഴപ്പം തെളിയി ക്കാൻ ഈ യുവാവിൻെറ മനോഭാവം പ്രയോജനപ്പെട്ടേയ്ക്കാം.''

ഇതു വാസ്തവമായിരിക്കാൻ ഇടയുണ്ടു്. പക്ഷേ രണ്ടാം അധ്യാ യത്തിൽ ഞാൻ പറഞ്ഞതുപോലെ, മാർക്സ് എന്നോ മാർക്സിസം എന്നോ ഞാൻ പറയുമ്പോഠം, ഇൻഡ്യൻ കമ്യൂണിസ്റ്റുകളുടെ വാക്കു കളിലും പ്രവൃത്തികളിലും നിന്നു വെളിപ്പെടുന്ന അവരുടെ വീക്ഷണ ഗതിയെയാണു് ഞാൻ വിവക്ഷിക്കുന്നതെന്നു് മനസ്സിലാക്കണം. മാർക്സ് അവയോടു അനുകൂലിക്കുന്നുണ്ടോ ഇല്ലയോ എന്നു ഞാൻ ചിന്തിക്കുന്നില്ല. അതിനും പുറമേ, വിരോധവും വെറുപ്പും തമ്മിലുള്ള

വ്യത്യാസം, ആപ്പിന്റെ കൂർത്ത അററവും പരന്ന അററവും തമ്മിലുള്ള വ്യത്യാസം മാത്രമാണ്. രണ്ടാമത്തേതിനു കടന്നു ചെല്ലാൻ ആദ്യത്തേതു സ്ഥലമുണ്ടാക്കുന്നു.

മൗലികാശയം ഇതാണ്: സങ്കീർണ്ണതയുള്ള ഒരു സമുദായത്തിൽ വിവിധ ജോലികൾ ചെയ്യേണ്ട ആവശ്യം നേരിടുന്നതുകൊണ്ട് വർഗ്ഗങ്ങൾ ഉണ്ടാവുകയും നിലനിൽക്കയും ചെയ്യാതെ തരമില്ല, ആ ജോലികൾ വേണ്ടവണ്ണം കൂട്ടിയിണക്കുകയും പൊരുത്തപ്പെടുത്തുകയും ചെയ്താൽ അവ നിർവ്വഹിക്കുന്ന വർഗ്ഗങ്ങൾ സാധാരണഗതിയിൽ യോജിപ്പോടുകൂടി പ്രവർത്തിക്കും; അല്ലാത്തപക്ഷം അവ തമ്മിൽ സംഘട്ടനം ഉണ്ടാകും. സൈക്കിളോടിക്കുന്ന ആളിന്റെ കണ്ണും കൈകാലുകളും പൊരുത്തത്തോടുകൂടി പ്രവർത്തിച്ചില്ലെങ്കിൽ അയാൾ വീണ് തനിക്കും സൈക്കിളിനും പരിക്ക് ഉണ്ടാക്കിവയ്ക്കും —ഒരുപക്ഷേ മററാരാൾക്കും കൂടി. ഒരു വ്യക്തിയുടെ അവയവങ്ങളിലുള്ള സംഘട്ടനം, അഥവാ വൈരുദ്ധ്യം ആണ് ഈ ഉദാഹരണത്തിൽ നാം കാണുന്നതു്. സ്ത്രീകളും പുരുഷന്മാരും അന്യോന്യം പൊരുത്തത്തോടുകൂടി വർത്തിക്കുന്നതിനു പകരം ഒരു വർഗ്ഗം അധികാരം പ്രയോഗിക്കാൻ ശ്രമിക്കയാണെങ്കിൽ സ്ത്രീപുരുഷ വിരോധവും സംഘട്ടനവും ഫലം. ഒരു വ്യക്തിയുടെ വിവിധാവയവങ്ങൾ വേണ്ടെന്നുവച്ച് അയാളെ അവയവമില്ലാത്തവനാക്കുക സാധ്യമല്ല. സമുദായത്തിൽ ലിംഗവ്യത്യാസം ഇല്ലാതാക്കാനും സാധ്യമല്ല. ഒരൊററ അവയവവും ഒരു ലൈംഗികസ്വഭാവവും മാത്രമുള്ള ജീവികൾ ശതക്കണക്കിനു ഉണ്ടെന്നു നമുക്ക് അറിയാമെങ്കിലും, മനുഷ്യരെ അപ്രകാരമാക്കുക സാധ്യമല്ല. ജോലിവിഭാഗങ്ങൾ ഇല്ലാത്ത ഒരു ലഘുസമുദായം ഉണ്ടാവുക സാദ്ധ്യമാണെങ്കിലും, ഒരു ആധുനിക സമുദായത്തിൽ വർഗ്ഗവിഭാഗങ്ങൾ ഇല്ലാതാക്കുക സാധ്യമല്ല. അതുകൊണ്ട് ഭാവിയിൽ എന്തെന്തു വൈരുദ്ധ്യങ്ങൾ നടപ്പിൽ വരാനും ഉദിക്കാനും ഇടയായാലും, ഉചിതമാംവണ്ണം വർഗ്ഗങ്ങളെ പൊരുത്തപ്പെടുത്താൻ വഴി കണ്ടുപിടിക്കയും നടപ്പിലാക്കുകയും ചെയ്താൽ ആ വൈരുദ്ധ്യങ്ങൾ പരിഹരിക്കാം. മനശ്ശാസ്ത്രപരവും ധാർമ്മികവുമായ ഒരു പ്രശ്നമാണ്, അതു്. പരിതസ്ഥിതിയും അതിൽ പങ്കുവഹിക്കുന്നുണ്ട്. ഏതാനും വ്യക്തികളെ വല്ലപ്പോഴും നീക്കം ചെയ്യേണ്ടതായും വരും. പക്ഷേ അടിസ്ഥാനപരമായി, അതു് മനശ്ശാസ്ത്രപരവും ധാർമ്മികവുമായ ഒരു പ്രശ്നമാണ് എന്നു ധരിക്കണം.]

vii

# വർണ്ണ ധർമ്മതത്വം

ഗാന്ധിജിയുടെ സകല സാമൂഹ്യ–സാമ്പത്തികാശയങ്ങളും പരിപാടികളും "അദ്ദേഹത്തിന്റെ അഹിംസയിൽനിന്നു് പൊട്ടിമുളച്ചതത്രെ". വർണ്ണധർമ്മതത്വവും ട്രസ്റ്റിഷിപ്പും ഇതിൽ നന്നു് വ്യത്യസ്തമല്ല. വ്യക്തിയും സമുദായവും [എന്നല്ല, ഇക്കാര്യത്തിൽ മനുഷ്യേതരജീവികളും] അദ്ദേഹത്തിൻെറ ദൃഷ്ടിയിൽ മേശയേയും യന്ത്രത്തേയും പോലെ കേവലം ഭൗതികവസ്തുക്കളല്ല: സൃഷ്ടിക്കയും മാററുകയും നശിപ്പിക്കുകയും മനുഷ്യകൽപ്പിതമായ എന്തുദ്ദേശത്തിനും വേണ്ടി ഇഷ്ടം പോലെ ഉപയോഗിക്കയും ചെയ്യാവുന്നവയല്ല അവ. വ്യക്തിയുടെ ക്ഷേമം എല്ലാററിലും വച്ചു് പ്രധാനപ്പെട്ട ലക്ഷ്യമാണെന്നു് കണക്കാക്കണം. ഏതെങ്കിലും ആദർശപരമായ ലക്ഷ്യത്തിനു് വ്യക്തിയുടെ ന്യായമായ ഭൗതികസുഖം ബലി കഴിക്കേണ്ടിവന്നാൽ അതു് സ്വമനസ്സാലെ ചെയ്യുന്ന ത്യാഗമായിരിക്കണം. ഭൂരിപക്ഷത്തിൻെറ ഗുണത്തിനു് വേണ്ടി ഏതാനും പേരുടെ നന്മയും, ഭാവിതലമുറകൾക്കു് ലഭിക്കാനിടയുള്ള നന്മയ്ക്കുവേണ്ടി ഇന്നത്തെ തലമുറയുടെ ഗുണവും ബലികഴിക്കാൻ അധികാരത്തിലിരിക്കുന്നവക്കു് അവകാശമുണ്ടെന്നുള്ള വാദത്തോടു് അദ്ദേഹം അനുകൂലിച്ചിരുന്നില്ല.

എൻെറ അറിവിൽപ്പെട്ടിടത്തോളം, ഗാന്ധിജി ഒരിക്കലും 'വർഗ്ഗസമര'ത്തെക്കുറിച്ചു് സംസാരിച്ചില്ല; 'വർഗ്ഗരഹിതസമുദായ'ത്തിൻെറ സ്ഥാപനം തൻെറ ആദർശമായി പ്രഖ്യാപിച്ചുമില്ല. സഹഭോജനം, പരസ്പര വിവാഹം, സാമൂഹ്യസമ്പർക്കം എന്നിവക്കു് ജാതി തടസ്സമാകാതിരിക്കത്തക്കവണ്ണം ഒരു പരിധിവരെ ജാതി ഇല്ലാതാക്കണമെന്നു് മാത്രം അദ്ദേഹം പറഞ്ഞു: ജാതിക്രമത്തിലുള്ള ആഭിജാത്യം, വിവിധ ജീവിതവൃത്തികൾ തമ്മിൽ വരുമാനത്തിലുള്ള

വ്യത്യാസം, ഒരേ വ്യവസായത്തിലോ സ്ഥാനത്തിലോ പലതരം ജോലിചെയ്യുന്നവക്ക് ലഭിക്കുന്ന വരുമാനത്തിലുള്ള വ്യത്യാസം, എന്നിവയെക്കുറിച്ച് അദ്ദേഹം പറഞ്ഞിരുന്നു. കിരാത സമുദായമൊഴിച്ചുള്ള സമുദായങ്ങളിലൊക്കെ സ്ഥിരമായിക്കാണുന്ന ഒരു പ്രത്യേകതയാണ് കത്തവ്യവിഭാഗങ്ങാം എന്ന നിലയിലുള്ള വഗ്ഗങ്ങളുടെ നിലനിൽപ്പ്. അവയുടെ താല്പര്യവൈരുദ്ധ്യങ്ങാംക്ക് പരിഹാരമായി വണ്ണധമ്മം, ട്രസ്റ്റീഷിപ്പ് എന്നീ തത്വങ്ങാം അദ്ദേഹം നിർദ്ദേശിച്ചു. സത്യസന്ധതയോടുകൂടി അനുസരിച്ചാൽ അവ സമുദായത്തിൻെറ ഐക്യം പുലത്താൻ പര്യാപ്തങ്ങളാണ്: സംഘട്ടനങ്ങാം ഉണ്ടാവുമ്പോാം അഹിംസാ മാഗ്ഗത്തിലൂടെ അവ പരിഹരിക്കാനും ഈ തത്വങ്ങാംക്കു കഴിയും. മനുഷ്യൻ അപൂണ്ണജീവിയായിരിക്കുന്നിടത്തോളം കാലം സംഘട്ടനം തീരെയില്ലാത്ത ഒരവസ്ഥ നമുക്ക് സങ്കൽപ്പിക്കുക സാധ്യമല്ല. വ്യക്തികാംക്കും ജാതികാംക്കും സമുദായത്തിനും പ്രയോജനകരമാംവണ്ണം അവ പരിഹരിക്കാനുള്ള പരിശീലനവും ഉപായവുമാണാവശ്യം.

വർണ്ണധർമ്മം എന്ന ഈ തത്വം എന്താണ്? വൈദികവും ആചാരപരവുമായ വേഷങ്ങാം നീക്കിക്കളഞ്ഞാൽ അതിനെ ഇപ്രകാരം വിവരിക്കാം:—

സാധാരണ ഗതിയിൽ ജനങ്ങാം അവരുടെ പൂവ്വികന്മാരുടെ ജീവിതവൃത്തികാം തുടരുന്നു. അവ അച്ഛനിൽനിന്നു മകനു കൈമാറപ്പെടുന്നു. സാമൂഹ്യജീവിതത്തിൻെറ സ്ഥിരതയ്ക്കും കുട്ടികളുടെ പരിശീലനത്തിനും തൊഴിലിൻെറ സാങ്കേതിക പുരോഗതിക്കും ഇതു ഗുണകരമാണ്. എല്ലാ ജോലികളിലും ആദായവും വിലയും, തുല്യമായിരുന്നെങ്കിൽ [അഥവാ ഏതാണ്ട് സമമായിരുന്നെങ്കിൽ] പരമ്പരാഗതമല്ലാത്ത ഒരു ജോലിയിലേയ്ക്ക് അസാധാരണ സന്ദർഭങ്ങളിലല്ലാതെ ആരും ആകർഷിക്കപ്പെടുകയില്ല. വളരെ ചെറുപ്പകാലം മുതൽ മറെറാരു ജോലിയുടെ സാഹചര്യത്തിൽ വളന്നുവന്നാൽ ഒരു പക്ഷേ, അങ്ങനെ സംഭവിക്കാം. ജോലികളിലുള്ള സാമത്ഥ്യം പരമ്പരാഗതമാണെന്നുള്ള പൊതുജനവിശ്വാസം ശാസ്ത്ര

സിദ്ധമായി അംഗീകരിക്കപ്പെട്ടിരുന്നാലും, ഒരു ജീവിതകാലം മുഴുവൻ ഒരു ജോലി ചെയ്യുമ്പോൾ മൗലികമായ മാററങ്ങൾ സംഭവിക്കുമെന്നു് സംശയം കൂടാതെ പറയാം. തലമുറകൾ കടന്നു പോകുമ്പോൾ അതു പരമ്പരാഗതമായിത്തീരാൻ സാധ്യതയുണ്ടു്. ഇതും വീട്ടിൽ കുട്ടിയുടെ ചുററും നടക്കുന്ന തൊഴിലിൻെറ സാഹചര്യങ്ങളും ചേരുമ്പോൾ പൂർവ്വികന്മാരുടെ തൊഴിൽ മറെറാന്നിനേക്കാൾ അവനിണങ്ങുന്നതായിത്തീരുന്നു. അതുകൊണ്ടു് പൂർവ്വികന്മാരുടെ ജോലിയോ അതിനോടു് ബന്ധപ്പെട്ട മറെറാന്നോ അവനവൻെറ ജീവിതവൃത്തിയായി ഒരു കർത്തവ്യം എന്ന നിലയിൽ ഓരോരുത്തരും പരിശീലിക്കണം:— അതാണു സാമൂഹ്യജീവിതത്തിലെ സാമാന്യനിയമം; മറെറാരു ജോലിയിലേയ്ക്കുള്ള എടുത്തു ചാട്ടം ആശാസ്യമല്ല. ഓരോരുത്തരും സ്വജീവസന്ധാരണ മാർഗ്ഗത്തെ സംബന്ധിച്ചിടത്തോളം, പിതാവിനെ അനുകരിക്കണമെന്നു് ഒരു തത്വം അംഗീകരിച്ചാൽ ഇന്നത്തെപ്പോലെ, രണ്ടു ഡിഗ്രി സമ്പാദിച്ച ശേഷവും സ്വജീവനോപായം എന്തായിരിക്കണം എന്നു് പലക്കും അറിഞ്ഞുകൂടാത്ത ദയനീയാവസ്ഥ കാണേണ്ടിവരികയില്ല. ആ നിയതപദ്ധതിയിൽ ശൈശവം മുതലുള്ള പരിശീലനം സോദ്ദേശ്യം ആയിരിക്കും. ഗാന്ധിജി പറയുന്നു: "വിശ്വസിക്കാനാവാത്ത വണ്ണം ലളിതമാണു് വർണ്ണത്തിൻെറ അർത്ഥം: പരമ്പരാഗതവും പൈതൃകവുമായി പൂർവ്വികന്മാർ അനുവർത്തിച്ചുവന്ന ജീവിതവൃത്തി അനുഷ്ഠിക്കുക എന്നു മാത്രമാണു് അതിനർത്ഥം. അടിസ്ഥാന നീതിതത്വങ്ങൾക്കു് വിരുദ്ധമായിരിക്കരുതു് ജോലി. ഈ അനുകരണം ഉപജീവനത്തിനു് ആവശ്യമുള്ളതു് സമ്പാദിക്കുന്നതിനുവേണ്ടി മാത്രമായിരിക്കണം." [യംഗ് ഇന്ത്യാ, 20–10–27]

ഗാന്ധിജി സമാന്യ നിയമത്തിൽ നിന്നു് ഒരു വ്യത്യസ്തത ഇവിടെ നിർദ്ദേശിക്കുന്നു. പരമ്പരാഗതമായ ജീവിതവൃത്തി അടിസ്ഥാന നീതിശാസ്ത്രത്തിനു് എതിരാണെങ്കിൽ അതു് അനുഷ്ഠിക്കരുതു്. പരമ്പരാഗതമായ ജോലി "ഉപജീവനത്തിനാവശ്യമുള്ളതു് സമ്പാദിക്കുന്നതിനുവേണ്ടിമാത്രം" അനുഷ്ഠിക്കണം എന്നു്, ഗാന്ധിജി തന്നെ ഒരു പരിധി കല്പിക്കുകയും ചെയ്യുന്നു.

കുടുംബ സ്വഭാവത്തിനു് വിരുദ്ധമായ സ്വഭാവങ്ങൾ പ്രദർശിപ്പിക്കുന്ന ഒരാൾ എന്തുചെയ്യണം എന്ന ചോദ്യത്തിനു് മറുപടി പറയുമ്പോൾ, സാമാന്യനിയമത്തിൽ നിന്നു് ഒരു വ്യത്യസ്തതകൂടി അദ്ദേഹം അനുവദിക്കുന്നു.

"എന്റെ അച്ഛൻ ഒരു കച്ചവടക്കാരനും ഞാൻ ഒരു ഭടന്റെ സ്വഭാവങ്ങൾ ഉള്ളവനും ആണെങ്കിൽ, പ്രതിഫലം പററാതെ ഒരു ഭടൻ എന്ന നിലയിൽ ഞാൻ എന്റെ നാട്ടിനെ സേവിക്കാം; പക്ഷെ കച്ചവടം കൊണ്ടു് തന്നെ ഉപജീവനം നടത്താൻ ഞാൻ തയ്യാറായിരിക്കണം"

അതേ ചോദ്യക്കാരോടു് തന്നെ മറെറാരിടത്തു് അദ്ദേഹം പറയുന്നു.

"........തലച്ചോറുള്ള ഏതൊരു മരപ്പണിക്കാരനും സേവനത്തിനുവേണ്ടി വക്കീലാകുന്നതു് ശരിയാണു്—പണത്തിനുവേണ്ടി പാടില്ല. [യംഗ് ഇന്ത്യാ 24—11—'27]

മേല്പറഞ്ഞ രണ്ടു വ്യത്യസ്തതകളിലും നിന്നു് ഉത്ഭവിക്കുന്ന ഒരു വ്യത്യസ്തത കൂടി എടുത്തു പറയാം. സമുദായത്തിലും പരമ്പരാഗതമായ തൊഴിലിലും ആരോഗ്യകരമായ ഒരു ദ്രുതപരിവത്തനം വരുത്തുന്നതിനുവേണ്ടി മാനസിക ചൈതന്യവും പുതിയ വീക്ഷണഗതിയുമുള്ള പ്രവത്തകരെ സൃഷ്ടിക്കേണ്ടി വന്നാൽ, പരമ്പരാഗതമായ മററു തൊഴിലുകളിൽ നിന്നു ഏതാനുംപേരെ അതിനു നിയോഗിക്കാം. ഇതു് സേവനോത്സാഹത്താൽ പ്രേരിതമായിരിക്കണം; പണത്തിനുവേണ്ടിയാവരുതു്. ആഫീസ് ജോലിയൊ, ബുദ്ധിപരമായജോലിയൊ, 'ശുദ്ധം' എന്നു പറയപ്പെടുന്ന തൊഴിലുകളൊ പരമ്പരാഗതമായി സ്വീകരിച്ചിട്ടുള്ളവരെ പ്രോത്സാഹിപ്പിച്ചു് ശാരീരിക യത്നം ആവശ്യമുള്ളതും ദേഹത്തിൽ ചെളി പുരളാനിടയാക്കുന്നതും വെയിലത്തും മഴയത്തും നിന്നു ചെയ്യേണ്ടതുമായ കൃഷിയും കന്നുകാലിവളത്തലും അതുപോലുള്ള മററു ജോലികളും ചെയ്യിക്കാം.

പക്ഷെ അത്തരം ആളുകൾ ഇന്നേവരെ വിരളമാണു്. എങ്കിലും അവരുടെ സംഖ്യ ഇന്നു പൂർവ്വാധികം വർദ്ധിച്ചിട്ടുണ്ടെന്നു് സമ്മതിക്കണം. അതൊരു പ്രശ്നം സൃഷ്ടിച്ചുകഴിഞ്ഞു.

തൊഴിലുകൾക്കു കല്പിച്ചിട്ടുള്ള ആഭിജാത്യത്തിൻെറ ഏറ്റക്കുറവു്, കർത്തവ്യമായിട്ടല്ലാതെ തൊഴിലിൽ ഏർപ്പെടുന്ന പതിവു്, മത്സരാധിഷ്ഠിതമായ ഇന്നത്തെ സമുദായത്തിൽ സമ്പത്തു സംഭരിക്കാനുള്ള ഒരു മാർഗ്ഗമായി തൊഴിലുകൾ കരുതപ്പെടുന്നതു്, സ്വകാര്യ സ്വത്തുടമാ സമ്പ്രദായം ഇവയൊക്കെ മേല്പറഞ്ഞ അവസ്ഥയ്ക്കു കാരണങ്ങളാണു്.

ആദ്യത്തെ കാരണത്തെക്കുറിച്ച് ഗാന്ധിജിക്കുള്ള അഭിപ്രായം വർണ്ണധർമ്മത്തെ അദ്ദേഹം നിർവ്വചിക്കുമ്പോൾ വ്യക്തമാക്കുന്നുണ്ടു്.

"വർണ്ണമെന്ന ആശയത്തിൽ ഉച്ചനീചത്വത്തിനു് യാതൊരു സ്ഥാനവുമില്ല." [യംഗ് ഇന്ത്യാ, 20-10-'27]

വീണ്ടും:

"എൻെറ അഭിപ്രായത്തിൽ ജന്മസിദ്ധമോ കർമ്മസിദ്ധമോ ആയി ശ്രേഷ്ഠത എന്നൊന്നില്ലാ......................എല്ലാ മനുഷ്യരും തുല്യരായി ജനിച്ചവരാണെന്നു് ഞാൻ വിശ്വസിക്കുന്നു. ജനിച്ചതു് ഇന്ത്യയിലോ, ഇംഗ്ലണ്ടിലോ, അമേരിക്കയിലോ, എവിടെയായാലും, ഏതു പരിതസ്ഥിതിയിലായാലും, ഓരോരുത്തർക്കുമുണ്ടു്, എല്ലാവരുടേതിനും തുല്യമായ ഒരു ആത്മാവു്. നമ്മുടെ ഭരണാധികാരികൾ പലരും തങ്ങൾക്കുണ്ടെന്നു ഭാവിക്കുന്ന ശ്രേഷ്ഠതയ്ക്കു് എതിരായി ഞാൻ പൊരുതുന്നതു്, ജന്മസിദ്ധമായ മനുഷ്യ സമത്വത്തിൽ വിശ്വസിക്കുന്നതുകൊണ്ടാണു്. ദക്ഷിണാഫ്റിക്കയിൽ ആ സിദ്ധാന്തത്തോടു് ഇഞ്ചിഞ്ചായി ഞാൻ സമരം ചെയ്തിട്ടുണ്ടു്. ജന്മലബ്ധമായ ഈ വിശ്വാസത്താലാണു് സ്വയം തൂപ്പുകാരനെന്നും നെയ്ത്തുകാരനെന്നും കൃഷിക്കാരനെന്നും തൊഴിലാളി എന്നും വിളിക്കുമ്പോൾ എനിക്കു സന്തോഷം തോന്നുന്നതു്. ബ്രാഹ്മണർ ജനനം കൊണ്ടോ, അതിൽ പിന്നീടു നേടിയ അറിവുകൊണ്ടോ ശ്രേഷ്ഠത അവകാശപ്പെടുമ്പോഴെല്ലാം അവരോടുപോലും ഞാൻ സമരം ചെയ്തിട്ടുണ്ടു്. ഒരാൾ സഹജീവികളെക്കാൾ ശ്രേഷ്ഠത അവകാശപ്പെടുന്നതു്, പുരുഷോചിതമല്ല......................ശ്രേഷ്ഠത അവകാശപ്പെടുന്നതു് ബ്രാഹ്മണനായാലും മറെറാരാളായാലും ആ രാക്ഷസനോടു

പോരാടുന്ന അബ്രാഹ്മണനോടു ഞാൻ പൂർണ്ണമായും യോജിക്കുന്നു. ശ്രേഷ്ഠത അവകാശപ്പെടുന്നയാൾ, മനുഷ്യൻ എന്നു് വിളിക്കപ്പെടാനുള്ള അവകാശം നഷ്ടപ്പെടുകയാണു്. ഇതാണു് എൻെറ അഭിപ്രായം.''

[യംഗ് ഇന്ത്യാ, 29-9-27]

വർണ്ണധർമ്മതത്വത്തിൻെറ തകർച്ചയ്ക്കു് ഇടയാക്കുന്ന രണ്ടാമത്തെ കാരണത്തെ ട്രസ്റ്റിഷിപ്പു് തത്വം കൊണ്ടു് ദൂരീകരിക്കാൻ ഗാന്ധിജി ശ്രമിക്കുന്നു. അക്കാര്യം അടുത്ത അധ്യായത്തിൽ നമുക്കു ചർച്ചചെയ്യാം.

ഗാന്ധിജിക്കു് വർണ്ണം എന്നതു് വിഭാഗീയമോ സിദ്ധാന്തപരമോ ആയ ഒരു തത്വമല്ല എന്നു വ്യക്തമായി മനസ്സിലാക്കണം. ഒരു പൗരനു് തന്നോടും ആശ്രിതരോടും സമുദായത്തോടുമുള്ള ധാർമ്മികവും മതേതരവുമായ കർത്തവ്യത്തിൻെറ പ്രഖ്യാപനമത്രെ. സമുദായക്ഷേമത്തിന്നു് ആവശ്യമുള്ള ഒരു തൊഴിൽ ചെയ്തു് ഉപജീവനം നടത്തുകയാണു് ഒരു പൗരൻെറ കർത്തവ്യം; ആ തൊഴിൽ മൗലികനീതിതത്വങ്ങൾക്കു അനുഗുണം ആയിരിക്കണം; അതു് അയാളുടെ പൂർവ്വീകരുടെ തൊഴിൽ ആയിരിക്കണം; തൊഴിലിൻെറ ഉച്ചനീചതത്വങ്ങളെക്കുറിച്ചുള്ള ചിന്ത വിവാദാസ്പദവും ആപൽകരവുമത്രെ; അതു് അവസാനിപ്പിക്കേണ്ടതാണു്. സഹഭക്ഷണത്തേയും പരസ്പരവിവാഹത്തേയും കുറിച്ചുള്ള നിയന്ത്രണങ്ങളും നീക്കിക്കളയേണ്ടതാണു്. അങ്ങനെ എല്ലാ തൊഴിലുകളും തുല്യനിലയിലുള്ളതത്രെ.

# viii

# ട്രസ്റ്റിഷിപ്പ് തത്വം

എന്താണീ ട്രസ്റ്റിഷിപ്പ്? ആദ്യം അതു് എന്തല്ലെന്നു് നമുക്കു നോക്കാം. അതിനെക്കുറിച്ചുള്ള തെററിദ്ധാരണകഠം എന്തെല്ലാം?

വസ്തുവും അധികാരവും കൈവശം വച്ചുകൊണ്ടിരിക്കുന്നതിനേയും നിയന്ത്രിക്കുന്നതിനേയും നീതീകരിക്കാനുള്ള മധുരവാക്കു മാത്രമാണു് അതെന്നു് ചിലർ വിചാരിക്കുന്നു: മററവകാശികഠം ഉള്ളപ്പോഠം, അവർ എതിരാളികളായിരുന്നാലും അർഹതയുള്ളവരായിരുന്നാലും അവരുടെ അവകാശം നിഷേധിക്കാനുള്ള മാർഗ്ഗമാണിതെന്നും....തങ്ങളുടെ കാര്യങ്ങഠം നടത്താൻ വേണ്ടിടത്തോളം കഴിവില്ലാത്ത പൊതുജനങ്ങളുടെ താത്പര്യങ്ങഠംക്കു് അനുഗുണമായി വസ്തുവും അധികാരവും ഉപയോഗപ്പെടുത്താൻ തങ്ങളോളം കഴിവു് മററാക്കും ഇല്ലെന്നും അതുകൊണ്ടു് അവ വിട്ടുകൊടുക്കുകയില്ലെന്നും കാരണം പറയാൻ ഉടമകഠംക്കു് കഴിയുമല്ലോ. ബ്രിട്ടീഷുകാർ ഇന്ത്യയെ സ്വാധീനത്തിൽ വച്ചുകൊണ്ടിരിക്കാൻ വളരെക്കാലം ഉന്നയിച്ച വാദം ഇതായിരുന്നു. ജനസാമാന്യത്തിൻെറ അതീവദാരിദ്ര്യവും അറിവില്ലായ്മയും ആഭ്യന്തരഭിന്നതകളും പരിഗണിക്കുമ്പോഠം, ഇന്ത്യ ഭരിക്കാൻ തങ്ങളേക്കാഠം കഴിവു് മറ്റാക്കും ഇല്ലെന്നു് അവർ അവകാശപ്പെട്ടു. സൗജന്യമായിട്ടോ, ഇന്ത്യൻ രാഷ്ട്രീയ നേതാക്കളുടെ അഭിപ്രായപ്രകാരം തങ്ങളുടെ സേവനത്തിനു് ന്യായമായ പ്രതിഫലം പററിക്കൊണ്ടോ, സത്യസന്ധതയോടുകൂടിയെങ്കിലുമോ അവർ ഇന്ത്യ ഭരിക്കാത്തതുകൊണ്ടു് അവരുടെ ട്രസ്റ്റീഷിപ്പ് വാദം, ഇന്ത്യ വിട്ടുപോകാതിരിക്കാനുള്ള ഒരു നാട്യമല്ലാതെ മറെറാന്നും അല്ലെന്നു് ജനങ്ങഠം കരുതി.

പ്രായപൂർത്തിയാകാത്ത ഒരാളുടെ വസ്തു സൂക്ഷിക്കാൻ രക്ഷകർത്താവായി നിയമിക്കപ്പെടുന്ന ട്രസ്റ്റികഠംപോലും, അവകാശിക്കു്

പ്രായപൂർത്തി വന്നശേഷം വസ്തു കൈമാറാതിരിക്കാൻ ശ്രമിക്കാറുണ്ട്. അതു ഭരിക്കാൻ വേണ്ട കഴിവു് അവകാശിക്കില്ലെന്നു് അവർ കാരണം പറയും. അത്തരം ട്രസ്റ്റികൾ വഞ്ചകരെന്നു കരുതപ്പെടാനും ഇടയാകുന്നു. ഈ അനുഭവം നിമിത്തം, ട്രസ്റ്റി എന്ന വാക്കും ട്രസ്റ്റീഷിപ്പു് തത്വവും അപകീർത്തിനേടി. ഗാന്ധിജി നാടുവാഴികളേയും ജെമിന്ദാരന്മാരേയും മുതലാളികളേയും ഭരിക്കുന്നവരേയും പ്രീതിപ്പെടുത്തുകയായിരുന്നു എന്നു് 'പുരോഗമന'വാദികളായ രാഷ്ട്രീയ പ്രവർത്തകർ സംശയിച്ചു. അവരുടെ സ്ഥാനസൗകര്യങ്ങളിൽ പററിപ്പിടിച്ചിരിക്കാനുള്ള ഒരു ഉപകരണംകൂടി അദ്ദേഹം അക്കൂട്ടർക്കു് എളുപ്പത്തിൽ നിർമ്മിച്ചുകൊടുക്കുകയായിരുന്നുവെന്നാണു് ഇവരുടെ സംശയം.

ഗാന്ധിജി സങ്കല്പിക്കുന്ന ഏററവും നല്ല ട്രസ്റ്റി ലോകോപകാരതല്പരനായ ഒരാളിൽ കവിഞ്ഞൊന്നും ആയിരിക്കയില്ലെന്നു് പലരും കരുതുന്നു. ഒരു രാജാവോ കോടീശ്വരനോ വ്യക്തിപരമായി ലളിതജീവിതം നയിക്കയും, വല്ലപ്പോഴും നല്ല സംഭാവനകൾ നൽകയും, ധർമ്മസ്ഥാപനങ്ങൾ നടത്തുകയും, തന്റെ സ്വത്തിൽ ഒരു ഭാഗം ധർമ്മപരമായി ഒരു ട്രസ്റ്റാക്കി മാററുകയും, ഇതിനൊക്കെ പുറമേ, ഭൃത്യരോടു കരുണ കാണിക്കുകയും, ദരിദ്രരോടു പൊതുവെ മര്യാദയോടു് കൂടി പെരുമാറുകയും അതിഥികളെ സൽക്കരിക്കയും, സ്നേഹിതർക്കു തുണയായിരിക്കുകയും, വളരെ ദുർമ്മാർഗ്ഗരീതിയിലല്ലാത്ത ജീവിതം നയിക്കുകയും ചെയ്താൽ, ഇംഗ്ലണ്ടിൽ പറയപ്പെടുന്ന പോലെ, അയാൾ 'പള്ളിയിൽ പോകുന്നവനാ'യിരുന്നാൽ അതിലധികമൊന്നും അയാൾക്കു ഒരു ട്രസ്റ്റിയുടെ ചുമതലകൾ വഹിക്കാൻ ആവശ്യമില്ല. അയാളുടെ സ്വകാര്യ ഗൃഹബഡ്ജററും, അയാൾ സമ്പത്തു് ആർജ്ജിച്ച രീതിയും പരിശോധിക്കേണ്ട കാര്യമില്ല എന്നു വന്നുകൂടും....പക്ഷേ ഈ സംശയങ്ങൾക്കൊന്നിനും ഇവിടെ പ്രസക്തിയില്ല. ട്രസ്റ്റി എന്ന പദം നിയമപരമായ ഒരു പ്രയോഗമാണു്. ഓരോ കാലത്തും നിയമം ആ പ്രയോഗത്തിനു കല്പിക്കുന്ന എല്ലാ അവകാശങ്ങളും കർത്തവ്യങ്ങളും ഗാന്ധിജിയുടെ തത്വപ്രകാരമുള്ള

ട്രസ്റ്റിക്കും ബാധകമാണു്; നിയമത്തിൻെറ പരിധിയിൽപ്പെടാത്ത ധാർമ്മികാടിസ്ഥാനത്തിലുള്ള പലതും കൂടിയുണ്ടു് ഗാന്ധിജിയുടെ ട്രസ്റ്റിക്കു്........1936–ൽ 'ഗാന്ധിസത്തിൽനിന്നു് മാർക്സിസത്തിലേയ്ക്കു'' എന്ന ശീർഷകത്തിൽ ഒരു ലേഖനപരമ്പര ഞാൻ എഴുതി. ഗാന്ധിജിതന്നെ അതു തിരുത്തി പ്രസാധനം ചെയ്തു. അതിൽ ഞാൻ ട്രസ്റ്റീഷിപ്പു് തത്വത്തെ ഇപ്രകാരം വിശദീകരിച്ചിരുന്നു: "ചൂഷണം അവസാനിപ്പിക്കുക എന്ന പ്രശ്നം സ്വകാര്യസ്വത്തുടമയോടു ബന്ധപ്പെട്ടതത്രെ; അവ രണ്ടും ഒന്നു തന്നെയാണെന്നു് പലപ്പോഴും കരുതപ്പെടാറുണ്ടു്. ഗാന്ധിസത്തേയും സോഷ്യലിസത്തേയും കുറിച്ചുള്ള വാദപ്രതിവാദങ്ങളിൽ ഈ പ്രശ്്നം മറെറങ്ങുമില്ലാത്തവണ്ണം ചർച്ച്വവിഷയമാകുന്നു. ഇക്കാര്യത്തിൽ ഏററവും വലിയ കമ്യൂണിസ്ററുകളേക്കാരം ഉൽപതിഷ്ണുവാണു് ഗാന്ധിജി. എല്ലാവരിലും നിന്നു് എല്ലാ സ്വത്തുക്കളും എടുത്തു കളയണമെന്നു് അദ്ദേഹത്തിനാഗ്രഹമുണ്ടു്. സ്വകാര്യസ്വത്തുടമ നിലനിൽക്കാൻ അദ്ദേഹം അനുവദിക്കുന്നുണ്ടെങ്കിൽ, അതിനെ സ്്നേഹിക്കുന്നതുകൊണ്ടല്ല, മനുഷ്യപുരോഗതിക്കു് അതു് ആവശ്യമുണ്ടെന്നു കരുതുന്നതുകൊണ്ടുമല്ല, ആ ഏർപ്പാടു് അവസാനിപ്പിക്കാൻ സത്യസന്ധവും അഹിംസാത്മകവുമായ മാർഗ്ഗം ഇനിയും കണ്ടുപിടിക്കേണ്ടതായിരിക്കുന്നതുകൊണ്ടാണു്. മനുഷ്യരാശിയെ സന്തോഷിപ്പിക്കാൻ സ്വത്തു് അത്യാവശ്യമാണെന്നു് എല്ലാ സോഷ്യലിസ്റ്റുകളും വിശ്വസിക്കുന്നുണ്ടെന്നു ഞാൻ വിചാരിക്കുന്നു. ഗാന്ധിജി താത്വികമായി ആ നിലപാടു് അംഗീകരിക്കുന്നില്ല. പക്ഷേ ഒരു പ്രായോഗികാഭിപ്രായം എന്ന നിലയിൽ മനുഷ്യവർഗ്ഗം നമുക്കു വിഭാവന ചെയ്യാവുന്ന കാലത്തിനുള്ളിൽ, സ്വത്തുക്കാരം പരിത്യജിക്കാൻ പോകുന്നില്ലെന്നു് അദ്ദേഹം കരുതുന്നു; അതുകൊണ്ടു് വസ്തുവിന്മേൽ യഥാർത്ഥ ഉടമയും നിയന്ത്രണാധികാരവും ഉള്ളവർ ഏതടിസ്ഥാനത്തിലാണു് അതു വച്ചുകൊണ്ടിരിക്കുന്നതെന്നും ഏതടിസ്ഥാനത്തിലാണു് അതു് അനുഭവിക്കപ്പെടേണ്ടതെന്നും മാത്രമാണു് ആലോചിക്കേണ്ടതു്. ഗാന്ധിജി പറയുന്നു "...........ആളുകരം സ്വത്തു് കൈവശം വച്ചുകൊണ്ടിരിക്കുമ്പോരം, അക്കാലത്തു് നിയമാനുസൃത

മെന്നു് കരുതപ്പെടുന്ന രീതിയിൽ ആ സ്വത്തു് അവരെ ഏല്പിച്ചതായിരുന്നാലും അല്ലെങ്കിലും, സമുദായത്തിനുവേണ്ടി ട്രസ്റ്റ് എന്ന നിലയിൽ അവർ അതു് വച്ചുകൊണ്ടിരിക്കുന്നു എന്നു വേണം കരുതാൻ. തങ്ങൾക്കുവേണ്ടിയല്ല....'' അദ്ദേഹത്തിൻെറ പ്രസ്താവനകളെ, അവ അർഹിക്കുന്ന ഗൗരവത്തോടുകൂടി, ജനങ്ങൾ ശ്രദ്ധിക്കാത്തതുകൊണ്ടു് വളരെ ആശയകുഴപ്പം ഉണ്ടാകുന്നു. ഇന്ത്യാക്കാരുടെ ക്ഷേമത്തിനു വേണ്ടിയുള്ള ട്രസ്റ്റിയാണു് ബ്രിട്ടീഷ് ഭരണകൂടം എന്നു ബ്രിട്ടനിലെ രാഷ്ട്രീയനേതാക്കാം യാതൊരർത്ഥവുമില്ലാതെ പലപ്പോഴും പ്രഖ്യാപിക്കുന്നതു് നാം കേട്ടിട്ടുണ്ടു്. അത്തരം പ്രസ്താവനകളെ നാട്യങ്ങളായും പൊള്ളവാക്കുകളായും കാപട്യങ്ങളായും കണക്കാക്കുക നമുക്കിന്നു പതിവായിട്ടുണ്ടു്................അതുപോലെതന്നെ, വസ്തു കൈവശം വച്ചുകൊണ്ടിരിക്കുന്നവരെല്ലാം സമുദായത്തിൻെറ ട്രസ്റ്റികളാണെന്നു് ഗാന്ധിജി പറയുമ്പോൾ അതു സാരമാക്കപ്പെടുന്നില്ല. നിയമപ്രകാരമുള്ള ട്രസ്റ്റികളും സങ്കല്പപ്രകാരമുള്ള ട്രസ്റ്റികളും തമ്മിൽ അവരുടെ ട്രസ്ററുകൾ വേണ്ടവണ്ണം ഭരിക്കുന്ന കാര്യത്തിൽ, വ്യത്യാസമുണ്ടെന്നു് ഗാന്ധിജിയെ നിരൂപണം ചെയ്യുന്നവർ അവ്യക്തമായി ചിന്തിക്കുന്നുണ്ടെന്നു തോന്നുന്നു. ഗാന്ധിജിക്കാകട്ടെ, ഒരു വ്യത്യാസവുമില്ല. പ്രായോഗികമാക്കാനുള്ള മാർഗ്ഗം മനസ്സിൽ കരുതാതെ അദ്ദേഹം ഒരു തത്വവും രൂപീകരിക്കാറില്ല. നിസ്സഹായത കൊണ്ടോ അറിവില്ലായ്മകൊണ്ടോ മററുള്ളവർ അനുവദിക്കുന്ന കാലത്തോളം മാത്രമേ, സുഖകരമായ ജീവസന്ധാരണത്തിനു് ആവശ്യമുള്ളതിലധികം സ്വത്തു് കൈവശം വച്ചുകൊണ്ടിരിക്കാൻ സാധ്യമാകൂ എന്നു ഗാന്ധിജി കരുതുന്നു. നിസ്സഹായത നീങ്ങി ബോധപൂർവ്വകമായ ശക്തി വളരുമ്പോൾ, അറിവില്ലായ്മ നീങ്ങി അറിവുവരുമ്പോൾ, അധികസ്വത്തു് ട്രസ്റ്റിക്കു് മാത്രമേ വച്ചുകൊണ്ടിരിക്കാനാവൂ. സ്വത്തില്ലാതായവർ ഇന്നത്തെ സ്വത്തുകാരെപ്പോലെ ദുഷിക്കരുതെങ്കിൽ ജനങ്ങൾക്കു നൽകപ്പെടുന്ന ശക്തി അഹിംസാത്മകം ആയിരിക്കണം.

ഒരു കാര്യം അന്നു് എനിക്കുതന്നെ വ്യക്തമല്ലായിരുന്നതുകൊണ്ടും അതു് തികച്ചും സ്പഷ്ടമാക്കിയിരുന്നില്ല.

ആരാണ് ശരിയായ ഉടമസ്ഥൻ?—ട്രസ്റ്റായി സൂക്ഷിക്കാനുദ്ദേശിക്കുന്ന വസ്തുവിൻെറ പ്രയോജനം ആർക്കാണ് ലഭിക്കേണ്ടതു്? ഈ ഇനത്തിൽപ്പെടുന്ന വസ്തുവിൻെറ സ്വഭാവം എന്താണ്? സ്വകാര്യസ്വത്തായി കരുതപ്പെടാൻ ഗാന്ധിജി അനുവദിക്കുമായിരുന്ന വസ്തുവിൻെറ പരിധിയും സ്വഭാവവും എന്താണ്?

ഇവിടെ അതു് വിശദമാക്കാൻ ഞാൻ ശ്രമിക്കാം. ട്രസ്റ്റിഷിപ്പ് തത്വം സ്വകാര്യസ്വത്തും സ്വകാര്യമല്ലാത്ത സ്വത്തും തമ്മിൽ യാതൊരു വ്യത്യാസവും കല്പിക്കുന്നില്ല. എല്ലാ വസ്തുവും ട്രസ്റ്റായി ഭരിക്കപ്പെടുന്നതാണ്—കൈവശം വച്ചുകൊണ്ടിരുന്നതു് ആരായിരുന്നാലും ശരി. വസ്തുവിൻെറ സ്വഭാവവും അളവും എന്തായിരുന്നാലും ശരി വാസ്തവത്തിൽ, സ്ഥൂലവും കൈമാററം ചെയ്യാവുന്നതുമായ വസ്തു മാത്രമല്ല, അധികാരസ്ഥാനവും പദവിയും തൊഴിലാളികളുടെ ശരീരബലവും വാസനകളും അതുപോലുള്ള സൂക്ഷ്മവസ്തുക്കളും ട്രസ്റ്റിഷിപ്പ് വാദത്തിൻെറ പരിധിയിൽപ്പെടുന്നു. ബലഹീനതരുടെ സങ്കേതത്തിൽ കഴിയുന്ന ഒരു മൂടന്തനും ഒരർത്ഥത്തിൽ ട്രസ്റ്റിയാണ്.—തൻെറ ഇച്ഛാശക്തി ഉപയോഗിക്കാൻ അയാൾക്കു കഴിയുന്നുണ്ടല്ലോ. മനസ്സിനു കേടു സംഭവിക്കാത്ത ഓരോ മനുഷ്യനും തൻെറ അധീനതയിലുള്ള എല്ലാ വസ്തുക്കളുടേയും ട്രസ്റ്റി മാത്രമാണ്.

പിന്നെ, ആരാണുടമസ്ഥൻ? ഗാന്ധിജി പറയും, ഈശ്വരൻ എന്നു്. പ്രപഞ്ചവും അതിലുള്ള സചേതനവും, സ്ഥൂലവും സൂക്ഷ്മവുമായ എല്ലാവസ്തുക്കളും ഈശ്വരനുമാത്രം അവകാശപ്പെട്ടതത്രെ. ഒരുദാഹരണം പറഞ്ഞാൽ ഷെയർ വാങ്ങിയിട്ടുള്ളവരോ, ഡയറക്ടർമാരോ, മാനേജിംഗ് ഏജൻറന്മാരോ, സാങ്കേതികവിദഗ്ദ്ധന്മാരോ, തൊഴിലാളികളോ, രാഷ്ട്രംപോലുമോ പരിപൂർണ്ണാർത്ഥത്തിൽ ഒരു വ്യവസായത്തിൻെറ ഉടമയല്ല. ആ വ്യവസായത്തിൻെറ പ്രവർത്തനത്തെ സഹായിക്കുന്നവരാണ് അവരെല്ലാം; വ്യവസായം കാര്യക്ഷമമായി നടത്തുന്നതിനുവേണ്ടി വിവിധതരത്തിലുള്ള പങ്കാളികൾക്കു വിവിധ ജോലികൾ നൽകിയിരിക്കുന്നു. അവരോരോരുത്തരും ഈ അധികാരങ്ങൾ സത്യസന്ധതയോടും ജാഗ്രതയോടുംകൂടി

ഉപയോഗിക്കണം. അവരുടെ ചുററുമുള്ള ജീവിത പരിതസ്ഥിതികളിൽ ഉചിതവും ന്യായവുമായ വരുമാനത്തിൽ കവിഞ്ഞു് യാതൊന്നും തങ്ങളുടെ ഉപയോഗത്തിനുവേണ്ടി ഭാരവാഹികൾ എടുക്കരുതു്.

എല്ലാ വസ്തുക്കളുടേയും ഉടമ ഈശ്വരനാണു് എന്ന ആശയം അഥവാ, ഏതെങ്കിലും ഒരു മനുഷ്യനോ മനുഷ്യരാശിയ്ക്കോ ഒന്നിലും ഉടമ ഇല്ലെന്ന ആശയം, എല്ലാ അവകാശവാദങ്ങളേയും തള്ളിക്കളയുന്നു. ലാഭത്തിൻെറ നിരക്കനുസരിച്ചു് ലാഭവീതമോ കമ്മിഷനോ, ബോണസ്സോ അവകാശപ്പെടാൻ ഷെയർ വാങ്ങിയിട്ടുള്ളവർക്കോ, മാനേജർമാർക്കോ, വിദഗ്ധന്മാർക്കോ, തൊഴിലാളികൾക്കോ സാധ്യമല്ല. ലോകത്തിലുള്ള വസ്തുക്കളെല്ലാം മനുഷ്യനുവേണ്ടി ഈശ്വരൻ സൃഷ്ടിച്ചതാണു് എന്ന വാദം സ്വീകാര്യമല്ല. തൻെറ ആവശ്യങ്ങളെല്ലാം മനുഷ്യൻ മിതമായി നിറവേററണം; തൻെറ പ്രവൃത്തികൾക്കെല്ലാം താൻ കണക്കു പറയേണ്ടിവരുമെന്നും കരുതണം. വ്യവസായത്തിൻെറ വിജയത്തിനുവേണ്ടി, തൻെറ കഴിവു് പരമാവധി ഉപയോഗിച്ചു പ്രയത്നിക്കുന്ന ഏതൊരാൾക്കും, ആവശ്യമുള്ളപക്ഷം, ഒരു ശമ്പളം പററാം. പക്ഷേ തൻെറ ആവശ്യങ്ങൾ അനുസരിച്ചായിരിക്കണം ശമ്പളം; പ്രയത്നത്തിൻെറ തോതനുസരിച്ചാവരുതു്. സ്ററൂളിന്മേലിരുന്നു് ഫാക്ടറിയിൽ വരികയും പോകയും ചെയ്യുന്ന സാധനങ്ങൾ പരിശോധിക്കാൻ മാത്രം കഴിവുള്ള മുടന്തനായ ഒരു തൊഴിലാളി സത്യസന്ധതയോടുകൂടി ആ ജോലി ചെയ്യുന്നുണ്ടെങ്കിൽ, സാധാരണ ശമ്പളം മുഴുവനും, അതിനുപുറമേ, ശാരീരിക നിസ്സഹായാവസ്ഥമൂലം അയാൾക്കു് കൂടുതലാവശ്യമുള്ളതും, വാങ്ങാൻ അയാൾക്കവകാശമുണ്ടു്. അതേസമയത്തു്, എൻജിനീയറും ശരീരശേഷിയുള്ള തൊഴിലാളിയും വാങ്ങുന്നതു് സാധാരണ ശമ്പളം മുഴുവൻ മാത്രമാവാം. മാനേജിംഗ് ഏജൻറിനു് മറെറാരിടത്തോ മറെറാരു രീതിയിലോ ശമ്പളം ലഭിക്കുന്നുണ്ടെങ്കിൽ, യാതൊരു പ്രതിഫലവും പററാതിരിക്കാം. ഒരു മനുഷ്യൻെറ കഴിവോ അർഹതയോ നിർണ്ണയിക്കാനുള്ള മാനദണ്ഡം ധനപരമായ പ്രതിഫലം ആയിരിക്കയില്ല.

തങ്ങൾക്ക് അവകാശപ്പെട്ടതിനെ എന്തും ചെയ്യാമെന്നുകരുതി വസ്തു ദീപാളികുളിച്ചു കളയാനുള്ള അവകാശം ഭരണകൂടത്തിനോ ഡയറക്ടർമാർക്കോ തൊഴിലാളികൾക്കോ ഇല്ലെന്നു് ട്രസ്റ്റീഷിപ്പ് വാദം സ്ഥാപിക്കുന്നു.

ഉടമസ്ഥതയുടെ കാര്യം അങ്ങനെ തീരുമാനിച്ചുകഴിഞ്ഞു. ഒരു വസ്തുവിൻെറ പ്രയോജനം സിദ്ധിക്കേണ്ടതു് ആർക്ക് എന്നതാണു് അടുത്തചോദ്യം. സൃഷ്ടികൾക്കാകമാനം —അതാണു് ഉത്തരം. ഉദാഹരണമായി ഒരു വ്യവസായത്തിൻെറ നടത്തിപ്പിൽ പങ്കെടുക്കുന്നവർക്കുമാത്രം അവകാശപ്പെട്ടതല്ല അതിൽനിന്നുണ്ടാകുന്ന ഉല്പന്നങ്ങൾ; എല്ലാ സാധനങ്ങളും എല്ലാവർക്കും പങ്കിടേണ്ടതാണു്; മനുഷ്യേതര ജീവികളെപ്പോലും വിസ്മരിച്ചുകൂടാ.

കൂട്ടുപങ്കാളിത്ത തത്വത്തിൻെറ വ്യാപ്തി, മനുഷ്യരുടെ വീക്ഷണ പരിമിതിയനുസരിച്ചു് പരിമിതമായിരിക്കും; സംശയമില്ല. പ്രാദേശികമായിരിക്കും ആദ്യം അതിൻെറ വ്യാപ്തി; അവിടെത്തന്നെയും മനുഷ്യനു് ഇതരജീവികളെ അപേക്ഷിച്ചു് മുൻഗണന കല്പിക്കപ്പെടും. പക്ഷേ വീക്ഷണം വിശാലമാകുന്തോറും, വിഭവങ്ങൾ അനുവദിക്കുന്തോറും അനുഭവമണ്ഡലം ക്രമേണ സാദ്ധ്യമാകുന്നിടത്തോളം വിപുലമാക്കുകയാണു് വേണ്ടതു്. സ്വയം പര്യാപ്തതയുള്ള ഒരു ഗ്രാമത്തിനുപോലും അവിടത്തെ ഉൽപ്പന്നങ്ങളൊക്കെ സ്വയം ഉപയോഗിക്കാൻ അവകാശമില്ല. അവ ലോകത്തിൻെറ മറെറാരുഭാഗത്തു് ദുരിതത്തിൽ മുഴുകികിടക്കുന്ന ജീവിതത്തിനു് ആവശ്യമുണ്ടെന്നു വരാം. അവിടെ അധികമുള്ള യാതൊരു സാധനവും ഇവിടെ ആവശ്യമില്ലെങ്കിൽ, പകരം കൊടുക്കാൻ യാതൊന്നുമില്ലാത്തവണ്ണം ആ സ്ഥലം ദരിദ്രമാണെങ്കിൽ, ഈ ഗ്രാമം ഒരു പ്രതിഫലവും ആവശ്യപ്പെടരുതു്.

സ്വകാര്യസ്വത്തായി ഉപയോഗിക്കാൻ ഗാന്ധിജി അനുവദിക്കുന്ന വസ്തുവിൻെറ പരിധിയും സ്വഭാവവും എന്താണു് എന്ന ചോദ്യത്തിനു ഉത്തരം പറയാൻ ഇനി എളുപ്പമുണ്ടു്. ഒരു തൊഴിലാളിക്കു കിട്ടേണ്ടതും അയാൾക്കു ആവശ്യമുള്ളതും, ഉചിതമായ കാര്യ

ങ്ങൾക്കുവേണ്ടി, വിവേകപൂർവ്വം അയാൾക്കു ഉപയോഗിക്കാം. എന്നാൽ ഏതെങ്കിലും കാരണവശാൽ അയാൾക്കതു് ആവശ്യമി ല്ലെന്നും, ആസന്നഭാവിയിൽ ആവശ്യപ്പെട്ടുകയില്ലെന്നും വന്നാൽ; ആവശ്യമുള്ള ഒരാൾക്കു് അയാൾ അതു് നൽകണം; അല്ലെങ്കിൽ തൻെറ ഘടകത്തിൻെറ പൊതു നിക്ഷേപത്തിലേയ്ക്കു് അതു മടക്കി ക്കൊടുക്കണം.

സ്വത്തു കണ്ടുകെട്ടുന്നതിനേയും നഷ്ടപരിഹാരം കൊടുക്കുന്ന തിനേയും ഒരുപോലെ ഗാന്ധിജി എതിർത്തിരുന്നതു് എന്തുകൊ ണ്ടെന്നു് മേല്പറഞ്ഞതിൽനിന്നു് മനസ്സിലാക്കാൻ പ്രയാസമില്ല. ഇന്നത്തെ ഉടമകൾ ട്രസ്റ്റികളുടെ കടമകൾ നിറവേററാൻ സമ്മതിക്കു യാണെങ്കിൽ, കണ്ടുകെട്ടുന്നതു് അനാവശ്യമായ അനീതിയാണു്. ആ നിലയിലേയ്ക്കു് അവരെ പരിവർത്തനം ചെയ്യാൻ ഒരു പരി ശ്രമം നടത്തേണ്ടതാണു്. നഷ്ടപരിഹാരം അനാവശ്യമാണു്; ഒരു ട്രസ്റ്റിയെ മാററുമ്പോൾ ഒരിക്കലും നഷ്ടപരിഹാരം കൊടുക്കാറില്ല ല്ലോ. ട്രസ്റ്റിയുടെ കടമകൾ നിറവേറാൻ അയാൾ വിസമ്മതം പ്രക ടിപ്പിക്കുയും, വസ്തു തൻേറതാണെന്നു് അവകാശപ്പെടുകയും ചെയ്താൽ അയാളുടെ നിലപാടു് അംഗീകാര്യമല്ലാതായിത്തീരുന്നു. അതു കൊണ്ടു അയാളെ മാററി, മറെറന്തെങ്കിലും ഏർപ്പാടു ചെയ്യേണ്ടി വരുന്നു. എന്തായാലും നഷ്ടപരിഹാരം ഒരു സന്ദർഭത്തിലും ആവശ്യമില്ല.

# ix

# ലഘുജീവിതവും വികേന്ദ്രീകരണവും

മനുഷ്യ പ്രയത്നം, സ്വയം പര്യാപ്തതയുള്ള കൊച്ചു കൊച്ചു ഘടകങ്ങൾ, വികേന്ദ്രീകൃതമായ രാഷ്ട്രീയ ഘടനയും സാമ്പത്തിക ഘടനയും, ലളിതമായ ജീവിതരീതി, എന്നിവയിൽ ഗാന്ധിജിക്കു് ഉണ്ടായിരുന്ന നിർബ്ബന്ധം ഇതുവരെ ചർച്ചചെയ്ത തത്വങ്ങളിൽ നിന്നു സിദ്ധമാണല്ലോ.

ആധുനികജീവിതം അത്യന്തം സങ്കീർണ്ണവും സമ്മിശ്രവുമാണു്. അതുകൊണ്ടു ജീവിതത്തോടു നമുക്കു സ്നേഹാദരങ്ങൾ ഉണ്ടെങ്കിലും, സമാധാനവും അഹിംസയും സൗഹാർദ്ദവും നാം അഭിലഷിക്കുന്നുണ്ടെങ്കിലും, ജീവിതത്തെ നശിപ്പിക്കുകയും ചൂഷണം ചെയ്യുകയും പ്രകൃതിവിഭവങ്ങളേയും മനുഷ്യപ്രയത്നത്തേയും അനിയന്ത്രിതമായി പാഴാക്കിക്കളയുകയും സാങ്കേതികമായും ശാസ്ത്രീയമായും രാഷ്ട്രീയമായും കുഴപ്പങ്ങൾ സൃഷ്ടിക്കുന്ന യുദ്ധത്തിനു സന്നാഹം കൂട്ടുകയും ചെയ്യുന്നതു തടയാൻ ഏതാണ്ടു സാദ്ധ്യമല്ല എന്നായിട്ടുണ്ടു്. അതിനും പുറമേ, നാം ഉപയോഗിക്കുന്ന സാധനങ്ങൾ ഉൽപാദിപ്പിക്കുന്നതു് എവിടെയെന്നോ എങ്ങനെ എന്നോ, അവകൊണ്ടു വരുന്നതു് എപ്രകാരമെന്നോ, ലോകസാമ്പത്തിക സ്ഥിതിയെ അവ ഏതു വിധത്തിൽ ബാധിക്കുന്നു എന്നോ നാം അറിയുന്നില്ല. ജീവിതം കുറേക്കൂടി ലഘുവായ രീതിയിൽ സംവിധാനം ചെയ്തിരുന്നെങ്കിൽ ഈ നഷ്ടം ഒട്ടു വളരെ ഒഴിവാക്കാമായിരുന്നു. പരിഷ്കൃതാവശ്യങ്ങൾക്കായുള്ള പല സാധനങ്ങൾപോലും (ഉദാ: പൽപ്പൊടി) ഓരോ ഗ്രാമത്തിലും നിർമ്മിക്കാവുന്നതാണു്. എഴുതാനുള്ള കടലാസ്സു്, സാധാരണ മഷി, മുതലായവ ഓരോ താലൂക്കിലുമുള്ള പട്ടണങ്ങളിൽ ഉണ്ടാക്കാം. ചർക്കയുടെ ഘടകങ്ങൾ, നെയ്ത്തു യന്ത്രങ്ങൾ,

ഗൃഹോപകരണങ്ങൾ എന്നിവയൊക്കെ ഓരോ ഡിസ്ട്രിക്ടിനുള്ളിലും നിർമ്മിക്കാം. ആഹാരം, വസ്ത്രം, ലഘുഭവനനിർമ്മാണത്തിനുള്ള ഉപകരണങ്ങൾ എന്നിവയുടെ കാര്യത്തിൽ ഒരു ഗ്രാമം മറെറാന്നിനെ ആശ്രയിക്കണമെന്നില്ല. വികേന്ദ്രീകൃതമായ ഉൽപാദന ക്രമത്തിൽ ഉത്പാദകരും ഉപഭോക്താക്കളും അന്യോന്യം അറിയാവുന്നവരാണ്. അവരുടെ ജീവിത പരിതസ്ഥിതിയും പ്രവർത്തന സാഹചര്യങ്ങളും അവർക്കറിയാം. ജനങ്ങളെ പൂർണ്ണമായി പ്രതിനിധീകരിക്കുന്നതും സാധ്യമാകുന്നിടത്തോളം സ്വയംഭരണാവകാശമുള്ളതുമായ ഒരു വികേന്ദ്രീകൃത ഭരണകൂടം ഉണ്ടായിരുന്നാൽ പദ്ധതികളും പരിപാടികളും തയ്യാറാക്കാനും പൂർണ്ണമായി നടപ്പിൽ വരുത്താനും ഉണർവുററ ജനാധിപത്യത്തിനു് കൂടുതൽ സൗകര്യം ലഭിക്കും. കുററങ്ങളും കുറവുകളും ആവിർഭവിച്ചാൽ ഉടനുടൻ അവ ദൂരീകരിക്കാൻ കഴിയും. ഒരു തൊഴിലിൽ ഹിംസ അനിവാര്യമാണു് എന്നു വന്നാൽ —ഉദാഹരണമായി തോൽച്ചെരിപ്പും കരൾ സത്തും (Liver Extract) നിർമ്മിക്കുന്ന വ്യവസായത്തിൽ, ഹിംസ ചെയ്യേണ്ടിവരുമെന്നു് ജനങ്ങൾക്കു് അറിയാമായിരിക്കും—അതു ചെയ്യണമോ, അതുകൂടാതെ കഴിക്കണമോ എന്നു തീരുമാനിക്കാനും അവർക്കു കഴിയും. കേന്ദ്രീകൃത വ്യവസായങ്ങളിൽ സാധനങ്ങൾ നിർമ്മിക്കുന്നതു് എപ്രകാരമാണെന്നു് വളരെക്കുറച്ചു പേർക്കേ അറിവു് ഉണ്ടായിരിക്കൂ. ഡിജിററാലിസ് (digitalis) ഒരു സസ്യൗഷധം ആണെന്നും സ്വന്തം തത്വങ്ങൾക്കു ഹാനി തട്ടാതെ അതു് ഉപയോഗിക്കാമെന്നും അഹിംസോപാസകൻ വിചാരിക്കുന്നു. അയാളുടെ കുപ്പിയിലുള്ള ഗുളികകൾ ഉൾപ്പെടെയുള്ള മരുന്നിൻെറ സ്റേറാക്കു് കമ്പോളത്തിലേയ്ക്കു് അയയ്ക്കുന്നതിനു മുൻപു്, അതിൻെറ എന്തെന്തു മാത്രകൾ മനുഷ്യജീവിതത്തിനു ഗുണകരവും ദോഷകരവും ആയിരിക്കും എന്നു നിർണ്ണയിക്കുന്നതിനു വേണ്ടി എത്രയോ പന്നികളിലും മററു ജന്തുക്കളിലും പരീക്ഷിച്ചുനോക്കിയിട്ടുണ്ടെന്നു് അയാൾ സംശയിക്കപോലും ചെയ്യുന്നില്ല. ആ സസ്യമോ അതിനെ വിവിധ മരുന്നുകളായി രൂപാന്തരപ്പെടുത്തുന്ന ഫാക്ടററിയോ അയാൾ

കണ്ടിട്ടില്ല. അതുകൊണ്ടു് അയാാം ശുദ്ധാത്മാവാണു് അതുപോലെ. കരങ്ങുകാം തങ്ങളുടെ വിളവുകാം മുഴവൻ നശിപ്പിച്ചാലും അവയെ വെടിവയ്ക്കാത്ത ആളുകാം അമേരിക്കയിലേയ്ക്കു് അവയെ കയററി അയയ്ക്കുന്ന പതിവും കേന്ദ്രീകൃതപദ്ധതിയിൽ കാണാം. ജീവനോടെ കീറിമുറിച്ച പരീക്ഷണം നടത്താനാണു് കുരങ്ങുകളെ വാങ്ങിക്കൊണ്ടു പോകുന്നതു് എന്നു ചിന്തിക്കാൻ ഇക്കൂട്ടക്കു കഴിയുന്നില്ല. അവർ സ്വന്തം കണ്ണുകാം കൊണ്ടു് ആ പരീക്ഷണം കണ്ടാൽ, കുരങ്ങുകാം ഉപദ്രവം ചെയ്യുമ്പോാം അവയെ നേരെ അങ്ങു കൊന്നുകളയുന്നതു്, ജീവനോടുകൂടി അന്യരാജ്യത്തേയ്ക്കു കയററി അയയ്ക്കുന്നതിനേക്കാാം അഹിംസാപരമാണു് എന്നു അവർ മനസ്സിലാക്കും. അതുപോലെ നഗരങ്ങളിൽ പാൽ വിതരണം ചെയ്യുന്നതിനുവേണ്ടി കറവപ്പശു ക്കളെ അനിയന്ത്രിതമായി നിർദ്ദയം ഹിംസിക്കുന്നതും സാധാരണ മത്രെ.

അതുകൊണ്ടു് വൻതോതിലുള്ള ഉല്പാദനത്തിലും അമിത കേന്ദ്രീ കരണത്തിലും അധിഷ്ഠിതമായ യാന്ത്രികവ്യവസ്ഥിതിയേക്കാാം ലഘുജീവിതവും ലഘുസാമ്പത്തിക ഘടനയും ലഘു രാഷ്ട്രീയഘട നയും അഹിംസാത്മകസമുദായസൃഷ്ടിക്കു സഹായകമായ പരിതഃ സ്ഥിതി സൃഷ്ടിക്കും. ആദ്യം പറഞ്ഞ വ്യവസ്ഥിതിയിൽ, അതിവ്യയ ത്തിനു് ഇടയാക്കുന്ന രാഷ്ട്രീയ സ്ഥാപനങ്ങളും ഭരണസ്ഥാപന ങ്ങളും അനുപേക്ഷണീയമായിത്തീരുന്നു; രാഷ്ട്രത്തിൻെറ വരുമാന ത്തിൽ ഭൂരിഭാഗവും വമ്പിച്ച സേനാസന്നാഹങ്ങാംക്കുവേണ്ടി ചെ ലവു ചെയ്യേണ്ടിവരുന്നു. ഏററവും വലിയ സാമ്പത്തിക വിദഗ് ദ്ധന്മാർ പോലും അന്ധകാരത്തിൽ തപ്പിത്തടഞ്ഞു് ഉഴലാൻ ഇടയാ കത്തക്കവണ്ണം സങ്കീർണ്ണമായ സാമ്പത്തികക്കുരുക്കുകാം ഉണ്ടാകുന്നു. നിയതചലനങ്ങാം സൃഷ്ടിക്കാൻ നീരാവിയും വാതകങ്ങളും വിദ്യു ച്ഛക്തിയും മാത്രമല്ല സംഭരിക്കപ്പെടുന്നതു്; ചക്രങ്ങാം മാത്രമല്ല നിയന്ത്രിക്കപ്പെടുന്നതു്; മനുഷ്യനെപ്പോലും യന്ത്രമാക്കുകയും വരി ഞ്ഞുകെട്ടുകയും ചെയ്യുന്നു. തൊഴിലും ഭക്ഷണവും വസ്ത്രവും വീടും തിരഞ്ഞെടുക്കാനും പ്രവൎത്തിക്കാനും അവനുള്ള സ്വാതന്ത്ര്യം കൂടുതൽ നിയന്ത്രിതമാകാൻ ഓരോ അത്യാഹിതവും കാരണമായിത്തീരുന്നു.

ഹിംസയും അനീതിയും കഷ്ടപ്പാടും പൂൎണ്ണമായി ദൂരീകരിക്കാനും സ്വാതന്ത്ര്യവും സൗഹാർദ്ദവും സമാധാനവും പൂർണ്ണമായി ഉറപ്പുചെയ്യാനും ഇന്നത്തേക്കാൾ ലഘുവായ പരിഷ്കാരത്തിനു കഴിയുമെന്നു പറയുകയല്ല. ഹിംസയും അഹിംസയും ബാഹ്യജീവിതത്തിൻെറ മാത്രം ഫലങ്ങളല്ലല്ലോ; സംസ്കാരത്തിൻെറയും ആത്മീയവും ധാർമ്മികവുമായ വളർച്ചയുടേയും ഫലങ്ങളത്രെ. ആത്മീയവും ധാർമ്മികവുമായ മററു ഭാവങ്ങളുടെ വികാസത്തോടൊപ്പമല്ലാതെ അഹിംസയ്ക്കു വികാസം സാധ്യമല്ല; ബാഹ്യമായ ഏതാനും ജീവിതനിയമങ്ങൾ പാലിച്ചതുകൊണ്ടോ നമ്മുടെ സുഖസൗകര്യങ്ങളും ആവശ്യങ്ങളും ഒരു പരിധിക്കുള്ളിൽ ഒതുക്കി നിറുത്തിയതുകൊണ്ടോ മാത്രം അഹിംസ വളർത്താനാവില്ല. ആരാച്ചാരുടേയും ആധുനിക രീതിയിലുള്ള വ്യവസായ സംഘടനകളുടേയും വ്യാജച്ചരക്കുകാരുടേയും കരിഞ്ചന്തക്കാരുടേയും ഹിംസപോലെ കഠിനമായിത്തീരാം, ഒരു ഗ്രാമത്തലവൻെറയും കച്ചവടക്കാരൻെറയും ഹിംസ. പക്ഷേ സങ്കീർണ്ണ ജീവിതരീതിയിൽ ഉള്ളതിനേക്കാൾ ഹിംസയുടെ അളവും വ്യാപ്തിയും ലഘുജീവിത രീതിയിൽ കുറഞ്ഞിരിക്കും; അതിനെ കണ്ടുപിടിച്ചു നിയന്ത്രിക്കാനും എളുപ്പമുണ്ടായിരിക്കും.

എല്ലാവൎക്കും തുല്യമായ ജീവിതനിലവാരം ഉണ്ടായിരിക്കുക—അതായിരിക്കാം ഉത്തമാദർശം. പക്ഷേ അതു പ്രയോഗികമാക്കിക്കാണുക ഒരു കാലത്തും സാധ്യമല്ലെന്നു് വാദിക്കാവുന്നതാണു്. ഒരു ഗ്രാമത്തിൽപോലും വിവിധജീവിത നിലവാരങ്ങൾ ഉണ്ടായിരിക്കതന്നെചെയ്യും. പ്രത്യേകിച്ചും, വ്യക്തിസ്വാതന്ത്ര്യം കൂടുതൽ വേണമെന്നും രാഷ്ട്രത്തിൻെറ നിയന്ത്രണം ഏററവും കുറഞ്ഞിരിക്കണമെന്നും നിർബ്ബന്ധിക്കയാണെങ്കിൽ ജീവിത നിലവാരത്തിൽ വ്യത്യാസം വന്നു ചേരും.

ഇതിൽ അല്പം സത്യമുണ്ടു്. പക്ഷേ ഇവിടേയും ഒന്നു വ്യക്തം. ഏററവും ഉയൎന്ന ജീവിത നിലവാരവും ഏററവും താണ നിലവാരവും തമ്മിലുള്ള അന്തരം ഇന്നത്തേക്കാൾ വളരെക്കുറയ്ക്കാൻ കഴിയും—

പ്രായോഗികമായി മുതലാളിത്തം നിലവിലിരുന്നാലും. ഗ്രാമീണനായ ഒരു കോടീശ്വരൻെറ സൗധം ബോംബേയിലുള്ള അയാളുടെ സഹോദരൻെറ സൗധം പോലെ വലുതോ അത്രത്തോളം സുഖസൗകര്യങ്ങൾ ഉള്ളതോ ആയിരിക്കയില്ല. അയാളും കുടുംബാംഗങ്ങളും അത്രത്തോളം ഗ്രാമീണജനതയെ അറിയാതേയും അവരാൽ അറിയപ്പെടാതേയും കഴിയാനിടയില്ല. ബോംബേയിലാകട്ടെ, അയൽ വീട്ടുകാർപോലും തമ്മിൽ അറിയുന്നില്ല; അറിയാൻ കൂട്ടാക്കുന്നുമില്ല; സാധാരണ കർഷകൻ മൺപാത്രങ്ങൾ മാത്രം ഉപയോഗിക്കുമ്പോൾ ഗ്രാമത്തിലെ കോടീശ്വരൻ പിച്ചളപ്പാത്രങ്ങൾ ഉപയോഗിച്ചു എന്നുവരാം. എന്നാൽ പുറത്തു കണ്ണാടിയിട്ട മേശകളും വെള്ളിക്കരണ്ടികളും മനോഹരചിത്രങ്ങളും പൂക്കളും സുഗന്ധദ്രവ്യങ്ങളും മററ് അലങ്കാര വസ്തുക്കളും കൊണ്ടു സംവിധാനം ചെയ്യപ്പെട്ട നഗരകുബേരൻെറ ഭക്ഷണ മുറിയും അതേ പുരയിടത്തിൽ തന്നെ സ്ഥിതി ചെയ്യുന്നതും ഒന്നോ രണ്ടോ മുറിമാത്രം ഉള്ളതുമായ ജോലിക്കാരുടെ പുരകളും തമ്മിലുള്ളിടത്തോളം വ്യത്യാസം ഗ്രാമകുബേരൻെറ സൗധത്തിൽ ഉണ്ടായിരിക്കയില്ല. എന്നല്ല, ആ ജോലിക്കാരുടേയും നഗരത്തിലെ വഴിക്കച്ചവടക്കാരുടേയും (തൂപ്പുകാരെപ്പററി പറയുന്നില്ല) ജീവിത പരിത:സ്ഥിതികൾ തമ്മിലുള്ള വ്യത്യാസം പോലും ലഘുജീവിതരീതിയിൽ ഉണ്ടാകാവുന്ന വ്യത്യാസത്തേക്കാൾ എത്രയോ വിപുലമാണ്.

ഗ്രാമകുബേരൻെറ കുടുംബത്തിനും അയാളുടെ ഗ്രാമത്തിലെ ജനങ്ങൾക്കും തമ്മിൽ നിത്യജീവിതത്തിലുള്ള വ്യത്യാസം നഗരകുബേരൻെറ കുടുംബത്തിനും അയൽവാസികൾക്കും തമ്മിലുള്ള വ്യത്യാസത്തെ അപേക്ഷിച്ച് വളരെക്കുറവായിരിക്കും. ഗ്രാമത്തിലെ കോടീശ്വരൻെറ ഭാര്യയ്ക്കും കുട്ടികൾക്കും തേച്ചുമിനുക്കിയ ചർക്കകളും വെടിപ്പുള്ള വസ്ത്രങ്ങളും ആഭരണങ്ങളും ആഡംബര വേഷവിധാനങ്ങളും അയല്പക്കാരേക്കാൾ കൂടുതലായി ഉണ്ടായിരിക്കും. എങ്കിലും ദരിദ്രരെപ്പോലെതന്നെ ആ ഭാര്യ നൂൽനൂൽക്കും; വീട്ടുജോലികൾ ചെയ്യും; വീട്ടുചെലവു കണക്കുകളും മററുപ്രശ്നങ്ങളും

ശ്രദ്ധിക്കും. സാധാരണ ജനങ്ങളോടൊന്നിച്ച് അവർ പാടുകയും കളിക്കുകയും ചെയ്യും; കളികളിലും പാട്ടിലും ആളുകൾ തമ്മിൽ കലരുമ്പോൾ, വ്യത്യാസത്തെക്കുറിച്ചുള്ള ബോധം കുറയും. നഗരങ്ങളിൽ കോടീശ്വരന്മാർ മാത്രം ഒരു ജാതിയായി വേർതിരിഞ്ഞു നിൽക്കുന്നു; ഇടത്തരക്കാർക്കും സാധാരണക്കാർക്കും അവരവരുടെ വിവിധസാമൂഹ്യ വിഭാഗങ്ങൾ ഉണ്ട്, അവരേക്കാൾ താണ തട്ടിൽ ജീവിക്കുന്ന ജനങ്ങളുടെ പ്രശ്നങ്ങൾ അവർ ഒരിക്കലും അറിയുകയോ മനസ്സിലാക്കുകയോ ചെയ്യുന്നില്ല. വിവിധ ജീവിതസ്ഥിതികളിലും വിവിധ തൊഴിലുകളിലും കഴിയുന്ന ജനങ്ങൾ നിരന്തരമായി സമ്മേളിക്കയാണെങ്കിൽ, ഓരോരുത്തരുടേയും നിത്യജീവിതം അയല്ക്കാർ കണ്ടുകൊണ്ടിരിക്കയാണെങ്കിൽ, ഒരു ആത്മനിയന്ത്രണശീലം ബോധപൂർവ്വമല്ലാതെ അവക്കു സിദ്ധിക്കുന്നു. ഒരു ചെറിയ സമുദായത്തിൽ ദീപാളിത്തവും സ്വാർത്ഥപരതയും സാധ്യമല്ല. മററുള്ളവരുടെ സുഖസൗകര്യങ്ങളെ വിഗണിക്കാനും എളുപ്പമല്ല. ഇതു് ട്രസ്റ്റിഷിപ്പ് എന്ന ആശയത്തിൻെറ വികാസത്തിനു സഹായകമാണു്.

ഇപ്രകാരം, ട്രസ്റ്റീഷിപ്പ് തത്വം ഒരു പൂർണ്ണതാദർശം മാത്രമായി അവശേഷിച്ചാലും, സ്വകാര്യസ്വത്തുടമാസമ്പ്രദായം തുടന്നു നിലനിന്നാലും, ലഘുജീവിതവും വികേന്ദ്രീകരണവുംമാത്രം നടപ്പിൽ വന്നാൽ, ഹിംസയും അസമത്വവും സാമ്പത്തിക സംഘട്ടനങ്ങളും കുറയാൻ അനുകൂലമായ പരിത:സ്ഥിതി സൃഷ്ടിക്കപ്പെടും.

X

# ഉപസംഹാരം

ഗാന്ധിയൻ സിദ്ധാന്തത്തിന്റേയും മാർക്സിയൻ സിദ്ധാന്തത്തിന്റേയും മിക്ക പ്രധാന വശങ്ങളെക്കുറിച്ചും ഞാൻ ചർച്ചചെയ്തു കഴിഞ്ഞു എന്നു വിശ്വസിക്കുന്നു. ജീവിതത്തിന്റേയും ജീവിത പ്രശ്നങ്ങളുടേയും നേർക്കുള്ള ഗാന്ധിയൻ വീക്ഷണ ഗതി മാർക്സിയൻ വീക്ഷണ ഗതിയിൽ നിന്നു് അടിസ്ഥാനപരമായി വ്യത്യാസമുള്ളതാണെന്നു തെളിയിക്കാൻ ഞാൻ ശ്രമിച്ചിട്ടുണ്ടു്. "കമ്യൂണിസം ന്യൂനം ഹിംസ ആണു് ഗാന്ധിസം" എന്നോ "കമ്യൂണിസം അധികം ഈശ്വരൻ ആണു് ഗാന്ധിസം" എന്നോ ലഘൂകരിച്ച നിർവ്വചനങ്ങൾ നല്കി ആ വ്യത്യാസത്തെ വ്യാഖ്യാനിക്കാൻ കഴിയുകയില്ലെന്നും വ്യക്തമാക്കി. "വർഗ്ഗരഹിതമായ സോഷ്യലിസ്ററ രാഷ്ട്രത്തിന്റെ സ്ഥാപനം" എന്ന ലക്ഷ്യത്തേയും ഗാന്ധിസത്തോടു ഘടിപ്പിക്കുന്നതു ശരിയല്ല. സ്ഥിരമായ ഭരണകൂടം ഇല്ലാതേയും അതിന്റെ അഭാവത്തിൽ ഉണ്ടാകാവുന്ന കുഴപ്പങ്ങൾ കൂടാതേയും "വൻ തോതിലുള്ള രാഷ്ട്രീയ സാമൂഹ്യ വ്യാവസായിക സാംസ്കാരിക സ്ഥാപനങ്ങളെ" നിർമ്മാർജ്ജനം ചെയ്തുകൊണ്ടും "താത്വികമായ അരാജകത്വം" (Philosophical anarchy) സ്ഥാപിക്കുന്നതിനുവേണ്ടിയാണു് ഗാന്ധിസം നിലകൊള്ളുന്നതു് എന്നു പറയുന്നതും ഒട്ടും ഉചിതമല്ലെന്നു് എനിക്കു തോന്നുന്നു.

ഒരു ആദർശത്തിലേയ്ക്കു പുരോഗമിക്കാനുള്ള മാർഗ്ഗമാണു് ഗാന്ധിസം എന്നു ഞാൻ പറയും. ആ ആദർശം, ഗാന്ധിജിയുടെ ഉപമ ഉപയോഗിച്ചു പറഞ്ഞാൽ യൂക്ലിഡിന്റെ ബിന്ദുപോലെയാണു്. മനസ്സിൽ അതു സങ്കല്പിക്കാൻ കഴിയും; എന്നാൽ ഏറ്റവും കൂർമ്മയുള്ള സൂചിമുനകൊണ്ടുപോലും അതു സൂക്ഷ്മമായി അടയാളപ്പെടുത്താൻ കഴിയുകയില്ല. ഹിമാലയത്തിലെ ഒരു ഉയന്ന കൊടുമുടിയോടും അതിനെ സാമ്യപ്പെടുത്താം. അകലെ നിന്നു നോക്കുമ്പോൾ,

അതു് അത്യന്തം ദുഷ്പ്രാപമായിരിക്കും എന്നു് നാം മനസ്സിലാക്കു ന്നില്ല. എന്നാൽ കയറിത്തുടങ്ങുന്തോറും അന്ത്യലക്ഷ്യം എന്നു നാം കരുതിയതു് മാർഗ്ഗമദ്ധ്യേയുള്ള ഒരു ഘട്ടം മാത്രമായിരുന്നെന്നു് നാം അറിയുന്നു; വളരെയകലെ മററൊരു ശിഖരം അന്ത്യലക്ഷ്യമെ ന്നോണം പ്രത്യക്ഷപ്പെടുന്നു. ഇപ്രകാരം അവസാനമില്ലാതെ സംഭ വിച്ചുകൊണ്ടിരിക്കും. വിദൂരസ്പർശിയും ശാശ്വതവുമായ ഒരു പരി പാടിയാണു് ഇതു്. എന്നാൽ ഓരോ വ്യക്തിക്കുപോലും പ്രയോ ജനകരമാംവണ്ണം അതു നടപ്പിലാക്കാം. സത്യസന്ധത, അഹിംസ, സ്ഥാനസമത്വം, അവസരസമത്വം, സമ്പത്തിൻേറയും ജീവിത സുഖസൗകര്യങ്ങളുടേയും തുല്യവിതരണം, രാഷ്ട്രനിയന്ത്രണത്തിൻെറ അഭാവം, വികേന്ദ്രീകരണം, യന്ത്രവൽക്കരണമില്ലായ്മ, സമാധാനം, സൗഹാർദ്ദം, ഐകരൂപ്യം, യുദ്ധത്തിലും പട്ടാളച്ചിട്ടയിലും മത്സര ത്തിലും നിന്നുള്ള മോചനം, വ്യവസ്ഥാപിത സമുദായ ഘടനയ്ക്കു് അനുഗുണമായ പരമാവധി സ്വാതന്ത്ര്യം ഇവയാണു് ഗാന്ധിസ ത്തിൻെറ വിവിധോദ്ദേശ്യങ്ങൾ. ഒററയൊററയായും സമ്പൂർണ്ണ മായും അവ സാക്ഷാൽക്കരിക്കാനാവില്ല. ഒന്നോ രണ്ടോ ഉദ്ദേശ്യ ങ്ങൾ മാത്രം തെരഞ്ഞെടുത്തു്, മററുള്ളവയെ കൂടാതെ, പൂർണ്ണമായി നടപ്പിലാക്കാൻ ശ്രമിക്കയാണെങ്കിൽ, അബദ്ധങ്ങൾക്കും അനാ ശാസ്യ സംഭവവികാസങ്ങൾക്കും അതു് ഇടകൊടുക്കും. കേവലം യാന്ത്രികമായി നടപ്പിൽ വരുത്താവുന്ന കാര്യങ്ങളല്ല അവ. നിയമം കൊണ്ടു നടപ്പിൽ വരുത്താവുന്നവയും അല്ല. ഇടത്തരക്കാരുടെ നാഗരിക ജീവിതം നയിച്ചിരുന്ന ഒരാളെക്കുറിച്ചു്, അക്കാര്യം അറി ഞ്ഞുകൊണ്ടുതന്നെ, ഗാന്ധിജി ഒരിക്കൽ പ്രശംസാപരമായി പറ ഞ്ഞു, 'അയാൾ ഗ്രാമീണ മനസ്ഥിതി നേടിയിരുന്നു' എന്നു്. ആ തൊഴിലാളിയുടെ മനസ്സു്, ലഘുവായ ഗ്രാമീണ രീതികളും മാർഗ്ഗ ങ്ങളും കണ്ടു പിടിക്കാൻ പരിശ്രമിച്ചു എന്നാണു ഗാന്ധിജി വിവ ക്ഷിച്ചതു്. സ്വാശ്രയ ശീലത്തോടുകൂടി ഗ്രാമത്തിൽതന്നെയുള്ള ഘടാതത്വങ്ങളും ലഘുവായ ഉപകരണങ്ങളുംകൊണ്ടു് ജീവിതത്തിനു് അത്യാവശ്യമുള്ള സുഖോപകരണങ്ങൾ നിർമ്മിക്കാൻ ഗ്രാമീണർക്കു കഴി യണം—അതാണു് ആ പരിശ്രമത്തിൻെറ ലക്ഷ്യം. രവീന്ദ്രനാഥ

ടാഗ്ഗൂറും ഗ്രാമീണ ഭാരതത്തിനു് ഒരു ആദർശവും സന്ദേശവും നല്കി. ഗ്രാമജീവിതത്തിൽ സൗന്ദര്യവും കലയും ആനന്ദവും പുനരുദ്ധരിക്കുന്ന കാര്യത്തിനാണു് മഹാകവി പ്രാധാന്യം കല്പിച്ചതു്. ഗാന്ധിജിയാകട്ടെ സ്ഥിരപ്രയത്നം, ശുചിത്വം, ആരോഗ്യം, സദാചാരം എന്നിവയ്ക്കു പ്രാധാന്യം കല്പിച്ചു. എങ്കിലും മഹാകവിയുടെ ആദർശത്തെപ്പററി അദ്ദേഹത്തിനു പരമമായ താൽപര്യവും ഉണ്ടായിരുന്നു. എന്തുകൊണ്ടെന്നാൽ വൈരൂപ്യവും സംസ്കാരവിഹീനതയും വിലക്ഷണവും വൃത്തിഹീനവുമായ സ്വഭാവങ്ങളും ഉൾക്കൊള്ളുന്ന ഗ്രാമീണതയല്ല ഗാന്ധിജി വിഭാവന ചെയ്തതു്. മനുഷ്യയോഗ്യമല്ലാത്ത പരുപരുത്ത ജീവിത പരിതസ്ഥിതികൊണ്ടു് സംതൃപ്തിനേടുന്ന സ്വഭാവം, അനീതിയും ദുഷ്ടതയും ക്ഷമിക്കുന്ന ശീലം, അവമാനവും അധിക്ഷേപവും ആത്മാഭിമാനക്ഷതവും സഹിക്കുന്ന പതിവു്— എന്നിവയൊന്നും അദ്ദേഹത്തിൻെറ ഗ്രാമീണതയിലില്ല. പ്രാർത്ഥനകളിലും പാട്ടുകളിലും നൃത്തങ്ങളിലും ചിത്രങ്ങളിലും ഗൃഹോപകരണങ്ങളിലും തൊഴിൽ സാധനങ്ങളിലും മററു ജീവിതോപാധികളിലും പ്രകടമാകുന്ന സൗന്ദര്യവും കലയും കല്പനാശക്തിയും ജീവിതാനന്ദവും ഇല്ലാത്തതല്ല അതു്.

ഹൈന്ദവ പാരമ്പര്യം അനുസരിച്ചുള്ള വൈരാഗ്യവും സാധു ജീവിതവുമാണു് ഗാന്ധിജി വിഭാവനചെയ്യുന്ന ജീവിതക്രമം എന്നു തെററിധാരണ ഉണ്ടായിട്ടുണ്ടു്. പ്രാണികളുടെ ജീവിതത്തെ ഏററവും ഹീനമായ പരിത:സ്ഥിതിയിൽപോലും, ഇതര ജീവിതത്തിനു ഹാനികരമായ വിധത്തിൽപോലും, സംരക്ഷിക്കയും പരിപാലിക്കയും ചെയ്യണമെന്നു കരുതുന്ന വൈഷ്ണവ ജൈനപാരമ്പര്യങ്ങൾ ഗാന്ധിജിയുടെ അഹിംസയിൽ ഉണ്ടെന്നും, അധിക്ഷേപങ്ങളെ സഹിക്കുക എന്നാണു് അദ്ദേഹത്തിൻെറ വിനയത്തിനു് അർത്ഥമെന്നും, ദുഷ്ടതയെ എതിർക്കാതെ കീഴടങ്ങുക എന്നാണു് അദ്ദേഹം ആത്മബലികൊണ്ടു് വിവക്ഷിക്കുന്നതെന്നും തെററിദ്ധരിക്കപ്പെടുന്നു. നേരേമറിച്ചു് അദ്ദേഹത്തിൻെറ സജീവമായ അഹിംസാ സിദ്ധാന്തവും 'ഭീരുത്വത്തേക്കാൾ നല്ലതാണു് ഹിംസ' എന്ന

പ്രസ്താവനയും ഹിംസാത്മകമായ പ്രതികാരത്തിനും യുദ്ധത്തിനും അംഗീകാരം നൽകത്തക്കവണ്ണം പലപ്പോഴും പരാമർശിക്കപ്പെടുന്നു.

ഗാന്ധിജിയുടെ ജീവിതവീക്ഷണത്തിനു്, ഒരു പക്ഷേ ബോധപൂർവ്വമായിട്ടല്ലാതെ, നൽകപ്പെടുന്ന വികൃത വ്യാഖ്യാനങ്ങളാണു് മേല്പറഞ്ഞ വ എന്നത്രെ എൻെറ വിനീതാഭിപ്രായം.

ജീവിതം വ്യക്തിപരമോ സംഘടിതമോ പൊരുത്തവും ഐകരൂപ്യവും ഉള്ളതോ ഇല്ലാത്തതോ, എന്തുമായിക്കൊള്ളട്ടെ, നിലനില്പിനുവേണ്ട ഒരു ആദർശപരിത:സ്ഥിതി കണ്ടെത്താനുള്ള ഒരു നിത്യസമരമാണു് അതു്. ആദർശപരിത:സ്ഥിതി എന്നെങ്കിലും സാക്ഷാൽകരിക്കപ്പെടുകയാണെങ്കിൽ, ഭൗതികജീവിതത്തെ അതു് എങ്ങനെ ബാധിക്കുമെന്നു് ആക്കും അറിഞ്ഞുകൂടാ. എത്രത്തോളം സൂക്ഷ്മമായി അതു നേടാൻ സാധിക്കുമെന്നും, അതിൽ എത്തിച്ചേരുന്നതിനു മുൻപു് ഏതെല്ലാം അനിവാര്യ ദശകളിലൂടെ കടന്നുപോകണമെന്നും ഓരോ കാലത്തും ചെയ്തുപോകുന്ന അപരാധങ്ങളും അബദ്ധങ്ങളും കൃത്യവിലോപങ്ങളും തിരുത്താൻ എന്താണു ചെയ്യേണ്ടതെന്നും, അനീതികളുടെ പ്രത്യാഘാതങ്ങളെ എപ്രകാരം എത്രത്തോളം ദൂരീകരിക്കാമെന്നും നമുക്കു അറിവില്ല. വ്യക്തിയുടേയും സമൂഹത്തിൻേറയും ഭാവി വികാസ ഗതിയെപ്പററി സൂക്ഷ്മമായി പ്രവചിക്കാൻ ആക്കും കഴിയുകയില്ല. അതുകൊണ്ടു് ഒരു സാമൂഹ്യഘടനമാത്രം സത്യത്തിൽ അധിഷ്ഠിതമാണെന്നും മററെല്ലാ ജീവിതക്രമങ്ങളും കപടമാണെന്നും ആരും ശാഠ്യം പിടിക്കുന്നതു് ശരിയല്ല. മനുഷ്യൻെറ കഴിവുകളുടെ പരിമിതി സമ്മതിച്ചേ മതിയാവൂ. ഏററവും ബുദ്ധിമാനായ മനുഷ്യൻ വെറും ഒരു അന്വേഷകൻ മാത്രം. അയാളുടെ അന്വേഷണം ഏറിയകൂറും പാതയില്ലാത്ത ഇടതൂന്ന വനത്തിലും അന്ധകാരാവൃതവും കാർമേഘ നിബിഡവുമായ രാത്രിയിലുമാണു്. വല്ലപ്പോഴും ഒരു മിന്നലിൻെറ തിളക്കം അയാൾക്കു് ഒരടി കാണിച്ചുകൊടുത്തിട്ടു് മറയുന്നു. ഏററവും താൽപ്പര്യമുള്ള അന്വേഷകൻ അടുത്ത കാൽവയ്പിനു് നൈമിഷികമായ ഈ തിളക്കത്തെ മാത്രം ആശ്രയിക്കേണ്ടിവരുന്നു. ഗാന്ധിജി ഈ പരിമിതി നല്ലവണ്ണം

മനസ്സിലാക്കി. കാർഡിനൽ ന്യൂമാൻെറ "ഒരു കാൽവയ്പു മതി എനിക്കു്" എന്നുള്ള വാക്കുകൾ ആവൎത്തിക്കുന്നതിൽ അദ്ദേഹത്തിനു് മടുപ്പു തോന്നിയിരുന്നില്ല. അദ്ദേഹം പ്രദാനം ചെയ്ത വ്യക്തവും നവീനവുമായ നേതൃത്വത്തെ ഇങ്ങനെ വിവരിക്കാം: ഒരാളുടെ വാക്കുകളും പ്രവൃത്തികളും ആശയങ്ങളും സത്യമാണെന്നു് എത്രത്തോളം ഉറപ്പു് അയാൾക്കു് ഉണ്ടായിരുന്നാലും, എവിടെയെങ്കിലും തനിക്കു തെററു പററിയിരിക്കാം എന്നു മനസ്സിലാക്കാനുള്ള വിനയം അയാൾക്കു് ഉണ്ടായിരിക്കണം. അപ്രകാരം ഒരു തെററു് അയാൾ കാണുന്നില്ലെന്നുള്ള വസ്തുത, ആ സത്യത്തെ വ്യക്തിപരമായി സജീവമായും അക്ഷീണമായും പിന്തുടരാനും പ്രചരിപ്പിക്കാനും അയാൾക്കു ന്യായം നൽകുന്നു. എന്നു മാത്രമല്ല, ഒരു സത്യാന്വേഷകനും സത്യോപാസകനും എന്ന നിലയ്ക്കു് അതിനു് അയാൾ കടപ്പെട്ടവനത്രെ. തെററുകൾ ഉണ്ടായിരിക്കാൻ ഇടയുള്ളതുകൊണ്ടു്, അയാളുടെ പ്രവൎത്തനം മററുള്ളവൎക്കു് ഹാനികരമാകാതെ സൂക്ഷിക്കാനും തന്നോടു യോജിക്കാത്തവരെ ഭീഷണിമൂലം അതിനു വഴങ്ങാൻ നിൎബ്ബന്ധിക്കാതിരിക്കാനും കൂടി അയാൾക്കു കടപ്പാടുണ്ടു്. വിപരീതാഭിപ്രായങ്ങൾ ഉണ്ടായിരുന്നാൽ അതു ഒരു സംഘട്ടനാവസ്ഥ സൃഷ്ടിക്കാതിരിക്കില്ല. സത്യസന്ധവും അഹിംസാപരവുമായ മാൎഗ്ഗങ്ങൾ സ്വീകരിക്കണം എന്നു നിർബ്ബന്ധിക്കുകയാണു് ഇതിനു് ഒരു പോംവഴി. 'പരിശുദ്ധലക്ഷ്യങ്ങൾക്കു പരിശുദ്ധമാൎഗ്ഗങ്ങൾ' എന്നതത്വം എല്ലാവൎക്കും തുല്യാവകാശങ്ങളും പരിരക്ഷണവും ഉറപ്പുചെയ്തു്, യഥാൎത്ഥജനാധിപത്യം സാധ്യമാക്കിത്തീൎക്കുന്നു. തൻെറ ജീവിത വീക്ഷണത്തിനു് അംഗീകാരം നേടുന്നതിനുവേണ്ടി കപടവും ഹിംസാത്മകവുമായ പദ്ധതികൾ അയാൾ ഉപയോഗിക്കരുതു്. തൻെറ മാൎഗ്ഗം ശരിയാണെന്നു് അയാൾക്കു വിശ്വാസമുള്ളതുകൊണ്ടു് അതു് നടപ്പിലാക്കാനും പ്രചരിപ്പിക്കാനും അയാൾക്കു കടമയുണ്ടു്; ആ കടമ വെടിയുകയും അരുതു്. മാൎഗ്ഗം വിശുദ്ധമായിരിക്കണം എന്ന തത്വം സ്വീകരിക്കാത്തവരുടെ വഞ്ചനയും ക്രൂരമായ പെരുമാററവും അയാൾക്കു് അനുഭവിക്കേണ്ടിവരും. ഈ അപകടത്തെ അഭിമുഖീകരിച്ചേ തീരൂ. അന്യപക്ഷക്കാരും

നിയന്ത്രണശീലം സ്വീകരിക്കയാണെങ്കിൽ, സൗഹാർദ്ദപൂർവ്വം സംഘട്ടനം പരിഹരിക്കാൻ ഒരു മദ്ധ്യമാർഗ്ഗം കണ്ടെത്താൻ സാദ്ധ്യതയുണ്ടായിരിക്കും. അവർ ആ തത്വം സ്വീകരിച്ചില്ലെങ്കിൽ ഒരു സത്യാഗ്രഹസംഘട്ടനം സംജാതമാകും. സംഘട്ടനം കുറേക്കാലം നടന്നുകഴിയുമ്പോൾ, അതിൻെറ ഫലമായി, അന്യപക്ഷത്തിൽ ഒരു മാററം ഉണ്ടായെന്നുവരാം—ശരിക്കും ഒരു മനം മാററമില്ലെങ്കിൽ ഒരു മനോഭാവ പരിവർത്തനമെങ്കിലും, ഇതു് പരീക്ഷണാർഹമായ ഒരു സമാധാനമാർഗ്ഗം തുറന്നുകൊടുക്കും. പരിപൂർണ്ണപരിവർത്തനം കൊണ്ടുള്ള മനം മാററത്തിൻെറ ഗതിയിൽ ഒരു ദശയായിരിക്കും ഇതു്. എന്നാൽ സത്യാഗ്രഹിക്കു് എതിരായുള്ള ശക്തികൾ അചഞ്ചലമായിരിക്കുമ്പോൾ, സംഘട്ടനഫലം അയാളുടെ ആത്മബലിയും രക്തസാക്ഷിത്വവും ആയിത്തീരാം. സത്യാഗ്രഹിയുടെ സത്യദർശനം പ്രമാദമായതാണെന്നും വഴങ്ങിക്കൊടുത്താൽ താൻ അസത്യത്തിനു കീഴടങ്ങുകയായിരിക്കുമെന്നും എതിരാളി കരുതുമ്പോഴും, സത്യഗ്രഹിക്കു കഷ്ടപ്പെടേണ്ടിവരും. രണ്ടു സത്യാഗ്രഹികൾ തമ്മിൽ മത്സരിക്കേണ്ടിവരുന്ന അവസ്ഥയാണു് അവസാനത്തേതു്. അത്തരം സന്ദർഭങ്ങളിൽ ഒരു ദുരന്തം സംഭവിക്കാൻ അത്ര വളരെ ഇടയില്ലെങ്കിലും, അസാധാരണ സന്ദർഭങ്ങളിൽ അതിനു സാദ്ധ്യത ഉണ്ടെന്നു കരുതാം.

സമുദായത്തിൽ ദ്രുതഗതിയിൽ ഒരു സമ്പൂർണ്ണപരിവർത്തനം വന്നു എന്നൊരു പ്രതീതി ഹിംസാത്മകവിപ്ലവം ജനിപ്പിക്കുന്നു. എന്നാൽ സമുദായത്തിൻെറ പരിണാമഗതിയിൽ ഏതുതരം ഘടനയ്ക്കായി അതു സജ്ജീകരിക്കപ്പെടുന്നോ, ആ ഘടനയിലേയ്ക്കു തന്നെ ഒടുവിൽ അതു മടങ്ങിയെത്തുന്നു. അഹിംസകൊണ്ടു മാത്രമേ ശാശ്വത പരിവർത്തനങ്ങൾ വരുത്താൻ കഴിയൂ. അതിനു് പല ഇടക്കാല ദശകളും പടികളും വേണ്ടിവന്നേയ്ക്കാം; തത്വങ്ങൾ ബലികഴിക്കപ്പെടുകയാണെന്നും തോന്നാം. പക്ഷേ അവ രണ്ടിനും തമ്മിൽ ഒരു വ്യത്യാസമുണ്ടു്. എതിരാളിയുടെ അവകാശവാദങ്ങളുടെ അടിസ്ഥാന തത്വങ്ങൾ സത്യമാണെന്നു് സത്യാഗ്രഹി അംഗീകര

ച്ചാൽ, അയാാം തത്വങ്ങളാം ബലികഴിക്കയായിരിക്കും. എതിരാളി യുടെ ജീവിതഗതിയിൽ കഷ്ടപ്പാടുകാം വരുത്തിവയ്ക്കാനിടയുള്ള ദ്രുത പരിവത്തനം ഒഴിവാക്കാൻ വേണ്ടി, അനുക്രമമായി പുരോഗതിസോപാനം കെട്ടിപ്പൊക്കുകയാണെങ്കിൽ, അതു് ഒരു ഇടക്കാലദശയാണു്.

ഉപസംഹാരത്തിനു മുൻപു്, മുന്നറിയിപ്പായി, ഒരു വാക്കു ഞാൻ പറഞ്ഞുകൊള്ളട്ടെ. കമ്യൂണിസത്തിനു് എതിരായി ഇന്നു നടത്തപ്പെടുന്നതരം പ്രചരണം കാണുമ്പോാം, ഞാനോക്കുന്നതു്, ഗ്രാമത്തിൻെറ നേക്കു വന്നടുക്കുന്ന ചെന്നായ്പററത്തെകണ്ടു്, അദ്ധരാത്രിയിൽ കാവലിരിക്കുന്ന ഗ്രാമീണർ പുറപ്പെടുവിക്കുന്ന കൂക്കിവിളിയാണു്. ആ വിളി കോംക്കുമ്പോാം, സ്ത്രീകളും കുഞ്ഞുങ്ങളും മുറികളിൽകയറി അടച്ചുകൊണ്ടിരിക്കുന്നു; കന്നുകാലികളെ ഒളിക്കുന്നു; ഏതാനും ചെറുപ്പക്കാർ കോടാലിയും വടിയുംകൊണ്ടു് പുറത്തേയ്ക്കോടുന്നു; പ്രായമായവർ ചുററും തീ കൂട്ടുന്നു. ആദ്യത്തെ കൂക്കിവിളിയുടെ ഉദ്ദേശം ഉറങ്ങിക്കിടക്കുന്ന ജനങ്ങളെ ഭയപ്പെടുത്തി ഉണത്തുകയാണു്; രണ്ടാമത്തെ വിളിയുടെ ഉദ്ദേശം ചെന്നായ്ക്കളെ ഭയപ്പെടുത്തിയും തല്ലിയും ഓടിക്കയത്രെ. ഫാസിസ്റ്റ് രാജ്യങ്ങളും ജനാധിപത്യപരം എന്നു പറയപ്പെടുന്ന രാജ്യങ്ങളും അവരുടെ പ്രചാരകന്മാരും കമ്യൂണിസ്ററുകളോടു പൊരുതാൻ അവലംബിക്കുന്ന രീതി മേല്പറഞ്ഞതിനു തുല്യമാണു്:

അമേരിക്കൻ ഐക്യനാടുകളും മററു പാശ്ചാത്യരാജ്യങ്ങളും വിനാശകരമായ ആയുധീകരണംകൊണ്ടും രാഷ്ട്രീയവും സാമ്പത്തികവുമായ അടവുകാം കൊണ്ടും കമ്യൂണിസത്തെ പരാജയപ്പെടുത്താം എന്നു് ആശിക്കുന്നു. ഇന്ത്യയിൽ, നാം 'ഗാന്ധിമാർഗ്ഗം' ഉപദേശിക്കുന്നു.—നമ്മുടെ ജീവിതത്തിൽ അതു നടപ്പിൽ വരുത്താൻ ശ്രമിക്കുന്നതിനേക്കാാം, ജനങ്ങളുടെ വികാരങ്ങളെ ചൂഷണം ചെയ്യാൻ അതു് ഉപയോഗിക്കുന്നു. മാർക്സിസത്തോടു് ബന്ധപ്പെടുത്തി, ഗാന്ധിസത്തെ വ്യാഖ്യാനിച്ചു് ജനങ്ങളെ ആകർഷിക്കാൻ പരിശ്രമിക്കുന്നു. അതോടൊപ്പം, കമ്യൂണിസ്റ്റ് പ്രവത്തനങ്ങളെ അടിച്ചമത്താൻ ഭരണയന്ത്രം ശക്തിയുക്തം പ്രവത്തിക്കുന്നു.

എന്നാൽ ഈ മാർഗ്ഗങ്ങൾ പര്യാപ്തങ്ങളാകുമോ എന്നു ഞാൻ സംശയിക്കുന്നു. കമ്യൂണിസത്തിന്റെ എതിരാളികളെ അവ വിഡ്ഢികളാക്കുന്നില്ലേ എന്നാണ് എന്റെ ശങ്ക. ജീവിതത്തിലെ സാധാരണാനുഭവങ്ങൾ വച്ചുനോക്കുമ്പോൾ, അതിനെ അടിച്ചമർത്താനുള്ള പരിശ്രമം തന്നെ അതിന്റെ ശക്തി വളർത്തുകയാണു ചെയ്യുന്നതു്. ആററം ബോംബോ ഹൈഡ്രജൻ ബോംബോ ഒരു ഉദ്ദേശത്തോടുകൂടി നൽകപ്പെടുന്ന സാമ്പത്തിക സഹായമോ കൊണ്ടു കമ്യൂണിസത്തെ തടയാൻ കഴിയുകയില്ല. ഗാന്ധിയൻ മുദ്രാവാക്യങ്ങളെ ആശ്രയിക്കുന്നതുകൊണ്ടോ തടവിലിടുകയും വെടിവച്ചു കൊല്ലുകയും ചെയ്യുന്നതുകൊണ്ടോ അതിനെ അമർത്താനാവില്ല. എല്ലാ രാഷ്ട്രീയ കക്ഷികളും ഭരണകൂടത്തിന്റെ അന്ത്യാടിസ്ഥാനം ബലപ്രയോഗമാണെന്നു സമ്മതിക്കുന്ന ലോകത്തിൽ യഥാർത്ഥ നിയമരാഹിത്യം നടമാടുമ്പോൾ, അതിനെതിരായി ഒരു അടിയന്തിര നടപടി എന്ന നിലയിൽ തടങ്കലും വെടിവയ്പും അനിവാര്യമായിരിക്കാം. എന്നാൽ ഗവണ്മെൻറിനു് അധികനാൾ ഇതു സഹായകമായിരിക്കയില്ല— ഒരു തനി ഫാസിസ്റ്റ് ഭരണകൂടത്തിനുപോലും. ഗാന്ധിയൻ ജീവിതമാർഗ്ഗം യഥാർത്ഥത്തിൽ സജീവമായി അംഗീകരിക്കാത്തപക്ഷം കമ്യൂണിസം വരികതന്നെചെയ്യും. അതു വരികതന്നെചെയ്യും; എന്തുകൊണ്ടെന്നാൽ നേതാക്കന്മാർ കൈയൊഴിയപ്പെട്ടവരും പാതി ഉണ്ണുന്നവരും ആശയററവരുമായ സാമാന്യജനങ്ങൾക്കു്, ജനാധിപത്യത്തിന്റെയും ക്രമീകൃതപുരോഗതിയുടേയും പേരിൽ ഭരണം നടത്തുന്ന അരാജകതത്വത്തോടും കുഴപ്പങ്ങളോടും പ്രതിഷേധിക്കാൻ അവശേഷിക്കുന്ന ഏകമാർഗ്ഗം അതാണു്.

ഗാന്ധിസത്തിനും മാർക്സിസത്തിനും തമ്മിലുള്ള വ്യത്യാസം വലുതാണു്. പക്ഷേ അതിനേക്കാൾ വലുതാണു് കടിഞ്ഞാണില്ലാത്ത മുതലാളിത്തത്തിലും നാടുവാഴിത്തത്തിലും ജാതി വ്യവസ്ഥയിലും നിന്നു് ഗാന്ധിസത്തിനുള്ള വ്യത്യാസം. സമ്പത്സമൃദ്ധിയാലും ജാതിശ്രേഷ്ഠതയാലും പ്രത്യേകാനുകൂല്യങ്ങളും പദവികളും ഇന്നു് അനുഭവിക്കുന്ന ആളുകൾ, അവയെല്ലാം പരിത്യജിച്ചു്, തങ്ങ

ളുടെ കൈവശമുള്ള സമ്പത്തിൻെറ ട്രസ്റ്റികളായി സ്വയം മാറുകയും ജനസാമാന്യത്തോടു തുല്യമായ നില സ്വീകരിക്കുകയും രാജ്യത്തിൻ്റെ ദരിദ്രാവസ്ഥയ്ക്കു് അനുഗുണമാകത്തക്കവണ്ണം തങ്ങളുടെ ജീവിത നിലവാരത്തിൽ കുറവു വരുത്തുകയും എല്ലാവരുടേയും നന്മയ്ക്കുവേണ്ടി പ്രയത്നിക്കാൻ ദൃഢനിശ്ചയം കൈക്കൊള്ളുകയും ചെയ്യില്ലെങ്കിൽ, ഗാന്ധിജിക്കൊപ്പം ശ്രേഷ്ഠനായ ഒരു അഹിംസാ നേതാവിൻെറ അഭാവത്തിൽ, കമ്യൂണിസവും അതിൻെറ ഹിംസാത്മകശക്തിയും അനിവാര്യമത്രെ. അങ്ങനെ വന്നാൽ ഗാന്ധിസത്തിനു്, അഥവാ, അഹിംസാത്മക വ്യവസ്ഥിതിക്കു് മുൻപുള്ള ദശയാണു കമ്യൂണിസം എന്നു പറയുന്നവർ സത്യത്തോടു കൂടുതൽ അടുത്തുനിൽക്കുന്നവരായി കരുതപ്പെടും. ഇന്നത്തെ ജീവിതരീതിയിൽ തുടരെത്തുടരെ വളരെ അനുക്രമ പരിവർത്തനങ്ങൾ സ്വമേധയാ വരുത്തുക—അതാണു് ഹിംസാത്മക സംഘട്ടനം ഒഴിവാക്കാനുള്ള മാർഗ്ഗം. പദവിയും ജാതിയും തീണ്ടലുമൊക്കെ ദൂരീകരിക്കണം; തൊഴിലില്ലായ്മയും പട്ടിണിയും അവസാനിപ്പിക്കണം; പ്രാദേശിക മനസ്ഥിതിയും വർഗ്ഗീയതയും നീങ്ങണം, ദേശീയത്വം സ്വാർത്ഥപരതയും ആക്രമണേച്ഛയും സാമ്രാജ്യത്വപ്രവണതകളും വെടിയണം; ഏററവും ഉയന്ന ജീവിത നിലവാരവും ഏററവും താണ നിലവാരവും തമ്മിലുള്ള അന്തരം വലിയ തോതിൽ കുറയണം; നീതിന്യായ പരിപാലനത്തിലും ഭരണ രീതിയിലും വ്യക്തവും അടിയന്തിരവുമായ ധാർമ്മികപുരോഗതി ഉണ്ടാകണം; ജനായത്തത്തിൻ്റെ മൂടുപടത്തിനുപകരം യഥാർത്ഥ ജനാധിപത്യവും ഉത്തരവാദിത്വബോധവും പ്രതിഷ്ഠാപിതമാകണം. ഈ പരിവർത്തനങ്ങൾ യഥാർത്ഥഗാന്ധിസത്തിലേയ്ക്കു നയിക്കയില്ല, പക്ഷേ ഗാന്ധിസത്തിലേയ്ക്കുള്ള പുരോഗതി എന്ന നിലയിൽ അവ ജനങ്ങളാൽ ആദരിക്കപ്പെടും. ഈ നടപടികളുടെ കാര്യത്തിൽ നാം താല്പര്യം കൈക്കൊള്ളാത്തപക്ഷം, കമ്യൂണിസത്തിൻെറ വേലിയേറ്റം തടഞ്ഞുനിറുത്തുക സാദ്ധ്യമല്ല ; ഇന്നത്തെ സ്ഥിതികളെ പരിരക്ഷിക്കാൻ ഈശ്വരനോടു ഭക്തന്മാർ പ്രാത്ഥിക്കത്തക്ക നിലയല്ല ഇന്നുള്ളതു്; അതു കൊണ്ടു് വേലിയേററം അതിൻെറ പരിപൂർണ്ണ

ശക്തിയോടുകൂടി പാഞ്ഞന്നയും; അതിന്റെ മാർഗ്ഗം തടഞ്ഞുനില്ക്കുന്ന എല്ലാററിനേയും അതു് കടപുഴക്കിയെറിയും.

മൂലധന പരിപാലകന്മാക്കും സാമൂഹ്യപദവി അനുഭവിക്കുന്നവക്കും അനുക്രമമായ പരിവർത്തനങ്ങൾ ജീവിതത്തിൽ വരുത്താൻ ഇനിയും സമയമുണ്ടു്. നമ്മിൽ ഓരോരുത്തക്കും ആ ബോധം പ്രദാനം ചെയ്യാൻ ഈശ്വരൻ കനിയുമാറാകട്ടെ.

# അനുബന്ധം

## ഒന്നു്

# ഗാന്ധിസത്തിൽ നിന്നു് സോഷ്യലിസത്തിലേയ്ക്കു്

## I

സോഷ്യലിസത്തോടു് ബന്ധപ്പെടുത്തി 'ഗാന്ധിസ'ത്തെപ്പറ്റി ചർച്ചചെയ്യുവാൻ പല സുഹൃത്തുക്കളും പലതവണ എന്നോടു് ആവശ്യപ്പെട്ടിട്ടുണ്ടു്. എനിക്കു് അതത്ര സമ്മതമായിരുന്നില്ല. എന്നുതന്നെയല്ല അത്തരം ചർച്ചകളെ ഞാൻ നിരുത്സാഹപ്പെടുത്തിയിട്ടുമുണ്ടു്. താത്ത്വികമായ ചർച്ചകളിൽ വളരെയധികം താല്പര്യം പ്രകടിപ്പിക്കുന്ന കൂട്ടരാണു് നമ്മൾ. അതുകൊണ്ടെന്തു് പറവന്നു? സ്വതേ തന്നെ ഒരിക്കലും അവസാനിക്കാത്തതാണു് അത്തരം വാദപ്രതിവാദങ്ങൾ, അവയുടെ പ്രായോഗികഫലങ്ങൾ നാം കാണാതെ പോകുകയും ചെയ്യും.

എന്നുതന്നെയല്ല, ഒരു പരിധിവരെയെങ്കിലും ഈ ചർച്ചകൾ നടത്തപ്പെടുന്നതു് സന്ദിഗ്ദ്ധങ്ങളായ കുറെയേറെ കാര്യങ്ങൾ സിദ്ധവത്കരിച്ചുകൊണ്ടാണു്. ഉദാഹരണത്തിനു് ഇവിടെ ഗാന്ധിസത്തിൻെറയോ സോഷ്യലിസത്തിൻെറയോ സുനിശ്ചിതങ്ങളായ സിദ്ധാന്തങ്ങൾ എന്തൊക്കെയാണെന്നു് നമുക്കറിഞ്ഞുകൂടാ. ആദ്യത്തേതിനെപ്പററിയാണെങ്കിൽ ഗാന്ധിജിതന്നെ കഴിഞ്ഞ മാർച്ചിൽ സാവ്ലിയിലെ ഗാന്ധിസേവാ സംഘത്തിലെ അംഗങ്ങളോടു് ഇങ്ങനെ പറയുകയുണ്ടായി:—

"ഗാന്ധിസം എന്നൊന്നില്ല. ഒരു പുതിയ മതം സൃഷ്ടിച്ചിട്ടു് രംഗം വിടണമെന്നും എനിക്കു് ആഗ്രഹമില്ല. ഏതെങ്കിലും പുതി

യൊരു തത്വമോ സിദ്ധാന്തമോ രൂപവത്കരിച്ചിട്ടുണ്ടെന്നും ഞാൻ അവകാശപ്പെടുന്നില്ല......ശാശ്വതങ്ങളായ ചില സത്യങ്ങളുടെ അടിസ്ഥാനത്തിൽ നമ്മുടെ ജീവിതത്തേയും ജീവിതപ്രശ്നങ്ങളേയും സമീപിക്കുന്നതിനു് ഞാൻ എന്റെ രീതിയിൽ ഒരു ശ്രമം നടത്തിയിട്ടുണ്ടെന്നേയുള്ളു........ഞാൻ രൂപപ്പെടുത്തിയിട്ടുള്ള അഭിപ്രായങ്ങളും നിഗമനങ്ങളും ഒന്നും ആത്യന്തികമല്ല, നാളെ ഞാൻ അവ മാററിയെന്നു് വരും. എനിക്കു് ലോകത്തെ പുതുതായൊന്നും പഠിപ്പിക്കാനില്ല. സത്യവും അഹിംസയും പർവ്വതങ്ങളെപ്പോലെ പഴഞ്ചനാണു്. ഈ രണ്ടിനേയും ആസ്പദമാക്കി കഴിവുള്ളിടത്തോളം വിപുലമായ രീതിയിൽ ചില പരീക്ഷണങ്ങൾ നടത്തുക മാത്രമേ ഞാൻ ചെയ്തിട്ടുള്ളു. എനിക്കു് പലപ്പോഴും തെററുകൾ പററിയിട്ടുണ്ടു്, ആ തെററുകൾ എന്നെ പലതും പഠിപ്പിച്ചിട്ടുമുണ്ടു്. ജീവിതവും അതിൻെറ പ്രശ്നങ്ങളും എന്നെ സംബന്ധിച്ചിടത്തോളം സത്യത്തിൻെറയും അഹിംസയുടേയും പ്രയോഗത്തിലുള്ള പരീക്ഷണങ്ങളായിത്തീർന്നിരിക്കുന്നു. സഹജമായിത്തന്നെ സത്യനിഷ്ഠ പാലിക്കുന്നവനാണു് ഞാൻ. പക്ഷേ അഹിംസയെ സംബന്ധിച്ചു് അതല്ല കഥ........വാസ്തവത്തിൽ സത്യത്തെത്തേടിയുള്ള പ്രയാണത്തിലാണു് ഞാൻ അഹിംസ കണ്ടെത്തിയതു്.

"എൻെറ ഫിലോസഫി — അങ്ങനെയൊരു കപടനാമം അതിനു നൽകാമെങ്കിൽ—ഇപ്പറഞ്ഞതിൽ ഉൾക്കൊള്ളുന്നു. നിങ്ങളതിനെ ഗാന്ധിസം എന്നു് വിളിക്കേണ്ടതില്ല, അതിലെങ്ങും ഒരു ഇസവുമില്ല.... ...."(ഹരിജൻ, 1936 മാർച്ച് 28 പേജ് 49.)

നേതാവിൻെറ തന്നെ അഭിപ്രായം ഇതായിരിക്കെ, അദ്ദേഹത്തിൻെറ അനുയായികൾ മറെറാരു സിദ്ധാന്തത്തിൻെറ പ്രചാരകരോടു വാദപ്രതിവാദത്തിൽ ഏർപ്പെടുന്നതു എത്രകണ്ടു് അനുചിതമാണു് !

സോഷ്യലിസത്തെക്കുറിച്ചാണെങ്കിൽ, അതിനുമില്ല സുവിശദമായ കുറെ സിദ്ധാന്തങ്ങൾ. അതിനെ എതിർക്കുന്നവരും അനുകൂലിക്കുന്നവരും അങ്ങനെയൊക്കെ ചെയ്യുന്നതു ഒരേപോലെ അലക്ഷ്യ

മായും അവ്യക്തമായും ആണ്. നെഹ്റുവിന്റെ ഭാഷയിൽ പറഞ്ഞാൽ "ജീവിതത്തേയും ജീവിതപ്രശ്നങ്ങളേയും സംബന്ധിച്ച് മനശ്ശാസ്ത്രപരമായ വീക്ഷണം ഉൾക്കൊള്ളുന്ന" ഒരു തത്വശാസ്ത്രമോ, തത്വശാസ്ത്രത്തിന്റെ അവ്യക്തമായ ഒരു പ്രാഗ്രൂപമോ ആണത്. "കേവലമായ തർക്കശാസ്ത്രത്തിൽ കവിഞ്ഞ എന്തോ ആണത്. പാരമ്പര്യത്തേയും പരിശീലനത്തേയും, സാഹചര്യങ്ങളുടെ അദൃശ്യസ്വാധീനതകളേയും ആസ്പദമാക്കിയുള്ള പലേ വീക്ഷണങ്ങളും അതിലുണ്ട്." (നെഹ്റു – ആത്മകഥ പേജ് 368.) മതപരവും, സാന്മാർഗ്ഗികവും, രാഷ്ട്രീയവും, സാമൂഹ്യവും, സാമ്പത്തികവും ആയ മനുഷ്യന്റെ എല്ലാ പ്രവൎത്തന മണ്ഡലങ്ങളേയും സ്പർശിക്കുന്നതിനോടൊപ്പം തന്നെ അതിനിയും വളൎന്നു കൊണ്ടിരിക്കുകയാണ്. വളർന്നു കൊണ്ടിരിക്കുന്ന ഒരു സിദ്ധാന്തത്തിന് അനിവാര്യമായി സംഭവിക്കുന്നതുപോലെ ഇവിടെയും അഭിപ്രായങ്ങൾക്കൊന്നിനും ഒരു ഐകരൂപ്യവുമില്ല. അതിന്റെ ഫലമോ? ഒരാൾ സോഷ്യലിസത്തിന്റെ ഏതെങ്കിലും ഒരംശത്തെ എതിൎക്കുകയോ അനുകൂലിക്കുകയോ ചെയ്യുമ്പോൾ, അയാളുടെ എതിരാളി ആ അംശത്തിന് വലുതായ പ്രായോഗിക പ്രാധാന്യമൊന്നും കല്പിച്ചില്ലെന്ന് വരും; അതല്ലെങ്കിൽ ആ ഒരംശത്തെ സംബന്ധിച്ചിടത്തോളം എതിരാളികൾ തമ്മിൽ യോജിച്ചെന്നും വരും. ഉദാഹരണത്തിന് പണ്ഡിത ജവഹരിലാലിനെപ്പോലെ ഉന്നതനായ ഒരു വ്യക്തിയെത്തന്നെ എടുക്കുക. ശ്രീമതി പ്രേമബഹൻ കാന്തകിന് അയച്ച ഒരു കത്തിൽ അദ്ദേഹം ഇപ്രകാരം എഴുതിയിരുന്നുവത്രെ.

"വിവാഹത്തേയും ലൈംഗിക ബന്ധത്തേയും സംബന്ധിച്ച കാര്യങ്ങൾക്ക് സോഷ്യലിസത്തോട് എന്താണ് ബന്ധം? വ്യാപകമായ അൎത്ഥത്തിൽ സോഷ്യലിസം ഒരു ജീവിതദൎശനമാണ്. ആ നിലയ്ക്ക് അത് ജീവിതത്തിന്റെ എല്ലാ അംശങ്ങളേയും ഉൾക്കൊള്ളുന്നു. പക്ഷേ സാധാരണയായി സോഷ്യലിസം ഒരു പ്രത്യേക സാമ്പത്തിക സിദ്ധാന്തമാണെന്നാണ് പരിഗണിക്കപ്പെട്ടത്. ആ അൎത്ഥത്തിലാണ് ഞാൻ അതേക്കുറിച്ച് പറയാറുള്ളത്.

അതിനോട്ട് ബന്ധപ്പെട്ടത്തി മതത്തെപ്പററിയും വിവാഹത്തെപ്പററിയും സദാചാരത്തെപ്പററിയും സംസാരിക്കുന്നതു് അസംബന്ധമാണു്''' (ബോംബേ ക്രാണിക്കിൾ 1936 ഒക്ടോബർ 7.)

മററു് സോഷ്യലിസ്ററുകൾ ഈ അഭിപ്രായത്തെ അനുകൂലിച്ചെന്നും ഇല്ലെന്നും വരും. അതുകൊണ്ടു് തെററായ ധാരണകൾ മാത്രം വച്ചുകൊണ്ടു് സോഷ്യലിസത്തെക്കുറിച്ചോ ഗാന്ധിസത്തെക്കുറിച്ചോ വാദപ്രതിവാദങ്ങൾ നടത്തുന്നതു് ചിന്തകൾക്കു് തെളിച്ചമുണ്ടാക്കാൻ സഹായിക്കുകയില്ല. കക്ഷിഭേദങ്ങൾ ഉണ്ടാക്കാൻ മാത്രമേ അവ ഉപകരിക്കൂ, അത്തരം കക്ഷികളിലെ അംഗങ്ങൾക്കു് ഒന്നിനെപ്പററിയും വ്യക്തമായ ധാരണ കാണുകയില്ല. ഏതെങ്കിലുമൊരു പദത്തെക്കുറിച്ചോ മുദ്രാവാക്യത്തെക്കുറിച്ചോ കുറെയേറെ ഇഷ്ടാനിഷ്ടങ്ങൾ അവർ രൂപപ്പെടുത്തിക്കാണുമെന്നേയുള്ളൂ. ആ ഇഷ്ടാനിഷ്ടങ്ങളുടെ പേരിൽ സ്വന്തം സ്വാധീനവലയത്തിൽപെട്ട പ്രദേശങ്ങളിൽ അവർ ആഭ്യന്തര സംഘട്ടനങ്ങൾ സൃഷ്ടിക്കുകയും ചെയ്യും. ഉടനടി പ്രായോഗികമാക്കാവുന്ന വ്യക്തമായ പരിപാടികളുടെ അഭാവത്തിൽ, ഈ വാദപ്രതിവാദങ്ങൾ അവയിൽ പങ്കെടുക്കുന്നവക്കാകട്ടെ, ജനങ്ങൾക്കാകട്ടെ ഒരു പ്രയോജനവും ചെയ്യുകയില്ല. എന്നു മാത്രമല്ല, രണ്ടു കൂട്ടരേയും അടിച്ചമത്തുന്നതിൽ തത്പരരായവക്കു് അതിനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കുകയും ചെയ്യും. അവർക്കതൊരു മുന്നറിയിപ്പാണു്. സ്വന്തം സംഘടനകൾ അവരുടനെ ശക്തിപ്പെടുത്തുന്നു. സ്വന്തം താത്പര്യം മാത്രം സംരക്ഷിക്കുന്നതിനു് വേണ്ടി നിലകൊള്ളുന്നവക്കു്—സാധാരണക്കാരെപ്പററി അവക്കൊരു പരിഗണനയുമില്ലല്ലോ—അതൊട്ടും വിഷമമുള്ള കാര്യമല്ല. പോരെങ്കിൽ അവർ എണ്ണത്തിൽ കുറവാണു്. താരതമ്യേന അവരുടെ സ്വാധീനതയിലുള്ള വിഭവ ശക്തി അപരിമേയവുമാണു്. രാഷ്ട്രത്തിൻെറ ശക്തി അവക്കു് തുണയായുള്ളതുകൊണ്ടു് മുൻ ചൊന്ന വാദപ്രതിവാദങ്ങളിൽ പങ്കെടുക്കുന്നവരെ ഒന്നൊന്നായി തുലയ്ക്കുക എന്നതു് ഉടനെ സംഭവിക്കുന്നു. താത്വിക ചർച്ചകളാണു് നടക്കുന്നതെങ്കിലും പ്രതിയോഗികൾ തമ്മിൽ അറിയാതെ

തന്നെ അകൽച്ചയും വൈരവും ഉണ്ടായിപ്പോകുന്നു. അങ്ങനെ ഒരു കൂട്ടർ മർദ്ദനം അനുഭവിക്കുമ്പോഠം, മർദ്ദകരുടെ ഉപകരണമായി ത്തീരുകയാണ് മറേറക്കൂട്ടർ. തത്ഫലമായി നാട്ടിനു വളരെ ദോഷമുണ്ടാകുന്നു.

രാജ്യത്തെ സംബന്ധിക്കുന്ന വിവിധ പ്രശ്നങ്ങളെക്കുറിച്ചു കഴിവുള്ളിടത്തോളം വിശദമായ രീതിയിൽ ചിന്തിക്കേണ്ടതു് തികച്ചും ആവശ്യമാണ്. ഈ പ്രശ്നങ്ങളിൽ ചിലതു് മററുള്ളവയെ അപേക്ഷിച്ചു് കൂടുതൽ അടിയന്തിരവും അത്യന്താപേക്ഷിതവും ആയ പരിഗണന അർഹിക്കുന്നു. മററു ചിലതിനെ സംബന്ധിച്ചു് സാമാന്യം ബുദ്ധിയുള്ള ആളുകഠംക്കുപോലും അത്രകണ്ടു് വിശദമായ രീതിയിൽ ചിന്തിക്കാൻ, വളരെ പണിപ്പെട്ടാലും, സാധിച്ചില്ലെന്നു വരും. കാരണം, അങ്ങനെ ചിന്തിക്കണമെങ്കിൽ പ്രായോഗിക പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം ബാഹ്യമായ ചില സംഭവവികാസങ്ങഠം പ്രകടമായിത്തന്നെ ഉണ്ടാകേണ്ടതുണ്ടു്. എൻെറ അഭിപ്രായത്തിൽ രാജ്യത്തിൻെറ സ്വാതന്ത്ര്യപ്രാപ്തിയെപ്പററി ചിന്തയുള്ളവക്കു് താഴെപ്പറയുന്ന കാര്യങ്ങളെ സംബന്ധിച്ചു് വ്യക്തമായ ധാരണകഠം ഉണ്ടായിരിക്കണം. മററുള്ളവയെ അപേക്ഷിച്ചു് ഇവ കൂടുതൽ അടിയന്തിരമാണ്.

1. സേവനോത്സുകമായ ജീവിതം നയിക്കുന്നതിനു് അനേകമനേകം യുവതീയുവാക്കന്മാർ ആത്മാർത്ഥതയോടെ തന്നെ മുന്നോട്ടു വരുന്നില്ലെങ്കിൽ യാതൊന്നുംതന്നെ നേടുക സാധ്യമല്ല.

2. തികഞ്ഞ ഉദ്ദേശ്യ ശുദ്ധിയും സ്വഭാവഗുണവും അവക്കില്ലെങ്കിൽ അവരുടെ പ്രവർത്തനങ്ങഠം ശക്തമാവുകയില്ല; ഫലപ്രദമാവുകയില്ല.

3. ഉദ്ദേശ്യ ശുദ്ധിയും സ്വഭാവഗുണവും ദീർഘകാലം വച്ചു പുലത്തണമെങ്കിൽ, സ്വാത്ഥ തത്പരരായ സാധാരണ യുവാക്കളെ അപേക്ഷിച്ചു് പതിന്മടങ്ങു് ആത്മനിയന്ത്രണവും, അച്ചടക്കവും അവക്കു് ഉണ്ടാകണം; ചപലവും സുഖാസക്തവുമായ ജീവിതത്തിൽ നിന്നു് അകന്നു് നില്ക്കുകയും വേണം.

4. വരും കൊല്ലങ്ങളിൽ —സ്വാതന്ത്ര്യ പ്രാപ്തിക്കു മുൻപുള്ള കാലഘട്ടത്തിൽതന്നെ — ഇന്നത്തേക്കാളൊക്കെ വളരെയേറെ പ്രവർത്തകർ — ജീവിതകാലം മുഴുവൻ പ്രവർത്തിക്കുന്നതിനു് സന്നദ്ധതയുള്ളവർ — ഉണ്ടായേ മതിയാകൂ. അവരിലധികം പേരും ഇടത്തരക്കാരിൽ നിന്നുവേണം മുന്നോട്ടുവരാൻ. അങ്ങേയററം ലളിതമായ, ദാരിദ്ര്യവും ക്ലേശങ്ങളും നിറഞ്ഞ, ഒരു ജീവിതമായിരിക്കും അവരുടേതു്. ശാരീരികായാസത്തിൻെറ കഥ പറയാനുമില്ല. അത്തരമൊരു ജീവിതത്തിനു് പര്യാപ്തമായ രീതിയിൽ യുവാക്കളുടെ സ്വഭാവം രൂപീകൃതമാകുന്നില്ലെങ്കിൽ രാജ്യത്തിൻെറ ലക്ഷ്യം പരാജയപ്പെടും. ലളിതവും അദ്ധ്വാനാധിഷ്ഠിതവും ആയ ഒരു ജീവിതം ആശാസ്യമാണോ എന്ന പ്രശ്നം ഇന്ത്യയിൽ സ്വരാജിൻെറ സാക്ഷാത്കാരത്തിനുള്ള വ്യവസ്ഥകളിലൊന്നാണു്.

കടുപ്പമുള്ളതെങ്കിലും ഇപ്പറഞ്ഞവയെല്ലാം യാഥാർത്ഥ്യങ്ങളാണു് —ഗാന്ധിയൻ പരിപാടികളോടു് ആഭിമുഖ്യമുള്ളവരും സോഷ്യലിസ്റ്റ് ചിന്താഗതികളിൽ താത്പര്യമുള്ളവരും ഒരേപോലെ അംഗീകരിക്കുകയും ധീരമായി അഭിമുഖീകരിക്കുകയും ചെയ്യേണ്ട യാഥാർത്ഥ്യങ്ങൾ. സുഖാസക്തമായ ജീവിതത്തെക്കുറിച്ചുള്ള ആർത്തി വളരുന്ന തലമുറയുടെ ഹൃദയത്തിൽ ഉയർത്തുന്നതും, ആത്മനിയന്ത്രണവും സ്വയം അംഗീകരിക്കപ്പെടുന്ന ലാളിത്യവും (ഇതിനെ ദാരിദ്ര്യം എന്നും വിളിക്കാറുണ്ടു്) ഉള്ള ജീവിതസമ്പ്രദായത്തെ നിന്ദിക്കുന്നതും ആയ മനോഭാവം, അതിൻെറ പിന്നിലുള്ള പ്രേരണ ഭൗതികമായാലും ശരി ആദ്ധ്യാത്മികമായാലും ശരി, സ്വാതന്ത്ര്യത്തിൻെറ ആഗമനത്തെ താമസിപ്പിക്കുക മാത്രമേ ചെയ്യൂ. (ഹരിജൻ, 28_11_36)

# II

ബുദ്ധിപരമായോ വികാരപരമായോ ഗാന്ധിയൻ സിദ്ധാന്തങ്ങളോടു് ആഭിമുഖ്യം തോന്നുന്നവർക്കു് ആ സിദ്ധാന്തങ്ങളുടെ ചില സ്ഥായിയായ സ്വഭാവങ്ങൾ ചൂണ്ടിക്കാണിച്ചു കൊടുക്കുവാൻ ഞാൻ

ആഗ്രഹിക്കുന്നു. ഗാന്ധിയിൽനിന്നും വെളിച്ചം നേടുവാൻ ആഗ്രഹിക്കുന്നവർ ഇവ പ്രായോഗികമാക്കേണ്ടതാണ്.

നിങ്ങളെ നേരിടുന്ന എല്ലാ പ്രശ്നങ്ങളേയും സത്യത്തിൽക്കൂടി, അഹിംസയിൽക്കൂടി, സേവനത്തിൽക്കൂടി സമീപിക്കുക.

'സത്യത്തിൽക്കൂടി' എന്നു പറയുമ്പോൾ ഉദ്ദേശിക്കുന്നത് എല്ലായ്പോഴും തുറന്ന ഹൃദയത്തോടുകൂടി, തെററുകൾ പററുമ്പോൾ അവ ഏററു പറഞ്ഞു തിരുത്തുന്നതിനുള്ള സന്നദ്ധതയോടുകൂടി നിങ്ങൾ ജീവിക്കുമെന്നാണ്. സത്യമാണെന്നു നിങ്ങൾ വിശ്വസിക്കുന്ന ലക്ഷ്യത്തിനുവേണ്ടി നിങ്ങളുടെ എന്തും ബലികഴിക്കുന്നതിന് നിങ്ങൾ തയ്യാറാകും.

'അഹിംസയിൽക്കൂടി' എന്നു പറയുന്നതിനത്ഥം എല്ലാ തരത്തിലുള്ള തിന്മയേയും നിങ്ങൾ എതിക്കുമെന്നാണ്. ഗാന്ധിജിയുടെ ഭാഷയിൽ 'മൃഗശക്തി'യുടെ സ്ഥാനത്ത് ആധ്യാത്മിക ശക്തി ഉപയോഗിച്ച് എതിക്കും. അദ്ദേഹം തന്നെ വ്യക്തമാക്കിയിട്ടുള്ളതുപോലെ ഇതൊരു നിഷേധാത്മകമായ മനോഭാവമല്ല. പ്രത്യുത പ്രത്യക്ഷത്തിലുള്ള ഒരു പ്രവത്തന പരിപാടിയാണ്. നൂററാണ്ടുകളായി ലോകം ഹിംസയുടെ ശക്തി ഉപയോഗിച്ചിട്ടുണ്ട്. ശാസ്ത്രീയമായ ഒരു പരിപൂണ്ണത അതിനു് കൈവരുത്തിയിട്ടുണ്ട്. എതിരാളിയുടെ പക്കലുള്ള ഹിംസാശക്തിയെക്കാൾ കൂടുതൽ സംഘടിതവും സമ്പൂണ്ണവുമാണ് സ്വന്തം ഹിംസാ ശക്തിയെങ്കിൽ അതു് ഉപയോഗിച്ച് ഒരു കൂട്ടം ആളുകൾക്ക് അവരുടെ ഭൗതിക ലക്ഷ്യം സാധിക്കാവുന്നതാണ്. അഹിംസയോടുള്ള ആധ്യാത്മിക മനോഭാവം നമുക്ക് മാററിവയ്ക്കാം; കേവലം പ്രായോഗിക ബുദ്ധിയോടുകൂടിത്തന്നെ ചിന്തിക്കുക. താനുപയോഗിക്കുന്ന ആയുധം കൈകാര്യം ചെയ്യുന്നതിൽ എതിരാളി തന്നെക്കാൾ മിടുക്കനാണെങ്കിൽ, ആ ആയുധം ഉപയോഗിക്കുന്നതു് ബുദ്ധിയല്ല. തികച്ചും പുതിയ ഒരായുധം കണ്ടുപിടിച്ച് അതിനു് പൂണ്ണത കൈവരുത്തുകയാണ് അപ്പോൾ വേണ്ടതു്. സ്നേഹത്തിൻെറ അഥവാ അഹിംസയുടെ ശക്തി—ദണ്ഡനം ഏല്പിക്കുന്നതിനുപകരം ഏല്ക്കുകയും അങ്ങനെ

പീഡാനുഭവങ്ങളിൽകൂടി ജയം നേടുകയും ചെയ്യുക — ഹിംസയെപ്പോലെതന്നെ പ്രാചീനമാണ്. പക്ഷേ അതിനെപ്പററി പഠനങ്ങറം നടത്തുകയാകട്ടെ, അതിനൊരു പൂർണ്ണത കൈവരുത്തുകയാകട്ടെ ഉണ്ടായിട്ടില്ല. ഭൂമിയുടെ ആകർഷണ ശക്തി ന്യൂട്ടൺ സൃഷ്ടിച്ചതല്ലല്ലോ; അതേപോലെ ഗാന്ധിജിയും പുതിയ ശക്തികളൊന്നും സൃഷ്ടിച്ചെടുത്തിട്ടില്ല. അഹിംസാശക്തിയുടെ സാധ്യതകളും വൈവിധ്യങ്ങളും പഠിച്ചറിയുവാൻ ഗാന്ധിജി ജീവകാലം മുഴുവൻ പണിപ്പെട്ടിരുന്നു. ഹിംസ ഇന്നെത്തിച്ചേർന്നിരിക്കുന്നതു് യന്ത്രത്തോക്കുകളുടേയും, ടാങ്കുകളുടേയും, വിമാനങ്ങളുടേയും, വിഷവാതകങ്ങളുടേയും കാലഘട്ടത്തിലാണ്. ഹിംസയുടെ സഹായത്തിനു് കൈക്കൂലിയും ചാരവൃത്തിയും അത്തരത്തിലുള്ള അസത്യപരങ്ങളായ നിരവധി കാര്യങ്ങളും എപ്പോഴും ഒരുങ്ങി നില്പുണ്ടു്. നൂററാണ്ടുകളിലൂടെ ആയിരക്കണക്കിനു് പ്രതിഭാശാലികറം ഹിംസയുടെ വികാസത്തിനു് സംഭാവനകറം നൽകിയിട്ടുമുണ്ടു്. ഹിംസയുടെ വികാസത്തിനു് ഇതൊക്കെ വേണ്ടിവന്നുവെങ്കിൽ അഹിംസയ്ക്കും പൂർണ്ണതയിൽ എത്തിച്ചേരുന്നതിനു് ഉത്സാഹശാലികളും ഉർജ്ജസ്വലരുമായ നിരവധി ഗവേഷകരുടെ സേവനം ആവശ്യമുണ്ടു്. അതിനാൽ ഗാന്ധിജിയുടെ മാർഗ്ഗങ്ങളിൽ വിശ്വസിക്കുന്ന ഒരാറംക്കു് വ്യക്തമായ ഒരു ചുമതലയുണ്ടു് — അഹിംസയുടെ സാധ്യതകളെപ്പററിയുള്ള ഗവേഷണത്തിൽ തന്നാലാവുന്ന സഹായം നൽകുക. തൻെറ പ്രവർത്തന മണ്ഡലത്തിൽ അഹിംസ ബുദ്ധിപൂർവ്വം പ്രായോഗികമാക്കുന്നതിനു ശ്രമിക്കുക. പുതിയ പുതിയ ആയുധങ്ങറം കണ്ടുപിടിക്കുന്ന ഒരാറംക്കു് ശാസ്ത്രങ്ങളിൽ നല്ല പരിചയമുണ്ടായിരിക്കണം; അഹിംസയെക്കുറിച്ചു് ഗവേഷണം നടത്തുന്ന ആറംക്കാകട്ടെ സ്വാർത്ഥതയിൽനിന്നും മോഹത്തിൽനിന്നും മുക്തിനേടിയ ക്രിയാത്മകമായ സ്നേഹത്തിൻെറ അക്ഷയമായ ഭണ്ഡാഗാരം സ്വായത്തമായിരിക്കണം. ബുദ്ധിപരമായ കഴിവുകറം അയാറംക്കു് ആവശ്യമില്ലെന്നല്ല. സ്നേഹത്തിൻെറ ഭണ്ഡാഗാരം ദരിദ്രമായിപ്പോയാൽ ബുദ്ധികൊണ്ടൊരു ഫലവുമില്ലെന്നുമാത്രം.

പ്രശ്നങ്ങാംക്ക പരിഹാരം കണ്ടെത്തുവാനുള്ള ഗാന്ധിയൻ സമീപനത്തിന്റെ മൂന്നാമത്തെ ഘടകം സേവനമാണ്. സൂക്ഷ്മമായി പ്പറഞ്ഞാൽ അതു് സത്യത്തിൽനിന്നും അഹിംസയിൽനിന്നും ഉട ലെടുക്കുന്ന ഒന്നാണ്. സത്യം, അഹിംസ, അപരിഗ്രഹം തുട ങ്ങിയ കാര്യങ്ങളെ ആസ്പദമാക്കി താത്വികമായ ചർച്ചകഠം നട ത്തുന്നതുകൊണ്ടുമാത്രമായില്ല; ഇത്തരം ചർച്ചകളോടൊപ്പംതന്നെ ഊർജ്ജസ്വലമായ ജനസേവനം നടത്തുകയും വേണം. അപ്പോഠം മാത്രമേ ഗാന്ധിജിയുടെ ആദർശങ്ങഠം പൂർണ്ണരൂപത്തിൽ പ്രായോ ഗികമാകൂ. പത്രങ്ങളും, പ്രചരണത്തിനുള്ള മററു് ഉപാധികളും യന്ത്രത്തെപ്പോലെ സ്വതേ നിരുപദ്രവകരങ്ങളാണു്. പക്ഷേ ഇന്ന ത്തെ സാഹചര്യങ്ങളിൽ, അനിവാര്യമായിത്തന്നെ, ഹിംസ പ്രയോ ഗിക്കുന്ന ആളിന്റെ പക്കലാണു് ഈ ഉപാധികളുടെ നിയന്ത്രണ മിരിക്കുന്നതു്. സാധാരണക്കാർക്കോ അവക്കുവേണ്ടി വാദിക്കുന്ന വക്കോ സാധിക്കുന്നതിനേക്കാഠം എളുപ്പം ഈ ഉപാധികഠം സ്വന്തം ഗുണത്തിനുവേണ്ടി ഉപയോഗിക്കാൻ അയാഠംക്കു് കഴിയുകയും ചെയ്യും. അതുകൊണ്ടു് തികച്ചും നൂതനമായ ഉപാധികളാണു് നമുക്കു വേണ്ടതു്. നിശ്ശബ്ദമായി യാതൊരു പരസ്യപ്പെടുത്തലും കൂടാതെ അനുഷ്ഠിക്കുന്ന സേവനം അത്തരത്തിലുള്ള ഒന്നാണു്.

പ്രശ്നപരിഹാരത്തിനുള്ള ഇപ്പറഞ്ഞ മാർഗ്ഗത്തിനു വിധേയ മായി ഗാന്ധിജിയുടെ ജീവിതത്തിൽ സ്ഥായിയായ മററൊരു സ്വഭാവം കൂടി കാണാം — അധഃസ്ഥിതരെ ചൂഷണം ചെയ്യുന്നതി നോടുള്ള എതിർപ്പു്. ഇക്കാര്യത്തിൽ മറേറതൊരു സോഷ്യലിസ്റ്റി നേയും പോലെ അദ്ദേഹവും ഉറച്ചുനിൽക്കുന്നു. ധനവും അധികാര ശക്തിയും കൈയടക്കിവച്ചിരിക്കുന്നവർ നടത്തുന്ന ചൂഷണത്തെ മാത്രമല്ല, ബുദ്ധിശക്തിയുള്ളവർ നടത്തുന്ന ചൂഷണത്തേയും അദ്ദേഹം എതിക്കുന്നു. പ്രശ്നങ്ങഠം പരിഹരിക്കുന്നതിനു് സത്യനിഷ്ഠവും അഹിംസാത്മകവും ആയ ഒരു മാർഗ്ഗം കണ്ടുപിടിക്കാൻ കഴിഞ്ഞാൽ, യാതൊരു രീതിയിലുള്ള ചൂഷണത്തേയും ഒററ ദിവസം പോലും പൊറുപ്പിക്കുന്നതിനു് ഗാന്ധിജി തയാറാവുകയില്ല.

ചൂഷണത്തെ അവസാനിപ്പിക്കുന്ന പ്രശ്നം സ്വകാര്യ സ്വത്ത് എന്ന സ്ഥാപനവുമായി ബന്ധപ്പെട്ടതാണെന്നും, അതിനോട് സമാനമാണെന്നും, പറയപ്പെടാറുണ്ട്. ഗാന്ധിസവും സോഷ്യലിസവും തമ്മിലുള്ള വാദവിവാദങ്ങളിൽ ഈയൊരു പ്രശ്നം ഗൗരവതരമായി ചർച്ചചെയ്യപ്പെടാറുമുണ്ട്. ഇക്കാര്യത്തെ സംബന്ധിച്ച് ഏററവും കടുത്ത കമ്യൂണിസ്റ്റിനുള്ളതിനേക്കാൾ വിപ്ലവകരങ്ങളായ അഭിപ്രായങ്ങളാണ് ഗാന്ധിജിക്കുള്ളത്. എല്ലാ വ്യക്തികളുടേയും എല്ലാ വിധ സ്വകാര്യസ്വത്തും ഇല്ലാതാക്കണമെന്നാണ് അദ്ദേഹം ആഗ്രഹിക്കുന്നത്. ഇന്നദ്ദേഹം സ്വകാര്യസ്വത്തെന്ന സ്ഥാപനത്തെ സഹിഷ്ണുതാപൂർവം വീക്ഷിക്കുന്നുവെങ്കിൽ അത് അദ്ദേഹത്തിന് അതിനോട് സ്നേഹമുണ്ടായിട്ടോ, മനുഷ്യപുരോഗതിക്ക് അത് അത്യന്താപേക്ഷിതമാണെന്ന് അഭിപ്രായമുണ്ടായിട്ടോ അല്ല; നേരെ മറിച്ച് അതിനെ ഇല്ലാതാക്കുന്നതിന് സത്യനിഷ്ഠവും അഹിംസാപരവുമായ ഒരു മാർഗ്ഗം അദ്ദേഹം ഇനിയും കണ്ടുപിടിച്ചിട്ടില്ലാത്തതു കൊണ്ടാണ്. എല്ലാ സോഷ്യലിസ്ററുകളും മനുഷ്യൻെറ സന്തുഷ്ടിക്ക് സ്വകാര്യസ്വത്ത് അത്യന്താപേക്ഷിതമാണെന്ന് കരുതുന്നുണ്ടെന്നാണ് എൻെറ വിചാരം. ഗാന്ധിജി താത്ത്വികമായി ആ അഭിപ്രായം അംഗീകരിക്കുന്നില്ല. പക്ഷേ പ്രായോഗികമായി നോക്കുമ്പോൾ നമുക്ക് സങ്കല്പിക്കാവുന്ന ഒരു കാലയളവിൽ മനുഷ്യരാശി സ്വകാര്യസ്വത്ത് ഉപേക്ഷിക്കുവാൻ പോകുന്നില്ലെന്നാണ് അദ്ദേഹം അഭിപ്രായപ്പെടുന്നത്. അതുകൊണ്ട് ഇന്നു പരിഗണിക്കേണ്ട ഒരേ ഒരു കാര്യം ഇതാണ്—സ്വകാര്യസ്വത്തിൻെറ ഉടമസ്ഥതയും നിയന്ത്രണവും ഉള്ള വ്യക്തികൾ ഏതടിസ്ഥാനത്തിൽ വേണം, ഏതു് മനോഭാവത്തോടു കൂടി വേണം, ആ ഉടമസ്ഥതയും നിയന്ത്രണവും വച്ചു പുലർത്തുക? ഗാന്ധിജിപറയുന്നു ഒരു വ്യക്തിയോ, ഏതാനും വ്യക്തികൾ കൂടിച്ചേർന്നോ സ്വത്ത് സ്വായത്തമാക്കിയിട്ടുണ്ടെങ്കിൽ—നിയമപരമായിട്ടായാലും ശരി, അല്ലെങ്കിലും ശരി—അതു് തങ്ങൾക്കായിട്ടല്ല, സമൂഹത്തിനു വേണ്ടി, ഒരു ട്രസ്റ്റ് എന്ന നിലയിൽ വേണം അവർ കൈവശം വയ്ക്കുക. ഗാന്ധിജി

യുടെ ഈ പ്രസ്താവന വേണ്ടത്ര ഗൗരവബുദ്ധിയോടു കൂടി പരിഗണിക്കപ്പെടാത്തതുകൊണ്ടു് കുഴപ്പങ്ങൾ പലതു് ഉണ്ടായിട്ടുണ്ടു്. ഇൻഡ്യക്കാരുടെ ക്ഷേമത്തിനും സുസ്ഥിതിയ്ക്കും വേണ്ടി നിലകൊള്ളുന്ന ട്രസ്റ്റിയാണു് ബ്രിട്ടീഷ് ഭരണകൂടം എന്നു് ബ്രിട്ടീഷ് രാഷ്ട്രതന്ത്രജ്ഞന്മാർ പലപ്പോഴും പ്രഖ്യാപിക്കാറുണ്ടു്. ആ പ്രഖ്യാപനത്തിൽ കഴമ്പൊന്നും കാണുകയില്ല. തികഞ്ഞ വ്യാജോക്തിയായിട്ടല്ലെങ്കിൽ അന്തസ്സാരമില്ലാത്ത മിഥ്യാജല്പനങ്ങളായിട്ടെങ്കിലും അവയെ പരിഗണിക്കാൻ നാമിന്നു് പരിചയിച്ചു കഴിഞ്ഞിട്ടുണ്ടു്. ഗാന്ധിജിയും അമ്മാതിരി ഒരു മിഥ്യാ ജല്പനമല്ലേ നടത്തുന്നതെന്നു് പലരും കുററപ്പെടുത്താറുണ്ടു്. വട്ടമേശസമ്മേളനത്തിൽ വച്ചു് ഹരിജനങ്ങളെ ഹിന്ദുക്കളിൽ നിന്നും വേർപെടുത്തുന്നതിനുള്ള ശ്രമത്തെ സ്വന്തം ജീവൻ ബലികഴിച്ചും എതിർക്കും എന്നു് ഗാന്ധിജി പറഞ്ഞപ്പോൾ അതാരും അത്ര കാര്യമായിട്ടെടുത്തില്ല. അതൊരു അലങ്കാരപ്രയോഗം മാത്രമാണെന്നു് പലരും കരുതി. ഒടുവിൽ താൻ പറഞ്ഞതിലൊട്ടും പൊളിയില്ലെന്നു് തെളിയിക്കാൻ അദ്ദേഹം നിർബന്ധിതനായി. അതു തന്നെയാണു് ഇവിടെയും കഥ. സ്വകാര്യസ്വത്തുടമസ്ഥന്മാരെല്ലാം സമുദായത്തിൻെറ ട്രസ്റ്റികളായിരിക്കണമെന്നു് ഗാന്ധിജി പറയുമ്പോൾ അതാരും കാര്യമായിട്ടെടുക്കുന്നില്ല. നിയമാനുസാരികളായ ട്രസ്റ്റികളും അങ്ങനെയല്ലാതുള്ള ട്രസ്റ്റികളും തമ്മിൽ അവരുടെ കർത്തവ്യ നിർവഹണത്തെ സംബന്ധിച്ചു് എന്തൊക്കെയോ വ്യത്യാസങ്ങളുണ്ടെന്നു് ഗാന്ധിജിയുടെ നിരൂപകന്മാർ കരുതുന്നു. ഗാന്ധിജിയെ സംബന്ധിച്ചാണെങ്കിൽ അത്തരം വ്യത്യാസമൊന്നുമില്ല. പ്രായോഗികമാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കാതെ അദ്ദേഹം ഒരു തത്ത്വവും ആവിഷ്കരിക്കാറില്ല. സുഖമായി ജീവിക്കുന്നതിനു് ആവശ്യമുള്ളതിൽ കവിഞ്ഞുള്ള സ്വകാര്യസ്വത്തു് ഒരാൾക്കു് കൈവശം വയ്ക്കാവുന്നതു് മററുള്ളവർ അനുവദിക്കുന്നിടത്തോളം കാലം മാത്രമാണു്; ആ അനുവാദം പലപ്പോഴും നിസ്സഹായതയുടെയോ, അജ്ഞതയുടേയോ ഫലമായിട്ടാണു് ഉണ്ടാവുക. അജ്ഞത ജ്ഞാനത്തിനു് വഴിമാറിക്കൊടുക്കുമ്പോൾ, നിസ്സഹായത ബോധപൂർവ്വ

മായ ശക്തിയായി പരിണമിക്കുമ്പോൾ, ആവശ്യത്തിൽ കവിഞ്ഞ സ്വത്തു് കൈവശം വയ്ക്കാൻ ട്രസ്റ്റിക്കു മാത്രമേ കഴിയൂ. ഗാന്ധിജി പറയുന്ന അഹിംസാത്മകമായ ശക്തിവേണം ജനങ്ങളിൽ സൃഷ്ടിക്കുവാനെന്നു്. അതല്ലെങ്കിൽ ഇന്നത്തെ 'ഇല്ലാത്തവ'ൻ നാളെ, 'ഉള്ളവ'ൻെറ എല്ലാ തിന്മകളും സമ്പാദിക്കും. അഹിംസാത്മകമായ ശക്തി ഹിംസാത്മകമായതിനേക്കാൾ സുഗമമായി രൂപീകരിക്കാമെന്നും അദ്ദേഹം വാദിക്കുന്നു. ഈയൊരു ആശയഗതി ഇതിലധികം മുന്നോട്ടു കൊണ്ടുപോകാൻ സാധ്യമല്ല. എന്തെന്നാൽ ഗാന്ധിജിയും അദ്ദേഹത്തിൻെറ അനുയായികളും ഇതു് പ്രായോഗികമാക്കുന്നതിൽ ഏർപ്പെട്ടിരിക്കുകയാണു്. (ഹരിജൻ, 5-12-36)

# III

ഇതുവരെ പറഞ്ഞ കാര്യങ്ങളുടെ വെളിച്ചത്തിൽ ഗാന്ധിജിയുടെ ഇന്നത്തെ പ്രവൎത്തനങ്ങളെ പരിശോധിക്കുന്നതു് ഈ സന്ദർഭത്തിൽ നന്നാണെന്നു് തോന്നുന്നു. കാൺഗ്രസ്സിൽ നിന്നോ സജീവ രാഷ്ട്രീയ പ്രവൎത്തനത്തിൽ നിന്നോ പിന്മാറുന്നതുകൊണ്ടുമാത്രം അദ്ദേഹം തൃപ്തനാകുന്നില്ല. മഗൻവാഡിയിലിരുന്നുകൊണ്ടു് ഗ്രാമീണപ്രവൎത്തനങ്ങൾക്കു് നേതൃത്വം നൽകുന്നതുകൊണ്ടും അദ്ദേഹം തൃപ്തനാകുന്നില്ല, റെയിൽവേയും പോസ്റ്റൽസൌകൎയ്യങ്ങളും ഒന്നും ഇല്ലാത്ത സെഗായൺ എന്ന 'ഓണംകേറാ ഗ്രാമ'ത്തിൽ —മഴക്കാലത്തു് അവിടം ഒരു ചതുപ്പുനിലം തന്നെയാകും—കഴിഞ്ഞുകൂടാനാണു് അദ്ദേഹം ആഗ്രഹിക്കുന്നതു്. ആധുനിക പ്രശ്നങ്ങളോടുള്ള അദ്ദേഹത്തിൻെറ അഹിംസാത്മകമായ സമീപനരീതിയാണതു്. കാൺഗ്രസ്സിനേയും, ഗവണ്മെൻറിനേയും, പത്രക്കാരേയും എല്ലാം വിഷമിപ്പിക്കുന്ന ഒരു സമ്പ്രദായമാണതു്. ആധുനിക പ്രശ്നങ്ങളിൽ നിന്നുമുള്ള ഗാന്ധിജിയുടെ ഈ അകന്നുനിൽപിൽ എന്തോ ഒരു പൊരുത്തക്കേടു് അന്യർ കാണുന്നു. പക്ഷേ ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം പ്രശ്നപരിഹാരത്തിനു് ഇതിൽപരം സ്വാഭാവിക

മായ ഒരു മാർഗ്ഗമില്ല. ഗ്രാമീണരോടും സാമൂഹ്യശ്രേണിയിൽ ഏറ്റവും താഴത്തെപ്പടിയിൽ നിലകൊള്ളുന്നവരോടും ഒപ്പം ജീവിക്കുന്നതുമൂലം അഹിംസാത്മകമായ ഒരു പരിഹാരം കണ്ടെത്താമെന്നു് അദ്ദേഹം ആശിക്കുന്നു. ഹരിജനങ്ങളുടെ നടുവിലാണു് അദ്ദേഹത്തിൻെറ ജീവിതം. ഫലശൂന്യമായി കളയുന്ന വസ്തുക്കളെല്ലാം സമ്പത്തായി മാററാമെന്നും, നല്ല പാലും മററും ധാരാളമായി ഉപയോഗിക്കണമെന്നും, ഗ്രാമം ശുചിയായി സൂക്ഷിക്കണമെന്നും, അങ്ങനെ രോഗങ്ങൾ വരാതെ നോക്കണമെന്നും, അക്ഷരാഭ്യാസം നേടി ലോകകാര്യങ്ങൾ മനസ്സിലാക്കണമെന്നും മററും സെഗയോണിലെ ഗ്രാമീണരെ പഠിപ്പിക്കുന്നതിനു് അദ്ദേഹത്തിനു് സാധിക്കുമെങ്കിൽ, മനുഷ്യനിൽ അന്തർലീനമായിക്കിടപ്പുള്ള ശക്തിയെപ്പററി ഒരു ബോധം അവർക്കുണ്ടാകുമെന്ന കാര്യം ആരുതന്നെ നിഷേധിക്കും? അത്തരം ഗ്രാമീണർ ഇന്ത്യയുടെ മുഴുവൻ ശ്രദ്ധയെ—ഭരണകൂടത്തിൻ്റെയുംപ്പെടെ—ആകർഷിക്കുക തന്നെ ചെയ്യും. ഈ ചിത്രത്തിൻെറ നിറപ്പകിട്ടു് കൂട്ടാൻ ഞാൻ ഒരുങ്ങുന്നില്ല. ഈ പ്രവൃത്തിയുടെ വൈഷമ്യങ്ങൾ ഗാന്ധിജിക്കു് അറിയാം. മനുഷ്യനു് അസാധ്യമായി പലതുണ്ടാകാമെങ്കിലും ഈശ്വരൻ എന്തും സാധിക്കുമെന്നാണു് അദ്ദേഹം പറയുന്നതു്. സത്യത്തിൻേറയും അഹിംസയുടേയും— അതായതു് സ്നേഹത്തിൻെറ—പ്രതിരൂപമായ ഈശ്വരനിൽ അദ്ദേഹത്തിനു് അചഞ്ചലമായ വിശ്വാസമുണ്ടു്.

ഗാന്ധിജിയുടെ പ്രവർത്തനസമ്പ്രദായത്തിൻെറ ഒരു പ്രത്യേകത കൂടി പറഞ്ഞിട്ടു് ഞാൻ അവസാനിപ്പിക്കാം. പ്രക്ഷോഭണങ്ങളും പ്രകടനങ്ങളും ഗാന്ധിജിക്കു് തീരെ പഥ്യമില്ലെന്നല്ല. അദ്ദേഹം പ്രക്ഷോഭണങ്ങളും പ്രകടനങ്ങളും സംഘടിപ്പിച്ചപ്പോഴെല്ലാം, ലോകത്തിൻെറ മുഴുവൻ ശ്രദ്ധ അദ്ദേഹത്തിലേയ്ക്കു് ആകർഷിക്കപ്പെട്ടിട്ടുണ്ടു്. പക്ഷേ പ്രശ്നങ്ങളോടുള്ള അദ്ദേഹത്തിൻെറ സമീപനരീതി നേരാംവണ്ണം മനസ്സിലാക്കണമെന്നുണ്ടെങ്കിൽ, ആ പ്രക്ഷോഭണ സമ്പ്രദായത്തിൻെറ ഒരു പ്രത്യേകത നാം ഒരിക്കലും മറന്നുകൂടാ. ഏതെങ്കിലും ഒരു തിന്മയെ നിവാരണം ചെയ്യുന്നതിനു്

വ്യക്തമായ ഒരു മാർഗ്ഗത്തിൽക്കൂടി ജനങ്ങളെ നയിക്കുന്നതിന് തനിക്ക് സാധിക്കുകയില്ലെന്ന് ബോധ്യമുണ്ടെങ്കിൽ, അക്കാര്യത്തെ സംബന്ധിച്ച് തനിക്കുതന്നെ കണ്ട് തീഷ്ണമായ അഭിപ്രായങ്ങളുണ്ടെങ്കിലും ശരി, അദ്ദേഹമൊരിക്കലും ജനങ്ങളുടെ വികാരങ്ങളെ ഉത്തേജിപ്പിക്കാറില്ല. പ്രശ്നങ്ങളെ നേരിടുന്നതിനു പകരം പത്രങ്ങളിൽ ഒച്ചപ്പാടുണ്ടാക്കുക മാത്രം ചെയ്യുന്ന അർത്ഥശൂന്യങ്ങളായ പ്രകടനങ്ങളിൽ അദ്ദേഹത്തിനൊരു വിശ്വാസവുമില്ല. ഗാന്ധിജി ഏതെങ്കിലുമൊരു കാര്യം ഏറ്റെടുക്കുകയും, ജനങ്ങളെ ഉത്തേജിപ്പിച്ച് ഒരു പ്രകടനം സംഘടിപ്പിക്കുകയും ചെയ്യുമ്പോൾ, ഫലപ്രദമായ ചില പരിപാടികൾ തുടങ്ങുണ്ടാകുമെന്ന് നമുക്ക് തീർച്ചയാക്കാം. അങ്ങനെയൊരു പരിപാടി ആലോചിച്ചുറയ്ക്കുന്നതുവരെ പ്രക്ഷോഭണ വിഷയമായ തിന്മകളെപ്പററി അദ്ദേഹം മൗനം ഭജിക്കും; മററുള്ളവരെക്കൊണ്ടും അങ്ങനെ ചെയ്യിക്കും. അക്കാര്യത്തിലുണ്ടാകുന്ന തെററിദ്ധാരണകൾ അദ്ദേഹം വകവയ്ക്കുകയുമില്ല.

വിശ്വാസപൂർവം തൻെറ പ്രവൃത്തിയിൽ ഏർപ്പെടുന്നതിന് ഗാന്ധിജിയുടെ അനുയായി ഇത്രയും അറിഞ്ഞാൽ മതിയാകുമെന്ന് തോന്നുന്നു. ദൂരവ്യാപകവും, ഗൗരവതരവും, സങ്കീർണ്ണവും, സാർവരാഷ്ട്രീയവും ആയ പ്രശ്നങ്ങൾ തീർച്ചയായും ഉണ്ടായിക്കൊണ്ടിരിയ്ക്കും. തക്കതായ സമയത്ത് ശ്രദ്ധാപൂർവം അവ മനസ്സിലാക്കേണ്ടതാണ്. കൂടുതൽ അറിവും ബുദ്ധിയും ഉള്ള കുറേപ്പേർ നേരിട്ടു തന്നെ അതിനു ശ്രമിക്കും. മററുള്ളവരാകട്ടെ നേരിട്ടല്ലാതെ കിട്ടുന്ന അറിവിനെ ആസ്പദമാക്കിയായിരിക്കും അഭിപ്രായങ്ങൾ രൂപപ്പെടുത്തുക. പ്രത്യേകപരിജ്ഞാനം നേടിയവരെന്ന് വിഖ്യാതരായ പണ്ഡിതന്മാർ പോലും പലപ്പോഴും പരോക്ഷമായി കിട്ടുന്ന വസ്തുതകൾ വച്ചുകൊണ്ടായിരിക്കും അഭിപ്രായങ്ങൾ രൂപീകരിക്കുക. ഇന്നത്തെ സങ്കീർണ്ണപ്രശ്നങ്ങൾ പലതിനും സമീചീനമായ വ്യാഖ്യാനങ്ങൾ നൽകുന്നതിനോ, പരിഹാരങ്ങൾ കണ്ടെത്തുന്നതിനോ, ലോകത്തിലെ പ്രഖ്യാത പണ്ഡിതന്മാക്ക് പോലും സാധ്യമല്ല. ഇന്ന് ആത്മവിശ്വാസത്തോടെ പറയുന്ന അഭിപ്രായങ്ങൾതന്നെ ആറു മാസം കഴിയുമ്പോഴേയ്ക്കും അസാധുവായിത്തീരുന്നു. പരോക്ഷവും

അപൂർണ്ണവും ആയ അറിവു മാത്രം ഉള്ള ആളുകൾക്കു് അത്യധികമായ താത്വികചർച്ചകൾ വിരസവും, അനാവശ്യവും, നിഷ്ഫലവും, ക്ലിഷ്ടവും ആയി മാത്രമേ അനുഭവപ്പെടൂ. അത്തരക്കാർക്കു് ഗാന്ധിജിയോടൊപ്പം ഇങ്ങനെ പറയാം:– "ഒരു ചുവടുവയ്പു കൂടി മതിയെനിയ്ക്കു്." എല്ലാത്തരം പ്രശ്നങ്ങളെ സംബന്ധിച്ചും ഉറച്ച അഭിപ്രായങ്ങൾ ഒരാൾക്കു് ഉണ്ടായിക്കഴിഞ്ഞാൽ അയാളുടെ മനസ്സു് യഥാസ്ഥിതികമായിത്തീരും എന്നാണു് എനിക്കു തോന്നുന്നതു്. നമുക്കു് ഉടനെ തന്നെ കൈകാര്യം ചെയ്യുന്നതിനു് നിവൃത്തിയില്ലാത്ത പ്രശ്നങ്ങളെക്കുറിച്ചു് അഭിപ്രായം പെട്ടെന്നു് രൂപീകരിക്കാതിരിക്കുകയാണു് ഉചിതം.

ഗാന്ധിജിയുടെ മാർഗ്ഗങ്ങളും നിർമ്മാണപരിപാടികളും ഇഷ്ടപ്പെടാത്ത വളരെയധികം ആളുകളുണ്ടു്. അവ ആകർഷകമോ ഉത്തേജകമോ അല്ലത്രേ. അതിനിപ്പോൾ നിവൃത്തിയൊന്നുമില്ല. അത്തരക്കാരോടു് അന്തമില്ലാത്ത വാദപ്രതിവാദങ്ങൾ നടത്തിയതുകൊണ്ടോ, അവരെ കുററപ്പെടുത്തിയതുകൊണ്ടോ പ്രയോജനമൊന്നുമില്ല. സ്വന്തം ആദർശങ്ങൾക്കും അഭിരുചികൾക്കും ഒത്തു് ജീവിക്കുന്നതിനു് അവരെ അനുവദിക്കേണ്ടതാണു്. അവരോടു പിണങ്ങിയിട്ടും കാര്യമില്ല. ഗാന്ധിജിയുടെ തത്വങ്ങളേയും പരിപാടികളെയും നിന്ദിക്കാതെ നിവൃത്തിയില്ലെന്നാണു് അവക്കു തോന്നുന്നതെങ്കിൽ, അങ്ങനെയായിക്കൊള്ളട്ടെ. നമുക്കവരോടു് വിരോധമുണ്ടാകാൻ പാടില്ല. സത്യനിഷ്ഠവും, അഹിംസാപരവും ആയ പ്രവർത്തനങ്ങളുടെ ഫലങ്ങൾ പ്രത്യക്ഷമാക്കിമാത്രമേ അവരെ സ്വാധീനമാക്കാൻ സാധിക്കൂ.

ഒടുവിലായി ഒരു കാര്യം കൂടി. ഗാന്ധിജിയുടെ അഭിപ്രായത്തിനു് വിപരീതമായി 'ഗാന്ധിസം' എന്നപദം പ്രതിഷ്ഠനേടുകയാണെന്നു വയ്ക്കുക. അങ്ങനെ വന്നാൽ അതു് ഒരു വ്യക്തിയുടെ സിദ്ധാന്തകോടിയിലെത്തിച്ചേർന്ന തത്വത്തെയെന്നതിലധികം ഒരു മാർഗ്ഗത്തെ മാത്രമേ സൂചിപ്പിക്കുന്നുള്ളൂ എന്ന കാര്യം വിസ്മരിക്കാതിരിക്കുക.

(ഹരിജൻ, 12—12 – '36) കെ. ജി. മശ്രൂവാലാ.

രണ്ടു്

# ഗാന്ധിജിയുടെ കമ്യൂണിസം

കമ്യൂണിസ്റ്റ് സുഹൃത്തുക്കളോടും സോഷ്യലിസ്റ്റ് സുഹൃത്തുക്കളോടും സംഭാഷണം ചെയ്യുന്ന സന്ദർഭങ്ങളിൽ പലപ്പോഴും ഗാന്ധിജി അവകാശപ്പെട്ടിട്ടുണ്ടു് — താൻ അവരെക്കാളൊക്കെ നല്ല സോഷ്യലിസ്റ്റോ കമ്യൂണിസ്റ്റോ ആണെന്നു്. ഗാന്ധിജിയുടേയും അവരുടേയും ലക്ഷ്യങ്ങൾ സമാനങ്ങളാണു്. എന്നാൽ മാർഗ്ഗത്തെ സംബന്ധിച്ചും പ്രവർത്തന സങ്കേതത്തെ സംബന്ധിച്ചും ഉള്ള വ്യത്യാസങ്ങൾ അടിസ്ഥാനപരങ്ങളത്രെ. ഹിംസയും സത്യവും ഉപയോഗിച്ചു് സാമൂഹ്യഘടന മാററുന്നതിൽ അദ്ദേഹത്തിനൊരു താത്പര്യവുമില്ല. കാരണം ഇന്ത്യയിലെ മൂകലക്ഷങ്ങൾക്കു് അതൊരു പ്രയോജനവും ചെയ്യുകയില്ലെന്നു് അദ്ദേഹത്തിനു് അറിയാം. ആഗാഖാൻ കൊട്ടാരത്തിലെ തടവുകാലത്തു് അദ്ദേഹം കമ്യൂണിസ്റ്റ് കൃതികൾ വായിക്കുകയുണ്ടായി. കമ്യൂണിസത്തെക്കുറിച്ചും സോഷ്യലിസത്തെക്കുറിച്ചും സുഹൃത്തുക്കളുമായുള്ള സംഭാഷണത്തിൽനിന്നും, അപ്പപ്പോഴുള്ള വായനയിൽനിന്നും കിട്ടിയ അറിവു് അദ്ദേഹത്തിൻെറ ശാസ്ത്രീയ ബുദ്ധിയെ തൃപ്തിപ്പെടുത്തിയില്ല. അദ്ദേഹം 'ദാസ് കാപിററൽ' വായിച്ചു; മാർക്സ്, എംഗൽസ്, ലെനിൻ, സ്റ്റാലിൻ എന്നിവരുടെ ചില കൃതികളും വായിച്ചു. ചൈനയിലെ കമ്യൂണിസ്ററുകളെപ്പററിയുള്ള ചില പുസ്തകങ്ങളും അദ്ദേഹത്തിൻെറ പഠനത്തിനു് വിഷയമായി. ഒടുവിൽ മറെറന്നത്തേതിനെക്കാളും അദ്ദേഹത്തിനു് ബോധ്യമായി — തൻെറ സങ്കല്പത്തിലുള്ള കമ്യൂണിസത്തിനു മാത്രമേ അവശതയനുഭവിക്കുന്ന ജനവിഭാഗങ്ങൾക്കു് രക്ഷ പ്രദാനം ചെയ്യാൻ സാധിക്കു എന്നു്. അദ്ദേഹത്തിൻെറ ആശ്രമത്തിലും അദ്ദേഹത്തിൻെറ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന മററു സ്ഥാപനങ്ങളിലും അംഗീകരിച്ചിട്ടുള്ള തത്വം ഇതാണു്:—"ഓരോരുത്തനും അവൻെറ ആവശ്യമനുസരിച്ചു്; ഓരോരുത്തനിൽനിന്നും അവന്റെ കഴിവുകളനുസരിച്ചു." അങ്ങനെ

അദ്ദേഹത്തിൻെറ ആശ്രമങ്ങളെല്ലാം തന്നെ അഹിംസാധിഷ്ഠിതവും ഇന്ത്യയിലെ ഗ്രാമീണ സാഹചര്യങ്ങളോട് പൊരുത്തപ്പെട്ടു പോകുന്നതും ആയ കമ്യൂണിസത്തിന്റെ പരീക്ഷണശാലകളാണ്. സേവാഗ്രാം ആശ്രമത്തിൽ അനുവർത്തിക്കപ്പെടുന്ന ഒരു തത്വം ആശ്രമവാസികഠം അവിടെ കഴിഞ്ഞുകൂടുന്നതു് ഗ്രാമീണരുടെ പൂർണ്ണമായ അനുവാദത്തിന്റെ പേരിലാണ് എന്നതത്രേ. ഒരിക്കൽ ഒരു ദുഷ്ടബുദ്ധി സ്വന്തം ആവശ്യത്തിനു വേണ്ടി ചില ആശ്രമവൃക്ഷങ്ങഠം മുറിച്ചെടുത്തു. വാസ്തവത്തിൽ അയാഠക്കു് അതിനൊരു അവകാശവും ഉണ്ടായിരുന്നില്ല. മററൊരിക്കൽ പ്രതിഫലം പററി വിട്ടുതന്ന വഴി ഒരാഠം അടച്ചുകളഞ്ഞു. ഇവയ്ക്കൊന്നും നിയമപരമായ പരിഹാരം തേടാൻ പോയില്ല. ഗ്രാമീണരുടെ സേവനത്തിനു വേണ്ടിയാണ് ആശ്രമവാസികഠം അവിടെ കഴിഞ്ഞുകൂടുന്നതെന്നും, ഗ്രാമീണക്കാവശ്യമില്ലെങ്കിൽ അവർ മററെവിടെയെങ്കിലും പൊയ്ക്കൊള്ളാമെന്നും ഒരു അറിയിപ്പുമാത്രം പരസ്യപ്പെടുത്തി. ഒടുവിൽ കുഴപ്പക്കാരോട് മേലിൽ നേരാം വണ്ണം പെരുമാറേണ്ടതാണെന്നു് ഗ്രാമീണർതന്നെ നിർദ്ദേശിച്ചു. സബർമതി ആശ്രമത്തിൽ സ്ത്രീകഠം അവരുടെ പ്രത്യേകമായുണ്ടായിരുന്ന ആഹാരംപാകംചെയ്യൽ നിറുത്തിയിട്ട്, കൂട്ടായി ഒരു അടുക്കളയിൽ തന്നെ പാകം ചെയ്യാൻ തുടങ്ങി. മററുള്ളവരുടെ കുട്ടികളെ തങ്ങളുടെ കുടുംബത്തിൽ അംഗങ്ങളായി സ്വീകരിച്ചതോടൊപ്പം, സ്വന്തം കുട്ടികളെ മററുള്ളവരോടൊപ്പം കഴിഞ്ഞുകൂടുന്നതിനു് അനുവദിക്കുകയും ചെയ്തു. കുടുംബജീവിതത്തെ തകിടം മറിക്കാതെ, വേലികഠം ഇളക്കിമാററി, സ്ത്രീയ്ക്കു് സ്വാതന്ത്ര്യം നൽകുന്നതിനുള്ള ഒരു പരീക്ഷണമായിരുന്നു അതു്—അരാജകമല്ലാത്ത ഒരു തികഞ്ഞ വിപ്ലവം! താലിമി സംഘത്തിലെ പൊതുവായ ഭക്ഷണശാലയിൽ ആഹാരം കഴിച്ചതിനുശേഷം ഒരു സുഹൃത്തു് വിനോദരൂപേണ ഇങ്ങനെ പറഞ്ഞു:—"ഗാന്ധിജി ഇതിനെ 'അടുക്കള'യെന്നേ വിളിക്കൂ. അതു് വെറും സാധാരണമായിത്തോന്നും. പക്ഷേ കമ്യൂണിസ്റ്റുകഠം ഇതിനു തന്നെ "Commune" എന്നാണു് പേരു് നൽകുക. ആളുകഠം അതുകേട്ടു് അമ്പരക്കുകയും ചെയ്യും" തനിയ്ക്കു് മനസ്സിലാക്കാൻ വയ്യാത്ത ഒററ വരിപോലും ഇല്ലാത്തതു

കൊണ്ടു് താൻ കണ്ട നാടകം എങ്ങനെ ട്രാജഡിയാകും എന്നു് സംശയിച്ച അഡിസൻെറ കിഴവൻ പ്രഭുവിൻെറ കാര്യം ഇവിടെ ഓമ്മിച്ചു പോവുകയാണു്.

## സാമ്പത്തിക സമത്വത്തിൻെറ അത്ഥം

അടുത്തകാലത്തു് ഗാന്ധിജി മദ്രാസു് സന്ദർശിച്ചപ്പോഠം നിർമ്മാണ പ്രവർത്തകരുടെ ഒരു സമ്മേളനത്തിൽവച്ചു് അദ്ദേഹത്തോടു് ചിലർ ഇങ്ങനെ ചോദിച്ചു:—"സാമ്പത്തിക സമത്വം എന്നതുകൊണ്ടു് അങ്ങു് എന്താണു് ഉദ്ദേശിക്കുന്നതു്? അങ്ങയുടെ സങ്കല്പത്തിൽ നിയമപ്രകാരമുള്ള ട്രസ്റ്റീഷിപ്പു് എന്നാലെന്താണു്?" എല്ലാ മനുഷ്യരുടേയും പക്കൽ തുല്യമായ തുകയേ ഉണ്ടാകാൻ പാടുള്ളു എന്നല്ല സാമ്പത്തിക സമത്വത്തിനു താൻ കല്പിക്കുന്ന അർത്ഥം എന്നു് ഗാന്ധിജി പറഞ്ഞു. ഓരോരുത്തനും തൻെറ ആവശ്യങ്ങഠം നിറവേററാൻ വേണ്ടതു് കിട്ടണമെന്നേയുള്ളു. ഉദാഹരണത്തിനു് തണുപ്പുകാലത്തു് തനിക്കു രണ്ടു പുതപ്പു് ആവശ്യമുണ്ടു്. തന്നോടൊപ്പം താമസിക്കുന്ന കനുഗാന്ധിയ്ക്കാകട്ടെ പുതപ്പേ ആവശ്യമില്ല. ഗാന്ധിജിക്കു് ആട്ടിൻപാലും, മധുരനാരങ്ങയും മററു പഴങ്ങളും വേണം. കനുവിനു് സാധാരണഭക്ഷണം മതി. അദ്ദേഹത്തിനു് കനുവിനോടു് അസൂയ തോന്നാറുണ്ടു്. പക്ഷെ അതിൽ അത്ഥമൊന്നുമില്ല. കനു ചെറുപ്പക്കാരനാണു്. അദ്ദേഹമോ 76 വയസ്സുള്ള വൃദ്ധനും. പ്രതിമാസം അദ്ദേഹത്തിനു് ആഹാരത്തിനുവേണ്ടി വരുന്ന തുക കനുവിനു വേണ്ടതിനേക്കാഠം വളരെയധികമാണു്. പക്ഷേ അതുകൊണ്ടു് അവക്കിരുവക്കുമിടയിൽ വലുതായ സാമ്പത്തികാസമത്വം ഉണ്ടു് എന്നു് പറഞ്ഞുകൂടാ. ഉറുമ്പിനു് വേണ്ടതിനേക്കാഠം ആയിരം മടങ്ങു് ആഹാരസാധനങ്ങഠം ആനയ്ക്കു് ആവശ്യമുണ്ടു്. അതു് അസമത്വത്തിനു് ഉദാഹരണമല്ല. അതുകൊണ്ടു് വാസ്തവത്തിൽ സാമ്പത്തിക സമത്വത്തിനു് അർത്ഥമിതാണു്:—"ഓരോരുത്തനും അവൻെറ ആവശ്യമനുസരിച്ചു് നല്കുക." അതാണു്

മാർക്സ് നിർദ്ദേശിച്ചതു്. ഭാര്യയും നാലു കുഞ്ഞുങ്ങളുമൊത്തു് താമസിക്കുന്ന ഒരാറംക്കു് ആവശ്യമുള്ളിടത്തോളം തനിക്കും വേണം എന്നു് തനിയെ താമസിക്കുന്ന ഒരാറം ആവശ്യപ്പെട്ടാൽ അതു് സാമ്പത്തിക സമത്വത്തിൻെറ നിഷേധമാണു്.

"രാജാവും നിസ്വനും തമ്മിലുള്ള വ്യത്യാസത്തെ—ധനികവർഗ്ഗവും അധഃസ്ഥിതരും തമ്മിലുള്ള വ്യത്യാസത്തെ—ആദ്യത്തെ ക്കൂട്ടരുടെ ആവശ്യങ്ങറം വലുതാണെന്ന കാരണം പറഞ്ഞു് നീതികരിക്കുന്നതിനു് ആരും ശ്രമിക്കരുതു്. അതൊരു വികടവാദമാണു്. എൻെറ അഭിപ്രായങ്ങളെ വികൃതമാക്കുകയുമാണു്." അദ്ദേഹം തുടരുന്നു:—"ദരിദ്രരും ധനികരും തമ്മിലുള്ള അന്തരം ദുഃഖകരമായ ഒരു കാഴ്ചയാണു്. ദരിദ്രരായ ഗ്രാമീണരെ വിദേശീയ ഭരണകൂടവും സ്വദേശീയരായ നഗരവാസികളും ചൂഷണം ചെയ്യുന്നു. അവർ ഭക്ഷണസാധനങ്ങറം ഉല്പാദിപ്പിച്ചിട്ടു് പട്ടിണി കിടക്കുകയാണു്. അവർ പാലുണ്ടാക്കുന്നു; പക്ഷേ അവരുടെ കുട്ടികറം പാലു് കുടിക്കുന്നില്ല. ഇതു് തികച്ചും അവമാനകരമാണു്. ഓരോരുത്തനും ആരോഗ്യപ്രദമായ ഭക്ഷണവും, നല്ലൊരു വീടും വേണം; വേണ്ടത്ര വൈദ്യസഹായവും ലഭ്യമാകണം." സാമ്പത്തികസമത്വത്തെപ്പറ്റിയുള്ള ഗാന്ധിയൻ സങ്കല്പമിതാണു്. ജീവിതത്തിനു് അത്യന്താപേക്ഷിതമായ കാര്യങ്ങളിൽ കവിഞ്ഞുള്ളതൊന്നും പാടില്ലാ എന്നു് ഗാന്ധി പറയുകയില്ല. പക്ഷേ അങ്ങനെയുള്ളതെല്ലാം ഉണ്ടാകേണ്ടതു് സാധാരണക്കാരുടെ പ്രാഥമികാവശ്യങ്ങറം നിറവേററിയതിനു് ശേഷമാകണം. ആദ്യം വരേണ്ട കാര്യങ്ങറം ആദ്യം വന്നേ തീരൂ.

## നിയമപ്രകാരമുള്ള ട്രസ്റ്റിഷിപ്പ്

ഇന്നത്തെ സ്വത്തുടമകറം രണ്ടിലൊന്നു് തീരുമാനിക്കേണ്ടതായിട്ടാണു് വന്നിരിക്കുന്നതു്—ഒന്നുകിൽ വർഗ്ഗസമരം; അല്ലെങ്കിൽ കൈവശമുള്ള സ്വത്തിൻെറ ട്രസ്റ്റികളായി സ്വയം മാറുക. സ്വത്തിൻെറ നിയന്ത്രണം അവരുടെ പക്കൽ തന്നെയായിരിക്കും; അതു്

വർദ്ധിപ്പിക്കുന്നതിന് അവക്ക് സ്വന്തം കഴിവുകൾ ഉപയോഗിക്കുകയും ചെയ്യാം. ഒരു കാര്യം മാത്രം. അവക്ക് വേണ്ടിയല്ല, രാഷ്ട്രത്തിനു വേണ്ടിയാണ് അത്തരം പ്രവർത്തനങ്ങൾ. അതുകൊണ്ട് ചൂഷണത്തിന് സ്ഥാനം കാണുകയില്ല. സ്വത്തുടമകളുടെ സേവനത്തിന്റേയും സമുദായത്തിനു അതുകൊണ്ടുണ്ടാകുന്ന നേട്ടത്തിന്റേയും തോതനുസരിച്ച് ഭരണകൂടം അവരുടെ പ്രതിഫലം നിർണ്ണയിക്കും. അവരുടെ സന്താനങ്ങൾ കഴിവുള്ളവരാണെന്ന് ബോദ്ധ്യമായാൽ സ്വത്തിൻെറ നിയന്ത്രണം അവരുടെ കാലശേഷം സന്താനങ്ങൾക്ക് ലഭ്യമാകും.

അദ്ദേഹം ഇങ്ങനെ അവസാനിപ്പിക്കുന്നു.—“ഇൻഡ്യ നാളെ സ്വതന്ത്രയാവുകയാണെങ്കിൽ മുതലാളിമാർക്കെല്ലാം നിയമപ്രകാരം ട്രസ്റ്റികളാവുന്നതിനുള്ള സന്ദർഭം ലഭിക്കും.” പക്ഷേ അങ്ങനെയൊരു നിയമം മുകളിൽനിന്നും അടിച്ചേല്പിക്കപ്പെടുകയില്ല. അടിയിൽ നിന്നു തന്നെയാണ് അതു് രൂപപ്പെട്ടുവരാനുള്ളതു്. ട്രസ്റ്റിഷിപ്പിന്റെ അർത്ഥമെന്താണെന്ന് ജനങ്ങൾ മനസ്സിലാക്കുകയും, അതു് പ്രായോഗികമാക്കാൻ തക്ക അന്തരീക്ഷം സജ്ജമാവുകയും ചെയ്യുമ്പോൾ, ജനങ്ങൾ സ്വയം അത്തരം നിയമങ്ങൾ ഏർപ്പെടുത്തിത്തുടങ്ങും. ഗ്രാമപ്പഞ്ചായത്തുകളിൽ നിന്നായിരിക്കും ആരംഭം. അങ്ങനെ അടിത്തട്ടിൽനിന്നും രൂപമെടുത്തുവരുന്ന ഒരു കാര്യം അംഗീകരിക്കാൻ വിഷമം കാണുകയില്ല. നേരേമറിച്ച്, മുകളിൽ നിന്നാണ് വരവെങ്കിൽ അതൊരു കടുത്ത ഭാരമായി പരിഗണിക്കപ്പെടും.

## സോഷ്യലിസ്റ്റുകളുമായുള്ള അഭിപ്രായവ്യത്യാസം

ചോദ്യം:—“സാമ്പത്തികസമത്വം എന്ന ലക്ഷ്യം പ്രാപിക്കുന്നതിനു് അങ്ങു് അവലംബിക്കുന്ന മാർഗ്ഗവും കമ്യൂണിസ്റ്റുകളുടേയും സോഷ്യലിസ്റ്റുകളുടേയും മാർഗ്ഗവും തമ്മിലുള്ള വ്യത്യാസമെന്താണ് ?”

ഉത്തരം:—സാമ്പത്തികസമത്വം ഉടനടി സ്ഥാപിക്കുന്നതിനു് ഒന്നും ചെയ്യാൻ സാധിക്കുകയില്ലെന്ന് സോഷ്യലിസ്റ്റുകളും കമ്യൂണിസ്റ്റുകളും പറയുന്നു. അവർ അതിനുവേണ്ടി പ്രചാരണം

നടത്തുകയും, ജനഹൃദയത്തിൽ വിദ്വേഷത്തിൻെറ വിത്തുകഠം പാകി വളത്തുകയും ചെയ്യുന്നു. ഭരണകൂടത്തിൻെറ ചുക്കാൻ കൈവശമാകുമ്പോഠം സമത്വം നടപ്പിൽവരുത്തും എന്നാണു് അവർ പറയുന്നതു്. എൻെറ പദ്ധതിയനുസരിച്ചാണെങ്കിൽ ജനഹിതം നടപ്പിൽ വരുത്തുകമാത്രമാണു് ഭരണകൂടത്തിൻെറ ചുമതല. അതല്ലാതെ ബലാൽപ്രയോഗിച്ചു് ജനങ്ങളുടെ മേൽ ഭരണകൂടത്തിൻെറ ഹിതം അടിച്ചേല്പിക്കുകയല്ല. അഹിംസയിൽകൂടി വിദ്വേഷത്തിനു പകരം സ്നേഹത്തിൻെറ ശക്തികഠം ഉപയോഗിച്ചു് ജനങ്ങളെ എൻെറ അഭിപ്രായത്തോടു് ഇണക്കിച്ചേത്തു് ഞാൻ സാമ്പത്തിക സമത്വം സ്ഥാപിക്കും. സമുദായത്തെ മുഴുവൻ പരിവത്തന വിധേയമാക്കുന്നതുവരെ ഞാൻ കാത്തിരിക്കുകയില്ല; നേരിട്ടു് എൻെറ കാര്യത്തിൽ നിന്നു തന്നെ ആരംഭിക്കും. അൻപതു കാറോ അതല്ലെങ്കിൽ പത്തു് ഏക്കർ ഭൂമിയോ ഞാൻ കൈവശം വച്ചുകൊണ്ടിരിക്കുകയാണെങ്കിൽ തീർച്ചയായും എൻെറ സങ്കല്പത്തിലുള്ള സാമ്പത്തിക സമത്വം സ്ഥാപിതമാക്കാൻ എനിക്കു് സാധിക്കുകയില്ലെന്നു് പറയേണ്ടതില്ലല്ലോ. അതിലേയ്ക്കു് വേണ്ടി ദരിദ്രരിൽ ദരിദ്രനായ ഒരുവൻെറ പതനത്തിലേയ്ക്കു് ഞാൻ സ്വയം താണിറങ്ങണം. കഴിഞ്ഞ അൻപതോ അതിലധികമോ സംവത്സരങ്ങളായി ഞാൻ ചെയ്യാൻ ശ്രമിക്കുന്നതു് അതാണു്. അതുകൊണ്ടു് ഞാനൊരു കട്ടത്ത കമ്യൂണിസ്റ്റാണെന്നു് സ്വയം അവകാശപ്പെടുന്നു. ധനികർ നല്കുന്ന കാറുകളും മററു് സൌകര്യങ്ങളും ഞാൻ ഉപയോഗിക്കാറുണ്ടു്. പക്ഷേ അവയ്ക്കൊന്നും എന്നിൽ യാതൊരു സ്വാധീനതയുമില്ല. സാധാരണക്കാരുടെ താത്പര്യത്തിനു് വിരുദ്ധമാണെന്നു കണ്ടാൽ ഒരു നിമിഷം കൊണ്ടു് ഞാൻ അവ പുറംതള്ളും.

## അഹിംസാത്മകമായ പ്രവത്തനക്രമം

ചോ:— ദരിദ്രരോടുള്ള തങ്ങളുടെ കർത്തവ്യം ധനികരെക്കൊണ്ടു് അംഗീകരിപ്പിക്കുന്ന കാര്യത്തിൽ സത്യാഗ്രഹത്തിൻെറ സ്ഥാനമെന്താണു്?

ഉ:—വിദേശീയശക്തിക്കെതിരായുള്ള പ്രവർത്തനത്തിൽ ഉള്ള സ്ഥാനം തന്നെയാണിവിടെയും. സാർവലൗകികമായി ഉപയോഗിക്കാവുന്ന ഒന്നാണു് സത്യാഗ്രഹതത്വം. കുടുംബത്തിൽ നിന്നാരംഭിച്ചു് അതിൻെറ ഉപയോഗത്തെ മറേറതു മണ്ഡലത്തിലേയ്ക്കും വികസിപ്പിയ്ക്കാം. കർഷകരെ ചൂഷണം ചെയ്തു് അവരുടെ പ്രയത്നഫലത്തെ സ്വന്തം ആവശ്യത്തിനുവേണ്ടി തട്ടിയെടുക്കുന്ന ഒരു ജന്മിയുടെ കഥ തന്നെ എടുക്കുക. കർഷകർ അയാളോടു് നീതിവാദം നടത്തുമ്പോഠം അയാളതു ശ്രദ്ധിക്കുകയില്ല. എന്നിട്ടു് തൻെറ ഭാര്യയ്ക്കിതു, സന്താനങ്ങഠംക്കിതു എന്നു് കണക്കു പറഞ്ഞു തുടങ്ങുകയും ചെയ്യും. കർഷകരോ, അല്ലെങ്കിൽ അവക്കുവേണ്ടി വാദിച്ച സ്വാധീനശക്തിയുള്ള ആളുകളോ ജന്മിയുടെ ഭാര്യയെ സമീപിച്ചു് അവരുടെ ഭർത്താവിനോടു് തങ്ങഠംക്കുവേണ്ടി വാദിക്കാൻ ആവശ്യപ്പെടും. ഭാര്യ പറയും മററുള്ളവരെ ചൂഷണം ചെയ്തുണ്ടാക്കുന്ന പണംതനിയ്ക്കാവശ്യമില്ലെന്നു്. തങ്ങഠംക്കാവശ്യമുള്ളതെല്ലാം തങ്ങഠംതന്നെ സമ്പാദിച്ചു കൊള്ളാമെന്നു് സന്താനങ്ങളും പറയും.

ഇതുയൊക്കെയായിട്ടും ജന്മിയുടെ മനസ്സിൽ മാറ്റമൊന്നുമുണ്ടാകുന്നില്ലെങ്കിൽ, അഥവാ അയാളുടെ ഭാര്യയും സന്താനങ്ങളും എല്ലാം കഷ്കക്കെതിരായി ഒരുമിക്കുകയാണെങ്കിൽ, കഷ്കർ കീഴടങ്ങികൊടുക്കുകയില്ല. ഭൂമിയിൽനിന്നും ഇറങ്ങിപ്പോകാൻ ആവശ്യപ്പെട്ടാൽ അവർ ഒരു പക്ഷേ ഇറങ്ങിപ്പോയെന്നിരിക്കും. പക്ഷേ കൃഷിചെയ്യുന്നവനുമാത്രമേ ഭൂമി കൈവശം വയ്ക്കാൻ അവകാശമുള്ളു എന്നു് അവർ വ്യക്തമാക്കും. ഭൂമി മുഴവൻ തനിയെകൃഷിചെയ്യാൻ ജന്മിക്കു് സാധിക്കുകയില്ലല്ലോ. അതുകൊണ്ടു് കഷ്കരുടെ ന്യായമായ അവകാശങ്ങഠം അയാഠം അനുവദിച്ചു കൊടുക്കേണ്ടതായിത്തന്നെവരും. ഒരു പക്ഷേ അയാഠംപുറത്തുനിന്നും കൃഷിക്കാരെ കൊണ്ടുവന്നുകൂടെന്നില്ല. അങ്ങനെയാകുമ്പോഠം ഹിംസാരഹിതമായ പ്രക്ഷോഭണം കൂടുതൽ ഊജ്ജിതമായിത്തീരും. പുറത്തുനിന്നും വന്ന കൃഷിക്കാർ അവരുടെ തെററു മനസ്സിലാക്കുകയും, കുടിയിറക്കപ്പെട്ട കർഷകരോടൊത്തു ചേരുകയും ചെയ്യും. അങ്ങനെ സത്യാഗ്രഹം പൊതുജനാഭിപ്രായത്തെ

കൂടുതൽ കാര്യബോധമുള്ളതാക്കിത്തീർക്കുന്ന ഒരു സമ്പ്രദായമാണ്. സമുദായത്തിൻെറ എല്ലാ തലങ്ങളെയും അതു് സ്പർശിക്കുന്നു. അങ്ങനെ ഒടുവിൽ അതു് തടുക്കാനാവാത്ത ശക്തി കരസ്ഥമാക്കുന്നു. ഈ പ്രക്രിയയെ തടസ്സപ്പെടുത്താൻ മാത്രമേ ഹിംസ ഉപകരിക്കൂ. സാമൂഹ്യഘടനയെ ആമൂലാഗ്രം സ്പർശിക്കുന്ന യഥാർത്ഥ വിപ്ലവത്തിനു് ഹിംസ വിളംബം ഉണ്ടാക്കുകയും ചെയ്യും.

സത്യാഗ്രഹത്തിൻെറ വിജയത്തിനുള്ള വ്യവസ്ഥകൾ ഇവയാണ്. (1) എതിരാളിയെക്കുറിച്ചൊരു വെറുപ്പും സത്യാഗ്രഹിയുടെ ഹൃദയത്തിൽ ഉണ്ടാകാൻ പാടില്ല. (2) സത്യാഗ്രഹത്തിനു് ആസ്പദമായ പ്രശ്നം യഥാർത്ഥവും സാരവത്തും ആയിരിക്കണം. (3) ലക്ഷ്യം പ്രാപിക്കുന്നതുവരെ യാതനകൾ അനുഭവിക്കാൻ സത്യാഗ്രഹി സന്നദ്ധനായിരിക്കണം.

(ഹരിജൻ, 31-3-46) —പ്യാരിലാൽ

മൂന്നു്

# വ്യത്യസ്തതയുള്ള സോഷ്യലിസ്റ്റ്

[1946 ജൂലൈ ഒടുവിലത്തെ ആഴ്ചയിൽ പഞ്ചഗനിയിൽ വച്ചു് ലൂയിഫിഷർ ഗാന്ധിജിയുമായി നടത്തിയ സംഭാഷണത്തിൽ നിന്നു്. പലകാര്യങ്ങളെക്കുറിച്ചും അന്നു് ചർച്ചനടന്നു. ഭരണഘടനാസമിതിയായിരുന്നു പ്രധാനവിഷയം. സോഷ്യലിസത്തേയും കമ്യൂണിസത്തേയും കുറിച്ചുള്ള സംഭാഷണഭാഗം പ്യാരിലാൽ ഇങ്ങനെ റിപ്പോർട്ടു ചെയ്യുന്നു.]

ഗാന്ധിജിപറഞ്ഞു:—"സോഷ്യലിസ്റ്റ് സുഹൃത്തുക്കൾ പ്രകടമാക്കുന്ന സ്വാത്മരാഹിത്യവും ത്യാഗസന്നദ്ധതയും എനിക്കു് വളരെയധികം പ്രശംസനീയമായി തോന്നിയിട്ടുണ്ടെങ്കിലും, അവരുടേയും എൻേറയും പ്രവർത്തനമാർഗ്ഗങ്ങൾ തമ്മിലുള്ള കടുത്ത വൈരുദ്ധ്യം ഞാൻ ഒരിക്കലും മറച്ചു വച്ചിട്ടില്ല. അവർ ഹിംസയിലും അതിൽ അന്തർലീനമായിട്ടുള്ള എല്ലാ കാര്യങ്ങളിലും വിശ്വസിക്കുന്നു. ഞാനാകട്ടെ തികച്ചും അഹിംസയിൽ വിശ്വാസം അർപ്പിക്കുന്നു."

## വ്യത്യസ്തതയുള്ള സോഷ്യലിസ്റ്റ്.

അതു് സോഷ്യലിസത്തിലേയ്ക്കു് ചർച്ചയെ തിരിച്ചു വിട്ടു. ഫിഷർ ഇങ്ങനെ പറഞ്ഞു:—"അങ്ങു് സോഷ്യലിസ്റ്റാണു്. അതേപോലെ തന്നെ അവരും."

ഗാന്ധിജി:—"ഞാൻ സോഷ്യലിസ്റ്റാണു്. പക്ഷേ അവർ അങ്ങനെയല്ല. അവരിൽ പലരും ജനിക്കുന്നതിനു മുൻപു മുതൽ ഞാൻ സോഷ്യലിസ്റ്റാണു്. ജോഹാൻസ് ബർഗ്ഗിൽ വച്ചുതന്നെ ഞാനിക്കാര്യം ഒരു ഉറച്ച സോഷ്യലിസ്റ്റിനെ ബോധ്യപ്പെടുത്തിയതാണു്. അക്കാര്യം ഇവിടെ സംഗതമല്ലായിരിക്കും. അവരുടെ സോഷ്യലിസം ഇല്ലാതായിക്കഴിഞ്ഞാലും എൻെറ ഈ അവകാശവാദം നില നിൽക്കും."

"എന്താണ് അങ്ങയുടെ സോഷ്യലിസം?"

"എൻെറ സോഷ്യലിസത്തിനു് അർത്ഥം 'സർവ്വോദയം' എന്നാണ്. അന്ധരുടേയും, ബധിരരുടേയും, മൂകരുടേയും ഭസ്മത്തിൽനിന്നും ഉയിർത്തെഴുന്നേല്ക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അവരുടെ സോഷ്യലിസത്തിൽ ഇക്കൂട്ടർക്ക് ഒരു സ്ഥാനവുമില്ല. അവരുടെ ഒരേ ഒരു ലക്ഷ്യം ഭൗതികപുരോഗതിയാണ്. ഉദാഹരണത്തിനു് ഓരോ പൗരനും കാറുണ്ടായിരിക്കണമെന്നതാണ് അമേരിക്കയുടെ ലക്ഷ്യം. എൻെറ ലക്ഷ്യം അതല്ല. എൻെറ സത്ത്വരൂപത്തിൻെറ പൂർണ്ണമായ പ്രകാശനത്തിനുവേണ്ട സ്വാതന്ത്ര്യം എനിയ്ക്കു് ആവശ്യമുണ്ട്. അഗ്നിനക്ഷത്രത്തിലേയ്ക്കു് ഒരു സോപാനം പണിയാനുള്ള സ്വാതന്ത്ര്യം പോലും എനിക്കുണ്ടായിരിക്കണം. എന്നുവച്ച് അങ്ങനെയെന്തെങ്കിലും ഞാൻ ചെയ്യാൻ പോകുന്നു എന്നല്ല. അവരുടെ സോഷ്യലിസത്തിൽ വ്യക്തിസ്വാതന്ത്ര്യമില്ല. നിങ്ങൾക്ക് ഒന്നിൻേറയും ഉടമസ്ഥതയില്ല—നിങ്ങളുടെ ശരീരത്തിൻേറപോലും."

"ശരിയാണ് വ്യത്യസ്തതകൾ പലതുണ്ട്. എൻെറ സങ്കല്പത്തിലുള്ള സോഷ്യലിസത്തിലാണെങ്കിൽ എല്ലാററിൻേറയും ഉടമസ്ഥത സ്റ്റേറ്റിനായിരിക്കുകയില്ല. റഷ്യയിൽ അങ്ങനെയാണ്: അവിടെ ശരീരം പോലും ആരുടേയും സ്വന്തമല്ല. കുററമൊന്നും ചെയ്തില്ലെങ്കിൽ കൂടി ആരെയും എപ്പോൾ വേണമെങ്കിലും തടവിലാക്കാം: എവിടെ വേണമെങ്കിലും പറഞ്ഞയയ്ക്കുകയും ചെയ്യാം."

"നിങ്ങളുടെ സോഷ്യലിസത്തിൽ കുട്ടികളുടെ ചുമതല സ്റ്റേററിൻെറ പക്കലല്ലേ? അവരെ സ്റ്റേററിൻെറ ഹിതമനുസരിച്ചു വേണ്ട വിദ്യാഭ്യാസം ചെയ്യിക്കാൻ?"

"എല്ലാ സ്റ്റേററുകളും അങ്ങനെ ചെയ്യാറുണ്ട്. അമേരിക്ക അങ്ങനെ ചെയ്യുന്നുണ്ട്."

"എന്നാൽ റഷ്യയിൽനിന്നും വളരെ വ്യത്യസ്തമല്ലല്ലോ അമേരിക്ക."

"അങ്ങ് അപ്പോൾ ഏകാധിപത്യത്തെ എതിർക്കുന്നുണ്ടോ?"

"സോഷ്യലിസം ഏകാധിപത്യമാണല്ലോ. അതല്ലെങ്കിൽ അതു് വെറുമൊരു നിരുപദ്രവകരമായ തത്വശാസ്ത്രം മാത്രമേ ആകൂ. ഞാൻ സ്വയം ഒരു കമ്യൂണിസ്റ്റാണെന്നും അവകാശപ്പെടാറുണ്ടു്."

"അതുമാത്രം പാടില്ല. അങ്ങു് സ്വയം കമ്യൂണിസ്റ്റെന്നു് അവകാശപ്പെടുന്നതു് ഭയങ്കരമാണു്. സ്വതന്ത്രമായ ഒരു ലോകമാണു് എൻെറ ലക്ഷ്യം. അങ്ങയുടേയും ലക്ഷ്യം അതുതന്നെ; ജയപ്രകാശിൻേറയും സോഷ്യലിസ്ററുകളുടേയും ലക്ഷ്യവും അതുതന്നെ. പക്ഷേ കമ്യൂണിസ്ററുകളുടെ ലക്ഷ്യം അതല്ല. ശരീരത്തേയും മനസ്സിനേയും അടിമപ്പെടുത്തുന്ന ഒരു വ്യവസ്ഥിതിയാണു് അവക്കു് ആവശ്യം."

"മാർക്സിനെപ്പററിയും നിങ്ങൾ അങ്ങനെ പറയുമോ ?"

"കമ്യൂണിസ്ററുകൾ അവരുടെ ഉദ്ദേശ്യസാധ്യത്തിനായി മാർക്സിൻെറ തത്വങ്ങളെ വികൃതമാക്കിയിരിക്കയാണു്."

"ലെനിനെപ്പററി എന്താണു് അഭിപ്രായം ?"

"ലെനിനാണു് അതു് ആരംഭിച്ചതു്. സ്റ്റാലിൻ അതു് പൂർത്തിയാക്കി. കമ്യൂണിസ്ററുകൾ അങ്ങയെ സമീപിക്കുമ്പോൾ അവരുടെ ഉദ്ദേശ്യം കാൺഗ്രസ്സിൽ കടന്നുകൂടി അതിൻെറ നിയന്ത്രണം കരസ്ഥമാക്കി, സ്വന്തം കാര്യങ്ങൾക്കുവേണ്ടി അതിനെ ഉപയോഗിക്കുകയാണു്."

"അങ്ങനെതന്നെയാണു് സോഷ്യലിസ്ററുകളും. എൻെറ കമ്യൂണിസം സോഷ്യലിസത്തിൽനിന്നും വളരെയൊന്നും വ്യത്യസ്തമല്ല. രണ്ടിൻേറയും ഒരു സമന്വയമാണതു്. ഞാൻ മനസ്സിലാക്കിയിടത്തോളം സോഷ്യലിസത്തിൻെറ ഒരു സ്വാഭാവിക പരിണാമം മാത്രമാണു് കമ്യൂണിസം."

"ശരിയാണു്. ഒരു കാലത്തു് രണ്ടും തമ്മിൽ തിരിച്ചറിയാൻ തന്നെ വിഷമമായിരുന്നു. പക്ഷേ ഇന്നു് സോഷ്യലിസ്ററുകൾ കമ്യൂണിസ്ററുകളിൽനിന്നും വളരെയേറെ വ്യത്യസ്തരാണു്."

"അപ്പോഠം സ്റ്റാലിൻെറ സമ്പ്രദായം അനുസരിച്ചുള്ള കമ്യൂണിസം നിങ്ങഠംക്കിഷ്ടമല്ലെന്നാണ് പറയുന്നതു്."

"പക്ഷേ ആ സമ്പ്രദായത്തിലുള്ള കമ്യൂണിസം തന്നെ ഇന്ത്യയിൽ നടപ്പിൽ വരുത്തണമെന്നാണ് ഇന്ത്യൻ കമ്യൂണിസ്റ്റുകാഠം ആഗ്രഹിക്കുന്നതു്. അങ്ങയുടെ പേരും അക്കാര്യത്തിനുവേണ്ടി ഉപയോഗിക്കാൻ അവർ ശ്രമിക്കുന്നു."

"അതിലവർ വിജയിക്കുകയില്ല."

(ഹരിജൻ, 4—8—'46)

നാല്

# ഭൗതികവാദത്തേയും അദ്ധ്യാത്മവാദത്തേയുംപററി ഒരു കുറിപ്പ്

എല്ലാ രൂപത്തിലുമുള്ള അസ്തിത്വത്തിന്റെ അടിസ്ഥാനപരമായ ഘടകം ഒന്നാണെന്ന് ഭൗതികവാദികളും അദ്ധ്യാത്മവാദികളും സമ്മതിക്കുന്നു. അതുകൊണ്ട് ഇരുകൂട്ടരും ഒരേ ഭാഷയിൽ നിർദ്ദേശിക്കുന്ന പ്രമേയങ്ങൾ പലതുണ്ടായതിൽ ഒട്ടും അത്ഭുതമില്ല. ഒരു കൂട്ടർ ആത്മാവെന്നും ചൈതന്യമെന്നും പറയുമ്പോൾ മറേറക്കൂട്ടർ വസ്തുവെന്നും പ്രകൃതിയെന്നും മററും പറയുമെന്നേയുള്ള വ്യത്യാസം. പദപ്രയോഗത്തിലൊഴിച്ച് മറെറാന്നിലും കാര്യമായി ഇരുകൂട്ടരും തമ്മിൽ ഒരു വ്യത്യാസവുമില്ലെന്ന് വായനക്കാരന് തോന്നുമായിരിക്കും. മാർക്സിൻെറ വൈരുദ്ധ്യവാദം, താത്ത്വികമായ ഭൗതികവാദം എന്നിവയുടെ മൗലികഘടകങ്ങളെക്കുറിച്ച് സ്റ്റാലിൻ പറയുന്ന കാര്യങ്ങൾ ഗാന്ധിയൻ തത്ത്വചിന്തയ്ക്കും അംഗീകാര്യമാണ്. ഒരു കാര്യം മാത്രം —പ്രകൃതി എന്ന പദത്തിനുപകരം സത്യം, ചേതന, ഈശ്വരൻ, ആത്മാവ് എന്നീ പദങ്ങളിൽ ഏതെങ്കിലുമൊന്ന് ഉപയോഗിക്കുക. സ്റ്റാലിൻ പറയുന്നു.

"മാർക്സിൻെറ വൈരുദ്ധ്യവാദത്തിൻെറ പ്രധാനഘടകങ്ങൾ താഴെപ്പറയുന്നവയാണ്.

(a) വൈരുദ്ധ്യവാദം പ്രകൃതിയെ പരസ്പരബന്ധവും ഏകീകൃതവുമായ ഒരു പൂർണ്ണസത്തയായി ഗണിക്കുന്നു. പ്രകൃതിയിലെ വസ്തുക്കളും പ്രതിഭാസങ്ങളും എല്ലാം പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുന്നു; പരസ്പരം ആശ്രയഭാവം പുലർത്തുന്നു. ഈ പരസ്പരബന്ധത്തിൽ നിന്നാണ് അവയുടെ രൂപഭാവങ്ങൾ നിർണ്ണയിക്കപ്പെടുന്നതും.

അതുകൊണ്ട് ചുററുപാടുമുള്ള പ്രതിഭാസങ്ങളിൽനിന്നും ഒറ്റപ്പെടുത്തി പ്രകൃതിയിലെ ഒരു പ്രതിഭാസത്തേയും മനസ്സിലാക്കുക സാധ്യമല്ലെന്നു് വൈരുദ്ധ്യവാദം പറയുന്നു. എന്നുതന്നെയല്ല, പരിതസ്ഥിതികളോടു ബന്ധപ്പെടുത്താതെ പരിഗണിക്കപ്പെടുന്ന പ്രതിഭാസങ്ങളെല്ലാം അർത്ഥശൂന്യമായിത്തീരുന്നു. നേരേ തിരിച്ചുപറഞ്ഞാൽ ചുററുപാടുമുള്ള പ്രതിഭാസങ്ങളോടു ബന്ധപ്പെടുത്തി പരിഗണിക്കുകയാണെങ്കിൽ ഏതൊരു പ്രതിഭാസത്തേയും മനസ്സിലാക്കാനും വിശദീകരിക്കാനും സാധിക്കും.

(b) നിശ്ചലമായി വിശ്രമിക്കുന്ന ഒരു അവസ്ഥയല്ല പ്രകൃതിയുടേതെന്നു് വൈരുദ്ധ്യവാദം പറയുന്നു. പ്രകൃതി തളംകെട്ടി നിൽക്കുകയില്ല. അതു് മാററങ്ങൾക്കു് അതീതവുമല്ല. നേരേമറിച്ച് അതു് നിരന്തരമായ ചലനത്തിലും പരിണാമത്തിലും കൂടി കടന്നുപോവുകയാണു്. അതു് സദാ പുതിയ പുതിയ രൂപങ്ങൾ അവലംബിക്കുന്നു; വികാസം പ്രാപിക്കുന്നു. എന്തൊക്കെയോ പുതുതായുണ്ടാവുകയും വളരുകയും ചെയ്യുന്നതോടൊപ്പം മറെറന്തൊക്കെയോ ശിഥിലമാവുകയും നശിക്കുകയും ചെയ്യുന്നു.

(c) നിസ്സാരവും അദൃശ്യവും പരിണാമപരവുമായ പരിവർത്തനങ്ങളിൽ നിന്നു് മൗലികവും ഗുണപരവുമായ പരിവർത്തനങ്ങളിലേയ്ക്കു് ഉള്ള മാററമാണ് വികാസം എന്നു് വൈരുദ്ധ്യവാദം അഭിപ്രായപ്പെടുന്നു. ഗുണപരമായ പരിവർത്തനങ്ങളെ ആധാരമാക്കിയുള്ള വികാസം സാവധാനമല്ല, വളരെ പെട്ടെന്നു് പൊടുന്നനവേ ആണു് സംഭവിക്കുക. ഒരവസ്ഥയിൽ നിന്നും മറെറാരവസ്ഥയിലേയ്ക്കുള്ള എടുത്തുചാട്ടമാണതു്. യാദൃശ്ചികമായിട്ടല്ല അതുണ്ടാകുന്നതു്. സാവധാനഗതിയിലുള്ള അദൃശ്യവും പരിമാണപരവുമായ പരിവർത്തനങ്ങൾ ഒന്നു ചേരുന്നതിൻെറ സ്വാഭാവികഫലം മാത്രമാണതു്.

അതുകൊണ്ടു് വൈരുദ്ധ്യവാദം അഭിപ്രായപ്പെടുന്നു —വികാസമെന്നു് പറയുന്നതു്. കേവലം ഒരു വൃത്തത്തിനുള്ളിലുള്ള ചലനമോ, ഒരിക്കൽ സംഭവിച്ച കാര്യങ്ങളുടെ കേവലമായ ആവർത്തനമോ

അല്ല നേരേ മറിച്ച് മുന്നോട്ടേയ്ക്കുള്ള ഔന്നത്യത്തിലേയ്ക്കുള്ള ഒരു പ്രയാണമാണ്; പഴയ ഒരു ഗുണത്തിൽ നിന്നും പുതിയ ഒരു ഗുണത്തിലേയ്ക്കുള്ള മാററമാണ്; ലാളിത്യത്തിൽ നിന്നും സങ്കീർണ്ണതയിലേയ്ക്കുള്ള—താഴ്ന്ന ഒരവസ്ഥയിൽ നിന്നും ഉയന്ന ഒരവസ്ഥയിലേയ്ക്കുള്ള—വളർച്ചയാണ്.

(d) വൈരുദ്ധ്യവാദപ്രകാരം പ്രകൃതിയിലുള്ള എല്ലാ വസ്തുക്കളിലും പ്രതിഭാസങ്ങളിലും നൈസർഗ്ഗികമായിത്തന്നെ ഒരു ആന്തരിക വൈരുദ്ധ്യമുണ്ട്. കാരണം ഒരോന്നിനുമുണ്ട് ഒരു നിഷേധാത്മകമായ അംശവും അതിനു വിരുദ്ധമായ ഒരു ക്രിയാത്മകമായ അംശവും; ഭൂതമെന്നപോലെ ഭാവിയുമുണ്ട്. നശിക്കുന്ന ഘടകത്തോടൊപ്പം വളരുന്ന ഘടകവുമുണ്ട്. ഈ വിരുദ്ധഘടകങ്ങൾ തമ്മിൽ—പുതിയതും പഴയതും തമ്മിൽ, ജനിക്കുന്നതും മരിക്കുന്നതും തമ്മിൽ വളരുന്നതും തളരുന്നതും തമ്മിൽ—ഉള്ള സംഘട്ടനം വികാസത്തിന്റെ ആന്തരഘടകമാണ്; പരിമാണപരമായ മാററങ്ങളിൽ നിന്നും ഗുണപരമായ മാററങ്ങളിലേയ്ക്കുള്ള പരിവത്തനത്തിൻേറയും ആന്തരഘടകം അതുതന്നെ."

ഇപ്പറഞ്ഞതെല്ലാം സമ്മതിച്ചു കഴിഞ്ഞാലും, അധ്യാത്മവാദി ഭൗതികവാദിയോട്ട് ചുവടെ ചേക്കുന്ന പ്രമേയത്തെ ആസ്പദമാക്കി ശണ്ഠകൂടും.

"താഴ്ന്ന ഒരവസ്ഥയിൽ നിന്നും ഉയന്ന ഒരവസ്ഥയിലേയ്ക്കു വികാസം സംഭവിക്കുന്നത് ഒരു പ്രതിഭാസത്തിൻേറ സമഞ്ജസമായ അനാവരണമെന്ന നിലയ്ക്കല്ല: വസ്തുക്കളിലും പ്രതിഭാസങ്ങളിലും നൈസർഗ്ഗികമായി അന്തർലീനമായിട്ടുള്ള വൈരുദ്ധ്യങ്ങളുടെ പ്രകടനമെന്ന നിലയ്ക്കാണ്; ആ വൈരുദ്ധ്യങ്ങളുടെ അടിസ്ഥാനത്തിൽ പ്രവത്തിക്കുന്ന വിരുദ്ധ പ്രവണതകൾ തമ്മിലുള്ള 'സമരം' എന്ന നിലയ്ക്കാണ്.

ഇവിടെ ഭൗതികവാദി തനിയ്ക്കറിയാവുന്നതിൽ കൂടുതൽ പറയുകയാണെന്നു മാത്രം ചൂണ്ടിക്കാണിക്കട്ടെ. 'സമര'ത്തിൻേറയും

'വൈരുദ്ധ്യങ്ങളു'ടേയും പിന്നിൽ ഒരു പ്രതിഭാസത്തിന്റെ സമ ഞ്ജസമായ അനാവരണം ഇല്ലെന്നു് അയാറം സിദ്ധാന്തിക്കുമ്പോറം നാം ഓർക്കണം — ഇങ്ങനെ പറയാൻ മാത്രം വ്യാപകമല്ല അയാ ളുടെ വീക്ഷണം. നിഗമനങ്ങളിൽ എത്തിച്ചേരാനുള്ള അയാളുടെ കഴിവും പരിമിതമത്രേ. വസ്ത്രം നെയ്യുമ്പോറം ഊടനൂൽ ചുററി യിട്ടുള്ള നൂൽനാഴി അങ്ങോട്ടുമിങ്ങോട്ടും ചലിക്കുന്നതിനോടൊത്ത പ്രാധാന്യമേയുള്ളു 'സമര'മെന്നും 'സംഘട്ടന'മെന്നും ഒക്കെ പ യപ്പെടുന്ന ഇക്കാര്യങ്ങറംക്കും. ഈ പ്രവർത്തനങ്ങളുടെയെല്ലാ പിന്നിൽ നൈസർഗ്ഗികമായ ഒരു താളപ്പൊരുത്തമില്ലെങ്കിൽ പക്ഷ പ്രതിപക്ഷങ്ങറം തമ്മിലുള്ള സമന്വയമെല്ലാം അവതാളത്തിലാ വുകയേ ചെയ്യൂ.

— കെ. ജി. മശ്രുവാല

ജോസഫ്. എ. എക്സ് This is a good book

~~Very bad book.~~

Very bad book

HΩ

5698

This is very good book.

~~ARAVINDAN.C.A~~

Santhosh. O. R

7 - 3 - 1983

ARAVIDAN.C.A

# ഗാന്ധിയും മാർക്സ്സും

## കെ. ജി. മശ്രൂവാല

''മഹാത്മാവായ ഗാന്ധിയുടേയും മഹാമുനിയായ മാർക്സിൻേറയും തത്വങ്ങളെ താരതമ്യപ്പെടുത്തുക—അതിൽ പരം ഹൃദയാവർജ്ജകമായ പാഠം ഇന്നു് എന്തുണ്ടു്? കഴിഞ്ഞ ഒരു നൂററാണ്ടുകാലത്തെ മനുഷ്യസമുദായ ജീവിതം തിളപ്പിച്ചു വററിച്ചാൽ ലഭിക്കുന്ന അവശിഷ്ടം ഈ രണ്ടു് വിശിഷ്ട നാമധേയങ്ങൾ ആയിരിക്കാനാണു് ഇടയുള്ളതു്. ലെനിനെ മാർക്സ് ഉൾക്കൊള്ളുന്നുണ്ടു്. ടോൾസ്റ്റോയിയുടെ നിഴൽ ഗാന്ധിജിയിലും പതിക്കുന്നു. രണ്ടു തത്വങ്ങളും അഭിമുഖമായി നിലകൊള്ളുന്നു. ഓരോന്നും അപരത്തെ ഗ്രസിക്കാൻ ഒരുങ്ങി നിൽക്കുകയാണു് എന്നു തോന്നും. റഷ്യയെ നയിക്കുന്ന കമ്മ്യൂണിസ്ററുകളും ജനായത്ത സിദ്ധാന്തത്തിൻെറ മറപിടിച്ചുകൊണ്ടു് യു. എസ്സിനെ നയിക്കുന്ന മുതലാളികളും ആണു് മൽസരവേദിയിൽ നിൽക്കുന്ന പ്രതിദ്വന്ദികൾ എന്നു് പുറമേ തോന്നാം. പക്ഷേ, രണ്ടാമത്തേതിന്നു് താത്വികമായി ഓജസ്സ് വററിപ്പോയി. സൈനിക ബലംകൊണ്ടു് ശക്തിമത്താണു് അതു് എന്നു തോന്നിയാലും കമ്മ്യൂണിസത്തിൻെറ എതിരാളിയായി അതു നിൽക്കുന്നുണ്ടെന്നു് തോന്നുന്നില്ല. നേരേമറിച്ചു്, ഗാന്ധിതത്വം ഒരിടത്തും സംഘടിത രൂപത്തിൽ നിലകൊള്ളുന്നില്ലെങ്കിലും, സമ്യക് ചിന്തയുടെ ചൈതന്യം അതിൽ തുളുമ്പിനിൽക്കുന്നു. കമ്മ്യൂണിസം അവസാനം ശക്തി പരീക്ഷിക്കേണ്ടി വരുന്നതു് ഗാന്ധിസത്തോടായിരിക്കും എന്നു് തോന്നുന്നു. ഈ രണ്ടു് പ്രബല തത്വങ്ങളേയുമാണു് ഈ പുസ്തകത്തിൽ അളന്നുനോക്കുന്നതു്. . . .

.........................................................................

ആദ്യന്തം വായിക്കാതെ ഈ പുസ്തകം താഴത്തുവയ്ക്കാൻ വായനക്കാരനു് കഴിയുന്നതല്ല.''

കേരള ഗാന്ധി സ്മാരകനിധി

തിരുവനന്തപുരം-14.